# വിശുദ്ധ ചാവറപിതാവിന്റെ സമ്പൂർണ്ണ കൃതികൾ

വാല്യം നാല്

# കത്തുകൾ

എഡിറ്റർ: റവ. ഡോ. ലൂക്കാസ് വിത്തുവട്ടിക്കൽ
സി. എം. ഐ.

ചാവറ സെൻട്രൽ സെക്രട്ടേറിയറ്റ്

*Malayalam*
***VISUDHA CHAVARA PITHAVINTE SAMPOORNA KRUTHIKAL***
*(Volume IV Kathukal)*

*Edited by* ***Rev. Dr. Lucas Vithuvattickal C.M.I.***

*First Published August, 1982*
*Second Edition 1986*
*Third Edition 2011*
*Fourth Edition 2021*

*Published by*
*Chavara Central Secretariat*
*Chavara Hills, Kakkanad*

*Copy right*
*Chavara Central Secretariat*

*Design & Print at*
*Viani Printings, Kochi -682 018*
*Ph : 0484 - 2401635*

*Price :150/-*

*No. of Copies : 2000*

*Distribution:*
*Chavara Central Secretariat,*
*CMI Prior General's House*
*Chavara Hills, Thengode P.O.,*
*Kakkanad, Kochi - 682 030.*

# ഉള്ളടക്കം


| | |
|---|---|
| അവതാരിക | 4 |
| ആമുഖം | 14 |
| പരി. മാർപാപ്പയ്ക്കുള്ള കത്തുകൾ | 36 |
| പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ അദ്ധ്യക്ഷനായ കർദ്ദിനാളിനയച്ച കത്തുകൾ | 45 |
| മെത്രാന്മാർക്കുള്ള കത്തുകൾ | 60 |
| കർമ്മെലീത്താ നിഷ്പാദുക സഭാധികാരികൾക്കുള്ള കത്തുകൾ | 79 |
| സഭാംഗങ്ങൾക്കുള്ള കത്തുകൾ | 85 |
| സഭാംഗങ്ങൾക്കുള്ള പൊതുസർക്കുലറുകൾ | 114 |
| കന്യാസ്ത്രീകൾക്കുള്ള കത്തുകൾ | 132 |
| ഇടവക വൈദികർക്കുള്ള കത്തുകൾ | 146 |
| പൊതുസർക്കുലറുകൾ | 151 |
| വ്യവഹാരസംബന്ധമായ കത്തുകൾ | 192 |

# അവതാരിക

ശാസ്ത്ര, സാങ്കേതിക, സാഹിത്യ, വൈജ്ഞാനിക മേഖലകളിൽ അറിവും അനുഭവങ്ങളും പുരോഗതിയും നേടിയ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ കേരളസമൂഹത്തിന് പരിചിതനാമമാണ് വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. വിദ്യാഭ്യാസം, സാഹിത്യം, ആദ്ധ്യാത്മികം, സാമൂഹ്യപ്രവർത്തനം എന്നീ മേഖലകളിൽ തനത് വ്യക്തിമുദ്ര, വ്യക്തതയോടെ പതിപ്പിച്ച പ്രവർത്തനങ്ങളാണ് ചാവറയച്ചന് കേരള വൈജ്ഞാനിക-സാഹിത്യചരിത്രങ്ങളിൽ ഇടം നൽകിയത്. മറഞ്ഞുകിടന്നവയെയും മറന്നുകിടന്നവയെയും പ്രകാശമാനമാക്കി, ചരിത്രങ്ങൾ ഇനിയും കൂടുതൽ ശുദ്ധതയോടും വ്യക്തതയോടുംകൂടി ഉപരിവായനക്കും പഠനത്തിനുമായി സമൂഹ ത്തിന് ലഭ്യമാക്കപ്പെടേണ്ടതുണ്ട് എന്ന ബോധ്യത്തിൽനിന്നുമാണ് വിശുദ്ധ ചാവറപിതാവിന്റെ സമ്പൂർണകൃതികൾ പുന:പ്രകാശനം ചെയ്യപ്പെടുന്നത്.

1805 ഫെബ്രുവരി 10-ാം തീയതി കൈനകരി ചാവറ കുടുംബത്തിൽ ജനിച്ച കുര്യാക്കോസ് ഏലിയാസച്ചൻ 1871 ജനുവരി 3-ാം തീയതി ദൈവസന്നിധിയിലെ അമൂല്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ഈ കാലയളവിൽ അദ്ദേഹം പ്രവർത്തിച്ച മേഖലകളും അഭിമുഖീകരിച്ച സംഭവങ്ങളും, ആവിഷ്കരിച്ച സംരംഭങ്ങളും, സി.എം.ഐ., സി.എം.സി സഭകളുടെ സ്ഥാപനവുമായി ബന്ധപ്പെട്ട അറിവുകളും നൽകുന്ന അനുദിനകുറിപ്പുകളുടെ രൂപമായ നാളാഗമങ്ങളും ഒപ്പം, അദ്ദേഹം രചിച്ച ആദ്ധ്യാത്മിക-സാഹിത്യകൃതികളും, അദ്ദേഹത്തിന്റെ കത്തുകളും ഒരുമിച്ച് ഒരു ശേഖരമെന്ന നിലയിൽ പുന:പ്രസിദ്ധീകരിക്കു മ്പോൾ, ഒരു ഗ്രന്ഥം എന്നതിലുപരി ഉപകാരപ്രദമായ ഒരു റഫറൻസ് ശേഖരം കൂടിയായി മാറുന്നു.

ജാതീയമായ സങ്കീർണതകൾ നിലനിന്നിരുന്ന ഒരു കാലഘട്ട ത്തിൽ, അവയ്ക്കെതിരെ ശബ്ദമുയർത്തുക മാത്രം ചെയ്യുക എന്നതിനെ ക്കാൾ, പ്രവർത്തിച്ചുതുടങ്ങാനുള്ള ആർജ്ജവം ചാവറയച്ചൻ പ്രകടമാക്കി എന്നത് ജാതിവിവേചനം, ദളിത്ജീവിതം എന്നീ മേഖലകളിൽ ചാവറയച്ചനെ സ്മരണീയനാക്കി.

ഒരു വ്യക്തിയോ സമൂഹമോ പ്രസ്ഥാനമോ പുലർത്തുന്ന ദർശനങ്ങൾ കാലാതിവർത്തിയായും, സാമൂഹികനവീകരണത്തിൽ രാസത്വരകമായും, തലമുറകളോട് സംവദിക്കുന്ന നവഭാഷയായും പ്രവർത്തിക്കുമ്പോഴാണ് അത് നവോത്ഥാനദർശനമായി പരിഗണിക്കപ്പെടുന്നത്. വിദ്യാഭ്യാസമേഖലയിൽ, അച്ചുകൂടനിർമ്മിതിയുൾപ്പെടെയുള്ള ചാവറയച്ചന്റെ ഇടപെടൽ, കാലമേറെ വൈകിയാണെങ്കിൽക്കൂടി, ഇന്ന് സമൂഹം അംഗീകരിക്കുമ്പോൾ, അവയുടെ ഉപാദാനവും ഫലവുമായി സാക്ഷ്യപ്പെടുത്തുന്ന ഇന്നത്തെ കേരള-വിദ്യാഭ്യാസ മേഖല ചരിത്രവസ്തുതകളിൽ അടിസ്ഥാനമിട്ട് വൈജ്ഞാനികമായി ഇനിയും ഉണരേണ്ടതുണ്ട്. ഋജുഭാവത്തോടെ അവതരിപ്പിക്കപ്പെടുന്ന ചരിത്രം അംഗീകരിക്കാതെ തരമില്ല.

വിശുദ്ധ ചാവറപിതാവിന്റെ സമ്പൂർണകൃതികൾ പ്രസക്തമാകുന്നത് ഇവിടെയാണ്. *നാളാഗമങ്ങൾ* എന്ന പേരിലുള്ള ആദ്യഭാഗം 1830 മുതൽ 1870 വരെയുള്ള ചരിത്രരേഖയാണ്. അതിൽ വ്യക്തിയും സമൂഹവും സഭയും പ്രാദേശികതയും മതവും ക്രയവിക്രയങ്ങളും ജീവിത ദർശനങ്ങളും സഭാസ്ഥാപനഘട്ടങ്ങളുമെല്ലാം ഉൾപ്പെടുന്നുണ്ട്. ഗതകാലത്തിലെ അനുദിന - ഓർമക്കുറിപ്പു മാത്രമല്ല, മറിച്ച് വരുംതലമുറയ്ക്കുള്ള ചരിത്രസമ്മാനം കൂടിയാണത്.

സാഹിത്യമേഖലയിലെ ചാവറയച്ചന്റെ ഇടപെടൽ പൊതുസമൂഹ ശ്രദ്ധയിലെത്തുന്നതുപോലും കഴിഞ്ഞ നാലു ദശകങ്ങൾക്കുള്ളിൽ മാത്രമാണ്. അതിനുപിന്നിൽ ഒരു ശതാബ്ദക്കാലം പലകാരണങ്ങളാൽ ചരിത്രം മറഞ്ഞുകിടന്നു എന്നത്, മലയാളത്തിലെ സാഹിത്യചരിത്രങ്ങളുടെ രചനയിൽ ചാവറയച്ചനും അദ്ദേഹത്തിന്റെ സാഹിത്യ സപര്യയും ഇടംപിടിക്കാതെ പോയതിന് ഒരു കാരണമാണ്. സാഹിതീസംഭാവനകളെ പരിഗണിച്ചും ആദരിച്ചും ചാവറയച്ചന്റെ ഛായാചിത്രം കേരള സാഹിത്യ അക്കാദമി ഹാളിൽ 2006 മെയ് നാലിന് അനാച്ഛാദനം ചെയ്തുവെന്നതും, മലയാളനാടകചരിത്രത്തിലെ ആദ്യരൂപമായി ഗണിക്കപ്പെടേണ്ട *ഇടയനാടകങ്ങൾ* കേരള സാഹിത്യ അക്കാദമി തന്നെ പ്രസാധനം ചെയ്തുവെന്നതും കാലം കാത്തുവച്ച കാവ്യനീതി. 1862-ൽ രചിക്കപ്പെട്ട ഖണ്ഡകാവ്യമായ *അനസ്താസ്യായുടെ രക്തസാക്ഷ്യം* എന്ന ചെറുകൃതി, മലയാളസാഹിത്യ ചരിത്രങ്ങളുടെ നൂതനപതിപ്പുകളിൽ ഇനിയും രേഖപ്പെടുത്തപ്പെടാതെ

പോകുന്നുവെന്നത് ഉപേക്ഷയാലുള്ള ഗൗരവമർഹിക്കുന്ന വീഴ്ചയാണ്. സാഹിത്യ-സാംസ്കാരിക മേഖലകളിൽ ചാവറയച്ചൻ നൽകിയ സംഭാവനകളെ അധികരിച്ച് പല ഗവേഷണപ്രബന്ധങ്ങളും ഇതിനോടകം പൂർത്തിയാക്കപ്പെട്ടുവെങ്കിലും, ഇനിയുമേറെ തുടർഗവേഷണസാധ്യതയുള്ള മേഖലതന്നെയാണിത്.

കേരള സുറിയാനികത്തോലിക്കാ സഭയുടെ ആദ്ധ്യാത്മികനേതൃത്വത്തിൽ ചാവറയച്ചൻ അനിഷേധ്യസാന്നിധ്യമാണ്. റോക്കോസ് ശീശ്മയിലെ ഇടപെടലും, സഭാനവീകരണത്തിനായുള്ള നിരവധി നടപടികളും, പ്രാരംഭകൻ എന്ന നിലയിലുള്ള അനേകം സംഭാവനകളും സഭയുടെ പാരമ്പര്യത്തെ ബലപ്പെടുത്തിയ ഘടകങ്ങളാണ്. കുടുംബനവീകരണത്തിനായി അദ്ദേഹം ചെയ്ത സംഭാവനകളെ മുൻനിർത്തിയാണ് *കുടുംബങ്ങളുടെ മധ്യസ്ഥൻ* എന്ന സവിശേഷസ്ഥാനം സഭയിൽ ചാവറയച്ചനു നൽകപ്പെടുന്നത്. 150 വർഷങ്ങൾക്കുമുമ്പു രചിക്കപ്പെട്ട *ഒരു നല്ല അപ്പന്റെ ചാവരുൾ* എന്ന കുടുംബചട്ടം കൂനമ്മാവിലെ ഇടവകസമൂഹത്തിൽ മാത്രമായി ഒതുങ്ങാതെ, 21-ാം നൂറ്റാണ്ടിലെ കുടുംബങ്ങൾക്കും പ്രായോഗിക പാഠങ്ങൾ നൽകുന്ന ആത്മീയഗ്രന്ഥമായി നിലകൊള്ളുന്നത്, കാലാതിവർത്തിയായ കുടുംബനവോത്ഥാനദർശനം ചാവറയച്ചനിൽ രൂഢമൂലമായിരുന്നതിന് വ്യക്തമായ ഉദാഹരണമാണ്. ഇന്ന് മുപ്പത്തിയാറു രാജ്യങ്ങളിലായി അഭിമാനപൂർവം അജപാലന-സാമൂഹ്യപ്രവർത്തനങ്ങൾ നിർവഹിക്കുന്ന സി.എം.ഐ., സി.എം.സി. സഭകളുടെ പ്രാരംഭനടപടികളിലും വളർച്ചയിലും തീക്ഷ്ണതയുള്ള പങ്കാളിയായി ചാവറയച്ചൻ നിലകൊണ്ടത് സാമൂഹിക-സാമുദായിക നവീകരണത്തിന് ഉപയുക്തമാകുന്ന കാല-ദേശാതിവർത്തിയായ ആധ്യാത്മികദർശനങ്ങളും സഭാനേതൃത്വപാടവവും അദ്ദേഹത്തിനുണ്ടായിരുന്നതിനാലാണ്.

നവതലമുറകളെപ്പോലും വിസ്മയിപ്പിക്കുംവിധം സാമൂഹ്യ-സാംസ്കാരികമേഖലയിൽ പ്രവർത്തിക്കുവാൻ, അന്നത്തെ ഏറെ പരിമിതമായ സാഹചര്യത്തിലും ചാവറയച്ചന് കഴിഞ്ഞുവെന്നത് നിസ്സാരകാര്യമല്ല. ജാതീയമായ വേർതിരിവുകൾകൊണ്ട് പൊതുപ്രവർത്തനവും സാമൂഹ്യസേവനവുമൊന്നും അത്രതന്നെ സുഗമമല്ലാതിരുന്ന അക്കാലത്ത് പൊതുവിദ്യാലയം, ഉച്ചക്കഞ്ഞി,

പിടിയരി, ദളിത്ജീവിതനവീകരണം എന്നിങ്ങനെയുള്ള മേഖലകളിൽ, ആശയംകൊണ്ടല്ല സാന്നിധ്യംകൊണ്ടുതന്നെ ഇറങ്ങി പ്രവർത്തിക്കുന്നതിൽ ചാവറയച്ചൻ പുലർത്തിയ സവിശേഷവൈഭവമാണ് കേരളനവോത്ഥാനചരിത്രത്തിൽ ചാവറയച്ചന് സ്ഥാനം നൽകിയത്.

സമ്പൂർണകൃതികൾ എന്നത് ഇപ്രകാരമുള്ള ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും സാഹിത്യകൃതികളുടെയും ശേഖരമാണ്. സഭാസ്നേഹികൾക്കും ചരിത്രാന്വേഷകർക്കും സാഹിത്യപഠിതാക്കൾക്കും ഇത് മൂല്യവത്തായ ഗ്രന്ഥമാണ്. ചാവറയച്ചനെക്കുറിച്ച് കൃത്യതയുള്ള അറിവുനേടി, വ്യക്തതയുള്ള അഭിപ്രായങ്ങളും ധാരണകളും രൂപീകരിക്കുവാൻ ഈ കൃതി വായനക്കാരെ സഹായിക്കും. സമ്പൂർണകൃതികളുടെ ആദ്യപതിപ്പ് പുറത്തിറങ്ങുന്നത് 1981-ലാണ്. ഭാഷയിൽ കാലം വരുത്തിയ ഭേദങ്ങളെ ഉൾക്കൊണ്ടുകൊണ്ട്, ഇന്നത്തെ വായനക്കാർക്ക് പരിചിതമാംവിധം അവയെ അവതരിപ്പിക്കുവാൻ പ്രസാധകസമിതി ഏറെ അധ്വാനിച്ചിട്ടുണ്ട്. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ എന്ന ആത്മീയ- സാമൂഹ്യ നവോത്ഥാനനായകനിലൂടെ അവതരിപ്പിക്കപ്പെട്ട ചരിത്രവും സാഹിത്യവും ഇന്നത്തെ വായനക്കാർക്ക് ഒരുമിച്ച് ലഭ്യമാകുന്നു എന്നതിനാൽ, ഈ പുനഃപ്രസാധനം കൂടുതൽ സ്വീകാര്യവും അർത്ഥവത്തുമാണ്. വായിച്ച്, അറിഞ്ഞ്, സ്നേഹിച്ച് സഭയിലും സമൂഹത്തിലും ഓജസ്സുള്ള സാന്നിധ്യമായി നിലകൊള്ളുവാൻ പുതുതലമുറയെ ഇത് സഹായിക്കട്ടെ.

സമ്പൂർണകൃതികളുടെ ഈ നവപ്രസാധനം അനുവാചകർക്ക് ഉപകാരപ്രദവും, ആത്മീയാനുഭവ സ്രോതസ്സുമായിരിക്കട്ടെ എന്ന ആശംസയോടെ ഈ ഗ്രന്ഥം കൈരളിക്ക് സമർപ്പിക്കുന്നു.

**ഫാ. തോമസ് ചാത്തംപറമ്പിൽ സി.എം.ഐ.**
പ്രിയോർ ജനറാൾ

പൊതുശ്രേഷ്ഠഭവനം
ചാവറ ഹിൽസ്, കാക്കനാട്
08-09-2021

# പഴയ പതിപ്പിന്റെ അവതാരിക

ലോകചരിത്രമെന്നത് ഇക്കാണായ വിശാലവിശ്വത്തിന്റെ ചരിത്ര മല്ല. പ്രത്യുത, വ്യക്തിയുടെ അഥവാ വ്യക്തികളുടെ ചരിത്രമാണ്. മനുഷ്യൻ എന്ന പ്രതിഭാസമില്ലാത്ത ലോകം ലോകമല്ല; അതിനു ചരിത്രവുമില്ല. ഭൂത-ഭാവി-വർത്തമാനങ്ങളെ സ്വന്തം ജീവിതാനുഭവ ങ്ങളുടെ അനശ്വര ചൈതന്യംകൊണ്ട് പ്രഭാപൂർണ്ണമാക്കുന്ന വ്യക്തി കളുടെ ചരിത്രം തന്നെയാണ്, വികസ്വരവും നിത്യവിസ്മയവുമായ പ്രപഞ്ചത്തിന്റെ ചരിത്രം. മറ്റൊരുവാക്കിൽ, ജനിച്ചും വളർന്നും പ്രകൃ തിയുടെ ഒഴുക്കിനൊത്തു നീങ്ങുന്ന ശരാശരി മനുഷ്യന്റെ സങ്കല്പ ങ്ങളേയും മാനദണ്ഡങ്ങളേയും അതിജീവിക്കുകയും, അവയ്ക്കുപരി ഉത്തുംഗമായി നിലകൊള്ളുകയും ചെയ്യുന്ന സമുൽകൃഷ്ടവ്യക്തി ത്വത്തിന്റെ ഉടമകളാണ് വിശ്വചരിത്രത്തിന്റെ വിധാതാക്കൾ. കാലത്തിൽ കാലൂന്നി അവർ ജീവിച്ചാലും അവരുടെ കാഴ്ചപ്പാടും ജീവിതല ക്ഷ്യവും കാലാതീതമായിരുന്നതിനാൽ അവർ ചിരഞ്ജീവികളായി ത്തീരുന്നു.

കാലഘട്ടത്തെ അതിജീവിക്കുകയും, സ്വന്തം വ്യക്തിത്വത്തിന്റെ വശ്യശക്തികൊണ്ട് ത്രികാലങ്ങളെ പ്രകാശമാനമാക്കുകയും ചെയ്ത ഞങ്ങളുടെ സഭാസ്ഥാപകനായ ദൈവദാസൻ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ചരിത്രം കേരള ക്രൈസ്തവസമൂഹത്തിന്റെ ഒരു കാല ഘട്ടത്തിന്റെ മുഴുവനും ചരിത്രമാണ്. സാമൂഹിക സാംസ്കാരികരം ഗത്താകട്ടെ, സർവ്വോപരി ആദ്ധ്യാത്മികരംഗത്താകട്ടെ ക്രാന്തദർശിയും മനുഷ്യസ്നേഹിയും, പുണ്യപുരുഷനും ആയ ചാവറയച്ചന്റെ സമുജ്ജ്വ ലവ്യക്തിത്വം മനസ്സിലാക്കുക കേരളചരിത്രം പഠിക്കുന്നവർക്കൊക്കെ ഒഴിച്ചുനിർത്താനാവാത്ത ഒന്നത്രേ.

ചേന്നങ്കരി ഇടവകാതിർത്തിയിലെ കൈനകരി ചാവറകുടും ബത്തിൽ ക്രിസ്തുവർഷം 1805 ഫെബ്രുവരി 10-ാം തീയതി കുര്യാ ക്കോസ് ഏലിയാസച്ചൻ ജനിച്ചു. നാട്ടുനടപ്പനുസരിച്ചുള്ള വിദ്യാഭ്യാസം നിർവഹിച്ചശേഷം 1815-ൽ പള്ളിപ്പുറം സെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചു. അക്കാലയളവിൽ മാതാപിതാക്കളും ഏകസഹോദരനും മരണമടഞ്ഞു. സഹോദരപുത്രിയുടെ സംരക്ഷ ണമടക്കം കുടുംബകാര്യങ്ങൾ നിർവഹിക്കേണ്ട ചുമതല അദ്ദേഹ ത്തിനുണ്ടെന്നറിയിച്ച് ബന്ധുജനങ്ങൾ പള്ളിപ്പുറത്തെത്തി. സെമിനാരി

വിട്ട് വീട്ടിലെത്തുവാൻ അവർ അദ്ദേഹത്തെ നിർബന്ധിച്ചു. പക്ഷേ, നിശ്ചയദാർഢ്യത്തോടെ വൈദികജീവിതത്തിനു സ്വയം അർപ്പിച്ച അദ്ദേഹം ആ നിർബന്ധത്തിനു വഴങ്ങിയില്ല. കുര്യാക്കോസച്ചൻ വൈദികപഠനം തുടർന്നു. 1829-ൽ പൗരോഹിത്യം സ്വീകരിച്ചു. കുറേനാൾ ചേന്നങ്കരിയിലും പുളിങ്കുന്നിലും താമസിച്ചു. പാലയ്ക്കൽ തോമ്മാ മല്പാന്റെയും പോരൂക്കര തോമ്മാ മല്പാന്റെയും സഹകരണത്തോടുകൂടി സി.എം.ഐ സഭയുടെ സ്ഥാപനത്തിനുവേണ്ടി ചാവറയച്ചൻ അക്ഷീണം പരിശ്രമിച്ചു. 1831-ൽ മാന്നാനം കേന്ദ്രമാക്കി സി. എം. ഐ സഭയ്ക്ക് അടിസ്ഥാനമിട്ടു. 1841-ൽ പാലയ്ക്കൽ തോമ്മാ മല്പാനും 1846-ൽ പോരൂക്കര തോമ്മാ മല്പാനും ദിവംഗതരായതോടുകൂടി സന്യാസ സമൂഹത്തിന്റെ നേതൃത്വം ചാവറയച്ചന് ഏറ്റെടുക്കേണ്ടി വന്നു.

1855 മുതൽ 1871 വരെ പ്രിയോർ ജനറാളായി ചാവറയച്ചൻ സി.എം.ഐ സഭയെ സ്തുത്യർഹമായവിധം ഭരിച്ചു. 1861-ൽ സുറിയാനി കത്തോലിക്കരുടെ വികാരി ജനറാളായി അദ്ദേഹം നിയമിക്കപ്പെട്ടു.

1861-63 കാലഘട്ടം കേരളസഭയെ സംബന്ധിച്ചിടത്തോളം ഒരു കൊടുങ്കാറ്റിലൂടെ കടന്നുപോരലായിരുന്നു. സഭയെ ഉലച്ച ശീശ്മകൊടുങ്കാറ്റിനെ തടയുവാനും സുപന്ഥാവിലൂടെ സഭയെ നയിക്കുവാനും ചാവറയച്ചന്റെ സുശക്തമായ നേതൃത്വത്തിനു കഴിഞ്ഞു. 1864 മുതൽ ചാവറയച്ചന്റെ പ്രവർത്തനകേന്ദ്രം കൂനമ്മാവ് ആയിരുന്നു. 1871 ജനുവരി 3-ാം തീയതി അദ്ദേഹത്തിന്റെ പാവനാത്മാവ് നിത്യസമ്മാനം സ്വീകരിക്കുവാൻ ഇഹലോകവാസം വെടിഞ്ഞു. ഇപ്പോൾ അദ്ദേഹത്തിന്റെ നാമകരണനടപടികൾ ത്വരിതമായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ചാവറയച്ചന്റെ സമുന്നത വ്യക്തിത്വത്തിന്റെ മധുരദീപ്തമായ ഘടകം അദ്ദേഹം സാക്ഷാൽ ദൈവത്തിന്റെ മനുഷ്യനായിരുന്നു എന്നതാണ്. ദൈവപരിപാലനയിൽ അടിയുറച്ച വിശ്വാസം, സംഭവബഹുലമായ ആ ജീവിതത്തിന്റെ ഓരോ സ്പന്ദനത്തിലും ദർശിക്കാമായിരുന്നു. ദൈവം സ്നേഹനിധിയായ നല്ല പിതാവാണ്, അദ്ദേഹത്തിന്, സ്നേഹവാത്സല്യങ്ങൾ കരകവിഞ്ഞൊഴുകുന്ന ആ പിതാവിനെ "എന്റെ പ്രിയ അപ്പാ" എന്ന് ഒരു പിഞ്ചുപൈതലിനെപ്പോലെ വിളിക്കുവാൻ ഭക്തിയാൽ തരളിതഹൃദയനായ ദൈവത്തിന്റെ ആ മനുഷ്യന് കഴിഞ്ഞു. ദൈവത്തിന്റെ അനുപമമായ സ്നേഹത്തെ സ്വാർത്ഥത

തീണ്ടാത്ത മാതൃസ്നേഹത്തോടും അദ്ദേഹം തുലനപ്പെടുത്തുന്നുണ്ട്. ഉറങ്ങിക്കിടക്കുന്ന ശിശുവിനെ ഉണർത്തി, ആവശ്യപ്പെടാതെതന്നെ സ്തന്യം ദാനം ചെയ്യുന്ന അമ്മയെപ്പോലെ, നമ്മുടെ ആവശ്യങ്ങൾ നാം കാണുന്നതിനുമുമ്പുതന്നെ കണ്ട് നമുക്ക് നന്മകൾ ചൊരിയുന്ന ദൈവത്തെ ചാവറയച്ചൻ കാണിച്ചുതരുന്നു. ദൈവപരിപാലന ദൈവത്തിൽ വിശ്വസിക്കുന്ന ആർക്കും അനുഭവവേദ്യമാക്കുന്ന ലളിതസുഭഗവും ശാലീനവും ആയ കല്പന! തത്ത്വശാസ്ത്രത്തിന്റെ നിഗൂഢമേഖലകൾക്കോ, ശാസ്ത്രമേഖലയിലെ പരീക്ഷണങ്ങൾക്കോ അഭിഗമ്യമല്ലാത്ത പ്രമേയം ചാവറയച്ചന് അനുദിനജീവിതാനുഭവത്തിന്റെ ഉൾക്കാമ്പായിരുന്നു.

സഹജരെ മറന്നുള്ള ഒരു ദൈവാഭിമുഖ്യമായിരുന്നില്ല ചാവറയച്ചന്റേത്. അദ്ദേഹത്തിന്റെ ഈശ്വരോന്മുഖതയുടെ മുഖം പരോന്മുഖതയായിരുന്നു. സന്യാസസഭാസ്ഥാപനത്തിന്റെതന്നെ ലക്ഷ്യം ദ്വിമുഖമായിരുന്നു. “സ്വന്തം വിശുദ്ധിയും സഹോദരങ്ങളുടെ നന്മയും.” സ്വന്തം ദൈവവിളിയെക്കുറിച്ചു ചിന്തിക്കുന്ന വേളയിൽ ഈ വസ്തുത വ്യക്തമാക്കുന്നുണ്ട്. “ദൈവം നൽകിയിട്ടുള്ള അപരിമിതമായ ദാനങ്ങൾ തന്റെ സഹോദരന്മാർക്കായും ആണെന്ന്” അദ്ദേഹം ചിന്തിക്കുന്നു. ഇതു വെളിവാക്കുന്ന നിരവധി സംഭവങ്ങൾ അദ്ദേഹത്തിന്റെ നാളാഗമക്കുറിപ്പുകളിൽ ഉൾക്കൊള്ളുന്നുണ്ട്. ദൈവത്തിന്റെ സമാധാനദായകരായ മനുഷ്യർ മറ്റുള്ളവർക്കും അതേസമാധാനം നൽകുന്നു. അവ്ദീശോ മെത്രാന്റെ മാനസാന്തര സമയത്തെ ദൈവദാസന്റെ സമീപനം ഇതിനുദാഹരണമാണ്.

അധികാരത്തോടുള്ള വിധേയത്വം തികഞ്ഞ ക്രൈസ്തവ വീക്ഷണത്തോടും ലക്ഷ്യബോധത്തോടുംകൂടി ചാവറയച്ചൻ പുലർത്തുന്നുണ്ട്. സഭാശ്രേഷ്ഠന്മാരെയും രാഷ്ട്രീയാധികാരികളെയും ദൈവത്തിന്റെ പ്രതിനിധികളായി കാണാനും അവരെ ബഹുമാനിക്കാനും അദ്ദേഹം ഉത്സുകനായിരുന്നു. സഭാസേവനമായിരുന്നു അദ്ദേഹത്തിന്റെ ജീവിതത്തിലെ ഒരു മുഖ്യമൂലം.

ചില ചരിത്രവസ്തുതകൾ കലവറയില്ലാതെ ചാവറയച്ചൻ എഴുതുന്നത് സവിശേഷ ശ്രദ്ധയാകർഷിക്കുന്നു. ഏതാനും ചിലർക്ക് മാനക്ഷയത്തിന് കാരണമായെങ്കിലും മറ്റു പലരുടെയും നന്മയെ ഓർത്തു മാത്രമാണ് അദ്ദേഹം അത് പ്രതിപാദിക്കുന്നത്. സത്യത്തോടുള്ള ആഭിമുഖ്യവും സഹജരുടെ നന്മയും ചാവറയച്ചന്റെ ചിന്തയിൽ ഒളിതൂകിയ

പ്രകാശരേണുക്കളാണ്. ദൈവത്തിന്റെ മനുഷ്യനെന്ന നിലയിൽ ദൈവദാസന് എല്ലാ മനുഷ്യരിലും ദൈവത്തെ കാണുവാനും ആത്മതുല്യം സ്നേഹിക്കുവാനും കഴിഞ്ഞു.

ദൈവസ്നേഹം സഹജസ്നേഹത്തിലൂടെ പ്രകാശിതമാക്കണമെന്നും, അതിനുള്ള ഉപാധികൾ സഹജരുടെ സാമൂഹ്യവും സാംസ്കാരികവുമായ മണ്ഡലങ്ങളിൽ സേവനമർപ്പിക്കുകയുമാണെന്ന് ചാവറയച്ചൻ വിശ്വസിച്ചു. പരസ്നേഹ പ്രവൃത്തി ചെയ്യാൻ കഴിയാത്ത ദിവസം വ്യർത്ഥതയുടെയും നഷ്ടബോധത്തിന്റെയും പ്രതീകമാണെന്ന് അദ്ദേഹം വ്യക്തമാക്കിയിരുന്നു.

കേരളത്തിൽ കത്തോലിക്ക പ്രസിദ്ധീകരണങ്ങൾക്ക് അടിസ്ഥാനമിട്ടത് പണ്ഡിതനും ദീർഘവീക്ഷണചതുരനും സ്ഥിരോത്സാഹിയുമായിരുന്ന ചാവറയച്ചൻതന്നെയാണ്. മാന്നാനത്ത് 1846–ൽ ഒരു പ്രസ്സ് സ്ഥാപിച്ചുകൊണ്ട് അതിന് അദ്ദേഹം തുടക്കം കുറിച്ചു. അന്നു തുടങ്ങിയ മുദ്രണാലയപ്രേഷിതത്വം സഭാംഗങ്ങൾ അഭംഗുരം തുടർന്നുപോരുന്നു. ദീപിക, കർമ്മെലകുസുമം, കുടുംബദീപം തുടങ്ങിയ പത്രമാസികകളിലൂടെയും കേരളത്തിന്റെ വിവിധഭാഗങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സഭവക അച്ചടിശാലകളിൽനിന്നും പ്രസിദ്ധീകൃതമാകുന്ന സൽഗ്രന്ഥങ്ങളിലൂടെയും ചാവറയച്ചൻ സമാരംഭിച്ച സമ്പർക്കമാധ്യമ പ്രവർത്തനങ്ങൾ വികസ്വരമായിക്കൊണ്ടിരിക്കുന്നു.

വിദ്യാഭ്യാസരംഗത്ത് ദൈവദാസൻ അനുഷ്ഠിച്ച ധീരമായ നേതൃത്വത്തിന്റെ ഗുണഫലങ്ങളാണ് കേരളജനത ഇന്നാസ്വദിക്കുന്നതും, അനുഭവിക്കുന്നതും. പൊതുവിദ്യാഭ്യാസരംഗത്തും മതവിദ്യാഭ്യാസരംഗത്തും അദ്ദേഹം ഒരുപോലെ ശ്രദ്ധ പതിപ്പിച്ചു. ഒന്നേകാൽ ശതാബ്ദത്തിനു മുൻപ് മാന്നാനത്ത് ഒരു സംസ്കൃത വിദ്യാലയം സ്ഥാപിച്ച ആ ക്രാന്തദർശി, എല്ലാ പള്ളികളിലും പള്ളിക്കൂടങ്ങൾ തുടങ്ങണമെന്ന് നിർബന്ധപൂർവം ആവശ്യപ്പെടുകയുണ്ടായി. തന്റെ നിർദ്ദേശം പാലിക്കാത്ത ഇടവക ദേവാലയങ്ങൾ അടച്ചിടുമെന്നുപോലും കല്പിച്ചത് വൈജ്ഞാനിക മണ്ഡലത്തിൽ ഒരു വിപ്ളവം സൃഷ്ടിക്കുന്നതിനുള്ള വിത്തുപാകലായിരുന്നു.

ആതുരസേവനം ചാവറയച്ചന്റെ ജീവിതത്തിലെ അഭിന്നഭാഗമായിരുന്നു. കൈനകരിയിൽ അദ്ദേഹം കൊളുത്തിവച്ച ദീപത്തിന്റെ ചിനപ്പുകൾ ആണ് ഇന്നു കേരളത്തിൽ ഉടനീളം സാന്ത്വനപ്രകാശമരുളി നില്ക്കുന്ന ആതുരസേവനത്തിന്റെ ദീപശിഖകൾ. 'ഞാൻ നിങ്ങളെ

സ്നേഹിച്ചതുപോലെ നിങ്ങളും എല്ലാവരെയും സ്നേഹിക്കുവിൻ' എന്ന ക്രിസ്തുവിന്റെ ദിവ്യവചനം എന്നും ചാവറയച്ചന്റെ സ്മൃതി പഥത്തിൽ ഉണ്ടായിരുന്നു.

ഭാഷകളിൽ പാണ്ഡിത്യം നേടിയ വിശാരദൻ, പ്രസംഗകൻ, സാഹിത്യകാരൻ, മുദ്രണാലയ പ്രേഷിതത്വത്തിന്റെ പ്രണേതാവ്, ഭരണനിപുണൻ തുടങ്ങിയ ഒട്ടേറെ സവിശേഷപദങ്ങൾകൊണ്ട് അദ്ദേഹത്തെ ബഹുമാനിക്കാൻ കഴിയും. എന്നാൽ ഇവയ്ക്കെല്ലാം ഉപരി, ചാവറയച്ചന്റെ വ്യക്തിത്വം പ്രഫുല്ലമാക്കുന്ന വിലപ്പെട്ട ബഹുമതി അദ്ദേഹം ദൈവാനുഭൂതിയുറ്റ ദൈവത്തിന്റെ മനുഷ്യനായിരുന്നു എന്നതാണ്. ദൈവത്തിന്റെ മനുഷ്യനായി, ദൈവത്തിലേക്കു മനുഷ്യരെ നയിച്ച ആദ്ധ്യാത്മിക മനുഷ്യനായി അദ്ദേഹത്തെ മനസ്സിലാക്കാത്തിടത്തോളം കാലം ചാവറയച്ചന്റെ ഉൽകൃഷ്ടമായ വ്യക്തിത്വം നാം മനസ്സിലാക്കി എന്നു പറയാനാവില്ല. ആദ്യന്തം അദ്ദേഹം ദൈവത്തിന്റെ മനുഷ്യനായിരുന്നു. ദൈവത്തെ സഹജർക്കു പ്രദാനം ചെയ്ത പുണ്യപുരുഷനായിരുന്നു. വിരിഞ്ഞു വികസിച്ച അദ്ദേഹത്തിന്റെ ദൈവികമായ വ്യക്തിത്വം എല്ലാവരുടേയും ശ്രദ്ധയും ബഹുമാനവും പിടിച്ചുപറ്റി.

ജീവിതവും പ്രവർത്തനങ്ങളുംവഴി വിലപ്പെട്ട സേവനങ്ങൾ കേരളത്തിനും കേരളീയർക്കും നല്കിയ ദൈവദാസൻ ചാവറ കുര്യാക്കോസ് ഏലിയാസച്ചനാൽ വിരചിതമായ കൃതികൾ മുഴുവനും സി.എം.ഐ സഭയുടെ 150-ാം വർഷ ജൂബിലിയോടനുബന്ധിച്ച് പ്രസാധനം ചെയ്യാൻ തീരുമാനിച്ചു. അവയിൽ ചിലത് നേരത്തെതന്നെ ഗ്രന്ഥരൂപത്തിൽ പ്രകാശം കണ്ടിട്ടുള്ളതാണ്. പക്ഷേ വിലപ്പെട്ട ചരിത്രരേഖകളും സാരവത്തായ ഉപദേശശകലങ്ങളും നിർദ്ദേശങ്ങളും ഉൾപ്പെടുന്ന കയ്യെഴുത്തുപ്രതികൾ വെളിച്ചം കാണാതെ കഴിയുകയായിരുന്നു. അദ്ദേഹത്തിന്റെ കൃതികൾ മുഴുവൻ കേരള ക്രൈസ്തവർക്കു മുമ്പിൽ സമർപ്പിക്കുവാനുള്ള യത്നം പ്രസ്തുത കൃതികളുടെ പ്രസാധനത്തിലൂടെ സാക്ഷാത്ക്കരിക്കപ്പെട്ടിരിക്കുകയാണ്.

നാലുഭാഗങ്ങളായി സമ്പൂർണ്ണകൃതികൾ സമാഹരിച്ചിരിക്കുകയാണ്. സി.എം.ഐ സഭാ സ്ഥാപനം, പ്രാരംഭപ്രവർത്തനങ്ങൾ, കേരളസഭാസേവനത്തിലെ പല സുപ്രധാന സംഭവങ്ങൾ തുടങ്ങിയവയുടെ ഈടുറ്റ രേഖകളായ നാളാഗമങ്ങൾ ഒന്നാം ഭാഗമായും; അദ്ദേഹം രചിച്ചിട്ടുള്ള പദ്യകൃതികൾ, സാഹിത്യകൃതികൾ എന്ന ശീർഷകത്തിൽ രണ്ടാം ഭാഗമായും; ആദ്ധ്യാത്മികോത്ക്കർഷങ്ങളായ

ഗദ്യകൃതികൾ ആദ്ധ്യാത്മികകൃതികൾ എന്ന പേരിൽ മൂന്നാം ഭാഗമായും പ്രസിദ്ധീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു.

നാലാം ഭാഗമായ ഈ ഗ്രന്ഥത്തിൽ ദൈവദാസൻ പരിശുദ്ധ സിംഹാസനത്തിലേക്കും തിരുസംഘങ്ങളുടെ സെക്രട്ടറിമാരായ കർദ്ദിനാളന്മാർക്കും, മെത്രാന്മാർക്കും ആശ്രമശ്രേഷ്ഠന്മാർക്കും സ്ഥലസമൂഹങ്ങൾക്കും വ്യക്തികൾക്കും അയച്ചിട്ടുള്ള കത്തുകളാണ് ഉൾക്കൊള്ളുന്നത്. ഈടുവയ്പിന്റെ ഇരുണ്ടകോണുകളിൽ വിശ്രമം കണ്ടെത്തിയിരുന്ന ഈ കത്തുകളിൽ അന്നത്തെ ചരിത്രരേഖകളും ഉപദേശങ്ങളും മറ്റു മാർഗ്ഗനിർദ്ദേശങ്ങളും കാണാൻ കഴിയുന്നു.

ആദ്ധ്യാത്മിക രംഗത്ത് ചാവറയച്ചനുള്ള ശ്രേഷ്ഠ വ്യക്തിത്വവും മാഹാത്മ്യവും ഈ കൃതികളിലെല്ലാം തെളിഞ്ഞു നിൽക്കുന്നു. പരിശുദ്ധ സിംഹാസനത്തോടുള്ള ഭക്തിയും അധികാരത്തോടുള്ള വിധേയത്വവും അധീനരോടുള്ള അനുകമ്പയും സ്ഥലസമൂഹങ്ങളുടെ ആദ്ധ്യാത്മികോന്നമനത്തിനുള്ള അന്തർദ്ദാഹവും വ്യക്തികളോടുള്ള സമഭാവനയും ശത്രുക്കളോടുള്ള സ്നേഹവും കേരളക്രൈസ്തവ സമൂഹത്തിന്റെ വളർച്ചയ്ക്കായുള്ള അഭിവാഞ്ചയും ഈ കത്തുകളിലെല്ലാം നിതരാം നിഴലിച്ചു നില്ക്കുന്നു. ആദ്ധ്യാത്മിക പോഷണത്തിനും ചരിത്രപഠനത്തിനും വഴിയൊരുക്കട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ടു ഈ ഗ്രന്ഥം ഞാൻ സഹൃദയസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

**ഫാ. തോമസ് അനിസീറ്റസ് ഐക്കര സി.എം.ഐ**
പ്രിയോർ ജനറാൾ

പ്രിയോർ ജനറാൾ ഭവനം,
എറണാകുളം
3-7-1982

# ആമുഖം

കത്തുകൾ ഇതരരേഖകളിൽ നിന്ന് വിഭിന്നമാണ്. അവ കൂടുതൽ വ്യക്തിപരമാണ്. എഴുതിയ വ്യക്തിയുടെ ഹൃദയത്തുടിപ്പുകൾ അതിൽ ത്രസിച്ചു നിൽക്കും. വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ പല വിഭാഗത്തിൽപ്പെട്ടവർക്കായി എഴുതിയ കത്തുകളാണ് ഇവിടെ പ്രതിപാദ്യവിഷയം. ഈ കത്തുകളിൽ ചാവറയച്ചന്റെ വ്യക്തിത്വത്തിന്റെ വിവിധ മുഖങ്ങൾ മിഴിവാർന്നു നിൽക്കുന്നതു കാണാം. അദ്ദേഹത്തിന്റെ ആത്മീയതയുടെ പ്രഭ വിതറുന്നവയാണ് എല്ലാ കത്തുകളും തന്നെ. എല്ലാ തുറകളിലുമുള്ള വ്യക്തികളുമായി വ്യക്തിപരമായും കത്തുകളിലൂടെയും ബന്ധപ്പെട്ടിരുന്ന അദ്ദേഹത്തെ ജനഹൃദയങ്ങളിൽ എത്തിക്കാനുള്ള ഏറ്റവും നല്ല ഉപാധിയും അദ്ദേഹം എഴുതിയ കത്തുകളാണ്.

ഇടവക വൈദികൻ, സന്യാസശ്രേഷ്ഠൻ, രണ്ടു സന്യാസ സമൂഹങ്ങളുടെ സ്ഥാപകൻ, സീറോ മലബാർ സഭയുടെ ആദ്യത്തെ വികാരിജനറൽ, സെമിനാരി മല്പാൻ, ആത്മീയ ഉപദേഷ്ടാവ്, സാമൂഹ്യ പരിഷ്ക്കർത്താവ് എന്നീ തലങ്ങളിലെല്ലാം നിന്നുകൊണ്ട് ചാവറയച്ചൻ വളരെയധികം കത്തിടപാടുകൾ നടത്തിയിട്ടുണ്ട്. എന്നാൽ അദ്ദേഹത്തിന്റേത് എന്ന് വ്യക്തമായി അവകാശപ്പെടാവുന്ന 67 കത്തുകൾ മാത്രമാണ് ഈ സമാഹാരത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ചാവറയച്ചന്റെ കത്തുകൾ എന്നു കേൾക്കുമ്പോൾ, അദ്ദേഹം എഴുതി പോസ്റ്റു ചെയ്ത കത്തുകൾ എന്നോ, അകലങ്ങളിൽ കഴിയുന്നവർക്കു കൊടുത്തുവിട്ട കത്തുകൾ എന്നോ മാത്രം മനസ്സിലാക്കണമെന്നില്ല. കൂനമ്മാവിൽ ചാവറയച്ചൻ താമസിച്ചിരുന്ന ആശ്രമത്തിന് തൊട്ടടുത്തുള്ള കന്യാസ്ത്രീമഠത്തിലേയ്ക്ക് എന്തെങ്കിലും വിവരങ്ങൾ അറിയിച്ചുകൊണ്ട് ആൾവശം കൊടുത്തുവിട്ട കുറിപ്പുകളും ഇവയിൽപ്പെടുന്നു. അതിനാലായിരിക്കാം പല കത്തുകളിലും സ്ഥലവും ചിലതിൽ തീയതിയും മറ്റു ചിലതിൽ ഒപ്പു തന്നെയും കാണാത്തത്. 1843 മുതൽ 1870 വരെയുള്ള 27 വർഷങ്ങളിൽ പരിശുദ്ധപിതാവ് ഒൻപതാം പീയൂസ് മാർപാപ്പയ്ക്ക് എഴുതിയ കത്തുകൾ മുതൽ തയ്യിൽ കൊച്ചുപോത്തനും പെരുമാലിൽ കുര്യൻ തരകനും കൊടുത്ത രസീതു വരെ ഇതിൽപ്പെടുന്നു.

ചാവറയച്ചന്റെ മൂലരേഖകൾ അദ്ദേഹത്തിന്റെ കൈയക്ഷരത്തിൽതന്നെ പ്രസിദ്ധീകരിക്കുവാൻ 2009 ജനുവരിയിൽ ജനറൽ കൗൺസിൽ ചാവറ സെൻട്രൽ സെക്രട്ടേറിയറ്റിനെ ചുമതലപ്പെടുത്തിയിരുന്നു. 1982-ൽ പ്രസിദ്ധീകരിച്ചിരുന്ന ചാവറ സമ്പൂർണകൃതികളിലെ നാലാം വാല്യമായ കത്തുകൾ ഭാഷാപരിഷ്ക്കരണം വരുത്തി കൈയെഴുത്തിന്റെ ഫോട്ടോയോടുകൂടി ആദ്യമേ പ്രസിദ്ധീകരിക്കാമെന്നു തീരുമാനിച്ചു. ചാവറയച്ചന്റെ കൈയക്ഷരത്തിലുള്ളതെന്ന് ആദ്യമേ നിർണയം നടത്തിയിരുന്ന കത്തുകൾ കണ്ടെടുത്ത് സുകരമായി വായിക്കത്തക്ക വിധത്തിൽ അവതരിപ്പിക്കുക അത്ര എളുപ്പമുള്ള ജോലിയായിരുന്നില്ല. ഒന്നാമത്തെ കാരണം, അവ മറ്റു കത്തുകളുടെ കൂട്ടത്തിൽ പല ഫയലുകളിലായിരുന്നു മാന്നാനം രേഖാലയത്തിൽ സൂക്ഷിച്ചിരുന്നത് എന്നതാണ്.

# കൈയെഴുത്തു രേഖകൾ: പഠന വിഷയം

### കൈയെഴുത്തു രേഖകൾ തിരിച്ചറിഞ്ഞ വിധം

1871 - നു മുമ്പ് എഴുതിയ കത്തുകളായതിനാൽ ഇവയുടെ ആധികാരികതയും പഠനവിഷയമാക്കേണ്ടിയിരുന്നു. അപ്രകാരം ശാസ്ത്രീയമായി പഠനം നടത്തിയതിനു ശേഷം ചാവറപ്പിതാവിന്റെ കൈപ്പട തന്നെ എന്നുറപ്പു വരുത്തിയ കത്തുകൾ മാത്രമാണ് ഇവിടെ പ്രസിദ്ധപ്പെടുത്തുന്നത്. ഈ വിലയിരുത്തൽ അടുത്ത കാലത്തു നടത്തിയതല്ല. നാമകരണനടപടികൾ ആരംഭിച്ച 1950-കളിൽ തന്നെ ചാവറപ്പിതാവിനെക്കുറിച്ചുള്ള മിക്ക രേഖകളും കണ്ടെത്തുകയും അവ അദ്ദേഹത്തിന്റേതു തന്നെ എന്നുറപ്പു വരുത്തുകയും ചെയ്തിരുന്നു. ചങ്ങനാശ്ശേരി അതിരൂപതയുടെ അധ്യക്ഷനായിരുന്ന മാർ മാത്യു കാവുകാട്ട് നിയോഗിച്ച ഹിസ്റ്റോറിക്കൽ കമ്മീഷനാണ് ഈ അന്വേഷണത്തിന്റെയും വിലയിരുത്തലിന്റെയും ചുമതല നിർവഹിച്ചത്. ഭാരതത്തിലെയും ഇറ്റലി, വത്തിക്കാൻ, ഇറാഖ്, പോർച്ചുഗൽ തുടങ്ങിയ രാജ്യങ്ങളിലെയും 42 സ്ഥലങ്ങളിലുള്ള 66 രേഖാകേന്ദ്രങ്ങളിൽ നിന്നുമാണ് രേഖകൾ അധികവും കണ്ടെത്തിയത്. കൂടാതെ, വിവിധ രൂപതകളിൽ മെത്രാന്മാർ ഔദ്യോഗികമായി ആവശ്യപ്പെട്ടതനുസരിച്ച് ചാവറപ്പിതാവിനോട് ബന്ധപ്പെടുത്തി അനേകം വ്യക്തികൾ സൂക്ഷിച്ചിരുന്ന അനവധി രേഖകളും അവർ കണ്ടെടുക്കുകയുണ്ടായി.

ഇങ്ങനെ ശേഖരിച്ച രേഖകൾ മുഴുവൻ വിദഗ്ദ്ധരുടെ പരിശോധനയ്ക്ക് വിധേയമാക്കി. 1960-ൽ തിരുവനന്തപുരം കൈയെഴുത്തു രേഖാലയ (Manuscript Library) ത്തിന്റെ അധിപനായിരുന്ന ശൂരനാട്ടു കുഞ്ഞൻപിള്ളയുടെ നേതൃത്വത്തിൽ അവിടത്തെ വിദഗ്ദ്ധരുടെയും, അന്ന് ആഭ്യന്തരമന്ത്രിയായിരുന്ന പി.റ്റി.ചാക്കോയുടെ സഹായത്തോടെയും പൊലീസ്, ക്രൈം ഡിപ്പാർട്ടുമെന്റുകളിലെ ചില വിദഗ്ദ്ധരുടെ സഹകരണത്തോടെയുമാണ് പരിശോധന നടത്തിയത്. മേൽപ്പറഞ്ഞ രേഖകളിൽ ഉപയോഗിച്ചിട്ടുള്ള കടലാസ്, മഷി, എഴുതാനുപയോഗിച്ച ഉപകരണം എന്നിവ പഠനവിഷയമാക്കി. ഉപയോഗിച്ച കടലാസിന്റെയും മഷിയുടെയും മറ്റും കാലനിർണയം നടത്താൻ സാധിച്ചു. കൂടാതെ കൈപ്പടയും ഒപ്പും പരിശോധിച്ചതു വഴി അക്ഷരങ്ങളുടെ വടിവ്, ചായ്‌വ്, അവയിൽ ചിലേടത്തു കാണുന്ന മഷിയുടെ കൂടുതൽ കുറവ്, ഇവയിലുള്ള ഐകരൂപ്യം ആദിയായവ പരിശോധിച്ച് ഉറപ്പു വരുത്തിയതിനു ശേഷമാണ് കണ്ടെത്തിയ രേഖകളിൽ ഏതെല്ലാമാണ് ചാവറപ്പിതാവിന്റേതെന്ന് നിശ്ചയിക്കപ്പെട്ടത്.

### കത്തുകളുടെ ആദ്യ പ്രസിദ്ധീകരണം

ചാവറയച്ചന്റേതായി 212 രേഖകളാണ് അന്ന് കണ്ടെത്തിയത്. ഇവയിൽ കത്തുകളുടെ ഗണത്തിൽ പെടുന്ന 67 എണ്ണം 'ചാവറയച്ചന്റെ സമ്പൂർണകൃതികൾ, വാല്യം നാല്' 'കത്തുകൾ' എന്ന പേരിൽ 1982-ൽ പ്രസിദ്ധീകരിച്ചിരുന്നു. (1986-ൽ ഇതിന്റെ രണ്ടാം പതിപ്പും പ്രസിദ്ധീകരിച്ചു.) മൂലരേഖ പദാനുപദം അച്ചടിച്ച് പ്രസിദ്ധീകരിക്കുകയാണ് അന്നു ചെയ്തത്. ഇവയിൽ സുറിയാനി, ലത്തീൻ, ഇറ്റാലിയൻ ഭാഷകളിലുള്ള കത്തുകളുടേത് സ്വതന്ത്ര വിവർത്തനമാണ്. ചുരുക്കം ചില കത്തുകളിലുള്ള അച്ചടിപ്പിശകുകളും വിട്ടുപോയ ചുരുക്കം ചില വരികളുമൊഴിച്ചാൽ ഈ ഗ്രന്ഥം എല്ലാ അർത്ഥത്തിലും ഒറിജിനലിനു തുല്യമാണ്. ഗവേഷണപഠനം നടത്തുന്നവർക്ക് ഈ ഗ്രന്ഥം മൂലരേഖയ്ക്കു തുല്യമായി ഉപയോഗിക്കാവുന്നതാണ്.

### പുതിയ പതിപ്പിന്റെ പ്രത്യേകതകൾ

കത്തുകൾ ആർക്കു വേണ്ടി എഴുതി എന്നതിനെ ആധാരമാക്കി കത്തുകളെ 10 ഗ്രൂപ്പുകളാക്കി അന്നു തിരിച്ചിരുന്നു. ഇതനുസരിച്ചു

തന്നെ പുതിയപതിപ്പും ക്രമീകരിച്ചിരിക്കുന്നതുകൊണ്ട് ഇവ രണ്ടും തമ്മിലുള്ള താരതമ്യപഠനത്തിന് എളുപ്പമാണ്.

| കത്തുകളെ പത്തു ഗ്രൂപ്പുകളായി തിരിച്ചിരിക്കുന്നു. | എണ്ണം |
|---|---|
| 1. പരിശുദ്ധ മാർപാപ്പയ്ക്കുള്ള കത്തുകൾ | 02 |
| 2. പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ തലവനുള്ള കത്തുകൾ | 07 |
| 3. മെത്രാന്മാർക്കുള്ള കത്തുകൾ | 10 |
| 4. കർമലീത്താ നിഷ്പാദുക സഭാധികാരികൾക്കുള്ള കത്തുകൾ | 02 |
| 5. സി.എം.ഐ. സഭാംഗങ്ങൾക്കുള്ള കത്തുകൾ | 17 |
| 6. സി.എം.ഐ. സഭാംഗങ്ങൾക്കുള്ള സർക്കുലറുകൾ | 04 |
| 7. കന്യാസ്ത്രീകൾക്കുള്ള കത്തുകൾ | 11 |
| 8. ഇടവക വൈദികർക്കുള്ള കത്തുകൾ | 04 |
| 9. പൊതു സർക്കുലറുകൾ | 07 |
| 10. വ്യവഹാരസംബന്ധമായ കത്തുകൾ | 03 |

കാലക്രമമനുസരിച്ച് ഈ ഓരോ ഗണത്തിൽപ്പെട്ട കത്തുകളും തിരിച്ച് ഓരോന്നിനും അതാതിന്റേതായ ചുരുങ്ങിയ ആമുഖക്കുറിപ്പോടുകൂടി പ്രസിദ്ധീകരിക്കുന്നതാണ്.

ചാവറപ്പിതാവ് എഴുതിക്കൊടുത്തു വരാപ്പുഴ വികാരി അപ്പസ്തോലിക്ക ബർണർദീനോസ് മെത്രാന്റെ ഒപ്പോടുകൂടി അയച്ച ഒരു പ്രധാന രേഖയാണ് പള്ളികളോടുചേർന്ന് പള്ളിക്കൂടങ്ങൾ നടത്തണമെന്ന കല്പന. ഈ കല്പനയുടെ ഒറിജിനൽ കണ്ടെത്തിയിട്ടില്ലാത്തതിനാൽ ഇവിടെ ചേർക്കാൻ കഴിഞ്ഞിട്ടില്ല. ചാവറപ്പിതാവ് വികാരി ജനറലായിരുന്നപ്പോൾ 1864-ലാണ് ഈ സർക്കുലർ എഴുതിക്കൊടുത്തത് എന്നാണ് അദ്ദേഹത്തിന്റെ ആരംഭകാല ചരിത്രകാരന്മാർ സൂചിപ്പിക്കുന്നത്. ഈ സർക്കുലറിനെക്കുറിച്ച് മെത്രാൻ വാഴക്കുളം കാർമൽ ആശ്രമത്തിലേക്ക് അയച്ച ഒരു കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.

### ഭാഷയുടെ പ്രശ്നം

ഇന്നത്തെ വായനക്കാർക്ക് ചാവറയച്ചന്റെ മൂലകൃതികൾ അത്ര സുഗ്രഹമല്ല. 19-ാം നൂറ്റാണ്ടിലെ രചനാരീതിയുടെ പ്രത്യേകതകൾ തന്നെ

യാണ് അതിനു കാരണം. അക്ഷരങ്ങളുടെ ചില പ്രത്യേകതകൾ ശ്രദ്ധിക്കുക. 'ഈ' എന്ന അക്ഷരത്തിന് ഇപ്പോൾ അച്ചടിയിൽ ഇല്ലാത്ത പ്രത്യേക ലിപിയാണ് ഉപയോഗിച്ചിരുന്നത്. പഴയ മലയാളത്തിൽ "േ" എന്ന നീണ്ട കെട്ടുപുള്ളിക്കു പകരം "െ" എന്ന ഹ്രസ്വമാണ് ഉപയോഗിച്ചിരുന്നത്. 'അപെക്ഷിക്കുക' എന്നു കണ്ടാൽ 'അപേക്ഷിക്കുക' എന്നാണെന്നും, 'ബൊധിപ്പിക്കുക' എന്നു കണ്ടാൽ 'ബോധിപ്പിക്കുക' എന്നാണെന്നും മനസ്സിലാക്കുക. 'വന്നു' 'വന്ന്' എന്നിവയ്ക്ക് 'വന്ന' എന്നേ പണ്ട് എഴുതിയിരുന്നുള്ളൂ. '്' ചന്ദ്രക്കല ഒരിക്കലും പ്രയോഗിച്ചിട്ടില്ല.

ഇന്നത്തെ ഭാഷയിലില്ലാത്ത പദങ്ങളുടെ ഉപയോഗം വാചകങ്ങളുടെ അർത്ഥം ഗ്രഹിക്കുവാൻ വായനക്കാർക്ക് തടസ്സം സൃഷ്ടിക്കുന്നുണ്ട്. വാചകഘടനയും അവതരണശൈലിയും വ്യത്യസ്തം തന്നെ. വളരെ ദീർഘവും ഇന്നത്തെ വ്യാകരണ നിയമങ്ങൾ പാലിക്കാത്തതുമായ വാചകങ്ങൾ, വിരാമചിഹ്നങ്ങളുടെ (Punctuations) കുറവ്, മലയാള അക്കങ്ങൾ, മാസങ്ങൾ എന്നിവയുടെ പ്രയോഗം, അന്യഭാഷാപദങ്ങളുടെ ധാരാളത എന്നിവയും രചനയെ ദുർഗ്രഹമാക്കിയിരിക്കുന്നു.

മലയാളം, തമിഴ്, സംസ്കൃതം, പോർച്ചുഗീസ്, സുറിയാനി, ഇറ്റാലിയൻ, ലത്തീൻ എന്നീ ഏഴു ഭാഷകളിൽ പ്രാവീണ്യം നേടിയിരുന്ന വ്യക്തിയായിരുന്നു ചാവറയച്ചൻ. ഇവിടെ പ്രസിദ്ധീകരിക്കുന്ന കത്തുകളിൽ ചാവറയച്ചന്റെ സ്വന്തം കൈപ്പടയിൽ എഴുതപ്പെട്ട നാലു ഭാഷകളിലുള്ള (മലയാളം, സുറിയാനി, ഇറ്റാലിയൻ, ലത്തീൻ) കത്തുകളുണ്ട്. തമിഴിലെ ഗ്രന്ഥങ്ങൾ ഭാഷാന്തരം ചെയ്ത് സിസ്റ്റേഴ്സിനു കൊടുത്തുവിട്ടതായും തമിഴ് പഠിക്കാൻ അവരെ പ്രോത്സാഹിപ്പിക്കുന്നതായും സൂചനകളുണ്ട്. 1846-ൽ ചാവറപ്പിതാവ് നിർമ്മിച്ച അച്ചുകൂടത്തിൽ അടിച്ച ആദ്യകൃതി തമിഴിൽനിന്നും പരിഭാഷ ചെയ്യപ്പെട്ട 'ജ്ഞാനപീയൂഷം' ആണ്.

അന്യഭാഷകളിൽ നിന്നുള്ള പദങ്ങൾ ആദ്യമായി മലയാളത്തിലേക്ക് കടമെടുത്തു തുടങ്ങിയത് ചാവറയച്ചനാണെന്നു പറയാനാവില്ലെങ്കിലും പലഭാഷകൾ അറിയാമായിരുന്ന അദ്ദേഹം മലയാളഭാഷയ്ക്കു നൽകിയിട്ടുള്ള സംഭാവനകളും സുപ്രധാനമാണ്. ഗദ്യസാഹിത്യം

കാര്യമായി വളർന്നിട്ടില്ലാതിരുന്ന ആ കാലത്ത് ഭാഷയുടെ വളർച്ചയിൽ അദ്ദേഹം നൽകിയ സംഭാവനകൾ വിശദമായ പഠനത്തിനു വിഷയമാക്കേണ്ടതുണ്ട്. ഭാഷാപരമായ സംഭാവനകളെ വിശകലനം ചെയ്യുന്നവർക്ക് ചാവറയച്ചന് അന്യസംസ്കാരങ്ങളും ഭാഷകളുമായുണ്ടായിരുന്ന അടുപ്പം ബോധ്യമാകും.

അന്നത്തെ എഴുത്തുകാർ പദ്യരചനയിലാണ് ശ്രദ്ധകേന്ദ്രീകരിച്ചത്. മണിപ്രവാള സാഹിത്യമാണ് അന്നുവരെ പ്രചാരത്തിലിരുന്നത്. സ്ത്രീവർണനാപരവും പലപ്പോഴും സഭ്യതയും, സഭ്യതയുടെ പരിധി ലംഘിക്കുന്നതുമായ ഒരു കാവ്യശാഖയാണവർ കൈകാര്യം ചെയ്തിരുന്നത്. ചാവറയച്ചനാകട്ടെ, രൂപത്തെക്കാളേറെ ഭാവത്തെ ശ്രദ്ധിച്ച എഴുത്തുകാരനാണ്. ക്ലാസിക്കൽ ശൈലി വിട്ട് സാധാരണക്കാരന്റെ ഭാഷയിൽ എഴുതപ്പെട്ടവയാണ് ഈ കത്തുകളെല്ലാം തന്നെ. 19-ാം നൂറ്റാണ്ടിലെ ഗദ്യസാഹിത്യത്തിൽ ചരിത്രശാഖ പ്രാധാന്യത്തിലേക്ക് ഉയർന്നത് ചാവറയച്ചന്റെ രചനകൾക്കുശേഷമാണ്.

**ഭാഷ പരിഷ്ക്കരിച്ചപ്പോൾ ചെയ്ത കാര്യങ്ങൾ**

ഒന്നര നൂറ്റാണ്ട് മുമ്പ് രചിച്ച ഈ കത്തുകളിൽ ചുരുക്കെഴുത്തുകൾ ധാരാളം കാണുന്നുണ്ട്. തിരുസഭാധികാരികളോടുള്ള ആദരസൂചകമായി എഴുതിയിരുന്ന ഏ.പെ.പെ. എന്ന ചുരുക്കെഴുത്ത് ഉദാഹരണം. വ്യക്തികളുടെ പേര്, വീട്ടുപേര്, സ്ഥാനപ്പേര്, സ്ഥലനാമം, മാസങ്ങളുടെ പേര്, പുസ്തകനാമം, എന്തിനേറെ സ്വന്തം പേരുപോലും ചാവറയച്ചൻ ചുരുക്കെഴുത്തിൽ പ്രയോഗിച്ചിട്ടുണ്ട്.

19-ാം നൂറ്റാണ്ടിലെ രചനയിൽ, കേരളത്തെ സൂചിപ്പിക്കാൻ പലപ്പോഴും പ്രയോഗിച്ചിരുന്നത് ‘മലയാളം’ എന്നാണ്. സ്ഥിരപ്രതിഷ്ഠ നേടിയ പദമാകയാൽ ഈ പുതിയ പതിപ്പിലും അതു പ്രയോഗിച്ചിരിക്കുന്നു. ‘ആഹാ’ എന്ന സുറിയാനി പദത്തിനർത്ഥം ‘സഹോദരൻ’ എന്നാണ്. സ്വന്തം സഭാംഗങ്ങളായ വൈദികരുടെയും സഹോദരന്മാരുടെയും പേരിനു മുമ്പിൽ ആഹാ എന്നു ചാവറയച്ചൻ ചേർത്തിരുന്നു. കത്തുകളുടെ ഉള്ളടക്കത്തിൽ കാണുന്ന ‘ആഹാ’ പ്രയോഗം മാറ്റിയിട്ടുണ്ട്. എന്നാൽ അദ്ദേഹം സ്വയം ഒപ്പിടുമ്പോഴുള്ള ‘ആഹാ’ പ്രയോഗം അതേപടി ഈ പതിപ്പിലും തുടർന്നിരിക്കുന്നു.

**മലയാള അക്കങ്ങളും മാസങ്ങളും**

19-ാം നൂറ്റാണ്ടിലെ രചനകളെ ഇന്നത്തെ തലമുറയ്ക്ക് അന്യമാക്കുന്ന ഘടകങ്ങളിൽ ചിലത് അന്നത്തെ മലയാള അക്കങ്ങളുടെയും മാസങ്ങളുടെയും രചനാരീതിയും പ്രയോഗവുമാണ് എന്ന് പറഞ്ഞുവല്ലോ. ചാവറയച്ചന്റെ കത്തുകളിലെല്ലാം കാലപരിഗണനയ്ക്ക് മലയാള അക്കങ്ങളും മാസങ്ങളുമാണ് ഉപയോഗിച്ചിരിക്കുന്നത്. സാധാരണയായി ക്രിസ്തുവർഷമാണ് കത്തുകളിൽ എഴുതിയിരിക്കുന്നത്. എന്നാൽ ചില കത്തുകളിൽ കൊല്ലവർഷവും എഴുതിക്കാണുന്നുണ്ട്.

ഇതിനേക്കാൾ ബുദ്ധിമുട്ടുണ്ടാക്കുന്നതാണ് മലയാള അക്കങ്ങൾ സ്ഥാനമൂല്യം(Place Value)അനുസരിച്ച് എഴുതുന്ന രീതി. ഇത് വായിച്ചു മനസ്സിലാക്കുന്നവർ ഇന്ന് വളരെ വിരളമാണ്. അതിനാൽത്തന്നെ പുരാതനരേഖകൾ പകർത്തി എഴുതുമ്പോൾ തെറ്റു വരുത്താറുണ്ട്.

1860-നു ശേഷമുള്ള ചാവറയച്ചന്റെ രചനകളിൽ അക്കങ്ങൾ സ്ഥാനമൂല്യമനുസരിച്ച് എഴുതുന്ന രീതി, അധികം കാണുന്നില്ല. യൂറോപ്യൻ മിഷനറിമാരുമായുള്ള അദ്ദേഹത്തിന്റെ നിരന്തരമായ ഇടപഴകലുകളാണ് ഇതിന് കാരണമെന്ന് വിദഗ്ദ്ധരുടെ പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. സമകാലികർ സ്ഥാനമൂല്യമനുസരിച്ച് അക്കങ്ങൾ എഴുതുന്ന രീതി തുടരുമ്പോഴും ചാവറയച്ചൻ ആ രീതി ഉപേക്ഷിച്ചതായി കാണുന്നു.

ചിങ്ങം, കന്നി എന്നു തുടങ്ങുന്ന മലയാള മാസങ്ങൾ എഴുതുന്ന രീതി ചാവറയച്ചൻ അവസാനം വരെ നിലനിർത്തിപ്പോന്നു. എന്നാൽ തീയതിയാകട്ടെ, ജനുവരി ഫെബ്രുവരി എന്നു തുടങ്ങുന്ന ക്രിസ്തുവർഷത്തിലെ മാസങ്ങളിലേതാണ്; മലയാളമാസത്തിന്റേതല്ല. ഉദാഹരണത്തിന്, കന്നി 8 എന്നത് സെപ്റ്റംബർ 8 ഉം, മീനം 19 എന്നത് മാർച്ച് 19 ഉം കർക്കടകം 16 എന്നത് ജൂലൈ 16 ഉം ആണ്. അതായത്, വർഷവും തീയതിയും ക്രിസ്തുവർഷത്തിൽ നിന്നും മാസം കൊല്ലവർഷത്തിൽ നിന്നുമാണ് സ്വീകരിച്ചത്. യഥാർത്ഥത്തിൽ കർക്കടകം 16 എന്നത് ജൂലൈ 16 ഒരിക്കലും ആകുകയില്ല, കാരണം ജൂലൈ മാസത്തിന്റെ പകുതിക്കു ശേഷമാണല്ലോ കർക്കടകമാസം ആരംഭിക്കുന്നത്. ക്രിസ്തുവർഷം 825 ആഗസ്റ്റ് 15 ആണ് കൊല്ലവർഷം ചിങ്ങം ഒന്ന്. അതുകൊണ്ട് മലയാളമാസം ഇംഗ്ലീഷ് മാസത്തിന്റെ പകുതിയോടടുത്ത് ആരംഭിച്ച് അടുത്ത മാസത്തിന്റെ പകുതിയോടെയാണ് അവ

സാനിക്കുന്നത്. മലയാളമാസത്തോടൊപ്പം ഇംഗ്ലീഷ് മാസത്തിന്റെ തീയതി ചേർക്കുക ചാവറയച്ചന്റെ കാലത്തു മറ്റു പലരും ചെയ്തിരുന്നു.

### കൈയൊപ്പ് ഇടുന്ന രീതി

ചാവറയച്ചൻ സ്വന്തം പേരെഴുതി ഒപ്പിടുന്നത് എല്ലാ കത്തുകളിലും ഒരേ വിധത്തിൽ അല്ല. നാമകരണനടപടിക്കു വേണ്ടി തയ്യാറാക്കിയ പൊസിസ്സിയോയിൽ നിരീക്ഷിക്കുന്നതുപോലെ പതിനാല് വ്യത്യസ്ത രീതികളിലാണ് ഈ കത്തുകളിൽ ഒപ്പിട്ടിരിക്കുന്നത്. ഒറ്റനോട്ടത്തിൽ 1855-ന് മുമ്പും പിമ്പും എന്ന ചരിത്രപരമായ ഒരു വേർതിരിവ് ഇതിൽ കാണാവുന്നതാണ്. 1855 ഡിസംബർ 8-നാണ് സഭയ്ക്ക് എഴുതപ്പെട്ട ഒരു നിയമാവലിയോടെ കാനോനികമായി അംഗീകാരം കിട്ടിയത്. 'അമലോത്ഭവ മാതാവിന്റെ ദാസസംഘം' എന്നു പേരുള്ള സന്യാസസമൂഹത്തിൽ അന്ന് അദ്ദേഹം സന്യാസവ്രതം ചെയ്ത് 'തിരുക്കുടുംബത്തിന്റെ ആഹാ കുര്യാക്കോസ് ഏലിയാ' എന്ന നാമം സ്വീകരിച്ചു. മാന്നാനം മുതലായ കൊവേന്തകളുടെ 'പ്രിയോർ' എന്ന സ്ഥാനപ്പേരോടെയാണ് അദ്ദേഹം പിന്നീട് അറിയപ്പെട്ടിരുന്നത്. അതിനാൽ തുടർന്ന് അദ്ദേഹം എഴുതിയരേഖകളിൽ പ്രിയോർ എന്ന സ്ഥാനപ്പേര് ചേർത്താണ് ഒപ്പിട്ടിരുന്നത്. എങ്കിലും ഈ പേരിൽ ഒപ്പിടാൻ തുടങ്ങിയത് കുറച്ചു കൊല്ലങ്ങൾക്കു ശേഷമാണ്, എന്നു വേണം കരുതാൻ. ഉദാ: 1856-ൽ അഭിവന്ദ്യ ബർണർദീനോസ് മെത്രാനെഴുതിയ കത്തിലും ഒപ്പിട്ടിരിക്കുന്നത് കത്തനാർ കുറിയാക്കോസ്, കർത്താവിന്റെ ദാസൻ, ചാവറ എന്നാണ്; അതിനു മുമ്പുള്ള കത്തുകളിൽ ഒപ്പിട്ടിരിക്കുന്നതു പോലെ തന്നെ.

ചില കത്തുകളിൽ ഒപ്പിനോടൊപ്പം ചാവറയച്ചന്റെ ഔദ്യോഗികമുദ്രയും കാണാം. ഈ മുദ്ര 1855-ന് മുമ്പും പിമ്പും ഒന്നു തന്നെയാണ്. എല്ലാ കത്തുകളിലും ഒപ്പ് കാണുന്നില്ല. എന്നാൽ എപ്പോഴെല്ലാം ഒപ്പിട്ടിട്ടുണ്ടോ അത് സുറിയാനിയിലാണ്. ഒപ്പിന്റെ വ്യത്യസ്ത രൂപങ്ങൾ താഴെ കാണുന്ന വിധത്തിലാണ്.

1. കുര്യാക്കോസ് കത്തനാർ, ദൈവത്തിന്റെ ദാസൻ (മുദ്രയോടുകൂടി)
2. കു. ചാവറ
3 കുര്യാക്കോസ് കത്തനാർ.

4. തിരുക്കുടുംബത്തിന്റെ ആഹാ കുര്യാക്കോസ് ഏലിയാ, പ്രിയോർ കർമലീത്താ നിഷ്പാദുകൻ
5. ആഹാ കു. ഏലിയാ ദ്. തു. ക., പ്രിയോർ
6. ആഹാ കു. ഏലിയാ ദ് തു.ക (മുദ്രയോടു കൂടി)
7. ആഹാ കു. ഏലിയാ ദ്. തു. ക.
8. ആഹാ കു. ഏലിയാ ക. നി., പ്രിയോർ
9. ആഹാ കുര്യാക്കോസ് ദെ സാന്ത ഏലിയാ, പ്രിയോർ
10. ആഹാ കുര്യാക്കോസ് ഏലിയാ പ്രിയോർ(മുദ്രയോടു കൂടി)
11. പ്രിയോർ (മുദ്രയോടു കൂടി)
12. പ്രിയോർ
13. ആഹാ കുര്യാക്കോസ്, ദൈവത്തിന്റെ ദാസൻ
14. കുര്യാക്കോസ്

ചില കത്തുകളിൽ ഒപ്പിടുന്നതിന്റെ ഇടതുഭാഗത്തായി, എഴുതുന്ന സ്ഥലം "ബേസ് റൗമയിൽ നിന്നും എഴുതപ്പെട്ടത്" എന്ന് കൂട്ടിച്ചേർത്തിട്ടുണ്ട്. 'ബേസ് റൗമ' എന്ന സുറിയാനി പദത്തിനർത്ഥം 'ഉയരങ്ങളിലെ വീട്' എന്നാണ്. 1831-ൽ മാന്നാനം കുന്നിൽ ആരംഭിച്ച സന്യാസ കൂട്ടായ്മയെ ദ്യോതിപ്പിക്കാൻ ചാവറയച്ചൻ പ്രയോഗിച്ചിരുന്ന പദമാണത്. കൊവേന്തയ്ക്കുള്ള സ്ഥലം അന്വേഷിച്ചു നടന്നപ്പോൾ "ഉയരപ്പെട്ട കുന്നും മലയും" ആണല്ലോ ആദ്യം നോക്കിയിരുന്നത്. 1846-1856 വരെ മെത്രാൻമാർക്ക് എഴുതിയ കത്തുകളിലാണ് ഈ പ്രയോഗം കൂടുതൽ കാണുന്നത്.

### അന്യഭാഷാപദങ്ങളും ചൊല്ലുകളും

സുറിയാനി, പോർച്ചുഗീസ്, ലത്തീൻ, ഇറ്റാലിയൻ, തമിഴ്, സംസ്കൃതം മുതലായ ഭാഷകളിൽ നിന്നുള്ള പദങ്ങൾ കത്തുകളിൽ ധാരാളം കാണുന്നുണ്ട്. ഏഴിലധികം ഭാഷകളിൽ പരിജ്ഞാനമുള്ള വ്യക്തിയായിരുന്നല്ലോ ചാവറയച്ചൻ. എങ്കിലും സംസ്കൃതപ്രധാനമായ ഒരു ശൈലിയല്ല അദ്ദേഹത്തിന്റേത്. അന്നത്തെ സർക്കാരെഴുത്തുകളിലും മറ്റും പ്രചാരത്തിലിരുന്ന ഒരു തരം ഭാഷാരീതിയായിരുന്നുവെന്നും തീർത്തു പറയാനാവില്ല. തനതായ ഒരു ശൈലി ചാവറയച്ചൻ രൂപപ്പെടുത്തി എന്നുവേണം പറയാൻ. തമിഴ് പഴഞ്ചൊല്ലുകൾ അതേപടി എടുത്തു പ്രയോഗിച്ചിരിക്കുന്നതും കാണാം. കെറുബിനച്ചന് എഴുതിയിരിക്കുന്ന ഒരു കൊച്ചുകുറിപ്പിലെ തമിഴ് പദങ്ങളുടെ

ധാരാളത ഇതിനൊരു തെളിവാണ്. വത്തിക്കാൻ സൂനഹദോസിനെക്കുറിച്ചു നൽകുന്ന വിശദീകരണത്തിൽ ഇറ്റാലിയൻ-ലത്തീൻ പദങ്ങൾ ധാരാളം പ്രയോഗിച്ചിട്ടുണ്ട്.

## കത്തുകളുടെ ഉള്ളടക്കം

പത്തു ഗ്രൂപ്പുകളായി തിരിച്ചിരിക്കുന്ന കത്തുകളുടെ ഉള്ളടക്കം പരിശോധിക്കുമ്പോൾ അവ എഴുതിയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വേർതിരിക്കുവാൻ സാധിക്കും. ഇതിന്റെ അടിസ്ഥാനത്തിൽ ഈ കത്തുകളെ മൂന്നു ഗണത്തിലാക്കാം.

### 1. ചാവറയച്ചനും മേലധികാരികളും

ഒന്നാമത്തെ ഗണം മേലധികാരികൾക്കുള്ള കത്തുകളാണ്. ഇതിൽ മാർപാപ്പയും, പ്രൊപ്പഗാന്താതിരുസംഘത്തിന്റെ അധികാരികളും, വരാപ്പുഴ വികാരി അപ്പസ്തോലിക്കാമാരും, റോമിലെ കർമലീത്താസഭാധികാരികളും പെടുന്നു. എഴുത്തുകാരന്റെ വ്യക്തിപരമായ കാര്യങ്ങൾ അറിയിച്ചുകൊണ്ടുള്ള കത്തുകളല്ല ഇവ. കേരളസഭയിലെ പൊതുപ്രശ്നങ്ങളും ആവശ്യങ്ങളും ഉന്നയിച്ചുകൊണ്ടുള്ളവയാണ് ഈ ഗണത്തിലെ ചില കത്തുകൾ. വ്യക്തികളുടെയോ സമൂഹത്തിന്റെയോ പ്രശ്നങ്ങൾ വിലയിരുത്തുവാൻ കിട്ടിയ നിർദേശങ്ങൾക്ക് മറുപടിയായി നൽകുന്ന റിപ്പോർട്ടുകളോ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള മാർഗനിർദേശങ്ങളോ ആണ് മറ്റു ചില കത്തുകൾ.

ഈ കത്തുകളിലൂടെ കടന്നുപോകുമ്പോൾ ചാവറപ്പിതാവിന് അധികാരികളോടുള്ള ആദരവും വിധേയത്വവും എപ്രകാരമെന്നു വ്യക്തമാകുന്നു. ഒരേ കാര്യത്തിനു വേണ്ടിത്തന്നെ പല പ്രാവശ്യം കത്തുകൾ അയയ്ക്കേണ്ടി വന്നപ്പോഴും അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽ കലർന്നിരുന്ന സഹിഷ്ണുതാഭാവവും കാര്യങ്ങൾ നേടിയെടുക്കുന്നതുവരെ കാത്തിരിക്കുവാനുള്ള ക്ഷമയും, അധികാരികൾക്ക് ഈർഷ്യ തോന്നിക്കാനിടവരാത്ത വിധമുള്ള അനുനയവും പ്രകടമാകുന്നുണ്ട്. അതേസമയം അധികാരികളെ വിവരങ്ങൾ ധരിപ്പിക്കുമ്പോൾ ന്യായാന്യായങ്ങൾ വ്യക്തമാക്കിക്കൊടുക്കുന്നതിനും അതിന്റെ വെളിച്ചത്തിൽ വ്യക്തമായ നിർദേശങ്ങൾ വയ്ക്കുന്നതിനും ചാവറയച്ചൻ ഭയപ്പെടുകയോ, മാറിനിൽക്കയൊ ചെയ്യുന്നില്ല. മാർപാപ്പയ്ക്ക് എഴുതിയ കത്തുകളിൽ പോലും മലബാർ സഭയിലെ പ്രശ്നങ്ങൾ കാര്യകാരണസഹിതം വിശ

ദീകരിക്കുകയും, ഇന്ന തരത്തിൽ ചെയ്താലേ പ്രശ്നങ്ങൾക്ക് പരിഹാരമാകൂ എന്ന് തറപ്പിച്ചു പറയുകയും ചെയ്യുന്നുണ്ട്. അതുപോലെ മെത്രാന്മാരുടെയും മിഷനറിമാരുടെയും സമീപനരീതികളിലുള്ള പരിമിതികളെ ചൂണ്ടിക്കാണിക്കാനും മടിക്കുന്നില്ല.

എന്നാൽ അധികാരികൾക്കുള്ള എല്ലാ കത്തുകളിൽ നിന്നും വ്യക്തമാകുന്ന മറ്റൊരു പ്രധാന കാര്യം അധികാരികളെ പിണക്കിയിട്ടും, പ്രകോപിപ്പിച്ചിട്ടും, അവർക്കെതിരായി വാശി പിടിച്ചിട്ടും, മറ്റുള്ളവരെ അതിനു വേണ്ടി കരുക്കളാക്കിയിട്ടും, പ്രത്യേകിച്ചൊന്നും നേടാനാകില്ല എന്നദ്ദേഹം മനസ്സിലാക്കിയിരുന്നു എന്നതാണ്. അതിലുപരി, തനിക്ക് വ്യക്തിപരമായി എന്തെങ്കിലും നേട്ടങ്ങൾ ഉണ്ടാക്കുന്നതിനു വേണ്ടി അദ്ദേഹം എഴുതിയിട്ടില്ല എന്നതും സത്യമാണ്. തന്റെ എഴുത്തുകൾ അധികവും ഒരു നേതൃസ്ഥാനത്തു നിന്നു കൊണ്ടുള്ളതാണെങ്കിലും അവകാശങ്ങൾ നേടിയെടുക്കാൻവേണ്ടി വൈദികരെയും ജനങ്ങളെയും എതിർപ്പിലേക്ക് നയിക്കുന്നതായി കാണുന്നില്ല. 16-ാം നൂറ്റാണ്ടു മുതലുള്ള കേരള സഭാചരിത്രത്തിൽ അവകാശങ്ങൾക്കു വേണ്ടി നേതൃത്വമെടുത്ത എല്ലാ വ്യക്തികളിൽ നിന്നും ചാവറപ്പിതാവിന്റെ നേതൃത്വശൈലിയെ വേർതിരിച്ചു നിർത്തുന്നതും ഇതാണ്. ഇതിന്റെ പേരിൽ ഇന്നത്തെ സഭാനേതൃത്വത്തിലുള്ളവരും, സഭാചരിത്രകാരന്മാരിൽ ചിലരും ചാവറപ്പിതാവിനെ അന്നത്തെ മേലധികാരികളുടെ ആജ്ഞാനുവർത്തി മാത്രമായി ചിത്രീകരിക്കാറുണ്ട്. ലത്തീൻ റീത്തുകാരായ ഭരണാധികാരികൾക്കു വേണ്ടി ചാവറയച്ചൻ സുറിയാനി സഭയെ ലത്തീനീകരിക്കുവാൻ ശ്രമിച്ചു എന്നു പോലും ഇക്കൂട്ടർ പറയാൻ ധൈര്യപ്പെടുന്നു. സ്വന്തം റീത്തിന്റെ തനിമ നിലനിർത്തുവാനും അതിന്റെ പാരമ്പര്യങ്ങൾക്കനുസരിച്ച് പുതിയ സംവിധാനങ്ങൾ ഉണ്ടാക്കുവാനും 19-ാം നൂറ്റാണ്ടിൽ ചാവറയച്ചനെപ്പോലെ മറ്റാരും ശ്രമിച്ചിട്ടില്ല എന്ന് അധികാരികൾക്കെഴുതിയ ആധികാരിക രേഖകളിൽ നിന്നുതന്നെ തെളിവായിരിക്കേ, ഇക്കൂട്ടർ ആധികാരിക രേഖകൾ കാണാതെയും പരിശോധിക്കാതെയുമല്ലേ ഇത്തരം വിലയിരുത്തലുകൾ നടത്തുന്നത് എന്ന് തോന്നിപ്പോകുന്നു.

മേലധികാരികൾക്ക്, പ്രത്യേകിച്ചും റോമിലേയ്ക്ക് എഴുതിയ കത്തുകളിൽ ചാവറപ്പിതാവ് തിരുസഭയുടെ ഐക്യത്തെക്കുറിച്ച് എത്രയധികം വ്യഗ്രത കൊണ്ടിരുന്നു എന്ന് വ്യക്തമാണ്. ഏകവും പരിശുദ്ധവും

സാർവത്രികവും അപ്പസ്തോലികവുമായ സത്യസഭയെക്കുറിച്ചും അതിന്റെ ഐക്യത്തെക്കുറിച്ചും ചാവറപ്പിതാവ് അതീവ ശ്രദ്ധാലുവും അതിനെതിരെ സംഭവിക്കുന്ന ഏതു കാര്യങ്ങളിലും അതീവദു:ഖിതനുമായിരുന്നു എന്നു ഈ കത്തുകൾ തെളിയിക്കുന്നു. അനധികൃതമായി റോക്കോസ് മെത്രാൻ കടന്നു വന്നപ്പോൾ ചാവറയച്ചനെപ്പോലെ ധീരനും വിശ്വസ്തനും, വിവേകമതിയും ഭരണനിപുണനും, ജനപ്രിയനും ആയ ഒരാൾ രംഗത്തില്ലായിരുന്നുവെങ്കിൽ ഇന്നത്തെ കേരള സഭാചരിത്രം മറ്റൊന്നായി മാറുമായിരുന്നു എന്ന് അദ്ദേഹം മാർപാപ്പയ്ക്കും പ്രൊപ്പഗാന്ത തിരുസംഘത്തിനും എഴുതിയ കത്തുകൾ തെളിയിക്കുന്നുണ്ട്. അതുപോലെ, യാക്കോബായ സഹോദരങ്ങളുടെ പുനരൈക്യത്തിനു വേണ്ടി അദ്ദേഹം യാക്കോബായ മെത്രാന്മാരുടെയും വൈദികരുടെയും ഇടയിൽ നടത്തിയ ശ്രമങ്ങളെക്കുറിച്ചും പാലാക്കുന്നേൽ മത്തായി അച്ചന് എഴുതിയ കത്തിൽനിന്നും സ്പഷ്ടമാകുന്നുണ്ട്.

### 2. ചാവറയച്ചനും സന്യാസസമൂഹങ്ങളും

രണ്ടാമത്തെ ഗണം കത്തുകൾ താൻ നേതൃത്വമെടുത്ത സന്യാസസമൂഹങ്ങൾക്കെഴുതിയ കത്തുകളും സർക്കുലറുകളുമാണ്. മാർ തോമാശ്ലീഹായുടെ കാലം മുതൽ ഭാരതത്തിൽ ക്രൈസ്തവർ ഉണ്ടായിരുന്നെങ്കിലും നമ്മുടെ നാട്ടിൽ ക്രൈസ്തവ സന്യാസത്തെ കെട്ടിപ്പടുക്കുവാൻ 19-ാം നൂറ്റാണ്ടു വരെ കാത്തിരിക്കേണ്ടി വന്നു. ഭാരത ക്രൈസ്തവസന്യസ്തരുടെ പിതാവ് എന്നു വിശേഷിപ്പിക്കുവാൻ മാത്രം വിലപ്പെട്ടതാണ് ഈ രംഗത്തുള്ള ചാവറപ്പിതാവിന്റെ സംഭാവനകൾ. ഏതദ്ദേശീയ സന്യാസിനീസന്യാസി സഭകൾക്ക് കേരളത്തിൽ രൂപം കൊടുത്തുകൊണ്ട് അദ്ദേഹം അവർക്ക് എഴുതിയ കത്തുകൾ പലതും ക്രൈസ്തവ സന്യാസത്തിന് ഭാരതത്തിൽ ഊടുംപാവും നൽകുന്ന വിധത്തിലുള്ളവയാണ്. ഈ കത്തുകൾ വെളിവാക്കുന്നത്, ഒന്നാമതായി സന്യാസിനീ സന്യാസിസഭകളുടെ മേൽ അദ്ദേഹത്തിനുള്ള അധികാരത്തെയും ചുമതലകളെയുമാണ്. ചാവറയച്ചന്റെ 45 ഓളം കത്തുകളിലും സർക്കുലറുകളിലും ഒരു സ്ഥാപകനു മാത്രം ഉപയോഗിക്കാവുന്ന ആധികാരികത കണ്ടെത്തുവാൻ സാധിക്കും. സഭാംഗങ്ങളുടെ രൂപീകരണത്തിലും വളർച്ചയുടെ വിവിധ ഘട്ടങ്ങളിലും അദ്ദേഹത്തിന്റെ ശ്രദ്ധയും ഉത്തരവാദിത്തവും മിക്കവാറും കത്തുകളിലും നിഴലിക്കു

ന്നുണ്ട്. ദൈവപരിപാലനയാൽ താൻ നിമിത്തമായിരിക്കുന്നതും എന്നാൽ ദൈവത്താൽ തന്നെ സ്ഥാപിതമായിരിക്കുന്നതുമായ ഈ സമൂഹങ്ങൾ എന്തിനു വേണ്ടിയാണ് തിരുസഭയിൽ നിലകൊള്ളേണ്ടത് എന്ന് വ്യക്തമാക്കുന്നതിലൂടെ ഈ രണ്ടു സന്യാസക്കൂട്ടായ്മകളുടെയും ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെന്ന് ചാവറപ്പിതാവ് തന്നെ വെളിവാക്കുന്നു. എന്നാൽ ചരിത്രപരമായി പുരുഷസമൂഹത്തിന്റെ കാര്യത്തിൽ പാലയ്ക്കൽ, പോരൂക്കര തോമാച്ചന്മാർക്കുള്ള സ്ഥാനവും, കന്യാസ്ത്രീകളുടെ സമൂഹത്തിൽ ലെയോപ്പോൾദച്ചനുള്ള സ്ഥാനവും ഈ ആധികാരികതയുടെ പേരിൽ നിഷേധിക്കപ്പെടുന്നില്ല.

ഈ രണ്ടു സമൂഹങ്ങളിലെയും അംഗങ്ങളുടെ ആത്മീയവും മാനസികവും ശാരീരികവുമായ വളർച്ചയിൽ ഒരമ്മയെപ്പോലെ ചാവറപ്പിതാവ് ശ്രദ്ധിക്കുന്നതായി കത്തുകൾ തെളിയിക്കുന്നുണ്ട്. ഒപ്പം സ്ഥാപനങ്ങളുടെ വളർച്ചയ്ക്കാവശ്യമായ നിർദ്ദേശങ്ങൾ അദ്ദേഹം അവസരോചിതമായി നൽകുന്നുണ്ട്. സ്ഥാപനങ്ങളുടെ എണ്ണം വർധിച്ചാലും അംഗങ്ങളുടെ എണ്ണം കൂടിയാലും കൂടുതൽ അകലങ്ങളിൽ പ്രവർത്തനങ്ങളിൽ വ്യാപൃതരായാലും സന്യാസക്കൂട്ടായ്മയിൽ സഹോദരങ്ങൾ ഒരമ്മയുടെ ഉദരത്തിൽ നിന്ന് ജനിച്ച് ആ അമ്മയുടെ മുലപ്പാൽ കുടിച്ചു വളർന്നവർ എന്നവണ്ണം പരസ്പരം കൂടെപ്പിറപ്പുകളെപ്പോലെ വളരണം എന്ന ചാവറപ്പിതാവിന്റെ നിർദ്ദേശം സിഎംഐ, സിഎംസി സഭകളിലെ അംഗങ്ങൾക്കുവേണ്ടി മാത്രമുള്ളതല്ല, തിരുസഭയിലെ സമൂഹജീവിതം നയിക്കുന്ന ഏതു സന്യസ്തർക്കും ബാധകമാണ്.

### 3. ചാവറയച്ചനും മെത്രാന്മാരും ഇടവക വൈദികരും ദൈവജനവും

മൂന്നാമത്തെ ഗണം ചാവറപ്പിതാവ് വരാപ്പുഴ മെത്രാന്മാർക്കു നൽകുന്ന റിപ്പോർട്ടുകളും വൈദികർക്കും ദൈവജനത്തിനും എഴുതിയ കത്തുകളും സർക്കുലറുകളും വ്യവഹാരസംബന്ധമായ കുറിപ്പുകളുമാണ്. വൈദികരുടെയും അത്മായരുടെയും ജീവിതത്തിൽ വളർത്തിയെടുക്കേണ്ട നന്മകളും അവർ ഐക്യത്തിലും വിശുദ്ധിയിലും വളരുന്നതിന് ചാവറപ്പിതാവ് നൽകുന്ന മാർഗനിർദ്ദേശങ്ങളുമാണ് ഈ കത്തുകളുടെ സമാഹാരത്തിൽ കാണുന്നത്.

നാലു വ്യത്യസ്ത വിഷയങ്ങളാണ് ഈ കത്തുകളിലെ ഉള്ളടക്കം. കേരളസഭയിലെ അനൈക്യം, യാക്കോബായ പുനരൈക്യത്തിനുള്ള

സാധ്യതകൾ, അതിന് മാർപാപ്പ നിർദ്ദേശിക്കേണ്ട ഉപാധികൾ, സെമിനാരി, വിദ്യാകേന്ദ്രം മുതലായ പൊതുസ്ഥാപനങ്ങൾ തുടങ്ങുന്നതിനെക്കുറിച്ചുള്ള വിവരങ്ങൾ എന്നിവ ഈ കത്തുകളിൽ കാണാം.

**മെത്രാന്മാരുടെ ആലോചനക്കാരൻ**

1843–നും 1856–നുമിടയ്ക്ക് ചാവറപ്പിതാവ് വരാപ്പുഴ വികാരിയാത്തിലെ മെത്രാന്മാർക്ക് എഴുതിയ പത്തു കത്തുകളാണ് ഈ ഗണത്തിൽപ്പെടുത്താവുന്ന മറ്റൊരു വിഭാഗം. ഇതിൽ എട്ടെണ്ണം മെത്രാന്മാരുടെ നിർദ്ദേശപ്രകാരം പല പള്ളികളിലെയും പ്രശ്നങ്ങൾ പഠിച്ചു നൽകുന്ന റിപ്പോർട്ടുകളാണ്. ചില ആവശ്യങ്ങൾക്ക് അനുവാദത്തിനുവേണ്ടി എഴുതിയവയാണ് മറ്റു രണ്ടു കത്തുകൾ. ഈ കത്തുകളിൽ ഒരെണ്ണം ഒഴിച്ച് ബാക്കി ഒൻപതും സന്യാസസഭയ്ക്ക് കാനോനികമായി അംഗീകാരം കിട്ടുന്നതിനു മുമ്പ് മാന്നാനം ആശ്രമത്തിന്റെ സുപ്പീരിയർ ആയിരിക്കുമ്പോൾ എഴുതിയവയാണ്.

ഇവിടെ ചില കാര്യങ്ങൾ വിലയിരുത്തേണ്ടതുണ്ട്. ഒന്നാമതായി, അന്യദേശക്കാരും ലത്തീൻ റീത്തുകാരുമായ വരാപ്പുഴ മെത്രാന്മാരുടെമേലും സീറോ മലബാർസഭയിലെ വൈദികരുടെയും അൽമായരുടെയും മേലും ചാവറപ്പിതാവിനുണ്ടായിരുന്ന സ്വാതന്ത്ര്യത്തെയും അംഗീകാരത്തെയും ആണ് ഈ കത്തുകൾ എടുത്തു കാണിക്കുന്നത്. പുതുതായി തുടങ്ങിയ ഒരാശ്രമത്തിന്റെ അധികാരി എന്നതിലുപരി അപ്പോൾ അദ്ദേഹത്തിന് ആരുടെമേലും അധികാരമോ ഔദ്യോഗിക സ്ഥാനങ്ങളോ ഇല്ലാതിരുന്ന സമയത്താണ് കേസുകൾ പഠിക്കാനും വിചാരണ നടത്തി വ്യക്തമായ നിർദ്ദേശങ്ങൾ വയ്ക്കാനും ചാവറയച്ചനു കഴിഞ്ഞത്. അദ്ദേഹം എഴുതിക്കൊടുത്ത തീർപ്പുകൾ എല്ലാം തന്നെ മെത്രാൻ അംഗീകരിക്കുകയും അതിനനുസരിച്ച് തുടർനടപടികൾ എടുക്കുവാൻ ചാവറയച്ചനെത്തന്നെ ചുമതലപ്പെടുത്തുകയുമാണു ചെയ്തിരുന്നത്. ഇതു തെളിയിക്കുന്നത്, പഴയ ആർച്ചുഡീക്കന്റെ സ്ഥാനത്ത് അദ്ദേഹത്തെ എല്ലാവരും അംഗീകരിച്ചിരുന്നു എന്നതാണ്. ചാവറയച്ചനെ വികാരി ജനറലാക്കുന്നതിന് 20 വർഷങ്ങൾക്കു മുമ്പു തന്നെ മെത്രാന്മാർ അദ്ദേഹത്തെ വികാരി ജനറലിന്റെ സ്ഥാനത്ത് ഉപയോഗപ്പെടുത്തിയിരുന്നു എന്നാണ് ഈ കത്തുകളും അതിനുള്ള മെത്രാന്മാരുടെ മറുപടികളും തെളിയിക്കുന്നത്.

### നന്മയും വിശുദ്ധിയുമുള്ള വൈദികർക്കുവേണ്ടി

സമൂഹത്തിന്റെ സർവതോന്മുഖമായ വളർച്ചയ്ക്ക് നേതൃത്വം കൊടുക്കുവാൻ നല്ല വൈദികരുണ്ടാകണം. ഒരുമിച്ചു താമസിച്ചുകൊണ്ട് ഒരുമിച്ചു പ്രവർത്തിച്ചാൽ ഉണ്ടാകാവുന്ന നേട്ടങ്ങളെക്കുറിച്ചുള്ള തിരിച്ചറിവിന്റെ ഫലമായിരുന്നു 1831-ൽ മാന്നാനത്താരംഭിച്ച വൈദിക സന്യാസ സഭ. കൂടുതൽ അംഗങ്ങളെ സ്വീകരിക്കുവാനും വേണ്ട പരിശീലനം കൊടുക്കാനും ആവശ്യമായ സംവിധാനങ്ങൾ അവിടെ വ്യാപിപ്പിക്കുവാൻ ആവശ്യമായ സാമ്പത്തികസഹായം അഭ്യർത്ഥിച്ചുകൊണ്ടുള്ളതാണ് ഒരു സർക്കുലർ.

വൈദികരുടെ ജീവിതത്തെ ശക്തിപ്പെടുത്തുന്ന ഔദ്യോഗിക പ്രാർത്ഥനയാണ് കാനോന നമസ്ക്കാരം. ഇതിന്റെ അച്ചടിച്ച കോപ്പികൾ വിരളമായിരുന്നു. സുറിയാനി പാരമ്പര്യങ്ങൾക്കനുസരിച്ച് ഇവ ക്രോഡീകരിക്കുക ആവശ്യവുമായിരുന്നു. അതുകൊണ്ട് ചാവറപ്പിതാവ് നേതൃത്വമെടുത്ത് പുസ്തകം ക്രമപ്പെടുത്തി. അത് അച്ചടിപ്പിക്കുവാനാവശ്യമായ ധനസഹായം നല്കാനും കോപ്പികളുടെ എണ്ണം അറിയിക്കാനും ആവശ്യപ്പെട്ടു കൊണ്ടുള്ള സർക്കുലർ വൈദിക ജീവിതം ധന്യമാക്കുവാനുള്ള അദ്ദേഹത്തിന്റെ പരിശ്രമത്തിന്റെ ഭാഗമാണ്.

### റോക്കോസ് മെത്രാനെതിരെ

കേരളസഭയിലെ 19-ാം നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രതിസന്ധികളിലൊന്നായിരുന്നു ബാഗ്ദാദിൽ നിന്നുള്ള റോക്കോസ് മെത്രാന്റെ ആഗമനവും അദ്ദേഹം വഴി സഭയിലുണ്ടായ ഭിന്നിപ്പും. പരിശുദ്ധ മാർപാപ്പയുടെ അറിവും അംഗീകാരവും കൂടാതെ കേരളത്തിൽ വന്ന് സഭാഭരണം ഏറ്റെടുത്ത അദ്ദേഹം തന്റെ പക്ഷത്തേക്ക് ദിവസം തോറും അനുയായികളുടെ എണ്ണം വർധിപ്പിച്ചുകൊണ്ട് മുന്നേറുകയായിരുന്നു. ഇതിനെ നിയന്ത്രിക്കുവാനാണ് ചാവറപ്പിതാവിനെ വികാരി ജനറലായി ചുമതല ഏല്പിച്ചത്. സത്യാവസ്ഥകൾ റോമിലേക്ക് എഴുതിച്ചോദിച്ച് ഉറപ്പുവരുത്തിയ അദ്ദേഹം എല്ലാ പള്ളികളിലേക്കും വൈദികർക്കും ജനങ്ങൾക്കുമായി നിജസ്ഥിതി അറിയിച്ചുകൊണ്ട് സർക്കുലർ എഴുതി. മാത്രമല്ല, പള്ളികൾ തോറും ചെന്ന് സത്യാവസ്ഥ വെളിപ്പെടുത്തി. അദ്ദേഹത്തിന്റെ ഇത്തരത്തിലുള്ള പ്രവർത്തനങ്ങളായിരുന്നു ചുരുങ്ങിയ കാലം കൊണ്ട് ശീശ്മയിൽപ്പെട്ട

വരെ മുഴുവൻ തിരിച്ചു കൊണ്ടുവരുവാനും റോക്കോസ് മെത്രാനെ വേഗം നാട്ടിൽ നിന്നു പറഞ്ഞയയ്ക്കാനും സാധിച്ചത്. സ്വന്തം ജീവനെയും തന്റെ ആശ്രമങ്ങളെയും പണയപ്പെടുത്തിക്കൊണ്ടു തന്നെയാണ് സഭയുടെ ഐക്യം അദ്ദേഹം കാത്തുസൂക്ഷിച്ചത്.

ചാവറയച്ചനുമായി ബന്ധപ്പെട്ട വ്യക്തികളുടെയും സംഭവങ്ങളുടെയും, സിഎംഐ, സിഎംസി സഭകളുടെയും വിവരണം ലഭിക്കുന്നു എന്നതിലുപരി അദ്ദേഹത്തിന്റെ സഭാസ്നേഹം, അന്നത്തെ കേരളസഭയുടെ ചരിത്രം, വിവിധ പ്രസ്ഥാനങ്ങൾ, മാർതോമാ ക്രിസ്ത്യാനികളുടെ വ്യഥകൾ, സ്വപ്നങ്ങൾ, അവരുടെ ഭരണകർത്താക്കൾ, സമുദായ ചരിത്രം മുതലായ വൈവിധ്യമാർന്ന വിഷയങ്ങളെപ്പറ്റി അറിവു നൽകുന്ന വലിയൊരു സ്രോതസ്സാണ് കത്തുകളുടെ ഈ ശേഖരം.

### ഒരു നല്ല അപ്പന്റെ ചാവരുൾ

ചാവറപ്പിതാവ് എഴുതിയ പൊതു സർക്കുലറുകളിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് കൈനകരിക്കാരുടെ പേരിൽ കുടുംബജീവിതക്കാർക്ക് എഴുതിയ 'ഒരു നല്ല അപ്പന്റെ ചാവരുൾ'. കുടുംബനവീകരണത്തെ ലക്ഷ്യംവച്ചുകൊണ്ട് മാതാപിതാക്കളും മക്കളും അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ അക്കമിട്ട് അദ്ദേഹം വിശദീകരിച്ചിരിക്കുന്നു. കുടുംബമാണ് സഭയുടെ അടിസ്ഥാനയൂണിറ്റ് എന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ സ്ഥാപിച്ചെങ്കിൽ അതിന് ഒരു നൂറ്റാണ്ടു മുമ്പു തന്നെ, കുടുംബം സ്വർഗരാജ്യത്തിന് സദൃശമാണ് എന്നദ്ദേഹം കുടുംബത്തെ നിർവചിച്ചു. ആധുനിക ലോകത്തിലെ പുത്തൻ സംസ്ക്കാരത്തിന്റെ കുത്തൊഴുക്കിൽപെട്ട് കുടുംബമൂല്യങ്ങൾ തകർന്നുകൊണ്ടിരിക്കുന്ന ഇന്നും കുടുംബ നവീകരണ രംഗത്ത് ശക്തമായ ആയുധമായി മലയാളത്തിൽ ഏറ്റവും കൂടുതൽ പ്രചാരത്തിലുള്ള പഠനവിഷയം ചാവറപ്പിതാവിന്റെ 'ചാവരുൾ' തന്നെയാണെന്ന് മനസ്സിലാക്കുമ്പോൾ എന്തു മാത്രം ദൈവിക പ്രചോദനത്താൽ എഴുതപ്പെട്ടതാണ് ഈ ലേഖനം എന്നു തെളിയുന്നു.

### പാവപ്പെട്ടവരോടു പക്ഷംചേരൽ

പല കാര്യങ്ങളാണ് പൊതുസർക്കുലറുകളിലൂടെ ചാവറപ്പിതാവ് ലക്ഷ്യംവയ്ക്കുന്നത്. മനുഷ്യന്റെ മഹത്വത്തെക്കുറിച്ച് അദ്ദേഹം ഊന്നിപ്പറയുന്നു. ഈ ലോകത്തിൽ മനുഷ്യന് മാന്യമായി ജീവിക്കുവാൻ അവ

കാശമുണ്ടെന്നും, ഈ അവകാശത്തെ സംരക്ഷിക്കാൻ മറ്റുള്ളവർ കടപ്പെട്ടവരാണെന്നും അദ്ദേഹം കരുതുന്നു. മരണത്തെ സന്തോഷത്തോടും സൗഭാഗ്യത്തോടുംകൂടി അഭിമുഖീകരിക്കാൻ മറ്റുള്ളവരുടെ സഹായം ആവശ്യമാണെന്ന് അദ്ദേഹം സമർത്ഥിക്കുന്നു. ഈ ചിന്ത അദ്ദേഹത്തെ പാവപ്പെട്ടവരിലേക്കും അവശരിലേക്കും അടുപ്പിച്ചു. പരസ്പരം സ്നേഹിച്ചും സഹായിച്ചും സന്തോഷിച്ചും വർത്തിച്ചിരുന്ന തിരുക്കുടുംബത്തിന്റെ മാതൃക അദ്ദേഹത്തിന് പ്രചോദനം നൽകി. തിരുക്കുടുംബത്തിലെ മൂവരെയും അനുസ്മരിപ്പിച്ചുകൊണ്ട് പാവപ്പെട്ടവരെ സഹായിക്കുവാനുള്ള ലക്ഷ്യത്തോടെയാണ് അദ്ദേഹം വിശുദ്ധ യൗസേപ്പിതാവിന്റെ നാമത്തിൽ 1843-ൽ നന്മരണസഖ്യം രൂപീകരിച്ചത്. ദരിദ്രരായ ഒരു പുരുഷനേയും ഒരു സ്ത്രീയെയും ഒരു കുട്ടിയെയും വിശുദ്ധ യൗസേപ്പ് പിതാവിന്റെ മരണത്തിരുനാളിൽ സഹായിക്കാനും അപ്രകാരമുള്ള പ്രവൃത്തികൾ തുടർന്നുകൊണ്ടു പോകുവാൻ ഒരു സംഘടന സ്ഥാപിക്കാനുമാണ് 1843-ൽ ഈ സർക്കുലർ എഴുതിയത്.

അവശരെയും ആരും അന്വേഷിക്കാനില്ലാത്തവരെയും സംരക്ഷിച്ച് നല്ല മരണത്തിനൊരുക്കി സമാധാനമായി മരിക്കാൻ സഹായിക്കുക എന്ന അദ്ദേഹത്തിന്റെ അദമ്യമായ ആഗ്രഹത്തിൽ നിന്ന് ഉയിർകൊണ്ടതാണ് 1869-ൽ കൈനകരിയിൽ തുടങ്ങിയ നന്മരണസഖ്യവും ഉപവിശാലയും. ജനപങ്കാളിത്തത്തിന് അദ്ദേഹം പ്രാധാന്യം നല്കിയിരുന്നു. അത്തരം നിർദേശങ്ങളാണ് കൈനകരിക്കാർക്ക് എഴുതിയ ലേഖനത്തിന്റെ ചുരുക്കം.

### ഉപരിപഠനകേന്ദ്രത്തെക്കുറിച്ചുള്ള സുചന

അറിവാണ് മനുഷ്യനെ വളർത്തുന്നതെന്നും, അറിവു വർധിപ്പിക്കാനുള്ള വഴി വിദ്യാഭ്യാസമാണെന്നും ചാവറയച്ചൻ നന്നായി മനസ്സിലാക്കിയിരുന്നു. വിദ്യാഭ്യാസപരമായ ചിന്തകൾ ഉൾകൊള്ളുന്നതാണ് സർക്കുലറുകൾ പലതും. ആദ്യസർക്കുലർ പഠനവിഷയമാക്കുമ്പോൾ, ചാവറപ്പിതാവിന് ഒരു ഉപരിപഠനകേന്ദ്രത്തെക്കുറിച്ചുള്ള ദർശനമുണ്ടായിരുന്നുവെന്ന് തോന്നിപ്പോകും. അതിനുള്ള സൂചനകൾ ഇവിടെ കാണുന്നുണ്ട്.

## കത്തുകൾ : നന്മയുടെ കണക്കുപുസ്തകം

ചാവറപ്പിതാവ് എഴുതിയ മൊത്തം കത്തുകളെ അവലോകനം ചെയ്യുമ്പോൾ നമുക്കു കിട്ടുന്ന ഉത്തരം അദ്ദേഹം തന്നെ പറഞ്ഞുവെച്ചിരിക്കുന്ന ഒരു വാചകത്തിൽ ഉൾക്കൊള്ളുന്നുണ്ട്. "മറ്റുള്ളവർക്ക് എന്തെങ്കിലും ഉപകാരം ചെയ്യാത്ത ദിവസം നിന്റെ ആയുസ്സിന്റെ കണക്കിൽ കൂട്ടുന്നതല്ല." ചാവറപ്പിതാവു ചെയ്ത നന്മകളുടെ കണക്കുപുസ്തകമാണ് ചാവറക്കത്തുകൾ എന്നു പറയാം. ക്രൈസ്തവ സമൂഹത്തെ അദ്ദേഹം മൂന്നായി തിരിക്കുന്നുണ്ട്. പുരോഹിതഗണം, സന്യസ്തർ, കുടുംബജീവിതക്കാർ. ഈ മൂന്നുഗണങ്ങളിലുമുള്ള അംഗങ്ങളുടെ ആത്മീയവും, ഭൗതികവും, സാമൂഹ്യവുമായ രംഗങ്ങളിൽ അവരെ ദൈവത്തിനും മനുഷ്യർക്കും പ്രീതികരമാംവിധം നവീകരിച്ച് കൂടുതൽ നന്മ ചെയ്യാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് അദ്ദേഹം പ്രവർത്തിച്ചത്. ഇതിനുള്ള തെളിവുകളുടെ രേഖകളാണ് അദ്ദേഹത്തിന്റെ കത്തുകൾ. മാനവസമൂഹത്തെ വിശുദ്ധിയിലും നീതിബോധത്തിലും, നന്മയിലും നയിക്കുന്നതിന് ക്രൈസ്തവസമൂഹത്തിനുള്ള പങ്കും ഉത്തരവാദിത്തവും എന്തെന്ന് ഓർമപ്പെടുത്തുന്നതുമാണ് അദ്ദേഹത്തിന്റെ കത്തുകൾ പലതും. ജീവിതത്തിന്റെ എല്ലാ തുറകളിൽ പെട്ടവരുമായുള്ള അദ്ദേഹത്തിന്റെ ബന്ധത്തിന്റെ തെളിവു സാക്ഷ്യങ്ങളാണ് ഈ കത്തുകൾ.

## കത്തുകൾ : ചരിത്രസംഭവങ്ങളുടെ അവലോകനം

റോമിൽ വച്ച് 1869 ഡിസംബർ 8 മുതൽ 1870 ജൂലൈ 21 വരെ നടന്ന ഒന്നാം വത്തിക്കാൻ സൂനഹദോസിനെക്കുറിച്ച് ചാവറപ്പിതാവ് വിശദമായി കുറിച്ചിട്ടുണ്ട്. സുനഹദോസിൽ സംബന്ധിച്ച മെത്രാന്മാരുടെ എണ്ണം, പ്രായം, അവരുടെ റീത്ത്, സ്ഥാനം ആദിയായവയും, കൗൺസിലിനുള്ള മുന്നൊരുക്കങ്ങൾ, ഉദ്ഘാടനം, സ്മാരകസ്തൂപം എന്നിവയും മാർപാപ്പയുടെ അപ്രമാദിത്വം വിശ്വാസരഹസ്യമായി പ്രഖ്യാപിച്ചതിൽ സഹകരിച്ചവർ, വിയോജിച്ചവർ, അതിന്റെ ആഘോഷങ്ങളുടെ സ്വഭാവം തുടങ്ങിയവയുമെല്ലാം ഇതിൽപെടുന്നു. ഒരു ചരിത്രസംഭവത്തെ ഇത്ര വിശദമായി എഴുതിവച്ചിട്ടുള്ളവർ അക്കാലത്തു കേരളത്തിൽ മറ്റാരും കാണുമെന്ന് തോന്നുന്നില്ല. കേരളജന

തയെ, പ്രത്യേകിച്ച് വൈദികരെ, തിരുസഭയിലെ ആ മഹാസംഭവ ത്തോട് ബന്ധപ്പെടുത്തുവാനും സൂനഹദോസിന്റെ വിജയത്തിനു വേണ്ടിയുള്ള പ്രാർത്ഥനകൾ സജീവമാക്കുവാനും ചാവറയച്ചൻ കാണി ക്കുന്ന അതീവശ്രദ്ധയും താല്പര്യവും അദ്ദേഹത്തിന്റെ തിരുസ ഭാസ്നേഹമാണ് വിളിച്ചോതുന്നത്. തനിക്കു കിട്ടുന്ന അറിവുകൾ അപ്പ ഴപ്പോൾ മറ്റു വൈദികരെയും സഭാംഗങ്ങളെയും അറിയിച്ച് അവരെയും പ്രബുദ്ധരാക്കാൻ അദ്ദേഹം ഉത്സാഹിച്ചുകൊണ്ടിരുന്നു. ഫ്രാങ്കോ പ്രഷ്യൻ യുദ്ധം ആരംഭിച്ചതു മൂലം 1870 ജൂലൈ 21-ന് വത്തിക്കാൻ കൗൺസിൽ സമാപിച്ച വിവരവും യുദ്ധക്കെടുതികളുടെ വർണനയും തൽസമയസംപ്രേഷണം പോലെ സജീവമാണ്.

## കത്തുകൾ : വ്യക്തിത്വത്തിന്റെ കണ്ണാടി

വിശുദ്ധ ചാവറപ്പിതാവ് ഗദ്യത്തിലും പദ്യത്തിലും രചിച്ച ധാരാ ളം കൃതികൾ ഉണ്ട്. ജീവിതത്തിന്റെ വ്യത്യസ്ത മേഖലകളിലുള്ള നിര വധി ആളുകളുമായി കത്തുകളിലൂടെ ബന്ധപ്പെട്ടിരുന്ന അദ്ദേഹത്തിന്റെ കത്തുകൾ തന്നെയായിരിക്കും ആ വ്യക്തിത്വത്തെ അടുത്തു കാണു വാൻ ഉള്ള ഏറ്റവും എളുപ്പമാർഗ്ഗം.

**- നേതൃത്വപാടവം**

അദ്ദേഹത്തിന്റെ പേരിൽ കണ്ടുകിട്ടിയിരിക്കുന്ന 86 കത്തുകളിൽ നിന്ന് പ്രകാശിതമാകുന്ന ഒന്നാമത്തെ കാര്യം അദ്ദേഹത്തിന്റെ നേതൃ ത്വപാടവമാണ്. മാർപാപ്പ മുതൽ പെരുമാലിൽ കുര്യൻ തരകൻ വരെ യുള്ള ആളുകൾക്ക് എഴുതിയ കത്തുകളിൽ ഈ ഗുണം പ്രശോഭിക്കു ന്നുണ്ട്. അദ്ദേഹത്തിന്റെ അനുനയത്തിന്റെ രീതി, ആരെയും പ്രകോ പിപ്പിക്കാതെ കാര്യങ്ങൾ നേടിയെടുക്കാനുള്ള കഴിവ്, അധികാരിക ളോടുള്ള വിധേയത്വം, നീതിബോധം, മറ്റുള്ളവരെ ഭാരപ്പെടുത്താതെ സാമ്പത്തിക കാര്യങ്ങൾ കൈകാര്യംചെയ്യുന്ന വിധം, നേതാവെങ്കിലും മറ്റുള്ളവരെ പങ്കാളികളാക്കുന്ന വിധം, മറ്റുള്ളവരെ കാര്യങ്ങൾ ബോധ്യ പ്പെടുത്തുന്ന രീതികൾ, ജാതിമതഭേദമില്ലാതെ എല്ലാവരോടും സമഭാ വനയോടെയുള്ള സമീപനം, ചെയ്യുന്ന കാര്യങ്ങളിലുള്ള ചിട്ടയും ക്രമവും എന്നിങ്ങനെ ഒരു നല്ല നേതൃത്വത്തിനാവശ്യമായ നിരവധി ഗുണവിശേഷങ്ങൾ ചാവറപ്പിതാവിന്റെ കത്തുകളിൽ നിഴലിക്കുന്നുണ്ട്.

**- ദൈവത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്**

ദൈവത്തെക്കുറിച്ചുള്ള ചാവറപ്പിതാവിന്റെ കാഴ്ചപ്പാട് അദ്ദേഹം എഴുതിയ ഒരു വാചകത്തിൽ ഉൾക്കൊള്ളിക്കാം. "സമയാസമയങ്ങളിൽ ആവശ്യങ്ങളൊന്നും ഉണർത്തിക്കാൻ കഴിവില്ലാത്ത ഒരു കൊച്ചുകുഞ്ഞിനെ, അതിനു വിശക്കുന്നുണ്ടാകുമെന്നറിഞ്ഞുകൊണ്ട് ഉറക്കത്തിൽ നിന്നും ഉണർത്തി മുലപ്പാൽ ഊട്ടുന്ന ഒരമ്മയാണ് ദൈവം (VII/10). ഈ വചനം അദ്ദേഹം പറയുമ്പോൾ തന്റെ ജീവിതത്തിൽ ദൈവത്തിനുള്ള പ്രാധാന്യം സ്പഷ്ടമാക്കുന്നുണ്ട്. ദൈവമാണ് തന്റെ ജീവനും ഭക്ഷണവും പാനീയവും ശ്വാസവും എന്ന് ചാവറപ്പിതാവ് തന്റെ ആത്മാനുതാപം എന്ന പദ്യകൃതിയിൽ വെളിവാക്കുന്നുണ്ട്.

**- ആത്മീയത നിറഞ്ഞ വ്യക്തിബന്ധം**

ജീവിതത്തിൽ പ്രായമാകുക, രോഗങ്ങൾ ബാധിക്കുക, ആരോഗ്യം ക്ഷയിക്കുക ഇതൊക്കെ സ്വാഭാവികമായി സംഭവിക്കും. ഇതിനോടൊപ്പം പല തരത്തിലുള്ള സഹനങ്ങളും ജീവിതത്തിന്റെ ഭാഗമാണെന്നും, സഹനത്തെ എങ്ങനെ രക്ഷാകരമാക്കിത്തീർക്കാമെന്നും സ്വന്ത അനുഭവത്തിന്റെ വെളിച്ചത്തിലാണ് സന്യാസികൾക്ക് പറഞ്ഞു വ്യക്തമാക്കിക്കൊടുക്കുന്നത്. അദ്ദേഹം സിസ്റ്റേഴ്സിനെഴുതിയ കത്തുകൾ പലതും ആത്മീയത നിറഞ്ഞൊഴുകുന്നവയാണ്. മിസ്റ്റിക്കൽ അനുഭൂതികളുടെ മനുഷ്യനായിരുന്നു അദ്ദേഹം എന്ന് ഈ കത്തുകൾ വ്യക്തമാക്കുന്നുണ്ട്.

വ്യക്തിബന്ധങ്ങളുടെ ആഴവും അദ്ദേഹത്തിന്റെ കത്തുകളിൽ പ്രകടമാണ്. അദ്ദേഹം സ്വന്തപ്പെട്ടവരെയും സഭാംഗങ്ങളെയും പലപ്പോഴും അഭിസംബോധന ചെയ്തിരുന്നത് കൂടെപ്പിറപ്പുകളേ, കുഞ്ഞുങ്ങളേ എന്നൊക്കെയാണ്. എന്റെ പാലാക്കുന്നേലച്ചാ, എന്റെ ചാണ്ടിയച്ചാ എന്നൊക്കെയുള്ള വിളികൾ വ്യക്തികളെ തമ്മിൽ വലിച്ചടുപ്പിക്കുന്നതുപോലെ തോന്നും.

**- നന്ദിയും സ്നേഹവും**

ഏതെങ്കിലും തരത്തിൽ സഹായം ചെയ്തവരെ നന്ദിയോടെ അനുസ്മരിക്കണമെന്നും പ്രതിനന്ദി പ്രകടിപ്പിക്കണമെന്നും അദ്ദേഹം കത്തുകളിൽ ആവശ്യപ്പെടുന്നു. ശത്രുക്കളെയും സ്നേഹിക്കണമെന്നു മാത്ര

മല്ല അവർക്കും അവരുടെ കുടുംബങ്ങൾക്കുപോലും സാധിക്കുന്ന സഹായം ചെയ്യണമെന്നും ചാവറയച്ചൻ നിർദേശിക്കുന്നുണ്ട്. ഈ ഗുണ വിശേഷങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിലും കണ്ടെത്തിയിട്ടുള്ള തായി സമകാലീനർ രേഖപ്പെടുത്തിവച്ചിട്ടുണ്ട്.

**– ഐക്യത്തിന്റെ ഉദാത്ത നിദർശനം**

ചാവറപ്പിതാവിന്റെ വ്യക്തിത്വത്തിൽ വളരെയധികം അലിഞ്ഞു ചേർന്നിട്ടുള്ള സവിശേഷതയാണ് തിരുസഭയുടെ ഐക്യത്തിനു വേണ്ടി എന്തു ത്യാഗവും എടുക്കാൻ തയ്യാറാകുക എന്നത്. കേരളസഭയെ ഒന്നി പ്പിച്ചുകൊണ്ടു പോകുവാനും, ലത്തീൻ സുറിയാനി റീത്തുകാരെ ഐക്യ ത്തിൽ കൊണ്ടുപോകുവാനും, സുറിയാനിക്കാരുടെ ഇടയിലെ പല കലഹങ്ങളും ഒഴിവാക്കുവാനും ചാവറപ്പിതാവ് ആത്മാർത്ഥമായി ശ്രമി ച്ചിരുന്നു എന്ന് കത്തുകൾ സാക്ഷ്യം വഹിക്കുന്നുണ്ട്. ലത്തീൻ മെത്രാ ന്മാരുടെ കീഴിൽ സുറിയാനിക്കാരുടെ മുഴുവൻ വികാരി ജനറലായി പ്രവർത്തിക്കേണ്ടി വന്നപ്പോൾ അദ്ദേഹം എടുത്ത സാഹസങ്ങളും ത്യാഗങ്ങളും വർണ്ണനാതീതമാണ്. എങ്കിലും എല്ലാവരെയും യോജി പ്പിച്ചു കൊണ്ടുപോകുവാൻ അദ്ദേഹം ചെയ്തവയ്ക്കു തുല്യമായ യത്ന ങ്ങൾ മറ്റാർക്കും അവകാശപ്പെടാൻ കഴിയുമെന്നു തോന്നുന്നില്ല.

**– സ്വന്തം റീത്തിനോടുള്ള ആദരവ്**

ആഗോളസഭയോടും ഇതര റീത്തുകളോടുമുള്ള ബഹുമാനം വിടാ തെ, സ്വന്ത റീത്തിനു വേണ്ടി നിലകൊള്ളാൻ ചാവറപ്പിതാവ് നടത്തിയ പരിശ്രമങ്ങൾ വലുതാണ്. കാനോന നമസ്ക്കാരം മറ്റു മല്പാന്മാരുടെ സഹായത്തോടെ പുതുക്കി എഴുതിയതിനു ശേഷം അനുവാദത്തി നായി റോമിലേക്ക് അയയ്ക്കുന്നതും ആരാധനാക്രമത്തിന്റെ തനിമ നിലനിർത്താൻവേണ്ടി അപേക്ഷിക്കുന്നതും സുറിയാനി പാരമ്പര്യ ങ്ങൾക്കനുസരിച്ചുള്ള ലിറ്റർജിക്കൽ കലണ്ടർ ഉണ്ടാക്കുന്നതും സ്വന്തം റീത്തിൽ തന്നെ മെത്രാനുണ്ടാകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് റോമിലേയ്ക്കെഴുതുന്നതുമെല്ലാം ചാവറപ്പിതാവിന്റെ മലബാർ റീത്തി നോടുള്ള സ്നേഹത്തിന്റെ പ്രകടനങ്ങളാണ്.

## ഉപസംഹാരം

ചുരുക്കത്തിൽ ചാവറപ്പിതാവിന്റെ ജീവിതത്തെയും വ്യക്തിത്വത്തെയും വിലയിരുത്തുവാൻ ഏറ്റവും പ്രധാനപ്പെട്ട ഉറവിടമാണ് അദ്ദേഹം എഴുതിയ കത്തുകൾ. സിഎംഐ സഭയുടെ ജനറൽ കൗൺസിൽ നിശ്ചയിച്ച ചാവറ സെൻട്രൽ സെക്രട്ടേറിയറ്റിന്റെ നേതൃത്വത്തിലാണ് ഈ സംരംഭം പൂർത്തിയായത്. ചാവറപ്പിതാവിനെക്കുറിച്ചും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും വിലയിരുത്തിക്കൊണ്ടുള്ള ധാരാളം ഗവേഷണ പഠനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ചാവറ കൃതികൾ ആധുനികഭാഷയിൽ സംലഭ്യമാകണമെന്ന പലരുടെയും ആഗ്രഹം ഈ പ്രസിദ്ധീകരണം വഴി പൂർത്തിയാവുകയാണ്.

19-ാം നൂറ്റാണ്ടിലെ കേരളത്തിലെ ആത്മീയ സാമൂഹ്യ സാംസ്കാരിക സാഹിത്യരംഗങ്ങളിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ചു കടന്നുപോയ നവോത്ഥാനനായകനായ ചാവറപ്പിതാവിനെ ഈ കൃതിയിലൂടെ അനുവാചകർക്കായി സമർപ്പിക്കുന്നു. ഉടനെ തന്നെ ഇതിന്റെ ഇംഗ്ലീഷ് പതിപ്പും പുറത്തിറങ്ങുമെന്ന് പ്രതീക്ഷിക്കാം.

**സി. ജോസി സി.എം.സി.**

**ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ**

ഒന്ന്

# പരിശുദ്ധ മാർപാപ്പയ്ക്കുള്ള കത്തുകൾ

രണ്ടു കത്തുകളാണ് ഈ ഇനത്തിൽ നമുക്കു ലഭിച്ചിട്ടുള്ളത്. ഒൻപതാം പീയൂസ് മാർപാപ്പയ്ക്ക് അയച്ചിട്ടുള്ളതാണ് അവ രണ്ടും. ആദ്യത്തേത് 1861-ൽ എഴുതി. അതിൽ റോക്കോസ് ശീശ്മയെ സംബന്ധിച്ച കാര്യങ്ങൾ സൂചിപ്പിക്കുന്നു. രണ്ടാമത്തെ കത്ത് വരാപ്പുഴ വികാരിയാത്തിനെ പൊതുവായി സ്പർശിച്ചു കൊണ്ടുള്ളതാണ്.

## I/1

# പരി. പിതാവ് 9 –ാം പീയൂസ് മാർപാപ്പായ്ക്ക് എഴുതുന്ന കത്ത്

ചാവറയച്ചൻ സുറിയാനിയിലാണ് ഈ കത്തെഴുതിയത്. തന്റെ നാളാഗമത്തിൽ ഈ എഴുത്തിനെപ്പറ്റി പറയുന്നുണ്ട്. പ്രൊപ്പഗാന്ത തിരുസംഘത്തിൽനിന്ന് 1861 ഓഗസ്റ്റ് 21–ാം തീയതി വരാപ്പുഴ വികാരി അപ്പസ്തോലിക്കായ്ക്ക് എഴുതിയ ഒരു കത്തിൽ പ്രസ്തുത സുറിയാനി എഴുത്ത് മാർപാപ്പ കൈപ്പറ്റിയതായും അത് തർജ്ജമചെയ്യാൻ ഏൽപ്പിച്ചിരിക്കുന്നതായും പ്രസ്താവിക്കുന്നുണ്ട്.

എന്നാൽ വത്തിക്കാൻ ഈടുവയ്പിൽ പ്രസ്തുത സുറിയാനി എഴുത്ത് ഇന്നു കാണുന്നില്ല. തൽസ്ഥാനത്ത് അതിന്റെ ഇറ്റാലിയൻ തർജ്ജമയാണു കാണുന്നത്. (Sevitture originali dei Congr. gen. per gli affari orientali, 1865-66). തർജ്ജമചെയ്ത ആളിന്റെ പേരും ഇക്കൂട്ടത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അത് ഫാദർ ജോസഫ് ഗുറിയേലാണ്.

പ്രസ്തുത ഇറ്റാലിയൻ തർജ്ജമയുടെ സ്വതന്ത്ര വിവർത്തനമാണ് താഴെ ചേർത്തിരിക്കുന്നത്.

പത്രോസിന്റെ താക്കോൽ പിടിച്ചിരിക്കുന്നവനും നരകവാതിലുകൾ അതിൻമേൽ പ്രബലപ്പെടുകയില്ല എന്നു പത്രോസിനോടു പറഞ്ഞു ധൈര്യപ്പെടുത്തിയവനുമായ നമ്മുടെ കർത്താവിന്റെ സഭയിലെ പരമാധികാരം കൈകാര്യം ചെയ്യുന്നവനുമായ പരിശുദ്ധപിതാവ് 9–ാം പീയൂസ് മാർപാപ്പായുടെ ഉന്നതവും മഹനീയവുമായ സിംഹാസനത്തിലേക്ക്.

മലയാളത്തിന്റെ വികാരി അപ്പസ്തോലിക്കാ പെ.ബ. ബർണർദീനോസ് മെത്രാപ്പോലീത്തായുടെ ഭരണത്തിൻകീഴുള്ള, വിനീതരും വിശ്വാസത്തിലും ഉപവിയിലും ബലഹീനരുമായ അമലോദ്ഭവ മറിയത്തിന്റെ നിഷ്പാദുക കർമ്മലീത്താ സഭയിൽപ്പെട്ട ഏതാനും വൈദികരും അവരുടെ ശ്രേഷ്ഠനായ കുര്യാക്കോസ് ഏലിയാ ഒരുമിച്ച് അങ്ങയുടെ മഹനീയമായ സാന്നിദ്ധ്യത്തിൽ മുട്ടുകുത്തി അരൂപിയിൽ തൃപ്പാദങ്ങൾ ചുംബിച്ച് താഴെപ്പറയുന്ന കാര്യം അങ്ങയുടെ പരിചിന്തനത്തിന് സമർപ്പിക്കുന്നു.

അതെന്തെന്നാൽ, ഈ 1861–ാം കാലം മെയ് മാസം 9–ാം തീയതി ബാബേൽ പാത്രിയർക്കീസായ ജോസഫ് ഔദോയുടെ കല്പനയനു

സരിച്ച് തോമസ് റോക്കോസ് എന്ന പേരിൽ ഒരു മെത്രാൻ ഞങ്ങളുടെ പക്കൽ വന്നു. ഇവിടെനിന്നും മോസുളിലേക്കു പോയിരുന്ന അന്തോനി എന്ന പേരിൽ ബ. ഒരു വൈദികനും അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നു.

ഈ മെത്രാനാവട്ടെ വിശ്വാസികളെ പൊതുവെ സംബോധന ചെയ്തുകൊണ്ട് അവരോടു പ്രസംഗിക്കുന്നു. അങ്ങയുടെ അനുവാദത്തോടും, കല്പനയോടുംകൂടെ മലയാളത്തിലെ കൽദായ ക്രിസ്ത്യാനികളെ ഭരിക്കുന്നതിനുള്ള നിർദ്ദേശത്തോടുകൂടെ മേൽപ്പറഞ്ഞ പാത്രിയർക്കീസ് തന്നെ മലയാളത്തിലേക്ക് അയച്ചുവെന്ന്. എന്നാൽ ഞങ്ങളുടെ വികാരി അപ്പസ്തോലിക്കാ ബർണ്ണർദീനോസ് മെത്രാപ്പോലീത്താ തന്റെ ഇടയലേഖനത്തിൽ തെളിവായി പ്രസ്താവിച്ചിരിക്കുന്നു, "അങ്ങയുടെ മനസ്സിനും കല്പനയ്ക്കും വിരോധമായി പാത്രിയർക്കീസ് സ്വന്ത നിശ്ചയപ്രകാരം മേൽപ്പറഞ്ഞ മെത്രാനെ മലയാളത്തിലേക്ക് അയച്ചിരിക്കുന്നു. അതിനാൽ പ്രസ്തുത മെത്രാനിൽനിന്ന് അധികാരമോ തിരുപ്പട്ടമോ സ്വീകരിക്കുന്ന ഏവനും, അവ നൽകുന്നവനും അതിനാൽതന്നെ സഭാഭ്രഷ്ടനാകും" എന്ന്. എന്നിരുന്നാലും വൈദികരും വിശ്വാസികളും ദിവസേന എന്നോണം അദ്ദേഹത്തിന്റെ പക്കൽ പൊയ്ക്കൊണ്ടിരിക്കുന്നു. അദ്ദേഹത്തിന്റെ എല്ലാ പ്രവർത്തനങ്ങളെയും അംഗീകരിക്കുന്നു, അദ്ദേഹത്തിന്റെ കാലടികളെ പിഞ്ചെല്ലുന്നു. ഞങ്ങൾക്കു തോന്നിപ്പോകുന്നു, ഞങ്ങളുടെ ഈ എഴുത്തിന്റെ മറുപടി ഇവിടെ എത്തുന്നതിനു മുമ്പുതന്നെ ഒരുപക്ഷേ ഞങ്ങളുടെ പള്ളികൾ എല്ലാംതന്നെ അദ്ദേഹത്തിന്റെ അനുസരണത്തിൻകീഴ് അണിനിരക്കും. കർമ്മലീത്താ വൈദികരാൽ നയിക്കപ്പെടുന്ന ഏതാനും പള്ളികളൊഴിച്ച് ശേഷിച്ചവയെല്ലാം അദ്ദേഹത്തെ അനുധാവനം ചെയ്യും. സർവ്വ സംഗതികളും സംഭവത്തിനുമുമ്പുതന്നെ വീക്ഷിച്ചറിയുന്ന ദൈവം ഇതറിയുന്നു.

അതിനാൽ പരിശുദ്ധ പിതാവേ, എളിമയോടുകുടി ഞങ്ങൾ, കണ്ണുകളിൽ നിറഞ്ഞു നിൽക്കുന്ന കണ്ണുനീരോടുകുടി അങ്ങെ പക്കൽ അഭ്യർത്ഥിക്കുന്നു: ഈ വസ്തുതകളുടെ സത്യാവസ്ഥ ഞങ്ങളെ അറിയിക്കണമെന്ന്. അത് ഞങ്ങളുടെ കൽദായ ഭാഷയിൽതന്നെ ആയിരിക്കണം. പാത്രിയർക്കീസ് തിരുമേനി അങ്ങയോട് എന്താവശ്യപ്പെട്ടുവെന്നും അദ്ദേഹത്തിന് എന്തു മറുപടി അങ്ങ് കൊടുത്തുവെന്നും, ഈ രണ്ടുപേരിൽ ആരെ ഞങ്ങൾ അനുസരിക്കണമെന്നും, ആ

എഴുത്തിൽ ഞങ്ങൾക്ക് വ്യക്തമാക്കിത്തരണം. പ്രശ്നം നിറഞ്ഞ ഈ കലഹാന്തരീക്ഷത്തിൽ നല്ലതെന്നു അങ്ങു കാണുന്ന വഴിയിലൂടെ സർവനന്മകളാലും അലംകൃതനായ അങ്ങു തന്നെ ഞങ്ങളെ നയിക്കണമെ. സംശയ മനഃസ്ഥിതിയോടെ ഇനിയും കഴിയുന്ന ഞങ്ങളുടെ സഹോദരങ്ങളെ നന്മയിൽ ഉറപ്പിക്കുന്നതിന് ഇതാവശ്യമായി ഞങ്ങൾ കരുതുന്നു.

അവസാനമായി അങ്ങയുടെ സിംഹാസനത്തിനു മുമ്പിൽ മുട്ടുകുത്തി തൃപ്പാദങ്ങൾ ചുംബിച്ചുകൊണ്ട് ഞങ്ങൾ അപേക്ഷിക്കുന്നു, അങ്ങേയ്ക്കു കീഴ്വഴങ്ങി അങ്ങയുടെ വിശ്വസ്ത മക്കളായി വ്യാപരിക്കുന്നതിനു ഞങ്ങൾക്കു കഴിയുമാറ് അങ്ങേ പൈതൃകാശീർവാദം ധാരാളമായി ഞങ്ങൾക്കു നൽകണമെന്ന്.

അതേ ആശീർവാദം ഞങ്ങളുടെ പള്ളികൾക്കും, ഞങ്ങളുടെ രാജ്യത്തിനും അതിൽ വസിക്കുന്ന എല്ലാവർക്കും ധാരാളമായി അങ്ങു നൽകണമെ. എന്തുകൊണ്ടെന്നാൽ അജ്ഞാനാധികാരികൾക്കു വിധേയരായിട്ടാണ് ഞങ്ങൾ ഇവിടെ ജീവിക്കുന്നത്.

മാന്നാനം ആശ്രമത്തിൽനിന്ന്
ജൂൺ 19, 1861.

കുര്യാക്കോസ് ഏലിയാ-പ്രിയോർ
ഒപ്പ്
(വേറെ 12 വൈദികർകൂടി ഇതിൽ
ഒപ്പുവെച്ചിട്ടുണ്ട്.)

* പരിശുദ്ധ പിതാവെ, കഴിയുന്നതുംവേഗം ഞങ്ങളുടെ കൽദായ ഭാഷയിൽ ഇതിനു മറുപടി അയയ്ക്കണമെ.

** ഒപ്പിട്ടതിനുശേഷം എഴുത്തിന്റെ ചുവട്ടിൽ എഴുത്തുകാർതന്നെ സുറിയാനിയിൽ കുറിച്ചിരിക്കുന്നത്.*

# മാർപാപ്പയുടെ മറുപടികത്ത്

ചാവറയച്ചനും സഹപ്രവർത്തകരും കൂടി മാർപാപ്പയ്ക്കയച്ച കത്തിന് സെപ്റ്റംബർ 5-ാം തീയതി മറുപടി അയച്ചു. ലത്തീൻ ഭാഷയിലാണ് കത്ത്. അതിൽ മാർപാപ്പ ഒപ്പിട്ടിട്ടുണ്ട്. ഈ കത്ത് മാന്നാനത്ത് ഇന്നും ഭദ്രമായി സൂക്ഷിച്ചിരിക്കുന്നു. ചാവറയച്ചന്റെ മുറിയിൽ അതു പ്രദർശിപ്പിച്ചിട്ടുണ്ട്.

ലത്തീൻ കത്തിനോടുകൂടി അതിന്റെ സുറിയാനി തർജ്ജമയും റോമിൽനിന്ന്, അയച്ചിരുന്നു. അതും അതിന്റെ മലയാള തർജ്ജമയും ക.നി.മൂ.സ.ബ. ബർണാർദച്ചൻ 1921-ൽ പ്രസിദ്ധീകരിച്ച മാർത്തോമ്മാ ക്രിസ്ത്യാനികൾ രണ്ടാം വാല്യം പേജ് 272-275-ൽ കൊടുത്തിട്ടുണ്ട്. പ്രസ്തുത മലയാള തർജ്ജമയാണ് താഴെ കൊടുത്തിരിക്കുന്നത്. ലത്തീൻ മൂലവുമായി ഇതൊത്തുപോകുന്നുണ്ട്.

നമ്മുടെ സ്നേഹമക്കളും മലയാള സുറിയാനിക്കാരുമായ പ്രീയോർ കുര്യാക്കോസ് ഏലിയ, അലക്സാണ്ടർ യൗസേപ്പ്, കുര്യാക്കോസ് ഏലീശാ മുതലായ പട്ടക്കാർക്ക് സ്വസ്തിയും ശ്ലീഹായ്ക്കടുത്ത ആശിസ്സും.

സ്നേഹമക്കളെ, കൽദായക്കാരുടെ ബാബേലിലെ മാർ യൗസേപ്പു പാത്രിയർക്കീസായ ബ. നമ്മുടെ സഹോദരന്റെ ഒരെഴുത്തോടുകൂടി അടുത്തു കഴിഞ്ഞ ഇടവം 9-ാം നു നിങ്ങളുടെ പക്കൽ വരുകയും മലയാളത്തിലുള്ള പള്ളികളെ ഭരിക്കുവാൻ നമ്മുടെ ആജ്ഞയനുസരിച്ച് യൗസേപ്പു പാത്രിയർക്കീസിനാൽ അയയ്ക്കപ്പെട്ടിരിക്കുന്നതെന്നു പറയുകയും ചെയ്യുന്ന റോക്കോസ് മെത്രാനോട് ഏതുപ്രകാരം വർത്തിക്കണമെന്നു അറിവാൻ അപേക്ഷിക്കുന്നതായി ഈയ്യാണ്ടു മിഥുനമാസം 19-ാംനു നമ്മുടെ പക്കലേക്കു നിങ്ങളയച്ച എഴുത്തു ഇവിടെ വന്നുചേർന്നെന്ന് നിങ്ങളോടു നാം അറിയിക്കുന്നു.

ഈ മഹാകാര്യത്തിൽ ഭിന്നതയൊക്കെയും നിങ്ങളിൽ നിന്ന കലുവാൻ ശ്ലീഹായ്ക്കടുത്ത ഈ സിംഹാസനത്തോടും മറ്റു സകല പള്ളികളുടെയും മാതാവും ഗുരുനാഥയുമായ വലിയറോമ്മ എന്ന ഈ പള്ളിയോടു നിങ്ങൾ ആലോചന ചോദിച്ചതിനാൽ നാം വളരെ സന്തുഷ്ടനായിത്തീർന്നിരിക്കുന്നു.

എന്നാൽ സ്നേഹമക്കളെ, മലയാളത്തിലുള്ള പള്ളികളുടെ കാര്യത്തിൽ യാതൊരു പ്രകാരവും പ്രവേശിച്ചുകൂടാ എന്നു 1860 വൃശ്ചികം 26-നു തന്നെ ഈ പാത്രിയർക്കീസിനോടു നാം എഴുത്തുമൂലം ആജ്ഞാപിച്ചിരുന്നതിനാൽ ഈ പാത്രിയർക്കീസിന്റെ സ്വമനസ്സാലും

ആജ്ഞയാലും മാത്രമാണ് റോക്കോസ് അവിടെ വന്നിരിക്കുന്നതെന്നു നിങ്ങൾ അറിയണം. ആകയാൽ സ്നേഹമക്കളെ, റോക്കോസ് മെത്രാൻ പള്ളിക്കടുത്ത അധികാരമില്ലാത്തവനും ക്രമവിരോധമായി നിയമിക്കപ്പെട്ടവനും പള്ളിക്കടുത്ത പല മഹറോനിൽ വീണിരിക്കുന്നവനും ആയിരിക്കുന്നു എന്നു നിങ്ങൾ ധരിച്ചുകൊൾവിൻ.

ആകയാൽ പരിശുദ്ധവും ശ്ലീഹായിയ്ക്കടുത്തതുമായ ഈ സിംഹാസനത്തിന്റെ പ്രതിപുരുഷനായി അവിടെ നാം നിയമിച്ചിരിക്കുന്ന പാർസാലിയായുടെ മെത്രാപ്പോലീത്തയായ ബ. നമ്മുടെ സഹോദരൻ മാർ ബർണ്ണർദ്ദീനോസ് മാത്രം മലയാളത്തിലുള്ള പള്ളികളുടെ മേല്പട്ടക്കാരനാകയാൽ അദ്ദേഹത്തിനു നിങ്ങൾ കീഴ്പ്പെട്ടിരിക്കേണ്ടത് ന്യായമാകുന്നു.

തന്നിമിത്തം റോക്കോസ് മെത്രാനെ ക്ഷണേന താമസമെന്യെ അവിടെനിന്നു വിളിച്ചുകൊള്ളുവാൻ യൗസേപ്പു പാത്രിയർക്കീസിനോടു നാം കല്പിച്ചിരിക്കുന്നു എന്നുള്ള വസ്തുത നിങ്ങളെ നാം അറിയിക്കുന്നു.

സ്വർഗ്ഗീയമായ സകല അനുഗ്രഹങ്ങളുടെയും നിങ്ങളുടെമേൽ നമുക്കുള്ള പിതാവിനടുത്ത സ്നേഹത്തിന്റെയും അച്ചാരമായി നമ്മുടെ ഹൃദയസ്നേഹമൊക്കെയോടുംകൂടി ശ്ലീഹായിക്കടുത്ത ആശിസ്സിനെ സ്നേഹമക്കളായ നിങ്ങൾക്കു നാം തരുന്നു.

നമ്മുടെ വാഴ്ചയുടെ 16-ാം വത്സരം

ക്രിസ്താബ്ദം 1861 കന്നിമാസം 5-ാം നു

റോമ്മായിൽ ശെമഓൻ കേപ്പായുടെ പള്ളിയിൽനിന്നു

I/2

# 1870 ഏപ്രിൽ 25-ാം തീയതി ചാവറയച്ചൻ പരി. മാർപാപ്പയ്ക്കെഴുതുന്ന വേറൊരു കത്ത്

ഈ എഴുത്തിന്റെ മൂലം സുറിയാനി; കൈയക്ഷരം ചാവറയച്ചന്റേതു തന്നെ. ചാവറയച്ചന്റെ പൂർണ്ണമായ ഒപ്പും എഴുത്തിലുണ്ട്. വത്തിക്കാനിൽ പൗരസ്ത്യ തിരുസംഘത്തിന്റെ ഈടുവയ്പിൽ ഇതു സൂക്ഷിച്ചിരിക്കുന്നു (Scrit. rif. Mal 1875).

എഴുത്തിന്റെ സ്വതന്ത്ര മലയാള വിവർത്തനവും അതിന്റെ സുറിയാനി മൂലവുമാണ് താഴെ കൊടുക്കുന്നത്.

ഏപ്രിൽ 25, 1870

ശ്ലൈഹികസിംഹാസനത്തിൽ പത്രോസിന്റെ താക്കോലുകൾ പിടിച്ചിരിക്കുന്നവനും സഭയുടെ നേരായ തലവനുമായ പരിശുദ്ധ പിതാവ് മഹാനായ ഒൻപതാം പീയൂസ് മാർപാപ്പയ്ക്ക്

അവിടുത്തെ മക്കളും സഭയിലെ ശുശ്രൂഷകരുമായ ഞങ്ങൾ ഗൊവേന്തകളുടെ പ്രിയോരായ കുര്യാക്കോസ് ഏലിയാ ഒരുമിച്ച് വലിയ മനോവേദനയോടെ താഴെപ്പറയുന്ന കാര്യം അങ്ങയുടെ സന്നിധിയിൽ അറിയിക്കുന്നു.

ഏതാനും നാളുകൾക്കുമുമ്പ് യൂപറ്ററസിൽനിന്നുള്ള മാർ തോമസ് റോക്കോസ് എന്ന പേരിൽ ഒരു മെത്രാൻ ബാബേൽ പാത്രിയർക്കീസായ മാർ ജോസഫ് ഔദോയുടെ ഒരെഴുത്തുമായി ഞങ്ങളുടെ പക്കലേയ്ക്ക് അയക്കപ്പെട്ടു. ഇത് ഞങ്ങളുടെ സഭയിൽ ശീശ്മയ്ക്കു കാരണമായി. അതെങ്ങനെയെന്നാൽ എല്ലാവരും അദ്ദേഹത്തിന് കീഴ്പ്പെട്ടിരിക്കണമെന്നു ആജ്ഞാപിക്കുകയും അങ്ങനെ കീഴ്പെടാതിരിക്കുന്നവരെ പലതരത്തിൽ ഭീഷണിപ്പെടുത്തുകയും ചെയ്തു. ഇതെല്ലാം അങ്ങയുടെ പക്കൽ ഞങ്ങൾ നേരത്തെ അറിയിച്ചിട്ടുള്ളതാണ്.

അതിനുശേഷം ഇപ്പോൾ വലിയ അന്തോനീസിന്റെ സന്യാസ സഭയിൽപ്പെട്ട രണ്ടു സന്യാസികൾ ഞങ്ങളുടെ പക്കൽ വന്നിരിക്കുന്നു. വിശ്വാസികളിൽനിന്ന് ധർമ്മം സ്വീകരിക്കുന്നതിനുള്ള ഉദ്ദേശമാണു ത

ങ്ങൾക്കുള്ളതെന്ന് അവർ പ്രഖ്യാപിച്ചിരുന്നു, ആരംഭത്തിൽ അവർ നല്ലവരായി കാണപ്പെട്ടു. വിശ്വാസികൾക്ക് അവരുടെ സഹവാസം ആനന്ദപ്രദമായിരുന്നു. എന്നാൽ തുടർന്നുള്ള അവരുടെ നടത്തയും പ്രവർത്തനരീതിയും പള്ളികളിൽ അവർ അർപ്പിച്ചിരുന്ന കുർബാനയും ഞങ്ങളിൽ ഭയത്തിനു കാരണമുണ്ടാക്കി. അവസാനത്തെ ഈ തിന്മ ആദ്യത്തേതിലും ഗുരുതരമാകുമെന്നു ഞങ്ങൾ ശങ്കിക്കുന്നു. അതിനാൽ പരിശുദ്ധ പിതാവെ, ഞങ്ങൾ അങ്ങയുടെ പക്കൽ വിനയപൂർവ്വം അപേക്ഷിക്കുന്നു. ഇപ്പോൾ റോമിൽ താമസിക്കുന്ന കൽദായ പാത്രിയർക്കീസിനു സഭാശിക്ഷയ്ക്കു വിധേയനാക്കിക്കൊണ്ട് നേരിട്ടു ഒരു കല്പന കൊടുക്കണമെന്ന്. “മേലാൽ പാത്രിയർക്കീസിന്റെ എഴുത്തോടു കൂടിയോ അനുവാദത്തോടുകൂടിയോ മെത്രാനാകട്ടെ വൈദികനാകട്ടെ അവിടെനിന്ന് ഞങ്ങളുടെ ഇടയിലേയ്ക്കു ആരേയും അയയ്ക്കരുതെന്ന്”. ഇത് അവരോടുള്ള വെറുപ്പുകൊണ്ടോ വിരോധം കൊണ്ടോ അല്ല, പിന്നെയോ ഇപ്രകാരം അയയ്ക്കപ്പെടുന്നവരുടെ സാന്നിദ്ധ്യം ചിലരുടെ ആത്മനാശത്തിനും ക്രിസ്ത്യാനികളുടെയിടയിൽ വഴക്കിനും പിളർപ്പിനും ഇടം കൊടുത്തുകൊണ്ട് ഉതപ്പിനും കാരണമായിതീരുന്നതുകൊണ്ടാണ്.

അവസാനമായി ഞങ്ങൾക്കെല്ലാവർക്കും ഞങ്ങളുടെ രാജ്യത്തിനും, മഹാരാജാവിനും, മന്ത്രിമാർക്കും ദൈവം അവരുടെ ഹൃദയത്തെ വിശ്വാസത്തിലേയ്ക്കു തിരിക്കുമാറ് അങ്ങയുടെ ശ്ലൈഹിക ആശീർവാദം നൽകണമെന്ന് അപേക്ഷിക്കുന്നു.

അങ്ങയുടെ തൃപ്പാദങ്ങളെ ചുംബിച്ചുകൊണ്ടും അങ്ങയുടെയും അങ്ങയുടെ വികാരി അപ്പസ്തോലിക്കാ ആയ ഞങ്ങളുടെ മെത്രാന്റെയും എല്ലാ കല്പനകളും അനുസരിക്കുന്നതിനുള്ള സന്നദ്ധത പ്രഖ്യാപിച്ചുകൊണ്ടും അത്യുന്നതനായ ദൈവം അങ്ങേയ്ക്കു ദീർഘായുസ്സു നൽകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടും.

**പ്രിയോർ–കുര്യാക്കോസ് ഏലിയാ**

കർമ്മെലീത്താ മൂന്നാം സഭ.

## രണ്ട്

# പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ അദ്ധ്യക്ഷനായ കർദ്ദിനാളിന് എഴുതുന്ന കത്തുകൾ

പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ അദ്ധ്യക്ഷനായിരുന്ന കർദ്ദിനാൾ അലക്സാണ്ടർ ബർണബോയ്ക്കു ചാവറയച്ചൻ എഴുതിയിട്ടുള്ള കത്തുകളിൽ ഏഴെണ്ണമാണു നമുക്കു ലഭിച്ചിട്ടുള്ളത്. ഇതിൽ ഒന്നിൽ മാർപാപ്പയ്ക്കു അയച്ച കത്തിലെ ആശയംതന്നെ ആവർത്തിക്കുന്നു. മറ്റൊന്നു കർദ്ദിനാളിനുതന്നെ നേരത്തെ എഴുതിയ കത്തിന്റെ ആവർത്തനമത്രെ. ഈ രണ്ടു കത്തുകളും വിട്ടുകളഞ്ഞ് ശേഷിക്കുന്ന അഞ്ചുകത്തുകളാണ് ഈ ഗ്രന്ഥത്തിൽ പ്രസിദ്ധീകരിക്കുന്നത്.

ഇവയിൽ ആദ്യത്തേതു രണ്ടും റോക്കോസ് കലാപത്തിനിടയിൽ എഴുതിയതും റോക്കോസ് മെത്രാനെ പരാമർശിക്കുന്നതുമാണ്. രണ്ടെണ്ണം ആരാധനക്രമത്തെ സംബന്ധിച്ചും മറ്റൊന്നു വരാപ്പുഴ വികാരിയാത്തിനെപ്പറ്റിയുള്ളതുമത്രെ.

## II/1

# അത്യുന്നത കർദ്ദിനാൾ പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ അദ്ധ്യക്ഷൻ അലക്സാണ്ടർ ബർണബോയ്ക്ക്

ഈ എഴുത്തിന്റെ മൂലം സുറിയാനിയാണ്. വത്തിക്കാൻ പൗരസ്ത്യ തിരുസംഘത്തിന്റെ ഈടുവയ്പിൽ ഇതു സൂക്ഷിക്കപ്പെടുന്നു. (Scrit. rif. Mesopotamia-Persia: Caldei e Latini, 1856 - 1863 (Vol. 21 f. 875).

എഴുത്തിന്റെ സ്വതന്ത്ര മലയാളവിവർത്തനവും അതിന്റെ സുറിയാനി മൂലവുമാണ് താഴെ ചേർത്തിരിക്കുന്നത്.

അത്യുന്നത കർദ്ദിനാൾ, പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ അദ്ധ്യക്ഷൻ അലക്സാണ്ടർ ബർണബോയ്ക്കു വരാപ്പുഴ വികാരി അപ്പസ്തോലിക്കാ ബർണ്ണർദീനോസ് മെത്രാപ്പോലീത്തായുടെ ഭരണത്തിൻ കീഴിലുള്ള അങ്ങയുടെ എളിയ മകൻ, അമലോത്ഭവ മറിയത്തിന്റെ കർമ്മലീത്താ മൂന്നാം സഭക്കാരുടെ പ്രിയോർ കുര്യാക്കോസ് ഏലിയാസച്ചൻ തന്റെ സഹപ്രവർത്തകരായ ഏതാനും വൈദികരും ഒരുമിച്ച്.

പൂജ്യമായ അങ്ങയുടെ തൃക്കൈകൾ ചുംബിച്ചുകൊണ്ടും അങ്ങയുടെ ശ്ലൈഹിക ആശീർവ്വാദം യാചിച്ചുകൊണ്ടും ഏതാനും നാളുകളായി ഞങ്ങളുടെ ഇടയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ചില വസ്തുതകൾ വളരെ ഹൃദയവേദനയോടെ അങ്ങയെ അറിയിക്കുന്നതിനാഗ്രഹിക്കുന്നു. അതായത് ബാബേലിലെ പാത്രിയർക്കീസ് ജോസഫ് ഔദോ, തോമസ് റോക്കോസ് എന്ന ഒരു മെത്രാനെ ഞങ്ങളുടെ പക്കലേക്കയച്ചു. ഇദ്ദേഹമാകട്ടെ ഇവിടെയുള്ള ക്രിസ്ത്യാനികളോടു പ്രസംഗിക്കുകയാണ്. "നിങ്ങളുടെ സഭയെ ഭരിക്കുന്നതിനു ഒൻപതാം പീയൂസ് മാർപാപ്പയുടെ കല്പനയോടു കൂടി മേപ്പടി പാത്രിയർക്കീസിനാൽ താൻ അയക്കപ്പെട്ടിട്ടുള്ളതാണ്" എന്ന്. വിശ്വാസികളും ബഹുമാനപ്പെട്ട വൈദികർ തന്നെയും അദ്ദേഹത്തിന്റെ ഈ വാക്കുകളെ പൂർണ്ണമായി വിശ്വസിക്കുന്നു. എന്നാൽ ഇവരാകട്ടെ ഓരോ ദിവസവും പറഞ്ഞുകൊണ്ടിരിക്കുകയായിരുന്നു "ബർണ്ണർദീനോസ് മെത്രാപ്പോലീത്തായുടെ കല്പനകൾ വളരെ ഭാരമേറിയതാണെന്നും അനുസരിക്കാൻ പ്രയാസമുള്ളതാണെന്നും."

അത്യുന്നത തിരുമേനി, അങ്ങുതന്നെയോ, അഥവാ നമ്മുടെ പരിശുദ്ധ മാർപാപ്പയോ അദ്ദേഹത്തിനു മുടക്കു കല്പിക്കുന്നില്ലെങ്കിൽ രണ്ടു മാസത്തിനുള്ളിൽ എല്ലാവരുംതന്നെ അദ്ദേഹത്തിന്റെ കാലടികളെ പിഞ്ചെല്ലുമെന്നു ഞങ്ങൾക്കു തോന്നിപ്പോകുന്നു. വളരെ വിശ്വസ്തരെന്നു ഞങ്ങൾക്കു തോന്നിയ ആളുകൾപോലും ഇപ്രകാരം വഴുതി മാറിയതായി കാണുന്നു. അതിനാൽ ഏങ്ങലോടും നെടുവീർപ്പോടും കണ്ണീരോടുംകൂടി ഞങ്ങൾ അങ്ങയോടു അപേക്ഷിക്കുകയാണ്, “ഒട്ടും താമസംകൂടാതെ ഈ വസ്തുതകളുടെ സത്യാവസ്ഥ ഞങ്ങളെ അറിയിക്കണ”മെന്ന്. അതും ഞങ്ങളുടെ കൽദായ ഭാഷയിൽ തന്നെയായിരിക്കണം. എന്തുകൊണ്ടെന്നാൽ അങ്ങനെ ഞങ്ങളുടെ വൈദികർക്കു അതു നേരിട്ടുവായിക്കാനും മനസ്സിലാക്കുവാനും സാധിക്കും.


അവസാനമായി ഒരു സംഗതികൂടി അങ്ങയെ അറിയിക്കുവാൻ ഞങ്ങളാഗ്രഹിക്കുന്നു. കുറെ ഏറെ നാളുകളായി വിശ്വാസികളും വൈദികരും ഞങ്ങളുടെ വികാരി അപ്പസ്തോലിക്കാ ബർണ്ണർദീനോസ് മെത്രാപ്പോലീത്തായിൽനിന്നും അകന്നുകൊണ്ടിരിക്കയാണ്. കാരണമായി അവർ പറയുന്നതു അദ്ദേഹത്തിന്റെ കല്പനകൾ കർക്കശവും, അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ ക്രമാതീതവുമാണ്. എന്നാൽ വാസ്തവത്തിൽ വളരെ നീതിബോധത്തോടും വളരെ തീക്ഷ്ണതയോടും കൂടിയാണ് അദ്ദേഹം ഇവിടെ പ്രവർത്തിക്കുന്നത്. എന്നാൽ ഞങ്ങളുടെ വിശ്വാസികൾക്കും വൈദികർക്കും അവരുടെ വിശ്വാസത്തിന്റെ ബലഹീനതയും ഉപവിയുടെ പോരായ്കയും നിമിത്തം ഇതു മനസ്സിലാക്കുവാൻ സാധിക്കുന്നില്ല. അതിനാൽ ഹൃദയം തുറന്നു ഞങ്ങൾ പറയുകയാണ് വേറൊരു മെത്രാൻ അതായതു കൊല്ലം വികാരി അപ്പസ്തോലിക്കാ കാർലോസ് മെത്രാനോ അല്ലെങ്കിൽ അങ്ങേയ്ക്കു നല്ലതെന്നു തോന്നുന്ന വേറെ ആരെങ്കിലുമോ ഇവിടെ വരുന്നില്ലെങ്കിൽ മേൽപ്പറഞ്ഞ കൽദായ മെത്രാന്റെ കാലടികളെ പിഞ്ചെന്ന ഇവർ മാനസാന്തരപ്പെടുകയില്ല. വിശുദ്ധ പള്ളിയുടെ മടിയിലേക്കു തിരിച്ചുവരികയില്ല. മേപ്പടി മെത്രാനെ മുടക്കു കൽപ്പിച്ചാൽതന്നെയും വ്യത്യാസമുണ്ടാകുമെന്നു തോന്നുന്നില്ല.

എന്നാൽ ഞങ്ങളുടെ ഈ അപേക്ഷ കൽദായക്കാരോടുള്ള ഞങ്ങളുടെ ചാച്ചിലെന്നു അങ്ങു തെറ്റിദ്ധരിക്കരുത്. എന്തുകൊണ്ടെന്നാൽ, ആരംഭംമുതൽതന്നെ ഞങ്ങൾക്കറിയാം: ഈ കൽദായക്കാരുടെ ഭരണം

കൊണ്ടു യാതൊരു ഉപകാരവും ഇല്ലെന്ന്. ഇവർ എപ്പോഴും സന്തോഷത്തോടുകൂടി ഞങ്ങളെ നയിക്കും. പക്ഷേ ഇവിടെ ഞങ്ങളുടെ ഇടയിൽ വസിക്കുന്ന ശീശ്മയിൽപ്പെട്ട യാക്കോബായക്കാരുമായുള്ള അവരുടെ സഹവാസവും മറ്റും ഞങ്ങളുടെ വിശ്വാസത്തിനു ഇടർച്ച വരുത്തുന്നു. ഞങ്ങളുടെ ഹൃദയം തുറന്നു വസ്തുതകൾ അങ്ങയെ അറിയിക്കുകയാണ്, അങ്ങയുടെ ശ്രദ്ധയേറിയ ജാഗ്രത ഞങ്ങളുടെ ആത്മാക്കളിലും ഞങ്ങളുടെ പള്ളികളിലും ഞങ്ങളുടെ കൊവേന്തകളിലും ഉണ്ടാകണമെന്ന്. എന്തുകൊണ്ടെന്നാൽ വിശ്വാസത്തിൽ ഞങ്ങൾ ബലഹീനരാണ്. ഉപവിയിൽ പോരായ്കയുണ്ട്.

അങ്ങയുടെ പൈതൃകമായ ആശീർവ്വാദം ഞങ്ങളുടെ രാജ്യത്തിന്മേൽ ചൊരിയണമെന്നും, നല്ല ദൈവം ഞങ്ങളെ ഉപേക്ഷിക്കരുതെന്നു അങ്ങു ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെന്നും, എന്തുകൊണ്ടെന്നാൽ ഞങ്ങൾ മുട്ടിപ്പായി അഭ്യർത്ഥിക്കുകയാണ്. അനുതാപത്തോടും ശുദ്ധ മനസ്സാക്ഷിയോടും കൂടി പ്രാർത്ഥിക്കുന്ന ആരെയും ദൈവം ഉപേക്ഷിക്കുകയില്ലെന്നു ഞങ്ങൾക്കു തീർച്ചയാണ്.

മാന്നാനം കൊവേന്തയിൽ നിന്ന് — പ്രിയോർ
ജൂലൈ 22, 1861 — **കുര്യാക്കോസ് ഏലിയാസച്ചൻ**
ഒപ്പ്



## II/2

# അത്യുന്നത കർദ്ദിനാൾ പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ അദ്ധ്യക്ഷൻ അലക്സാണ്ടർ ബർണബോയ്ക്ക്, 1861 ഒക്ടോബർ 2–ാം തീയതി എഴുതുന്നത്

ഇതിന്റെ മൂലം സുറിയാനി. വത്തിക്കാൻ പൗരസ്ത്യ തിരുസംഘത്തിന്റെ ഈടുവയ്പ്പിൽ ഇതു സൂക്ഷിക്കപ്പെടുന്നു. (Scrit. rif. Mesopotamia - Persia: Caldei e Latini, 1856 - 1863 (Vol. 21) ff. 953-955).

എഴുത്തിന്റെ സ്വതന്ത്ര മലയാള വിവർത്തനവും അതിന്റെ സുറിയാനി മൂലവുമാണ് താഴെ കൊടുക്കുന്നത്.

അത്യുന്നത കർദ്ദിനാൾ, പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ അധിപൻ അലക്സാണ്ടർ ബർണബോയ്ക്ക്.

അങ്ങയുടെ വിനീത മക്കളായ ഞങ്ങൾ, അതായത് വരാപ്പുഴ വികാരി അപ്പസ്തോലിക്കാ ബർണ്ണർദീനോസ് മെത്രാപ്പോലീത്തായുടെ ഭരണത്തിൻകീഴിലുള്ള കുര്യാക്കോസച്ചനും ഏതാനും വൈദികരും ചേർന്ന് എഴുതുന്നത്.

പൂജ്യമായ അങ്ങയുടെ കരങ്ങൾ ചുംബിച്ചുകൊണ്ട് വേദനാജനകമായ ഒരു പ്രശ്നത്തെക്കുറിച്ച് അഞ്ചാമത്തെ പ്രാവശ്യമാണ് ഇതു അങ്ങേയ്ക്കു ഞങ്ങൾ എഴുതുന്നത്: അതായത് തോമസ് റോക്കോസ് മെത്രാൻ അദ്ദേഹത്തിന്റെ എതിർപ്പുവഴിയായി കാര്യമായിട്ടൊന്നും ഇതുവരെയും നേടാൻ കഴിഞ്ഞിട്ടില്ലെങ്കിലും, ഇവിടെ നിന്നും അദ്ദേഹം എഴുതിയ ഏതാനും കത്തുകൾക്ക് കാര്യമായ മറുപടി ഒന്നും ലഭിച്ചിട്ടില്ല എന്നുവരികിലും അദ്ദേഹം ഇപ്പോൾ പള്ളികളിൽ ചുറ്റിസഞ്ചരിക്കുവാൻ തുടങ്ങിയിരിക്കുന്നു; പഠിത്തം ഉള്ളവർക്കും പഠിത്തം ഇല്ലാത്തവർക്കും; നല്ലവർക്കും; നേർവഴി വിട്ടു നടക്കുന്നവർക്കും യാതൊരു വിവേചനവും കൂടാതെ അദ്ദേഹം തിരുപ്പട്ടങ്ങൾ നൽകുന്നു; കഴിഞ്ഞ സെപ്റ്റംബറിലെ തിരുപ്പട്ടത്തിന്റെ അവധിക്ക് അദ്ദേഹം വൈദികപട്ടവും ഡീക്കൻപട്ടവും മറ്റു തിരുപ്പട്ടങ്ങളും യഥേഷ്ടം നൽകി; ഇതു ഞങ്ങൾ ഇതുവരെയും കണ്ടിട്ടില്ലാത്ത കൽദായറീത്തിലാണു നടത്തിയത്.

എന്നാൽ ഇതിനിടയ്ക്കു അങ്ങു ബർണ്ണർദീനോസ് മെത്രാപ്പോലീത്താ വഴിയായി നൽകിയ നിർദ്ദേശങ്ങൾ ഇവിടെ ഞങ്ങൾ

പ്രസിദ്ധപ്പെടുത്തിയെങ്കിലും, റോക്കോസിനെ അനുസരിക്കുന്ന പള്ളികളിൽ അദ്ദേഹം നിർഭയം പ്രസംഗിക്കുകയാണ്. പ്രസ്തുത നിർദ്ദേശങ്ങൾ റോമിൽനിന്നു വന്നിട്ടുള്ളതല്ല പിന്നെയോ പ്രസ്തുത ബർണ്ണർദീനോസ് തന്നെ ചമച്ചിട്ടുള്ളതാണ്. റോക്കോസ് തുടർന്നു പറയുന്നു: "ഖലീക്കിയായിലെ ലത്തീൻ മെത്രാൻ ദാവീദ് ഒരെഴുത്തു റോമിൽനിന്നും തനിക്കെഴുതിയിട്ടുണ്ടെന്നും, ആ എഴുത്തിൽ "നമ്മുടെ കൽദായ പാത്രിയർക്കീസ് റോമിൽ ചെന്നപ്പോൾ റോമാ പട്ടണത്തിന്റെ കവാടത്തിൽവെച്ചുതന്നെ അദ്ദേഹത്തെ സ്വീകരിക്കുന്നതിനായി കർദ്ദിനാളന്മാരെല്ലാവരേയും മാർപാപ്പ തന്നെ അയച്ചുവെന്നും; വലിയ ആഘോഷത്തോടെ അവർ അദ്ദേഹത്തെ സ്വീകരിച്ചുവെന്നും; മാത്രമല്ല ദെലഗാദ് അപ്പസ്തോലിക്കാ തോമസ് റോക്കോസ് മെത്രാന്റെ ചില പ്രവർത്തനങ്ങൾക്ക് വിഘാതമായി നിൽക്കുന്നുവെന്നറിഞ്ഞപ്പോൾ, പെട്ടെന്നു അദ്ദേഹത്തിനെതിരായി സ്വരമുയർത്തിയെന്നും, ഉടനെ റോമിലേക്ക് അദ്ദേഹത്തെ വരുത്തി വളരെയധികം ശകാരിച്ച് കുറ്റപ്പെടുത്തിയെന്നും" ഇങ്ങനെ ഓരോ ദിവസവും പള്ളികളിൽ ചുറ്റിനടന്നു പ്രസംഗിച്ചുകൊണ്ടിരിക്കുന്നു.

അതിനാൽ ഞങ്ങൾ വിനയപൂർവ്വം കേണപേക്ഷിക്കുകയാണ് ഞങ്ങളുടെ ഈ എഴുത്തിനു ഉടനെ ഒരു മറുപടി അയച്ചുതരണമെന്ന്. ഈ മറുപടി ഞങ്ങളുടെ കൽദായ ഭാഷയിൽതന്നെ ആയിരിക്കണം. ഇതിൽ മാർപാപ്പയുടെ മുദ്രയും ഒപ്പും ഉണ്ടായിരിക്കണം. ഇങ്ങനെ അവരവർക്കുതന്നെ വായിച്ചറിയുവാൻ സാധിക്കും വസ്തുതകളുടെ യാഥാർത്ഥ്യം. റോക്കോസ് പാർശ്വത്തിൽ ചേർന്നിരിക്കുന്ന വൈദികരെക്കൊണ്ടുതന്നെയും ഇതു ഞങ്ങൾക്ക് വായിപ്പിക്കുവാൻ സാധിക്കും. അങ്ങനെ എതിരാളികളുടെ വായ് ഒരുപക്ഷേ ഞങ്ങൾക്കു അടയ്ക്കുവാൻ സാധിക്കും. ഈ മെത്രാനെ ഉടനെ ബാഗ്ദാദിലേയ്ക്ക് തിരിച്ചുവിളിക്കുമെന്നു ഞങ്ങൾ പ്രത്യാശിക്കുന്നു. അദ്ദേഹം ഈ സ്ഥലത്തുനിന്നും പോയിക്കഴിഞ്ഞാലുടനെ ഈ വിഷമസന്ധി അവസാനിക്കുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു. എന്നാൽ അദ്ദേഹം ഇവിടെ തുടർന്നുനിൽക്കുന്നുവെങ്കിൽ ജനമധ്യത്തിൽ ഇപ്പോഴുള്ള അസ്വസ്ഥതകൾ തുടരുകതന്നെ ചെയ്യും. സഭാഭ്രഷ്ടു കല്പിച്ചാൽ തന്നെയും ബന്ധപ്പെട്ട ആരും പിറകോട്ടു പോകുമെന്നു തോന്നുന്നില്ല.

അവസാനമായി അങ്ങയുടെ പൈതൃക ആശീർവാദം ഞങ്ങളുടെ മേലും ഞങ്ങളുടെ പള്ളിയിൻമേലും ഞങ്ങൾ യാചിക്കുന്നു.

മാന്നാനം വി. യൗസേപ്പിന്റെ ആശ്രമത്തിൽനിന്ന്
ഒക്ടോബർ 2, 1861

കുര്യാക്കോസ് ഏലിയാ.



## II/3

# അത്യുന്നത കർദ്ദിനാൾ പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ അദ്ധ്യക്ഷനുള്ള വേറൊരു കത്ത്

എഴുത്തിന്റെ മൂലം സുറിയാനി; കൈയക്ഷരം ചാവറയച്ചന്റേതു തന്നെ. ബർണ്ണർദീനോസ് മെത്രാപ്പോലീത്താ ഒരു ആമുഖ കുറിപ്പോടുകൂടിയാണ് ചാവറയച്ചന്റെ ഈ എഴുത്തു പ്രൊപ്പഗാന്ത തിരുസംഘത്തിലേക്കു അയച്ചുകൊടുത്തത്. അതിനാൽ ഈ എഴുത്തിൽ ചാവറയച്ചന്റെ ഒപ്പും തീയതിയും കാണുന്നില്ല, 1864-ൽ ആയിരിക്കണം ഈ കത്തെഴുതുന്നത്.

ചാവറയച്ചന്റെ എഴുത്തോടൊപ്പം വത്തിക്കാനിൽ പൗരസ്ത്യ തിരുസംഘത്തിന്റെ ഈടുവയ്പ്പിൽ മെത്രാപ്പോലീത്തായുടെ മേൽപ്പറഞ്ഞ എഴുത്തും സൂക്ഷിച്ചിട്ടുണ്ട്. (Scrit. rif. Mal. 1862-77 ff. 120-121).

അത്യുന്നത കർദ്ദിനാൾ പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ അദ്ധ്യക്ഷൻ സിമയോണി തിരുമേനിക്ക്.

സീറോമലബാർ സഭയിലെ ഇടവക വൈദികരും, സന്യാസ വൈദികരും, ശമ്മാശന്മാരും ഒന്നുചേർന്നു എഴുതുന്നത്.

ഏതാണ്ടു രണ്ടുകൊല്ലം മുമ്പ് മോൺസിഞ്ഞോർ വുനാർഡ് വഴി അംഗീകരണത്തിനുവേണ്ടി ഞങ്ങൾ തിരുസംഘത്തിലേയ്ക്ക് അയച്ചിരുന്ന സുറിയാനി കാനോൻ ജപപ്പുസ്തകം പരിശോധിച്ചംഗീകരിക്കുന്നതിൽ അങ്ങു കാണിക്കുന്ന വലിയ ജാഗ്രതയിൽ ഞങ്ങൾ അതീവം സന്തുഷ്ടരാണ്. പ്രസ്തുത പുസ്തകങ്ങളുടെ പരിശോധന അവസാനിക്കാറായി എന്നറിയുന്നതിൽ ഞങ്ങൾ വളരെ സംതൃപ്തരാണ്. പരിശോധന പൂർത്തിയാക്കി കഴിയുന്നതും വേഗം അവ അംഗീകരിച്ചു കിട്ടുമെന്നു ഞങ്ങൾ പ്രത്യാശിക്കുന്നു. ഞങ്ങളുടെ പ്രായം ചെന്ന വൈദികർ, പ്രത്യേകിച്ച്, വളരെ ആകാംക്ഷയോടെ പാർത്തിരിക്കയാണ്, അംഗീകരിച്ച പുതിയ കാനൻ ജപപ്പുസ്തകം കാണ്മാൻ.

ഇതോടുകൂടി വലിയ ശനിയാഴ്ചത്തെ ക്രമം ലത്തീൻ മിസ്സാളിൽ നിന്നും തർജ്ജമചെയ്ത് അംഗീകരണത്തിനുവേണ്ടി അയയ്ക്കുകയാണ്. എന്തുകൊണ്ടെന്നാൽ വലിയ ശനിയാഴ്ചദിവസം ഞങ്ങളുടെ സുറിയാനിക്രമത്തിൽ ഇപ്പോൾ ദേവാലയത്തിൽ പ്രത്യേക ശുശ്രൂഷകളൊന്നുമില്ല. യഹൂദപള്ളികൾക്കു സമാനം ഞങ്ങളുടെ ദേവാലയങ്ങൾ

ആ ദിവസം പൂട്ടിക്കിടക്കയാണ്. അതിനാൽ കഴിയുന്നതുംവേഗം ഇതു ഞങ്ങൾക്കു അംഗീകരിച്ചു തരണമെന്നു അപേക്ഷിക്കുന്നു.

കൂടാതെയും കുർബാനയുടെ അവസാനത്തിൽ യോഹന്നാന്റെ സുവിശേഷത്തിൽനിന്നുള്ള "ആദിയിൽ വചനം ഉണ്ടായിരുന്നു......" എന്നു തുടങ്ങുന്ന ആ വായന ഇപ്പോൾ നടപ്പിൽ ഇല്ല. ആയതും ഞങ്ങൾക്കു അനുവദിച്ചുതരണമെന്നു അപേക്ഷിക്കുന്നു.

ഞങ്ങളുടെ ഈ അപേക്ഷകൾ എല്ലാം ഞങ്ങളുടെ ആത്മീക പുരോഗതിയെ പരിഗണിച്ച് കഴിയുന്നതും വേഗം ഞങ്ങൾക്ക് അനുവദിച്ചുതരണമെന്നു അപേക്ഷിക്കുന്നു.

അങ്ങേയ്ക്കു നല്ല ദൈവം എല്ലാ ദൈവികാനുഗ്രഹങ്ങളും ദീർഘായുസ്സും നൽകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടും, അങ്ങയുടെ കരങ്ങൾ അരൂപിയിൽ ചുംബിച്ചുകൊണ്ടും, അങ്ങു ഞങ്ങൾക്കുവേണ്ടിയും ലോകം മുഴുവനുവേണ്ടിയും ദിവസേന ചെയ്തുകൊണ്ടിരിക്കുന്ന എല്ലാ പ്രവർത്തനങ്ങളെയും ധാരാളമായി ദൈവം അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടും, പൈതൃകാശീർവ്വാദം യാചിച്ചുകൊണ്ടും നിറുത്തുന്നു.

## II/4

# അത്യുന്നത കർദ്ദിനാൾ അലക്സാണ്ടർ ബർണബോയ്ക്കുള്ള മറ്റൊരു കത്ത്

ആരാധനക്രമത്തെ സംബന്ധിച്ചാണ് ഇതെഴുതുന്നത്. 1869 മെയ് 31-ാം തീയതി ഇതേ തീയതിയിൽ ഇതേ ആശയങ്ങൾ ഉൾക്കൊള്ളുന്ന വേറൊരെഴുത്തുകൂടെ നമ്മുടെ കൈവശമുണ്ട്. ഇതിൽ ഒന്നു ചാവറയച്ചൻ തനിയെ ഒപ്പിട്ടയയ്ക്കുന്നത്. മറ്റേതു സഭാംഗങ്ങളായ മറ്റു വൈദികരൊരുമിച്ചു എഴുതുന്നത്, രണ്ടെഴുത്തുകളിലേയും ഉള്ളടക്കം ഒന്നാകയാലും ഒരേ സ്ഥാനത്തേക്ക് രണ്ടും എഴുതുന്നതിനാലും, ആദ്യത്തെ എഴുത്തു മാത്രമേ ഇവിടെ പ്രസിദ്ധീകരിക്കുന്നുള്ളൂ. എഴുത്തിന്റെ സ്വതന്ത്ര മലയാള വിവർത്തനവും അതിന്റെ സുറിയാനി മൂലവുമാണ് താഴെ കൊടുക്കുന്നത്.

അത്യുന്നത കർദ്ദിനാൾ പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ അദ്ധ്യക്ഷൻ അലക്സാണ്ടർ ബർണബോ അവറുകൾക്ക്.

വരാപ്പുഴ വികാരി അപ്പസ്തോലിക്കാ ബർണർദീനോസ് മെത്രാപ്പോലീത്തായുടെ ഭരണത്തിൻ കീഴിലുള്ള സീറോ മലബാർ സഭയിലെ

കർമ്മെലീത്താ നിഷ്പാദുക മൂന്നാം സഭയിൽപ്പെട്ട വൈദികരും സന്യാസികൾ ഏവരും ചേർന്നു താഴെപ്പറയുന്ന അപേക്ഷ സമർപ്പിക്കുന്നു.

ഇപ്പോൾ ഞങ്ങൾക്ക് വലിയാഴ്ചയിലെ ആരാധനക്രമത്തിൽ വലിയ ശനിയാഴ്ച ദിവസം പ്രത്യേകമായി ശുശ്രൂഷകൾ ഒന്നുമില്ല. അതിനാൽ റോമൻ സഭയിലെ ക്രമത്തിൽനിന്നും പ്രസ്തുത ശുശ്രൂഷ സുറിയാനിയിലേക്ക് തർജ്ജമചെയ്തു അംഗീകാരത്തിനായി തിരു:സിംഹാസനത്തിലേയ്ക്കു ഇതോടൊപ്പം അയയ്ക്കുന്നു. ഇതു ഉപയോഗിക്കാൻ ഞങ്ങളെ അനുവദിക്കണമെന്നു താഴ്മയോടെ അപേക്ഷിക്കുന്നു. എന്തുകൊണ്ടെന്നാൽ ചാമ്പൽ ബുധനാഴ്ച തുടങ്ങി പെസഹാവ്യാഴം വരെ ലത്തീൻ റീത്ത് അനുസരിച്ചുള്ള ക്രമങ്ങൾ ഇപ്പോൾതന്നെ ഞങ്ങളുടെ സഭയിൽ നടപ്പുണ്ട്.

കൂടാതെയും 1844-ൽ റോമിൽ അടിച്ച ഞങ്ങളുടെ കുർബാന തക്സായിൽ കുർബാനയിൽ ആരംഭത്തിലുള്ള ഏവൻഗേലിയൻ അല്ലാതെ കുർബാനയുടെ അവസാനത്തിൽ "ആദിയിൽ വചനം ഉണ്ടായിരുന്നു..." എന്നു തുടങ്ങുന്ന യോഹന്നാന്റെ സുവിശേഷത്തിൽ നിന്നുള്ള വായന കൊടുത്തിട്ടില്ല. എന്നാൽ മറ്റു സുറിയാനി റീത്തുകളിലും കൽദായ റീത്തിൽതന്നെയും മറ്റു സ്ഥലങ്ങളിൽ ഈ വായന പതിവുണ്ട്.

സാധാരണ ദിവസങ്ങളിൽ ധൂപത്തിന്റെ ഉപയോഗം വളരെയധികം വിഷമങ്ങൾ സൃഷ്ടിക്കുന്നുണ്ട്.


ആകയാൽ വലിയാഴ്ചത്തെ ശുശ്രൂഷക്രമം ഉപയോഗിക്കുന്നതിനും കുർബാനയിൽ രണ്ടാമത്തെ സുവിശേഷം വായിക്കുന്നതിനും വിശേഷ ദിവസങ്ങളിൽ ആഘോഷമായ കുർബാനയിൽ ഒഴിച്ചു ധൂപത്തിന്റെ ഉപയോഗം ഉപേക്ഷിക്കുന്നതിനും, ആണ്ടുവട്ടം മുഴുവനിലുമുള്ള കാനോന നമസ്ക്കാരം ജപിക്കുന്നതിനും അനുവദിക്കണമെന്നു ഞങ്ങൾ അങ്ങയോടു വിനീതമായി അപേക്ഷിക്കുന്നു.

ഇപ്പോഴാകട്ടെ ഞങ്ങൾ ഓർമ്മദിവസങ്ങളിലെ കുർബാന അർപ്പിക്കുകയും ആഴ്ചപ്പടിയുള്ള നമസ്ക്കാരം ജപിക്കുകയുമാണു ചെയ്യുന്നത്.

മേൽപ്പറഞ്ഞ അനുവാദങ്ങളെല്ലാം പരിശുദ്ധ സിംഹാസനത്തിൽ നിന്നും വാങ്ങിച്ചുതരണമെന്നു എളിമയോടെ ഞങ്ങളപേക്ഷിക്കുന്നു.

അരൂപിയിൽ അങ്ങയുടെ കരം ചുംബിച്ചുകൊണ്ടും അങ്ങയുടെ പൈതൃകാശീർവ്വാദം ഞങ്ങളുടെ മേൽ ഉണ്ടാകണമെന്നു അപേക്ഷിച്ചു കൊണ്ടും അങ്ങയുടെ പ്രാർത്ഥന അഭ്യർത്ഥിച്ചുകൊണ്ടും നിർത്തുന്നു.

കൂനമ്മാവ് സെന്റ് ഫിലോമിനാ ആശ്രമത്തിൽ നിന്ന്
പ്രിയോർ കുര്യാക്കോസ് ഏലിയാ.
1869 മെയ് 31



## II/5


# 1869 –ൽ ചാവറയച്ചൻ പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ അദ്ധ്യക്ഷൻ അലക്സാണ്ടർ ബർണബോയ്ക്കെഴുതുന്ന വേറൊരു കത്ത്

ഈ എഴുത്തിന്റെ മൂലം ലത്തീനാണ്. 1875 ഡിസംബർ 27-ാം തീയതി വരാപ്പുഴ വികാരി അപ്പസ്തോലിക്ക ലെയൊനാർദ് മെത്രാപ്പോലീത്ത ഒരാമുഖക്കുറിപ്പോടുകൂടി പ്രൊപ്പഗാന്ത തിരുസംഘത്തിലേക്കു പ്രസ്തുത എഴുത്തിന്റെ പകർപ്പ് അയച്ചു കൊടുത്തു. ഈ പകർപ്പാണ് (Scrit. rif. mal. 1862-67, f. 314) നമ്മുടെ കൈവശമുള്ളത്. പകർപ്പായതിനാൽ എഴുത്തിൽ ഒപ്പില്ല.

ഒപ്പില്ലെങ്കിലും ചാവറയച്ചന്റേത് എന്നു വിചാരിക്കാൻ ന്യായമുണ്ട്. കാരണം, പഴയപറമ്പിൽ ലൂയിസ് മെത്രാനച്ചൻ തന്റെ ഒരു പുസ്തകത്തിൽ പറയുന്നുണ്ട്; ചാവറയച്ചൻ ഈ ആശയം ഉൾക്കൊള്ളുന്ന ഒരെഴുത്തു തിരുസംഘത്തിലേക്ക് അയച്ചിരുന്നുവെന്ന് (An Account of a Most Important Period in the History of the Malabar Church, p. 4). ഏതാനും സുറിയാനിക്കത്തോലിക്കർ ചേർന്നു 1875-ൽ മാർപാപ്പയ്ക്കെഴുതുന്ന ഒരപേക്ഷയിലും ചാവറയച്ചന്റെ മേൽപ്പറഞ്ഞ രീതിയിലുള്ള ഒരെഴുത്തിനെപ്പറ്റി പറയുന്നുണ്ട്.

അതിനാൽ മൂലപ്രതി നമുക്ക് ലഭിച്ചിട്ടില്ലെങ്കിലും എഴുത്തിന്റെ വിശ്വസനീയതയെപ്പറ്റി സംശയിച്ചിട്ടാവശ്യമില്ല. 1869-ൽ ലെയൊനാർദ് മെത്രാപ്പോലീത്തായോടൊപ്പം റോമിനു പുറപ്പെട്ട ലെയോപ്പോൾദ് മിഷനറി വഴിയായിരിക്കണം ഈ എഴുത്തു അയച്ചുകൊടുത്തത്.

സുറിയാനിക്കാർക്ക് സ്വന്തം മെത്രാനെ പിന്നീടു കൊടുക്കുന്നതിനു ഈ എഴുത്തു തിരുസംഘത്തെ വളരെ സ്വാധീനിച്ചിട്ടുണ്ട്. അതേസമയം അതു വരാപ്പുഴയിൽ വലിയ കോളിളക്കമുണ്ടാക്കി. ചാവറയച്ചന്റെ പേരിൽ ലെയൊനാർദ് മെത്രാപ്പോലീത്തായ്ക്കു നീരസം ജനിക്കുന്നതിനു കാരണവും ഈ എഴുത്തുതന്നെയാകുന്നു (cfr. പാറപ്പുറം വർക്കിച്ചന്റെ നാളാഗമം കൈയെഴുത്ത് P. 1015).



# പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ അദ്ധ്യക്ഷൻ അലക്സാണ്ടർ ബർണബോയ്ക്ക്

അങ്ങയുടെ ഏറ്റവും എളിയ വിധേയത്വമുള്ള മകൻ വരാപ്പുഴ വികാരിയാത്തിലുള്ള എല്ലാ ആശ്രമങ്ങളുടേയും പ്രിയോർ കുര്യാക്കോസ് ഏലിയ, സീറോമലബാർ സഭയിലെ എല്ലാ ഇടവക വൈദികരുടെയും സന്യാസ വൈദികരുടെയും നല്ല ആലോചനയാൽ പ്രചോദിതനായി ശുദ്ധമനഃസാക്ഷിയോടെ ചില വസ്തുതകൾ അങ്ങയെ അറിയിക്കുവാൻ ആഗ്രഹിക്കുന്നു.

ഇവിടെ വിശ്വാസികളുടെ ഇടയിൽ യാതൊരുവിധ ഭിന്നതയോ സഭാകാര്യങ്ങളിൽ അഭിപ്രായവ്യത്യാസമോ ഇല്ല. കാരണം മലബാറിൽ ഞങ്ങളുടെ അടുക്കൽ എത്തിയിരുന്ന കൽദായക്കാരുടെ പ്രത്യേകിച്ച് തോമ്മാ റോക്കോസ് മെത്രാന്റെ വാക്കുകളും പ്രവർത്തികളുംമൂലം അവരുടെ വഞ്ചനയും സൂത്രവും അത്യാഗ്രഹവും എല്ലാവർക്കും നന്നായി അറിവുള്ളതാണ്. ഇപ്പോൾ അവർ സമാധാനത്തിൽ ജീവിക്കുന്നുവെങ്കിലും അനുഭവത്തിൽനിന്നും പറയുവാൻ സാധിക്കും, അധികംനാൾ ഈ നില തുടരുകയില്ലെന്ന്. അവരുടെ സമാധാനം അല്പംപോലും ഭംഗപ്പെടുന്നില്ലെങ്കിലും, അല്പം അയഞ്ഞ ജീവിതം നയിക്കാൻ ആഗ്രഹിക്കുന്ന ചിലരുടെ മനസ്സിൽ കലഹങ്ങളെക്കുറിച്ചുള്ള ചിന്ത വരാൻ സാധ്യതയുണ്ട്.

ഞങ്ങൾ തോമ്മാശ്ലീഹായിൽ നിന്നും വിശ്വാസം സ്വീകരിച്ച മാർതോമ്മാ ക്രിസ്ത്യാനികളാണ്. അനേകം കൊല്ലങ്ങളായി ഞങ്ങൾക്കു സ്വന്തം മെത്രാനില്ല. എന്നാൽ ഈ അടുത്തകാലങ്ങളിൽ വിശ്വാസം സ്വീകരിച്ചവർക്ക് അവരുടെ സ്വന്തം മെത്രാനുണ്ട്. അതുകൊണ്ട് സ്വന്തം റീത്തിൽപ്പെട്ട മെത്രാനെ ലഭിക്കുന്നതിനായി നമുക്ക് ബാബേലിനെ ആശ്രയിക്കാം. ഇങ്ങനെയുള്ള ഒരു അസൂയയാൽ പ്രേരിതരായി അവസരം കിട്ടുമ്പോൾ അവർ ബാബേലിലേക്ക് പോകും. ചുരുങ്ങിയപക്ഷം എഴുത്തുകൾ വിഴിയായിട്ടെങ്കിലും അത്യാഗ്രഹികളായ ആ ആളുകൾ പ്രസ്തുത അപേക്ഷ സ്വീകരിക്കുകയും ചെയ്യും.

അതുകൊണ്ട് അത്യുന്നത തിരുമേനി, നല്ലതെന്നു എനിക്കു തോന്നുന്ന ഒരു സംഗതി അറിയിക്കുകയാണ്. ഇവിടെ രണ്ടു മെത്രാന്മാർ ഉണ്ടാകുന്നതു വളരെ നല്ലതാണ്. ഒന്നു ലത്തീൻ സഭയ്ക്കും മറ്റേത് സുറിയാനി സഭയ്ക്കും. ഇങ്ങനെ സ്വന്തം മെത്രാനുണ്ടാകണമെന്നുള്ള ആഗ്രഹം ഇല്ലാതാകും. അങ്ങനെ ബാബേലുമായുള്ള ബന്ധം അവസാനിക്കും.

ഇതു ഉപകാരപ്രദമായിരിക്കുമെന്നു മാത്രമല്ല, യാക്കോബായക്കാരെന്നു അറിയപ്പെടുന്ന അകത്തോലിക്കർ ഞങ്ങളുടെ രക്തസംബന്ധികളും ബന്ധുക്കളുമായി അനേകരുണ്ട്. തങ്ങളുടെ ശീശ്മ ഉപേക്ഷിച്ചു കത്തോലിക്കാ ഐക്യത്തിലേക്കു തിരിച്ചുവരാനും ഇതു വളരെ സഹായിക്കും.

# മൂന്ന്

# മെത്രാന്മാർക്കെഴുതിയിട്ടുള്ള കത്തുകൾ

ബ. ചാവറയച്ചൻ മെത്രാന്മാർക്കായി എഴുതിയിട്ടുള്ള പത്തു കത്തുകളാണ് നമുക്കു ലഭിച്ചിട്ടുള്ളത്. വരാപ്പുഴ വികാരി അപ്പസ്തോലിക്കായുടെ നിർദ്ദേശപ്രകാരം ചാവറയച്ചൻ പള്ളികളിൽ വിചാരണ ചെയ്തയക്കുന്ന റിപ്പോർട്ടുകളാണ് ഇവയിൽ എട്ടെണ്ണം. ശേഷിച്ച രണ്ടു കത്തുകൾ ഓരോ പ്രത്യേക കാര്യത്തിന് അനുവാദം അപേക്ഷിച്ചുകൊണ്ട് മെത്രാന്റെ പേർക്കയച്ചിട്ടുള്ളതാണ്. കത്തുകളുടെ ചുവട്ടിൽ തന്നെയാണു വികാരി അപ്പസ്തോലിക്കാ മറുപടി കുറിച്ചിരിക്കുന്നത്. അതിനാൽ ചാവറയച്ചന്റെ കത്തുകളോടൊപ്പം പ്രസ്തുത മറുപടികളും ഞങ്ങൾ പ്രസിദ്ധപ്പെടുത്തുന്നു.

ഈ കത്തുകളുടെ മൂലം മാന്നാനത്ത് ഇന്നും സൂക്ഷിച്ചിട്ടുണ്ട്.

III/1

# വരാപ്പുഴ വികാരി അപ്പസ്തോലിക്ക ലുദൊവിക്കോസ് മെത്രാപ്പോലീത്തായ്ക്ക് 1846 മീനം 29 -ാം തീയതി കുമരകം പള്ളിയെ സംബന്ധിച്ച് ചാവറയച്ചൻ വിചാരണ ചെയ്ത് അയയ്ക്കുന്ന റിപ്പോർട്ട്

എത്രയും പെരീകെ പെരീകെ ബഹുമാനപ്പെട്ട മലയാളമൊക്കയുടെയും വികാരി അപ്പസ്തോലിക്കായും മാഡംപിയും ശുദ്ധമാന മാർപാപ്പയുടെ വീട്ടധികാരിയും തന്റെ സിംഹാസനത്തിന്റെ ശുശ്രൂഷക്കാരനും ആയ ശീശ എന്ന ദിക്കിന്റെ മെത്രാപ്പോലീത്താച്ചനെ അരികത്തു നില്ക്കുന്ന പട്ടക്കാര് വായിച്ചു ബോധിപ്പിക്കേണ്ടും അവസ്ഥ.

ബഹുമാനപ്പെട്ട അച്ചന്റെ ശുശ്രൂഷക്കാരൻ ചാവറ കുറിയാക്കോസ് കത്തനാരെ കുമരകത്തു സംഗതിക്ക് ആ കരക്കാരു കൊണ്ടു വന്നിരിക്കുന്ന പതിവും തിരീവും കൊടുത്തയയ്ക്കുന്നു എന്നു ആയതു പരമാർത്ഥമുള്ളതോ അതുംപ്രകാരമായാൽ മതിയോ എന്നും വിചാരണകഴിച്ചു എഴുതി ബോധിപ്പിച്ചുകൊള്ളണമെന്നും കൊടുത്തയച്ച കല്പനപ്രകാരം ഞാൻ വിചാരണ കഴിച്ചാറെ ആ തിരുവിൽ ഒര വകാശിയും കൂടെ കൈ ഒപ്പിടുവാൻ ഉണ്ടായിരുന്നാറെ ആയതും കഴിപ്പിച്ച അതു ഉള്ള വസ്തുക്കൾ ഒക്കെയും ഇവരെ ഏൾപ്പിച്ച നടപ്പിനെ അവരെകൊണ്ടു ഇവിടെ കച്ചീട്ടും വൈപ്പിച്ച ആ വര്യൊലയും കച്ചീട്ടും ഇതോടുകൂടെ കൊടുത്തയക്കുന്നു. ഇനി ഇവരുടെ കുറ്റവും തീർന്നു പള്ളിനടപ്പിന്ന് ഒരു പട്ടക്കാരനെയും കല്പിച്ചാക്കിയാൽ ദൈവസഹായത്താൽ കുഴപ്പം കൂടാതെ നടക്കുമെന്നെനിക്കും തോന്നിയിരിക്കയാൽ ആയതിനും മറ്റും ഏതെല്ലാം പ്രകാരം വേണ്ടു എന്നും മനഗുണമുള്ള കല്പനയുണ്ടാവാറാകണമെന്നും ഞാനും അപേക്ഷിക്കുന്നു.

ഇശാ ചൊൽവിളി ശുശ്രൂഷക്കാസ്തമായിരിക്കുന്ന എന്റെ മെൽവാഴുവും ശെമൊർത്തും ഉണ്ടാവാറാകണമെന്നും അപേക്ഷിച്ചും കൊണ്ട് 1848 മീനമാസം 13-ാം തീയതി.

**(മറുപടി:)**

ഇപ്രകാരമായാൽ മതിയെന്നു താൻ നിശ്ചയിച്ചു. എങ്കിൽ ഈ പള്ളിവെഞ്ചരിച്ച് അതിൽ ചെല്ലുന്നതിനും അതിലുൾപ്പെട്ടുള്ള സീസു മാർത്തിക്കുംമാരുടെ കുറ്റംപോക്കികൊള്ളണമെന്നതിനും ചെമ്മാച്ചന്റെയും മഹറോൻ പോക്കികൊള്ളണമെന്നും, നല്ലതിൻ ഒരു പട്ടക്കാരനെ അന്നഷിച്ചു ഈരിണ്ട വികാരിക്കടുത്ത മുഷ്ക്കരത്തും അയക്കുകൊടുത്തു അവിടെ ഇരുന്നു കൊള്ളുന്നതിനും, വേണ്ടുന്ന മുഷ്കരത്വം തനിക്കു ഞാൻ തന്നിരിക്കുന്നു.

ഇതു വരാപ്പുഴനിന്നും 1848 കാലം മീനം 29-ൽ പ്ര: ലുദൊവിക്കോസു മെത്രാപ്പോലീത്താ.

Fr. Ludovico Arcebisp. V. apostolico.

## III/2

# വരാപ്പുഴ വികാരി അപ്പസ്തോലിക്ക ലുദൊവിക്കോസ് മെത്രാപ്പോലീത്താ സമക്ഷം ചാവറയച്ചൻ വിചാരണചെയ്തു സമർപ്പിക്കുന്ന വേറൊരു റിപ്പോർട്ട്

*(പൂഞ്ഞാർ പള്ളിയിടവകയിൽ ഒരു ഭിന്നതയെ സംബന്ധിക്കുന്ന റിപ്പോർട്ടാണിത്).*

എത്രയും പെരികെ പെരികെ ബഹുമാനപ്പെട്ട മലയാളമൊക്കെയുടെയും വികാരി അപ്പസ്തോലിക്കാ ആയ വരാപ്പുഴ മെത്രാപ്പോലീത്താച്ചനെ അരികത്തുനില്ക്കുന്ന പട്ടക്കാര് വായിച്ചു ബോധിപ്പിയ്ക്കെണ്ടും അവസ്ഥ.

ബ. അച്ചന്റെ ശുശ്രൂഷക്കാരൻ ചാവറ കുറിയാക്കോസ് കത്തനാര കുറി രാമപുരത്തപള്ളി എടവകക്കാരൻ കച്ചിറമറ്റത്തിൽ തൊമ്മാക്കത്തനാരും അയാളുടെ അപ്പനും കൂടി പള്ളിമുറിയുടെ താഴെത്തു ബലംപ്രമാണിച്ചു മുറിയിൽ പാർപ്പാനായിട്ടു വഴക്കുണ്ടാക്കുന്നു എന്നും എഴുതി ബോധിപ്പിച്ച വിചാരണ കഴിച്ചതൊക്കൊലും വായിപ്പിച്ചു എംകിലും അയാളുടെ അപ്പന്റെ കുറ്റം തീർന്നില്ലെന്നും മുറികൊടുക്കാത്തതിമ്മെലും വീണ്ടും അയാൾ സങ്കടം ബോധിപ്പിച്ചതിന്നു

വരുത്തെണ്ടുന്നവരെ വരുത്തി വിചാരണ ചെയ്ത പരമാർത്തത്തിന്നു എഴുതി ബൊധിപ്പിക്കണമെന്നും ഇനിയ്ക്കു കല്പനവന്ന സംഗതിയ്ക്കു ഞാൻ അവരെ വരുത്തി വിചാരണ ചെയ്താറെ കണ്ട ന്യായം ബോധിപ്പിക്കുന്നു.

പള്ളിക്കു ബുദ്ധിമുട്ടുചെയ്തു ഉത്സാഹിയ്ക്കുന്നതിന്നു നന്നിയുള്ള മറുപകാരം ചെയ്വാൻ ന്യായമായിരിക്കുന്നു എന്നും ചില കല്പനകൾ ഉണ്ടായിട്ടുള്ളതാകയാൽ ഈ ആളിന്റെ കാരണൽ പള്ളിയ്ക്കു ഏറെ ബുദ്ധിമുട്ടിയിരിക്കുന്നു എന്നും ഈ വഴക്കുന്നു പറയുന്ന മുറിയും ആ ദേഹം പണിയിച്ച അതിൽ ഈയാളുടെ കാരണവൻ പാർത്തിരുന്നു എന്നും ഉള്ള ന്യായത്താൽ ഈയാൾക്കു പാർപ്പാൻ കൊടുപ്പാൻ ന്യായമാകുന്നു. എന്നാൽ ഇതിനു മുമ്പിൽ രണ്ടു മൂന്നു പട്ടക്കാര് ചൊല്ലിവന്ന ചോദിച്ചാറെ കൊടുത്തില്ല എന്നിരിക്കുംപോൾ ഈയാൾ കൊടുക്കുംപോൾ മറ്റവർക്കു സംകടമുണ്ടാകുന്നതാകുന്നു എന്നും പള്ളിയിൽ പെരുന്നാൾ അടിയന്തിരത്തിന്നദിഷ്ടതി[1] എന്നും കൈക്കാരരൊട തനിച്ച ചോദിക്കയും അനുസരിക്കുകയും ചെയ്തതല്ലാതെ സ്വരുമിച്ച വിഗാരിയും കൂടി പാർപ്പാനായി നിയമിച്ചു കൊടുത്തിട്ടില്ലാത്തതിനാലും ഇപ്പോൾ ഈയാൾക്കതന്നെ കൊടുപ്പാൻ ന്യായമെന്നു വിധിപ്പാൻ തെളിഞ്ഞ ഞായം കാണുന്നില്ല എംകിലും ഇനി ഒരുത്തനെ കൊടുപ്പാൻ സംഗതി വരുന്നു എംകിൽ അന്ന് ഈയാൾക്കു കൊടുപ്പാനും ഇപ്പോൾ മറ്റ ഒഴിവുള്ളതിൽ തെളിഞ്ഞ ഒരു മുറി കൊടുപ്പാനും തക്കവണ്ണം ഉറപ്പുള്ള കല്പനയുണ്ടാകുവാനും പുത്തൻകുർബാനയ്ക്ക് ഈ മുറിയുടെ താക്കൊൽ ഇയാൾക്കു കൊടുത്താറെ ആ താക്കൊൽ കൊടുത്തതിൻവണ്ണം വാങ്ങിക്കാതെ രഹസ്യമായി എടുക്കയാലും എടുത്തു എന്നുള്ളത് പരസ്യമായി അറിവിക്കാതെയും ഇരിക്കയാൽ വാങ്ങിച്ച താക്കൊൽ പൊയി എന്നുള്ള ഭാഷയ്ക്കു വെർവിട്ട താക്കൊൽ തീർപ്പിച്ചു തുറന്നിരിക്കുന്നതിനെ ബലം ധരിച്ച താഴെ എടുത്തിരിക്കുന്നു എന്നു എഴുതീ ബൊധിപ്പിച്ചതും മുഴുവനും പരമാർത്ഥമല്ലായ്കയാൽ അതു മുഖാന്തിരത്തിൽ കത്തനാരച്ചന്റെ അപ്പന ചൊല്ലിയ കുറ്റം തീർപ്പാനും മുറിയിനി ഒരാൾക്കു കൊടുപ്പാൻ ഇടവരുമെംകിൽ അന്ന് ഇയാൾ പാർക്കുന്ന മുറി അയാൾക്കു കൊടുപ്പിച്ച വഴക്കുമുറി ഇയാൾക്കും കൊടുപ്പാൻ ന്യായമെന്നുള്ള ഉറപ്പു വരുത്തിക്കൊടുക്കുവാനും ന്യായം എന്നിനിയ്ക്കു തൊന്നുന്നു.

---

1. *ആവശ്യം എന്നർത്ഥം.*

ഇനി ബ. അച്ചന്റെ മനഗുണമുള്ള കല്പനയ്ക്കു പാർക്കുന്നു ഇത വാഴുവും ചെർമ്മൊത്തും അപേക്ഷിച്ചുംകൊണ്ട് 1851-ാം കാലം മീനമാസം 2-ാം നു.

**(മറുപടി:)**

ഇ സംഗതി വിചാരണ കഴിയ്ക്കുന്നതി തനിയ്ക്കു നാം കല്പന കൊടുത്തയച്ചതു ഈ ഉണ്ടാക്കിയിരിക്കുന്ന വിവഹാരത്തിൽ[1] കുറ്റക്കാരു ആരെന്നറിഞ്ഞ നമ്മെ ബന്ധിപ്പിയ്ക്കുന്നതിനും ആകുന്നു. ആ വിവരം താൻ നമ്മെ അറിവിയ്ക്കുന്നില്ല എന്നതുകൊണ്ടു വിഗാരി മുതലായവരുടെ പെരിലൊ കുറ്റം തൊമ്മാകത്തനാരുടെയും അയാളുടെ അപ്പന്റെയും പെരിലൊ എന്ന കാര്യത്തിന്ന കുറ്റം എന്നുതീർച്ചവരുത്തുന്നതിനു താൻ ബോധിപ്പിയ്ക്കണം. മുറി പലതുണ്ടായിരുന്നാൽ വിഗാരിയ്ക്കു ബൊധിച്ച മുറിയിൽ വിഗാരി പാർക്കണം. പിന്നെ ഉള്ള മുറികളിൽ നല്ലതായിരിക്കുന്നതിൽ മുൻപു പട്ടമേറ്റവരുവേണം പാർക്കാൻ. ഈ ചട്ടം നില്ക്കപ്പെട്ടതായിട്ട എല്ലായിടത്തിലും നടക്കണം.

ഇത വരാപ്പുഴനിന്നും 1851
പ്ര. ജ. ദൊവിക്കൊസു മെത്രാപൊലീത്ത
Fr. Ludovic arcebispo.

## III/3

# വരാപ്പുഴ വികാരി അപ്പസ്തോലിക്ക ലുദൊവിക്കോസ് മെത്രാപ്പോലീത്തായ്ക്ക് അയക്കുന്ന അപേക്ഷ

(പരിശുദ്ധ കുർബാനയുടെ പ്രദക്ഷിണം നടത്തുന്നതിനുള്ള അനുവാദത്തിനപേക്ഷിക്കുന്നു.)

എത്രയും പെരികെപ്പെരികെ ബഹുമാനപ്പെട്ട മലയാളമൊക്കയുടേയും വിഗാരി അപ്പസ്തോലിക്ക ആയ വരാപ്പുഴ മെത്രാപ്പോലീത്താച്ചനെ അരികത്തു നിൽക്കുന്ന പട്ടക്കാര് വായിച്ചു ബോധിപ്പാൻ വരുന്ന കടലാസ്.

---

*1. വഴക്ക് എന്ന് അർത്ഥം.*

എത്രയും പെരികെ ബഹുമാനപ്പെട്ട മലയാളമൊക്കെയുടെയും പ്രൊ. വിഗാരി അപ്പസ്തോലിക്ക ആയ പ്ര ബെർണദീനോസ് മെത്രാനച്ചനെ അരികത്ത നിൽക്കുന്ന പട്ടക്കാര വായിച്ച ബോധിപ്പിക്കേണ്ടും അവസ്ഥ.

ബ. അച്ചന്റെ ശുശ്രൂഷക്കാരൻ ചാവറ കുറിയാക്കോസ് കത്തനാര കുറി.

ഞങ്ങളുടെ ഈ കൊവെന്ത പള്ളിയിൽ ആണ്ടുതോറും വൃശ്ചിക മാസം 21-ാം നു റൊസാരി മാതാവിന്റെ[1] തിരുനാൾ പട്ടക്കാരും ശമ്മാശന്മാരും കൂടി ഘോഷിച്ചുവരികയാലും ഇതിനാമുമ്പിലും അനുവാദം വാങ്ങിച്ച ശു. കുർബാന പുറത്തൊട്ട എഴുന്നള്ളിച്ചു വന്നിട്ടുള്ളതാകയാലും ഈ ആണ്ടിലും അപ്രകാരം എഴുന്നള്ളിക്കണമെന്നും ആഗ്രഹമായിരിക്കയാൽ ബ. അച്ചന്റെ മനോഗുണമുണ്ടായി ആയതിനുള്ള അനുവാദം തരുമാറാകണമെന്നും ഞാൻ അപേക്ഷിക്കുന്നു.

ഇത ചൊൽവിളിക്ക ശുശ്രുഷയ്ക്കാസ്തമായിരിക്കുന്ന എന്റെമെൽ വാഴുവും ചെമ്മൊർത്തും ഉണ്ടാവാറാകണമെന്നു അപേക്ഷിച്ചുകൊണ്ട് 1852-ാം കാലം തുലാമാസം 19.

**(മറുപടി)**

ഇതിൽ ബൊധിച്ചിരിക്കുന്ന മേലെഴുതിയ പെരുനാൾ ദിവസത്തിൽ ശു. കുർബാന സ്ഥാപിച്ച പുറത്തൊട്ടു എഴുന്നള്ളിച്ച വരുന്നത കീൾമര്യാദ ആയ ചട്ടമായിരിയ്ക്കുമെങ്കിൽ അപ്രകാരംതന്നെ ഈയാണ്ടിലും ആ ദിവസത്തിൽ എഴുന്നള്ളിക്കുന്നതിന്ന ഇതിനാൽ നാം അനുവദിക്കുന്നു. = ഈ എടത്തിൽ ശു. കുർബാന എഴുന്നള്ളിച്ച സ്തുതി കൊണ്ടാട്ടം ചെയ്യുന്നതുംകൽ ഏറ്റ്യ അനാജാരഭക്തി മറകട്ടിന്നിടവരുന്ന വിവരവും ബോധിച്ചിരിക്കുന്നതുമാകുന്നു എന്നു ഓർപ്പിക്കുന്നു. ഇത വരാപ്പുഴനിന്നും 1852-വൃശ്ചികമാസം 3-ന് പ്ര. ബെർണർദുദീനൊസു മെത്രാൻ.

Fr. Bernadino പെ. ബ. മാങ്കളൂർ മെത്രാൻ അച്ചന്റെ വക കുർബാ സംഗതിയുടെ ഒതുക്കം വരുത്തെണ്ടുന്നതിനെപ്രതി താൻ എംകിലും അല്ലാതെ തന്റെ പേർക്കു ഒരു ആളെന്നായും നമ്മുടെ മുൻപാകെ വന്നു കൊൾകയും വേണം.

1. *കൊന്തമാതാവിന്റെ എന്നർത്ഥം.*

## III/4

# 1852 നവംബർ 8 –ാം തീയതി വികാരി അപ്പസ്തോലിക്ക ബർണർദീനോസ് മെത്രാന് എഴുതുന്ന ഒരു കത്ത്

എത്രയും പെരികെ പെരികെ ബഹുമാനപ്പെട്ട മലയാളമൊക്കെയുടെയും പ്രൊ വിഗാരി അപ്പസ്തോലിക്ക ആയ പ്രെം ബർണ്ണർദീനോസ് മെത്രാനച്ചനെ അരികത്തു നിൽക്കുന്ന പട്ടക്കാരു വായിച്ചു ബോധിപ്പിയ്ക്കെണ്ടും അവസ്ഥ.

= ബ = അച്ചന്റെ ശുശ്രൂഷക്കാരൻ ചാവറ കുറിയാക്കോസ് കത്തനാർ കുറി. ഇവിടെ പട്ടം ഏൾക്കുന്നതിനും ചെമ്മാച്ചന്മാരുണ്ടായിരിക്കയാൽ ഈ അവധിക്ക പട്ടം കൊടുക്കുന്നൊ എന്നും, കൊടുക്കുന്നു എംകിൽ ഏതെല്ലാം പട്ടം കൊടുക്കുന്നു എന്നും അറിവാൻ ആഗ്രഹിയ്ക്കയാൽ എഴുതി കൊടുത്തയയ്ക്കുന്നു.

= ബ = അച്ചന്റെ മനോഗുണമുണ്ടായിട്ട് ഇതിന്റെ മറുപടി കൊടുത്തയപ്പാറാകണമെന്നും ഞാൻ അപേക്ഷിക്കുന്നു.

ഈ ചൊല്ലിവിളിക്കും ചിറ്റാണ്മയ്ക്കും ആസ്തമായിരിക്കുന്ന എന്റെമേൽ വാഴും ചമ്മൂർത്തും ഉണ്ടാകുമാറാകണമെന്നും അപേക്ഷിച്ചുംകൊണ്ട് – 1852 വൃശ്ചികമാസം 6–ാം തീയതി.

**(മറുപടി)**

ഈ അവുധിയ്ക്കു പട്ടം കൊടുക്കുന്നൊണ്ടോ എന്നും മറ്റും ഇതിൽ ബോധിപ്പിച്ചിരിയ്ക്കുന്ന സംഗതിയ്ക്കു കൂദാശപട്ടം മാത്രം കൊടുക്കുന്നതിനു നാം ഭാവിച്ചിരിയ്ക്കുന്നു. അതായത ആറാം പട്ടം മുതൽ കുർബാനപട്ടം വരയ്ക്കമുള്ളതാകുന്നു. പുളിങ്കുന്നു പള്ളിയുടെ വിഗാരിയെക്കൊണ്ടു ബോധിപ്പിച്ചിരിയ്ക്കുന്ന കാര്യത്തിൽ വിസ്താരം ഏതു പ്രകാരമെന്നും അതുമ്മെൽ വിസ്തരിച്ച മശാനൊ ഏതു പ്രകാരമെന്നും വീണ്ടും ഇവിടെ നമ്മുടെ മുമ്പാകെ ആവത വിസ്താരം കൊടുത്തയയ്ക്കാമെന്നും കെൾവിയുള്ളതാകയാൽ ആ വകയ്ക്കുള്ള മുൻ ആവലാതി കൊടുത്തയപ്പാൻ കൂടെയും വെണ്ടിയിരിയ്ക്കുന്നു. ഇതു വരാപ്പുഴ നിന്നും 1852 വൃശ്ചികമാസം 8–ാംനു പ്രൊ. ബെർണർദീനൊസു മെത്രാൻ.

Fr. Bernadino Bipo.

## III/5

# 1853 ജനുവരി 20–ാം തീയതി വരാപ്പുഴ വികാരി അപ്പസ്തോലിക്ക ബർണർദീനോസ് മെത്രാനച്ചന് ചാവറയച്ചൻ വിചാരണ ചെയ്തു അയക്കുന്ന ഒരു റിപ്പോർട്ട്

എത്രയും പെരിയ ബഹുമാനപ്പെട്ട മലയാളമൊക്കെയുടെയും കൊഅദുയുത്തോര് വികാരി അപ്പസ്തോലിക്കാ ആയ പ്രൊ. ബർണർദീനോസ് മെത്രാനച്ചനു അരികത്തു നിൽക്കുന്ന പട്ടക്കാര് വായിച്ചു ബോധിപ്പിക്കേണ്ടും അവസ്ഥ.

ബ. അച്ചന്റെ ശുശ്രൂഷക്കാരൻ ചാവറ കുറിയാക്കോസ് കത്തനാര് കുറി. പൈങ്ങളത്തു പള്ളി എടവകക്കാരൻ കുന്നത്തെട്ട ബ. തൊമ്മൻ കത്തനാരച്ചൻ അതിരംപുഴപള്ളി എടവകയിൽ പഴയപുരയ്ക്കൽ ലൂക്കാ എന്നവന്റെ അമ്മയ്ക്കു സ്ത്രീധനം കിട്ടിയിരുന്ന കാതിലയും തളയും ഈ ദേഹത്തിന്റെ പെങ്ങളെ കെട്ടിച്ചയയ്ക്കുന്നതിനായിട്ടു വായ്പ വാങ്ങിച്ചാറെ കൊടുക്കുന്നില്ലെന്നു സംകടം ബോധിപ്പിച്ചാറെ കൊടുക്കുംവരയ്ക്കും അയാളുടെ അംശം മുടക്കിയിരിക്കുന്നുവെന്നും ഉണ്ടായ കല്പനപ്രകാരം അംശം മുടക്കായി പാർത്തുവരികയും ഇപ്പോൾ തൊമ്മാ കത്തനാരച്ചനും സങ്കടക്കാരും കൂടി വന്നു കാര്യംകൊണ്ട വിസ്തരിച്ചാറെ മേലെഴുതിയ തൊമ്മ കത്തനാരച്ചന്റെ അപ്പൻ ഈ കാതിലയും തളയും വാങ്ങിച്ചതും കൊടുത്തിട്ടില്ലാത്തതും നെരു തന്നെ എന്നും ഈ ദെഹം വാങ്ങിച്ചിരിക്കുന്നു എന്നും കൊടുത്തു കൊള്ളാമെന്ന് പറഞ്ഞിരിക്കുന്നു എന്നു പറയുന്നത് നേരല്ലാ എന്നും ആയതല്ലെങ്കിൽ അപ്രകാരം സംകടകാരത്തി സത്യം ചെയ്താൽ ഞാൻ കൊടുത്തുകൊള്ളാമെന്നും സമ്മതിച്ച് തൊമ്മാ കത്തനാരച്ചനും അപ്രകാരം ഈ ദെഹം പറയുംവണ്ണം ഞാൻ സത്യം ചെയ്തു കൊടുക്കാമെന്നും സംകടകാരത്തിയും കച്ചീട്ട എഴുതി വെച്ചിരിക്കയിൽ ആ കച്ചീട്ട രണ്ടും കൂടെയിതൊട്ടു കൊടുത്തയക്കുന്നു–. ഇതിന ഏതല്ലാം പ്രകാരം വേണ്ടു എന്നും.

2–ാമതു തൊട്ടക്കാട്ടുപള്ളിയിൽ മുൻ വിഗാരിയായിരുന്ന ചൊരികുന്നേൽ കൊച്ചുകൊര കത്തനാരച്ചന്റെ അംശം മുടക്കി മാന്നാനത്തിൽ

വന്നു പാർത്ത ധ്യാനം കഴിക്കണമെന്നും ഉണ്ടായ കല്പന പ്രകാരം നടത്തുവാൻ അന്ന് അദ്ദേഹത്തിനു ദീനം അത്യാസന്നം ആയിരുന്നതിനാൽ പ്രാശ്ചിത്തം തികപ്പാൻ പാടില്ലാതെ കിടന്നു- ഇപ്പോൾ ഇവിടെ വന്നു പാർത്തു ധ്യാനവും കുമ്പസാരവും കഴിച്ചിരിക്കുന്നതിനാൽ അംശം മുടക്കു തീർപ്പാകണമെന്നും.

3-ാമതു മലയാറ്റൂർ ചെരാമല്ലൂർ എടവകക്കാരൻ കീഴടത്ത ഇട്ടീരാ കത്തനാരച്ചനും ഇവിടെ വന്നു പാർത്തു ധ്യാനം കഴിച്ചുവരുന്നു.

4-ാമതു കല്പനപ്രകാരം ചുംകത്തിൽ പള്ളിയിൽ ഞങ്ങളിൽ കളപ്പുരയ്ക്കൽ മത്തായി കത്തനാരച്ചനെ അയച്ച ധ്യാനവും കഴിപ്പിച്ച അവിടെയുള്ള വടക്കുംഭാഗക്കാരുടെ സംഗതികൊണ്ടു പറഞ്ഞാറെ അവർക്കു കൈസ്ഥാനം മുതലായത ഒന്നും കീഴിൽ ആ പള്ളിയിൽ നടന്നിട്ടില്ലാത്തതിനാൽ ഇനി കൊടുപ്പാൻ സമ്മതമില്ലെന്നും പിരിഞ്ഞു പോകുന്നതിമ്മേൽ സമ്മതമെന്നും ആയതിനായിട്ട പള്ളിയിൽ നിന്നും ഏതും കൊടുപ്പാൻ വകയില്ലെന്നും തെക്കുംഭാഗരും = പിരിഞ്ഞു പോകുന്നതു സമ്മതമെങ്കിലും ചെറുതായിട്ട് ഒരു കുരിശുപുര വെപ്പാൻ അവർക്ക നിർവാഹമില്ലാത്തതിനാൽ ആയതിനുള്ള വക പള്ളിയിൽ നിന്നും കൊടുക്കണമെന്നും അല്ലെംങ്കിൽ മറുപള്ളിയിൽ കൂടുവാൻ സമീപെ പാടില്ലാത്തതിനാൽ കുരിശുപള്ളി വെയ്ക്കുന്നതിനായി യിന്നു മുതൽ വടക്കുംഭാഗത്തിൽനിന്നുള്ള വരവു വെറെ സൂക്ഷിച്ചു എടുത്തുകൊള്ളത്തക്കവണ്ണം കല്പനയുണ്ടാകണമെന്നും അപേക്ഷിക്കുന്നു. മിതിന്നും ഏതെല്ലാം പ്രകാരം വെണ്ടു എന്നു മനഗുണമുള്ള കല്പനയുണ്ടാകുമാറാകണമെന്നും ഞാൻ അപേക്ഷിക്കുന്നു.

ഈ ചൊൽവിളി ശുശ്രൂഷയ്ക്കാസ്ഥമായി വക്കുന്ന എന്റെമേൽ വാഴ്‌വും ചെമ്മൊർത്തും ഉണ്ടാവാറാകണമെന്നും അപേക്ഷിച്ചു കൊണ്ടും 1853 മകരമാസം 17.

........................... (sd)

....................................

**(മറുപടി)**

തൊമാകത്തനാരുടെ വാമൊഴിപ്രകാരം അയാളുടെ അപ്പനെ കൊണ്ടു ഈ വക ഉരുപ്പടികൾ കൊടുപ്പിച്ചുകൊള്ളുകയും കൊടുക്കാതെ നിൽക്കുന്നു എംകിൽ പള്ളിക്കു പുറത്തു തീരിപ്പിച്ചുകൊൾകയും വെണം. ചൊതിരകുന്നേൽ കെരത കത്തനാർക്ക് കുർബാന ചൊല്ലുന്ന

തിനു നാം അനുവദിച്ചിരിക്കുന്നു. തന്റെ അപേക്ഷപോലെ താൻതന്നെ രണ്ടു അല്ലെങ്കിൽ മൂന്നു പേരെ വടക്കുംഭാഗരിൽ നിന്നും നിശ്ചയിച്ച് ഇന്നുമുതൽ വടക്കുംഭാഗരിൽ നിന്നുള്ള വരവ് അവരെകൊണ്ടുതന്നെ എടുപ്പിച്ച് മുതൽ കൂടി കുരിശുപള്ളി വെയ്ക്കുന്നതിന്ന നാം അനുവദിച്ചിരിക്കുന്നു.

ഇതു വരാപ്പുഴ നിന്നും 1853 മകരം 20-ാം തീയതി പ്രൊ. ബർണർദ്ദീനോസ് മെത്രാൻ.

## III/6

# 1853 നവംബർ 12-ാം തീയതി കല്പന പ്രകാരം ചാവറയച്ചൻ വിചാരണ ചെയ്ത് അയയ്ക്കുന്ന മറ്റൊരു റിപ്പോർട്ട്

(ചില പരാതികളെപ്പറ്റിയുള്ള കല്പന)

എത്രയും പെരികെ ബഹുമാനപ്പെട്ട മലയാളമൊക്കെയുടേയും വിഗാരി അപ്പസ്തൊലിക്കാ ആയ വരാപ്പുഴ മെത്രാനച്ചനെ അരികത്തു നില്ക്കുന്ന പട്ടക്കാരു വായിച്ചു ബോധിപ്പാൻ വരുന്ന കടലാസ.

നാം തന്നെ പൊരികയും ചിലപ്പോൾ പിറ്റെ ദിവസവും ഇങ്ങനെ അയാൾ കുർബാന ചൊല്ല്യമുതൽ നടത്തിവരികയും അപ്പോൾ വിഗാരിക്ക് ദീനം ആയ കാര്യം കെട്ട ദീനത്തിനെ തുണപ്പാന്നായി പോയി പാർക്കയും അപ്പോൾ വന്ന ഞായറാഴ്ച ദിവസങ്ങളിലും ചൊല്ലിട്ടുള്ളതും അല്ലാതെ അയാളേയും അപ്രകാരം തൊമാകത്തനാർ ചില ദിവസം ചൊല്ലുകയും അപ്രകാരം പോലെ മുടക്കം ഉപ്പുറുശുമാ അല്ലാതെ മറ്റു മാസ ഉപ്പുറുശുമാകൾ ഒക്കയും സങ്കടക്കാരുടെ വാമൊഴിപോലെ അവരുതന്നെ നടത്തിവരികയും ചെയിത കണ്ടാറെയും വിഗാരിയുടെ വാമൊഴി കെട്ടാറെ നിജമായി ഒരുത്തരെ ഏല്പിച്ചില്ലത്ത മേലാൽ എഴുതിയ്ക്കനൊരുതന്നെ 2.മത ഉപ്പുറുശുമാക്കു കുരിയാള കത്തനാരച്ചനോടും യൌസേപ്പു കത്തനാരച്ചനോടും പറഞ്ഞാറെ മടപ്പു എന്നു പറഞ്ഞു എന്നു എഴുതിയിരിക്കുന്നത; വിചാരണ കഴിച്ചാറെ അദ്ദേഹത്തിന്റെ വീട്ടിൽ പോയിരുന്നു എന്നും

അദ്ദേഹത്തിന്റെ വാമൊഴിയും ഉപ്പുറുശുമായിക്ക ഒന്നാമത്തെ ആൾവന്ന കപ്പിയാരോടെ പറകയും കപ്പിയാര വന്ന യൗസേപ്പു കത്തനാര അച്ചനോടു പറഞ്ഞു എന്നും അപ്പോൾ കുരിയാള കത്തനാരച്ചൻ മുറിയിൽ ഉണ്ടായിരുന്നു എന്നും അദ്ദേഹത്തിനോടു പറഞ്ഞിരുന്നു. തൊമ്മാ കത്തനാരച്ചനോടു പറഞ്ഞപ്പോൾ ഇവര രണ്ടുപേരൊടും പറഞ്ഞു എന്നും അവരാൽ ഒഴിക ഇല്ലെന്നും പറഞ്ഞു എന്നും പിന്നീട് സധ്യകഴിഞ്ഞാറെ അവൻ പറഞ്ഞില്ലെന്നും പിന്നീടുവന്ന ആളുകളും കുരിയാള കത്തനാരച്ചനെ കാൺകയും പറകയും തിരക്കുകയും ഉണ്ടാ യില്ലന്നും പിറ്റെദിവസവും വിഗാരിയുടെ എഴുത്തു വാങ്ങിച്ചുംകൊണ്ട കൊസമല്ലൂർക്കപോയി പട്ടക്കാരെ അന്വഴിച്ചു എന്നും സാക്ഷി തെളിഞ്ഞത് അല്ലാതെ കായൊള കത്തനാരച്ചനോട പറഞ്ഞ സാക്ഷി കണ്ടില്ല-ഈ സാക്ഷികൾ കെട്ടാറെയും മെലാളിന്റെ വിധി കണ്ടാറയും രണ്ടു ദിവസംവരയും കിടക്കയും മറുദിക്കിൽപോയി അന്വേഷിക്കയും ചെയ്താറയും വീട്ടിൽപോയ കുരിയാള കത്തനാരച്ചനെ കാണുകയും അന്വേഷിക്കയും ചെയ്തില്ല എന്നും കെട്ടാറയും കുരിയാള കത്തനാ രച്ചൻ ഉണ്ടായിരുന്ന നേരത്തിൽ പറയാഞ്ഞതാ എന്നെന്നും കപ്പിയാ രോടു ചോദിച്ചാറെ അവർക്കു മനസ്സുണ്ടായിരുന്നു എംകിൽ പോകാമാ യിരുന്നു എന്നും പറകയാലും കണ്ടുപറഞ്ഞിരിക്കുന്നു എന്നു പറഞ്ഞി രിക്കുന്ന ഒരു സംകടക്കാരൻ കച്ചിയിട്ടെഴുതി വച്ചിരിക്കയാലും കുരിയാള കത്തനാരച്ചൻ ഈ വിവരം അറിഞ്ഞില്ലെന്നു നിശ്ചയിപ്പാൻ പാടില്ല. ആയതിനാൽ ഈ നാലു പട്ടക്കാരും ഈ ദിവസങ്ങളിൽ നടത്തി എംകിലും ചുമതലയായിട്ടു വിഗാരി ഒരുത്തനെ ഏല്പിച്ചില്ല എന്നതും നേരുതന്നെ. ഇവരിൽ കുര്യൻ കത്തനാരച്ചൻ ഉച്ചകുർബാനയും മറ്റു നടത്തി എംകിലും ഈ ദിവസങ്ങളിൽ ആ ഇടത്തിൽ അയാൾ ഇല്ലാഞ്ഞതിനാൽ ഇതിൽ അയാൾ അറികയും ഉൾപ്പെടുകയും ചെയ്തി ല്ലെന്നും തൊമ്മാ കത്തനാരച്ചന് കുമ്പസാരത്തിന് അനുവാദമില്ലാഞ്ഞു എന്നതും ഒള്ളതുതന്നെ. എംകിലും കുറെ ഭയവുംകൂടെ ഉണ്ടായിരി ക്കുമെന്നും തോന്നും. എന്നാൽ പിറ്റെ ദിവസം അയാൾ മറ്റൊരടിയ ന്തരത്തിനു പോയി. അപ്പോൾ യിവർ പൊകഇല്ലങ്കിൽ നടത്തികൊടു പ്പാൻ ദിഷ്ഠതി ഉണ്ടായിരിക്കുമ്പോൾ ഇവരും നടത്തും എന്നുവെച്ച പോയി എന്നും അയാൾ പോയപ്പോൾ കുരിയാള കത്തനാരച്ചൻ മുറിയിൽ വെളിയിൽ ഉണ്ടെന്ന സത്യത്താൽ ഉറപ്പിയ്ക്കാമെന്നും പറയുന്നു. ഇവർക്കു മനസ്സുണ്ടായിരുന്നു എംകിൽ പോകാമായിരുന്നു

എന്നു കപ്പിയാർ പറഞ്ഞതിനാൽ അവർക്കു നടത്തുവാൻ പാടുണ്ടായിരുന്നു എന്നും തെളിയുന്നു. കുഴിക്കാണം വപ്പിക്കാഞ്ഞ സംഗതിക്ക കുഴിക്കാണം ഉപ്പുറുശുമാ മുടക്കിയതിനാൽ വെക്കയില്ലെന്നും ശവം അടക്കുകയില്ലെങ്കിൽ പോലീസിൽ പോകുമെന്നും ഒരനന്തരവൻ പറഞ്ഞു എന്നും അപ്പോൾ ശവം അടക്കി എംകിലും മരിച്ചവന്റെ അനുജൻ കുഴിക്കാണം വയിക്കാമെന്ന് ഏറ്റിരിക്കുന്നു എന്ന് പിന്നീടു ചിലർ മരിച്ചതിനെവച്ച കുഴിക്കാണത്തിൽ ഇതിന്റെ മുതൽകൂടി പിടിപ്പുണ്ടെന്നും അവൻ ഏറ്റിരിക്കുന്നു എന്നും ആയതില്ലെങ്കിലും ഇനി അവരുതന്നെ കുഴിക്കാണം വെച്ചുകൊള്ളാമെന്നും പറഞ്ഞിരിക്കുന്നു.

സംകടം കൂടെ കൊടുത്തയയ്ക്കുന്നു. ഇതു ബ: അച്ചന്റെ ചൊല്ലുവിളിയ്ക്കും ചിറ്റഴ്ചയ്ക്കും അസ്തമായിരിയ്ക്കുന്നു. എന്റെ മേൽ ബ: അച്ചന്റെ വാഴു ഉണ്ടാകണമെന്നും അപേക്ഷിച്ചുകൊണ്ട:

1853 ധനു കാലം വിശ്ചികമാസം 7 ന്.

(Sd/-)

**(മറുപടി)**

ഇതിൽ പറയുന്ന തൊമ്മാ കത്തനാരും ഈ സംഗതി ഇംകൽ വലിയായിട്ടുള്ള കുറ്റക്കാരനാകയാൽ അയാളുടെയും അജി[1]പ്രവർത്തികൾ നാം മുടക്കിയിരിക്കുന്നു എന്നും കുരിയാള കത്തനാരും യൗസേപ്പു കത്തനാരും തോമ്മാ കത്തനാരും കൂടി ഉപ്രിശുമാകൂടാതെ മരിച്ചവന്റെ കുഴിക്കാണം പള്ളിക്ക കൊടുത്തുകൊള്ളണമെന്നും അന്നിരുന്ന വിഗാരി ഇടവക മറ്റൊരു പട്ടക്കാരനെ ഏല്പിക്കാതിരുന്നതു വലിയ കുറ്റമാകയാൽ അറിയിയ്ക്കുന്ന ദിവസംമുതൽ മുപ്പതു ദിവസത്തേയ്ക്കു അയാളുടെ അജപ്രവർത്തി നാം മുടക്കിയിരിക്കുന്നു എന്നും അവരെ അറിയിച്ചു മുടക്കി കൊൾകയും മേലെഴുതിയ മൂവരുംകൂടി കുഴിക്കാണം കൊടുത്തതിന്റെ ശേഷം അവരുടെ മുടക്കുതീർക്കുന്ന വസ്തുതയ്ക്കും ബ: മല്പാൻ നമ്മെ ബോധിപ്പിച്ചു കൊൾകയും വിഗാരി ദീനമായിട്ടു ഇടവക ഒരുത്തരേയും ഏല്പിയ്ക്കാതെപോയ സമയത്തിൽ പെൺകെട്ടു വിഗാരിയുടെ അനുവാദംകൂടാതെ കഴിച്ചിട്ടുണ്ടെംങ്കിൽ ആയതു വാസ്തവമല്ലാത്തതിനാൽ ആ വിവരം തിരക്കി നമ്മെ ബോധിപ്പിച്ചുകൊൾകയും ശവം അടക്കില്ല എംകിൽ സർക്കാരിൽ ബോധിപ്പിയ്ക്കുമെന്നും പറഞ്ഞ് മരിച്ചവന്റെ ശേഷക്കാരൻ സർക്കാരിൽ ബോ

1. *പൗരോഹിത്യ പ്രവർത്തികൾ*

ധിപ്പിച്ചിരുന്നു എംകിൽ മഹറോനിൽ അകപ്പെടേണ്ടതിനു ഇടയുള്ള തായിരിയ്ക്കുന്നു. സർക്കാരിൽ ബോധിപ്പിച്ചില്ലാ എംകിലും അവനു ഒരു ശിക്ഷ കൊടുത്തുകൊൾകയും വേണം. ഇതു വരാപ്പുഴനിന്നും 1853-ാം കാലം വൃശ്ചികമാസം 12-നു പ്രെ. ബർണർദീനോസു മെത്രാൻ.

Fr. Bernardino Bispo.

## III/7

# 1853 നവംബർ 15-ാം തീയതി വികാരി അപ്പസ്തോലിക്ക ബർണർദീനോസ് മെത്രാന് അയക്കുന്ന വേറൊരു റിപ്പോർട്ട്

എത്രയും പെരികെ ബഹുമാനപ്പെട്ട മലയാളമൊക്കെയുടെയും കൊഅദയുത്തൊർ വിഗാരി അപ്പസ്തോലിക്ക ആയ ബർണർദീനൊസ മെത്രാനച്ചനെ അരികത്തുനിൽക്കുന്ന പട്ടക്കാരെ വായിച്ചു ബോധിപ്പിക്കേണ്ടും അവസ്ഥ.

ബ: അച്ചന്റെ ശുശ്രൂഷക്കാരൻ ചാവറ കുര്യാക്കോസ് കത്തനാര കുറി അതിരംപുഴപള്ളിയുടെ എടവകക്കാരൻ പേമല കോര എന്നവൻ ഒപ്രുശുമകൂടാതെ മരിച്ച സംഗതിയ്ക്കു വിചാരണ കഴിച്ച് എഴുതിക്കൊടുത്തയച്ചാറെ തൊമ്മാ കത്തനാരും ഇതിനാൽ വലിയ കുറ്റത്തിൽ അകപ്പെട്ടിരിക്കക്കൊണ്ട് അയാളും പൊറയാറ്റെട്ട കുര്യാള കത്തനാരച്ചനും യൌസെപ്പ കത്തനാരും കൂടി മരിച്ചവന്റെ കുഴിക്കാണം കൊടുക്കുംവരെയും അംശം മുടക്കിയിരിക്കുന്നുവെന്നും അറിവിച്ച കുഴിക്കാണം കൊടുക്കുംപോൾ അംശമുടക്ക് തീർക്കുന്നതിന്ന മല്പാന്റെ സാക്ഷി കൊടുത്തയക്കണമെന്നും വന്ന കല്പന അറിയിച്ചാറെ തൊമ്മാ കത്തനാരച്ചന്ന കുമ്പസാരത്തിനു അനുവാദമില്ലായ്കയാൽ അനുവാദമുള്ള രണ്ടു പട്ടക്കാരിരിക്കുംപോൾ അയാക്ക കുമ്പസാരം കൊടുക്കുന്നതിന്ന ന്യായമില്ല എന്നു വച്ചത്രെ കൊടുക്കാഞ്ഞ എന്നും പിറ്റെ ദിവസം മറ്റ് അടിയന്തരത്തിന്ന പോയി എന്നും അപ്പൊൾ യിവരെ ഒപ്രുശ്മ കൊടുക്കുമെന്നും വച്ചത്രെ പൊയി എന്നും മരിച്ചപ്പഴും ശവം അടക്കിയ ദിവസം യിയാൾ അവിടെയില്ലാഞ്ഞു എന്നും ആയതു കൊണ്ട കുഴിക്കാണം കൊടുക്കുന്നതിമ്മെൽ സംകടമുണ്ടെന്നും പറഞ്ഞും എംകിലും കല്പന അനുസരിച്ച അയാളുടെ വീതത്തിനു

കുഴിക്കാണം കൊടുത്ത അപ്രകാരം കൈക്കാരന്മാരെ ഏറ്റ വിവര ണത്തിന്ന യിനിക്ക എഴുതി കൊടുത്തയച്ചിരിക്കയാൽ ബോധിപ്പി ക്കുന്നു. മനഗുണമുണ്ടായി യിയാളുടെ അംശമുടക്കു തീർപ്പാക്കണ മെന്നും ഞാനും അപേക്ഷിച്ചും കൊണ്ട 1853-ാം കാലം വൃശ്ചിക മാസം 15.

(Sd/-)

**(മറുപടി)**

ബ. മല്പാന്റെ മുൻപിലത്തെ സാക്ഷിയിൽ ഈ തോമ്മാ കത്തനാരുടെമേലും കുറ്റമുള്ളതായി കണ്ടിരിക്കുന്നു. അതായത് ഇയാൾക്ക് കുമ്പസാരത്തിന്ന അനുവാദം ഇല്ലാഞ്ഞു എംകിലും മറ്റു രണ്ടു പട്ടക്കാരും ഉണ്ടായിരിക്കുന്നവരു ഒപ്രുശ്മാ കൊടുപ്പാൻ പോകാതെയിരുന്നപ്പോൾ യിയ്യാൾ പൊകുവാൻ കടപ്പെട്ടിരുന്നാറെ പോ കാതെയിരുന്നുംകൊണ്ടു ഇപ്പോൾ ഇയ്യാൾ പറയുന്ന ഒഴിവ് ബ: മല് പാൻ കൈക്കൊണ്ടു നമ്മെ, ബോധിപ്പിക്കാനുള്ളതല്ലാണ്ടു ഇയാൾക്കും ഈ കുറ്റത്തിനു നാം കല്പിച്ച പ്രാശ്ചിത്തം എത്ത്റയും ഉളവാകുന്ന ഇത്ര വല്യ കുറ്റത്തിന്നാ ശുദ്ധപള്ളിയുടെ കാനൊനായ്ക്കു തക്കതായ പ്രാശ്ചിത്തം ചുരുങ്ങിയാൽ രണ്ടുവർഷത്തെയ്ക്കു അംശമുടക്ക് വേ ണ്ടിയതായിരുന്നു എംകിലും കല്പന പ്രകാരം അയാളുടെ വീതത്തി നുള്ള കുഴിക്കാണം കൊടുത്തിരിക്കയാൽ അംശമുടക്കു നാം തീർ ത്തിരിക്കുന്നു.

ഇത വരാപ്പുഴനിന്നും 1853-ാം കാലം വൃശ്ചികമാസം 18-ന്.

പ്ര. ബർണർദീന്നൊസു മെത്രാൻ.

Bernardino Bispo
Sd/-

## III/8

# 1854 ഡിസംബർ 1 –ാം തീയതി വികാരി അപ്പസ്തോലിക്ക ബർണർദീനോസ് മെത്രാന് അയക്കുന്ന മറ്റൊരു റിപ്പോർട്ട്

എത്രയും പെരികെ ബഹുമാനപ്പെട്ട മലയാളമൊക്കെയുടേയും കൊഅദൂയത്തൊർ വികാരി അപ്പസ്തോലിക്കാ ആയ പ്രെ. ബർണർ ദീനോസ് മെത്രാനച്ചനെ അരികത്തു നിൽക്കുന്ന പട്ടക്കാര് വായിച്ചു ബോധിപ്പിക്കെണ്ടും അവസ്ഥ.

ബ. അച്ചന്റെ ശുശ്രൂഷക്കാരൻ ചാവറ കുറിയാക്കോസ് മല്പാൻ എഴുതുന്നത്. എന്തെന്നാൽ ഞാൻ ളാലത്തെ പുത്തൻപള്ളിയിൽ ബ: വികാരിയച്ചൻ മുതൽപെരുടെ അപേക്ഷ പ്രകാരം പെരുന്നാക്ക് പഠാർത്ഥയ്ക്കു പൊയാറെ അവിടെ ചെന്നപ്പോൾ തെരട്ടുകൊടുത്തയ യ്ക്കാതെയും വെട്ടത്തവരായ്ക്ക് 3000 ചക്രം കൊടുപ്പാനുണ്ടെന്നും ആയതു കൊടുക്കാതെയും പെരുന്നാൾ കഴിച്ചുകൂടാ എന്നും ആയത ല്ലാതെ കഴിച്ചാൾ കഴിക്കുന്നവരും കൂടുന്നവരുമായ പട്ടക്കാർക്കു അംശ മുടക്കും, അൽമെനികൾക്ക് പള്ളിക്കുറ്റവും വീഴുമെന്നും കല്പന വന്നിരിക്കുന്നു എന്നും കേൾക്കയാൽ ഇപ്രകാരമുള്ള കല്പന നട ക്കാതെ എങ്ങനെ പെരുന്നാൾ കഴിയ്ക്കുന്നു എന്നും ചൊദിച്ചാറെ തിരട്ടു കൊടുത്തയച്ചു എന്നും പണം കൊടുക്കുന്നത സംകടമെന്നും വഴക്കു പറയ്ക്കയാൾ അംങ്ങനെ എംകിൽ ഞങ്ങൾ പുറമെ വന്നവ രാരും കൂടുകയില്ലെന്നും പറഞ്ഞാറെയും കല്പന മരുപ്പാനുള്ള ഭാവം കാണുകയാൾ ഞങ്ങളിൽ ആരും വെസ്പരയ്ക്കു കൂടാതെയും വെളുത്ത ഉടൻ തന്നെ അവിടെനിന്നും ഇറങ്ങി താഴത്തെ ളാലത്തെ പുത്തൻപള്ളിയിൽ ചെന്ന് ഞാൻ കുർബാന ചൊല്ലുകയും അതിനൊ ടുകുടെ പുറമെ ചെന്ന പട്ടക്കാര് അത്രെയും വകതിരിവുള്ള ജനങ്ങളും പുറപ്പെട്ടതിനെ കണ്ടാറെ വീണ്ട കല്പന അനുസരിച്ച പണം കൊടു ക്കാമെന്നും പറഞ്ഞ എന്നെ കൊണ്ടുചെന്ന പണം എണ്ണിയപ്പോൾ തികയായ്കയാൽ 1500 ചക്രവും ഒരു കാസായും എന്റെ പക്കൽ തന്ന സംകടക്കാരനു കൊടുക്കുന്നത. ഈ കാര്യം അച്ചന്റെ പക്കൽ വച്ച് ഒന്നുകൂടെ കെട്ടിട്ട കൊടുക്കണമെന്നും എന്നൊടു പറഞ്ഞാറെ കല്പന പ്രകാരം പണം കൊടുക്കണമെന്നും സംകടക്കാരനു സമ്മതവും ബ:

അച്ചന്റെ കല്പനയും ഉണ്ടംകിൽ കെൾക്കാമെന്നും പറഞ്ഞ സംകട ക്കാരന്റെ പറ്റിൽ പണ്ടവും പണയം കൊടുത്ത വീണ്ട കെൾക്കുന്നതു സമ്മതമൊ എന്നും ചൊദീച്ചാറെ സമ്മത എന്നും പറകയാൾ അപ്പൊൾ തന്നെ വിശ്വാസമുള്ള ഒരു പട്ടക്കാരന്റെ പക്കൽ സംകടക്കാരനെ ക്കൊണ്ട ആ പണം കൊടുപ്പിച്ചും വച്ച പെരുന്നാൾ കഴിക്കയും ചെയ്തു. പിന്നീടു കെൾക്കുന്ന കാര്യം പറഞ്ഞാറെ ബ: അച്ചൻ തീർച്ച കൽപ്പിച്ചതായിനി കെൾക്കുന്നത സംകടമെന്നും മറ്റും പറകയാൽ ആയതു അപ്പൊൾ പറയാതെ സമ്മതപ്പെട്ടത എന്നും ചൊദിച്ചാറെ വെണ്ടുംവണ്ണം പറയാതെയിരിക്കയാൾ ഈ കാര്യത്തിൽവച്ച പലർക്കും ദൈവദോഷത്തിന്നിടവരുമെന്നുംവച്ച ഞാൻ ഉൾപ്പെട്ടതാകയാൽ ഇനി കെൾക്കയൊ കെൾപ്പിക്കയൊ കല്പന വരുംവണ്ണം നടന്നു കൊള്ളാമെന്നും വച്ച എഴുതി ബൊധിപ്പിക്കുന്നതാകയാൾ നടന്നു കൊള്ളെണ്ടുന്നതിന്ന വിവരമായി മനൊഗുണമുള്ള കല്പനയുണ്ടാ വാറാകണമെന്നും ചൊൽവിളിക്കാസ്ഥമായിരിക്കുന്നു. എന്റെമെൽ വാഴുവുണ്ടാവാറാകണമെന്നും അപേക്ഷിക്കുന്നു.

ഇത 1854–ാം കാലം ധനുമാസം

(Sd/-)

**(മറുപടി)**

സംകടക്കാരനായ വെട്ടത്തവരായ്ക്ക ചക്രം കൊടുക്കണമെന്ന കല്പന അയച്ചിരിക്കുമ്പൊൾ അവനു കൊടുക്കാതെ മൂന്നമാസ്ഥാന മായിട്ട ചക്രം വച്ചുകൊണ്ട പെരുന്നാൾ കഴിപ്പാൻ പാടില്ലാത്തതും ആ പെരുന്നാൾ താൻ കൂടുവാൻ മുറയുള്ളതല്ലാഞ്ഞു ആയ്തുകൊണ്ടു തന്റെ പറ്റിൽ തന്നിരിക്കുന്ന കാസ ഒരു മാസം കഴിഞ്ഞു വികം വെട്ടത്തവരായ്ക്ക കൊടുപ്പാനുള്ള ചക്രം കൊടുത്തു കൊൾകയും വേണം. നാം ഈ രൂപതയിൽ ഇരിക്കുന്നവയ്ക്കെ ഈ കാര്യം കെൾക്കുന്നതിന്ന കല്പന ഉണ്ടാകയില്ലെന്ന അറിഞ്ഞിരിക്കട്ടെ. പടിസാധത്തിൽ പറയുന്ന തിരട്ട നമ്മുടെ മുമ്പാകെ കൊടുത്തയ് ക്കാതെയും മറ്റു പെരുന്നാൾ കഴിക്കുന്നു എന്നു നാം കെൾക്കകൊണ്ട് വികാരി മുതലായ പട്ടക്കാർക്കു അംശമുടക്കു നാം കല്പിച്ചിട്ടുമുണ്ട്. തൂത്തുക്കുടിക്ക അയ്ക്കുവാനുള്ള കത്തനാരെ നിമിഷം അയച്ചു കൊള്ളണം.

ഇത വത. 1854 ധനുവം 5–ന്

Sd/-

Fr. Bernardino Bispo.

## III/9

# 1855 ഓഗസ്റ്റ് മാസത്തിൽ വിഗാരി അപ്പസ്തോലിക്ക ബർണർദീനോസ് മെത്രാനച്ചന് അയയ്ക്കുന്ന മറ്റൊരു റിപ്പോർട്ട്

എത്രയും പെരികെ ബഹുമാനപ്പെട്ട മലയാളമൊക്കെയുടെയും അയുത്തോർ വികാരി അപ്പസ്തോലിക്ക ആയ പ്ര. ബർണർദീനോസ് മെത്രാനച്ചൻ അരികത്തു നില്ക്കുന്ന പട്ടക്കാരനുമായി ബോധിപ്പിക്കേണ്ടും അവസ്ഥ.

ബ: അച്ചന്റെ ശുശ്രൂഷക്കാരൻ ചാവറ കുറിയാക്കോസ് മല്പാൻ എന്നെ ആരക്കുഴപ്പള്ളിവക കണക്കുകൾ ഒക്കയും ഇവിടെവച്ചു കേട്ടു തിർപ്പാനായി കല്പനയോടുകൂടെ കൊടുത്തയച്ചാറെ കഴിഞ്ഞ ധനുമാസത്തിൽ ഇവിടെ വന്ന ഏതാനും ദിവസങ്ങൾ പാർത്തും വച്ച പോയാറെ ഇതുവരെയും വരാതിരിക്കുകയും പള്ളിയുടെ അറ്റകുറ്റപ്പണികൾ പണിയിക്കണമെന്നും ഞാൻ വഴിയായിട്ട അറിവിപ്പ് നടത്തണമെന്ന ബ: വികാരിക്കു കൊടുത്തയച്ച കല്പന പ്രകാരം ഇവിടെ വന്നു പറഞ്ഞു ഞാൻ എഴുതി കൊടുത്തയച്ചവയും ഇതുവരെയും നടത്താതിരിക്കയും ചെയ്യുന്നതല്ലാതെയും പള്ളിവക നിലങ്ങൾക്ക് പാട്ടം കൂടിവച്ചു എന്നുള്ള വഴക്കത്രെ അവരിൽ അധികമായിട്ടുള്ളത്. ആ സംഗതി വരാപ്പുഴവച്ചു കേട്ടപ്പോൾ ഈ വഴക്കുള്ള നിലം വഴക്കു തീരുംവരെയും വഴക്കില്ലാത്ത ഒരാളിനെകൊണ്ടു നടത്തീപ്പാൻ മേലാളന്മാരെ എഴുതിയ പ്രകാരം ഏൾപ്പിച്ചു നടത്തിവരിയിലും ഈ സംഗതിപ്രകാരം ഞാൻ ബോധിപ്പിച്ചവയും പാട്ടം കൂട്ടുന്നതിനും കുറയ്ക്കുന്നതിനും നമ്മുടെ മുഷ്കരത്വമാകയാൽ നമ്മുടെ അനുവാദം കൂടാതെ കൂട്ടിയിരിക്കുന്ന പാട്ടം വാസ്തവമുള്ളതല്ലെന്ന് കല്പന കൊടുത്തയച്ചിരിക്കുംപോളും ഇപ്പോൾ മെലാളന്മാരുടെ എഴുത്താൽ ഏല്പിച്ചിരുന്ന പാട്ടക്കാരനിൽനിന്നും എടുത്ത അവരുടെ കൂടിയ പാട്ടംപോലെ നടക്കണമെന്നുള്ള അഭിപ്രായത്തെ പ്രതി മറ്റ് ഒരുത്തന് കൊടുത്തു എന്നും മുൻപാട്ടക്കാരന്റെയും നടുപാട്ടക്കാരന്റെയും മറ്റു സങ്കടം വന്നിരിക്കയാലും മുൻപ്രകാരംപോലെ ഏല്പിച്ചവനെതന്നെ നിലം ഏല്പിച്ചും വച്ചവേഗത്തിൽവന്ന് കണക്കുകൾ കേൾപ്പിക്കണമെന്നും ബ: അച്ചന്റെ കല്പനകൂടെ കൊടു

ത്തയയ്ക്കാതെ വരുമെന്നും ഇനിയ്ക്കു തോന്നുന്നില്ല. ആയിതല്ലംകിൽ എന്നിൽനിന്നും ഈ ചുമതല നീക്കി തരുമാറാകണമെന്നും ഞാൻ അപേക്ഷിക്കുന്നു.

ഈ ചൊൽവിളിക്കാസ്ഥമായിരിക്കുന്ന എന്റെമേൽ വാഴുവുണ്ടാകണമെന്നു അപേക്ഷിച്ചുകൊണ്ട് 1855 – കർക്കടകം 27 –

(Sd)/-

**(മറുപടി)**

നാം പല കല്പന അയിച്ചിട്ടു അവരു കീഴ്‌വഴങ്ങാതെ നിൽക്കുന്നവരാകയാൽ ഇപ്പോൾ നാം അയച്ചാലും അതുപോലെ തന്നെ വരുന്നതാകയാൽ തമ്പുരാൻതന്നെ ഇതിന് ഒരു തീർച്ച വരുത്തുമെന്ന നാം ശരണപ്പെട്ടിരിക്കുന്നു. വിശേഷിച്ച് ഇവിടെ പുത്തഞ്ചിറപോയി എന്നു കേൾവിയുണ്ട്. എന്നാൽ കല്പന വിരോധികളായിട്ടു നില്പാൻ കാരണം പട്ടക്കാരെ മുഖാന്തിരമായിരിയ്ക്കയാൽ ആണെങ്കിലും എതൊ വകയിൽ നിന്നായാലും പട്ടത്തിന്റെ സാക്ഷിക്കു തന്റെയടുക്കൽ വരുമ്പോൾ നന്നേ സൂക്ഷിച്ച സാക്ഷി കൊടുത്തുകൊൾകയും വേണം. ഇതു വരാപ്പുഴ നിന്നു 1855 ഓഗസ്റ്റ് മാസം 3–ന് പ്രൊ: ബെർണർദീനോസു മെത്രാൻ.

Fr. Bernardino Bispo.

## III/10

# 1856 ചിങ്ങം 21 –ാം തീയതി വികാരി അപ്പസ്തോലിക്ക ബർണർദീനോസ് മെത്രാനച്ചന് അയക്കുന്ന വേറൊരു റിപ്പോർട്ട്

എത്രയും പെരികെ ബഹുമാനപ്പെട്ട മലയാളമൊക്കെയുടെയും കൊ. വിഗാരി അപ്പസ്തോലിക്ക ആയ പ്രൊ. ബർണർദീനോസ് മെത്രാനച്ചനു അരികത്തു നില്ക്കുന്ന പട്ടക്കാര് വായിച്ചു ബോധിപ്പിച്ചുകൊണ്ടും അവസ്ഥ.

ബ. അച്ചന്റെ ശുശ്രൂഷി കൊവെന്തയുടെ പ്രിയൊര എഴുത്തു മുട്ടുചിറ പള്ളിയുടെ കഴിഞ്ഞ വിഗാരി പ്രതിജ്ഞയോടുകൂടെ അംശമുടക്കിൽ പാർക്കുന്നു എന്നും അയാളുടെ അനന്ദ്രവനെതന്നെ അവിടെ

വികാരിയായിട്ടു കഴിച്ചിരിക്കുന്നതിനാൽ അദ്ദെഹത്തിന്റെ ഗുണദൊഷം ഇയാൾ കേൾക്കയിൽ പലകൂട്ടം ദൊഷം വന്നിരിക്കുന്നു എന്നും ആ എടവകയിലുള്ള യൊഗക്കാരുടെ സംകടം അവിടെ വരികയും അതിൽ വിഗാരിയുടെ അനന്ദ്രവനെ പ്രിയൊരായി നിയമിച്ചതു ശരി അല്ലെന്നും ആയതിന്നു നിർവാഗം വിചാരിച്ചു കൊള്ളാമെന്നും കൊടുത്ത യച്ചിരുന്ന കല്പന കർക്കടകം 21-ാം തീയതിയുള്ളത ഇപ്പോൾ എന്റെ കയ്യിൽ കിട്ടിയിരിക്കുന്നു ഇത 1-മത് യൊഗമെന്നു ബോധിപ്പിച്ച ഈ വഴക്കുകാരൻ മറ്റൊരു പെൺപിള്ളയ്ക്കു ഏതാനും കടം ഉത്തരി പ്പാനുള്ള കാരണം പഴെ വിഗാരി ബോധിപ്പിച്ചിരിക്കുന്ന കുറ്റം വരുത്തി യിരിക്കുന്ന ഒരാൾ മുഖാന്തരം ഉണ്ടായ സംകടമല്ലാതെ യൊഗത്തിൽ കാര്യമായ ഒരുത്തനും ഇതിൽ പെരില്ല. 2-ാമതു പഴയ വിഗാരി പ്രതിജ്ഞയോടു മുടക്കിൽ നില്ക്കുന്നു എന്നുള്ളതിന്റെ പരമാർത്ഥം വിഗാരിയുടെ പറ്റിൽ പണംകൊടുത്ത പള്ളിപണിയ്ക്കു തടിവെട്ടു, കല്ലുവെട്ടു മുതലായ പണികൾ നടത്തിയതിൽ കണക്കുകൾ എല്ലാം കൈക്കാരന്മാരു ഏറ്റ് എഴുതി കൊടുത്തിട്ടില്ലാ എന്നും പറഞ്ഞു പാർക്കയും ആയതിനു കണക്കു തീരുവാൻ ഉള്ള താമസംകൊണ്ടും ഉദാരതകൊണ്ടും കിടക്കുന്നതാകുന്നു. 3-ാമതു വിഗാരിയുടെ അനന്തര വനാകകൊണ്ടു ശരിയല്ലെന്നുള്ളതു ആ എടവകയിൽ ഈ ആൾ അല്ലാതെ തക്കതായി ഒരു പട്ടക്കാരനെ കാണായ്കയാൽ മരിച്ചുപോയ വല്ല്യാറ യാക്കൊ കത്തനാരച്ചൻ ഈയാളെ ഞാനുംകൂടി നിശ്ചയിച്ച അപ്രകാരം നടന്നുവന്നു. ഇനി അതു ശരി അല്ലംകിൽ മറ്റിടവക യിൽവന്നും വല്ല പട്ടക്കാരയും ആക്കണം. അപ്പൊൾ അധിക വഴക്കും പക്ഷെ ഉണ്ടാകും. ഈയാൾ വിഗാരിയുടെ ഗുണദൊഷം കെൾക്കു മെന്നുള്ളത് ന്യായത്തിനടത്തത കെൾക്കയില്ലന്നിനിക്കു തോന്നുന്നു. ഇതിനു ഏതെല്ലാം വെണ്ടു എന്നും കല്പനയ്ക്കു പാർത്തിരിക്കുന്നു.

ഇത വാഴു അപേക്ഷിച്ചുകൊണ്ട് 1856 ചിങ്ങം 21-ാം തീയതി.

(Sd/-)

# നാല്

# കർമ്മെലീത്താ സഭാധികാരികൾക്കുള്ള കത്തുകൾ

കർമ്മെലീത്താ സഭാധികാരികൾക്ക് ചാവറയച്ചൻ എഴുതിയ രണ്ടു കത്തുകളാണ് ഈ ശീർഷകത്തിൽ ഉൾക്കൊള്ളുന്നത്.

ചാവറയച്ചൻ കർമ്മെലീത്താ നിഷ്പാദുകസഭയുടെ പ്രിയോർ ജനറാളിന് സഭാംഗങ്ങളേവരെയും പ്രതിനിധീകരിച്ച് എഴുതുന്ന ഒരു മറുപടിക്കത്താണ് ഒന്നാമത്തേത്. സുറിയാനിയിലാണ് ഇതെഴുതിയിരിക്കുന്നത്. പ്രസ്തുത കത്ത് അതിന്റെ ഇറ്റാലിയൻ തർജ്ജമയോടുകൂടി കർമ്മെലീത്താ നിഷ്പാദുകസഭയുടെ ഈടുവയ്പിൽ സൂക്ഷിച്ചിരിക്കുന്നു (440/r/1). സുറിയാനി എഴുത്തിന്റെ സ്വതന്ത്ര മലയാള വിവർത്തനമാണ് ഇവിടെ പ്രസിദ്ധീകരിക്കുന്നത്.

സഭാംഗങ്ങൾ എല്ലാവർക്കും വേണ്ടി കർമ്മെലീത്താ സഭയിലെ പ്രൊക്കുറേറ്റർ ജനറലിന് അയയ്ക്കുന്ന കത്താണു രണ്ടാമത്തേത്. ഈ കത്തിന്റെ മൂലവും സുറിയാനി തന്നെ. സുറിയാനി മൂലവും അതിന്റെ ഇറ്റാലിയൻ തർജ്ജമയും റോമിൽ കർമ്മെലീത്താ സഭയുടെ ഇടുവയ്പിൽ സൂക്ഷിക്കുന്നു (445/B/175).

## IV/1

കർമ്മെലീത്താ നിഷ്പാദുകസഭയുടെ പ്രിയോർ ജനറാൾ അവറുകൾക്ക്.

ഏറ്റവും പ്രിയ പെരിയ ഞങ്ങളുടെ പിതാവേ, അപ്പനിൽ നിന്നും വിദൂരത്തിൽ താമസിക്കുന്ന ഒരു മകൻ അപ്പനെ കാണാൻ സാദ്ധ്യത ഇല്ലായെന്നാലും അപ്പന്റെ എഴുത്തു അപ്പന്റെ കൈകൾകൊണ്ടു എഴുതിയിട്ടുള്ള ഒരു എഴുത്തു മകൻ സ്വന്ത കൈയിൽ പിടിച്ചു വായിക്കുമ്പോൾ അനുഭവപ്പെടുന്നതുപോലെ കണ്ണുനീരോടുകൂടിയല്ലാതെ അങ്ങയുടെ എഴുത്തു ഞങ്ങൾക്കു വായിക്കുവാൻ സാധിച്ചില്ല. അങ്ങയുടെ മക്കളിൽ ഏറ്റവും അയോഗ്യർ എന്നിരുന്നാലും ഭാരമുള്ള അങ്ങയുടെ വിവിധ ജോലികൾക്കിടയിൽ ഞങ്ങളെപ്പറ്റി ചിന്തിക്കുന്നതിനും ഞങ്ങളുടെ കാര്യങ്ങൾ പരിഗണിക്കുന്നതിനും അങ്ങേക്കു കഴിവുണ്ടായത് അങ്ങേയ്ക്കു ഞങ്ങളോടുള്ള സ്നേഹത്തിന്റെ ലക്ഷണമായി ഞങ്ങൾ കരുതുന്നു. ഇതിനു തക്കവിധത്തിൽ നന്ദി പ്രകാശിപ്പിക്കുവാൻ ഞങ്ങൾക്കു വാക്കുകൾ പോരാ. അവിടെ വന്ന് നേരിൽ കണ്ട് അങ്ങയുടെ സന്നിധിയിൽ ഞങ്ങളുടെ സ്നേഹവും സന്തോഷവും രേഖപ്പെടുത്തുവാൻ സാധിക്കാത്തതിൽ ഞങ്ങൾ ഖേദിക്കുന്നു. അങ്ങയുടെ മക്കളായി ഞങ്ങളെയും എണ്ണിയതിൽ ഞങ്ങൾ അതീവം സന്തുഷ്ടരാണ്. അങ്ങയോടുള്ള ഞങ്ങടെ അതിരറ്റ സ്നേഹവും അതിലും ഉപരിയായി ഞങ്ങളുടെ അനുസരണവും പ്രഖ്യാപിക്കുന്നതിന് ഈ അവസരം ഞങ്ങൾ വിനിയോഗിക്കുന്നു. സ്നേഹിക്കപ്പെട്ട ഞങ്ങളുടെ പിതാവും ഇടയനുമായ വികാരി അപ്പസ്തോലിക്ക വളരെ ശ്രദ്ധയോടും താൽപര്യത്തോടും കുടെ ഞങ്ങളെ നയിക്കുകയും ഭരിക്കുകയും ചെയ്യുന്നു. - എന്ന വസ്തുത അങ്ങ് അറിഞ്ഞുകൊണ്ടിരിക്കുന്നുവെന്ന് എഴുത്തിൽനിന്ന് ഞങ്ങൾക്കു മനസ്സിലാക്കാൻ സാധിച്ചതിൽ ഞങ്ങൾ അതീവം സന്തുഷ്ടരാണ്. ഒരു നല്ല അമ്മയേപ്പോലെ ഞങ്ങളുടെ എല്ലാക്കാര്യങ്ങളും അദ്ദേഹം അന്വേഷിച്ചു നടത്തുന്നു. ഞങ്ങൾക്കു നേരിടുന്ന എല്ലാ അപകടങ്ങളിൽനിന്നും ഞങ്ങളെ അകറ്റുന്നതിനും, പരിരക്ഷിക്കുന്നതിനും അദ്ദേഹം ചെയ്യുന്ന പരിശ്രമങ്ങൾ വർണ്ണിക്കാവുന്നതല്ല.

അരൂപിയിൽ അങ്ങയുടെ മുമ്പിൽ മുട്ടുകുത്തി അങ്ങയുടെ തിരുവുത്തരീയം മുത്തിക്കൊണ്ട്, ഭാരമേറിയ അങ്ങയുടെ ജോലിത്തിര

ക്കിനിടയിൽതന്നെയും വല്ലപ്പോഴുമെങ്കിലും ഞങ്ങൾക്കെഴുതണമെന്ന് താഴ്മയോടെ അപേക്ഷിക്കുന്നു.

പൈതൃകമായ അങ്ങയുടെ ആശീർവാദം യാചിച്ചുകൊണ്ട്

എല്ലാവർക്കുംവേണ്ടി
അയോഗ്യ ശുശ്രൂഷി-
Dec: 17, 1863 പ്രിയോർ കുര്യാക്കോസ് ഏലിയ

## IV/2

# കർമ്മെലീത്താ നിഷ്പാദുക സഭ പ്രൊക്കുറേറ്റർ ജനറാളിന് എഴുതുന്ന ഒരു കത്ത്

സഭാംഗങ്ങൾ എല്ലാവർക്കുംവേണ്ടി പ്രിയോർ ചാവറയച്ചൻ കർമ്മെലീത്താ സഭയിലെ പ്രൊക്കുറേറ്റർ ജനറാളിന് അയയ്ക്കുന്ന ഒരു കത്താണിത്. എഴുത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ഒന്നാം വത്തിക്കാൻ സൂനഹദോസിന്റെ അവസരത്തിൽ റോമിലേയ്ക്കു പുറപ്പെട്ട ലെയൊപ്പോൾദച്ചൻ വഴിയാണ് ഈ എഴുത്ത് കൊടുത്തു വിടുന്നത്. എഴുത്തിന്റെ മൂലം സുറിയാനി. റോമിൽ കർമ്മെലീത്താ സഭയുടെ ഈടു വെപ്പിൽ ഇത് ഇന്നും സൂക്ഷിക്കപ്പെടുന്നു (445/B/175). സുറിയാനി എഴുത്തിന്റെ കൂടെ ഇറ്റാലിയൻ തർജ്ജിമയും കാണുന്നുണ്ട്. ഈ ഇറ്റാലിയൻ തർജ്ജിമ ചാവറയച്ചൻ തന്നെ തയ്യാറാക്കി സുറിയാനി എഴുത്തിന്റെ കൂടെ അയച്ചതെന്ന് വിചാരിക്കുവാൻ ന്യായമുണ്ട്. ഇറ്റാലിയൻ എഴുത്തിന്റെ കൈയക്ഷരം ചാവറയച്ചന്റേതെന്നു വ്യക്തമാണ്. ഇറ്റാലിയൻ എഴുത്തിന്റെ അവസാനത്തിൽ സുറിയാനിയിൽ ചാവറയച്ചന്റെ ഒപ്പും കാണുന്നുണ്ട്.

അതിനാൽ ഈ എഴുത്തിന്റെ സുറിയാനി എന്നപോലെതന്നെ ഇറ്റാലിയൻ മൂലവും ഇവിടെ പ്രസിദ്ധപ്പെടുത്തുകയാണ്. അതോടുകൂടി സ്വതന്ത്രമായ മലയാള വിവർത്ത നവും.

കർമ്മെലീത്താ നിഷ്പാദുക സഭയുടെ പ്രൊക്കുറേറ്റർ ജനറാൾ അവറുകൾക്ക്,

ഏറ്റവും പ്രിയ പെരിയ ബ: പൗരസ്ത്യ മിഷനുകൾക്ക് വേണ്ടി യുള്ള പ്രൊക്കുറേറ്റർ ജനറാളായ പിതാവെ,

താഴെ ഒപ്പുവച്ചിരിക്കുന്ന മലയാളത്തിലെ കർമ്മെലീത്താ നിഷ്പാ ദുക മൂന്നാംസഭയിൽപെട്ട ഞങ്ങൾക്കു ഈ അവസരത്തിൽ അങ്ങേ യ്ക്കു ഒരു കത്തെഴുതാൻ സാധിച്ചതിൽ അതിയായി സന്തോഷി

ക്കുന്നു. അങ്ങയോടുള്ള ഞങ്ങളുടെ നന്ദിയുടെയും സ്നേഹത്തിന്റെയും പ്രത്യേക ചിഹ്നമായി ഞങ്ങൾ ഇതു കരുതുന്നു. അങ്ങയുടെ അയോഗ്യരായ ഈ മക്കളെക്കുറിച്ചും ഞങ്ങളുടെ ഈ മിഷനെക്കുറിച്ചും അങ്ങു കാണിക്കുന്ന പ്രത്യേക സ്നേഹത്തിനും താല്പര്യത്തിനും തക്കവിധം നന്ദി പറയുവാൻ ഞങ്ങൾക്ക് വാക്കുകൾ പോരാ. എങ്ങനെയാണ് ഈ നന്ദി പ്രകാശിപ്പിക്കേണ്ടത് എന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ.

ഈ എഴുത്തു കൊണ്ടുവരുന്ന പ്രിയപ്പെട്ട ലെയോപ്പോൾദച്ചൻ ഞങ്ങളെക്കാൾ കൂടുതലായി ഞങ്ങളുടെ ഈ കടപ്പാടിനെ അങ്ങയെ അറിയിക്കും. ഞങ്ങളുടെ എല്ലാ ആവശ്യങ്ങളിലും ശ്രദ്ധചെലുത്തിക്കൊണ്ട് ഞങ്ങളോട് അങ്ങ് കാണിക്കുന്ന വലിയ അനുകമ്പയ്ക്ക് അദ്ദേഹം ഞങ്ങൾക്കുവേണ്ടി അങ്ങയോടു നന്ദി പറയും.


അങ്ങു ഞങ്ങൾക്ക് നൽകുന്ന എല്ലാ കല്പനകളേയും സ്നേഹപൂർവ്വം അനുസരിച്ചുകൊള്ളാമെന്ന് ഞങ്ങൾ അങ്ങേയ്ക്കു വാക്കു തരുന്നു. അങ്ങേയ്ക്കുവേണ്ടി എപ്പോഴും പ്രാർത്ഥിക്കേണ്ടതു ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു കടമയായി ഞങ്ങൾ വിചാരിക്കുന്നു. ഈ മിഷനുകളെ ശരിയായി ഭരിക്കുന്നതിനും, നിയന്ത്രിക്കുന്നതിനും ഉള്ള പ്രത്യേക കഴിവ് സർവ്വദാനങ്ങളുടേയും ദാതാവായ നല്ല ദൈവം ധാരാളമായി അങ്ങേയ്ക്കു നൽകട്ടെ.

അങ്ങയുടെ വിലയേറിയ പ്രാർത്ഥനകളിൽ ഞങ്ങളേയും അനുസ്മരിക്കുന്നതിന് അങ്ങ് മറക്കരുതെന്ന് അഭ്യർത്ഥിക്കുന്നു.

തിരുവുത്തരീയം മുത്തിക്കൊണ്ടും വിനീതമായി അങ്ങയുടെ ആശീർവാദം യാചിച്ചുകൊണ്ടും ഞങ്ങൾ നിറുത്തുന്നു.

അനുസരണയുള്ള അങ്ങയുടെ
ഏറ്റവും പ്രിയപ്പെട്ട മക്കൾ
എല്ലാവർക്കുംവേണ്ടി
പ്രിയോർ ചാവറ കുര്യാക്കോസ്
ഏലിയാസച്ചൻ

1869.



## J.M.J

Molto Rev. do padre n. Pro.re General delle missioni Orientali

Noi tutti sottoscritti, Religiosi Terziari Carm.ni Scalzi del Malabar siamo lieti di potere, in questa propizia occasione, inviare una lettera alla Rev. a Vost.a per darle un pegno del nostro affetto ed insieme della nostra riconoscenza. Noi non sapiamo con parole ringraziar degnamente la Rev. a Vost.a per l' assidua cura che ha di questa Missione non che di tutti noi indegni di Lei figli. Ma in qual modo potremo noi corrispondere alla tanta affezione e premura che la rev.a vost.a ha di noi?

Il p. Leopoldo meglio che non noi con questa lettera Le potra partecipare il nostro sommo desiderio di dare alla Rev.a Vost.a il cotracambio del gran favore che ci fa prendondosi cura di noi tutti nelle nostre bisogna.

Tutta volta noi l. 'assicuriamo di esserle affettuosissimi ed obbedientissimi figli sempre pronti ad obbedire alla Rev.a Vost.a in tutto cio[1] in cui credesse onorarci de' suoi commandi.

Le partecipiamo pure che noi tutti ci faremo con dovere di pregar sempre, siccome abbiam fatto per l' addietro, per la Rev.a Vost.a affinche il Signore le conceda tutte quelle grazie che Ella puo desiderare per ben reggere e governare queste missioni.

Se ci terra la Rev.a Vost.a presenti nelle di Lui orazioni noi il terremo per segnato favore .

In tanto baciandole tutti il S. Scapolare I, e chiediamo umilmente la Benedizione, mentre ci protestiamo.

della R. Vostra Oss.

obb mi aff. mi Ind i Figli

Pro omnibus : Fra. Ciriaco a S. Elia, prior conventus?

---

*(1) സ്വരചിഹ്നത്തോടുകൂടി മാത്രമേ ഈ വാക്ക് എഴുതുകയുള്ളൂ* 'cio' *അത്, അതായത്, എന്നർത്ഥം. സ്വരചിഹ്നം ഇല്ലാതെ ഇവിടെ കാണുന്നതിന്റെ സൂചന ഇറ്റാലിയൻഭാഷ നല്ല നിശ്ചയമില്ലാത്ത ഒരാളാണ് ഇതിന്റെ കർത്താവ് എന്നാണ്.*

*(2) ഇതിനുശേഷം ചാവറയച്ചന്റെ ഒപ്പുണ്ട്, സുറിയാനിയിൽ.*

## അഞ്ച്

# ചാവറയച്ചൻ സഭാംഗങ്ങൾക്കെഴുതിയ കത്തുകൾ

ചാവറയച്ചൻ സഭാംഗങ്ങൾക്ക് ഔദ്യോഗികമായും അനൗദ്യോഗികമായും നിരവധി കത്തുകൾ അയച്ചിട്ടുണ്ടെന്ന് അനുമാനിക്കുന്നതിൽ തെറ്റില്ല. എന്നാൽ അവയിൽ 17 എണ്ണം മാത്രമേ ഇന്ന് നമുക്ക് ലഭ്യമായിട്ടുള്ളു. ഇതിൽ ഒൻപതെണ്ണം കുര്യാക്കോസ് ഏലീശാച്ചനും നാലെണ്ണം കട്ടക്കയത്തിൽ ചാണ്ടിച്ചനും, രണ്ടെണ്ണം ചാവറ യൗസേപ്പച്ചനും ഉള്ളവയാണ്. ബാക്കി രണ്ടു കത്തുകൾ ആർക്ക് എഴുതിയിരിക്കുന്നുവെന്ന് വ്യക്തമല്ല.

ഈ കത്തുകളെല്ലാം അതാതിന്റെ ആമുഖകുറിപ്പോടുകൂടി പ്രസിദ്ധീകരിക്കുന്നു.

V/1

# കുര്യാക്കോസ് ഏലീശാച്ചന് എഴുതുന്ന ഒന്നാമത്തെ കത്ത്

ചാവറയച്ചൻ 1864-ൽ മാന്നാനത്തുനിന്നു കൂനമ്മാവിലേക്കു സ്ഥലം മാറി. കൂനമ്മാവിൽ നിന്നും മാന്നാനം കൊവേന്തയിൽ വികാരിയായിരുന്ന പോരൂക്കര കുര്യാക്കോസ് ഏലീശാച്ചന് എഴുതിയിട്ടുള്ള കത്തുകളിൽ ഒൻപതെണ്ണമാണ് നമ്മുടെ കൈയിൽ എത്തിയിട്ടുള്ളത്. കാലക്രമമനുസരിച്ച് അവ താഴെ പ്രസിദ്ധപ്പെടുത്തുന്നു.

ഈ എഴുത്തുകളിൽ സംസാരഭാഷ കുറെയെല്ലാം കാണാം. ചില ശൈലികൾ എഴുത്തിന്റെ സാഹചര്യങ്ങളിൽ നിന്നു മാത്രമാണ് മനസ്സിലാക്കാൻ സാധിക്കുക.

ഒന്നാമത്തെ ഈ എഴുത്തിൽ ചാവറയച്ചന്റെ ഒപ്പ് സുറിയാനിയിൽ ഉണ്ട്. എന്നാൽ തീയതി കുറിച്ചിട്ടില്ല. ഉള്ളടക്കത്തിൽ നിന്നു തീയതി ഏതാണ്ട് നമുക്ക് അനുമാനിക്കാൻ സാധിക്കും. 'ഈ മേടം 29-ാം തീയതി കൂടിയ ആലോചനായോഗ'ത്തെക്കുറിച്ച് എഴുത്തിൽ പറയുന്നുണ്ട്. 1864-ൽ ആണ് പ്രസ്തുത ആലോചനായോഗം കൂടിയത്. അതിനാൽ എഴുത്ത് 1864 ഏപ്രിൽ 29-നു ശേഷമാണ് എഴുതിയിട്ടുള്ളത്.

മ്ശി. സ്തു. ര.മ.യ.

അ.ക.ദി മൂ. പ്രിയൊര ക. ഏലിയാ ദതു ഹമ്മാകം ദീശാ എഴുത്ത.

പെ: ബ: മാന്നാനത്ത കൊവെന്തയുടെ വി. ക. ഏലിശാ അച്ചനു എ. പെ. പെ. ബ. നമ്മുടെ വിഗാരി പ്രെവെസ്യാൾ ആയ മെത്രാപ്പൊലിത്താച്ചന്റെ കല്പനയാ. ഈ മെടം 29-ാം തീയതി കൂടിയ വല്യ ആലോചനയുടെ പ്രമാണത്താലെയും തങ്ങളുടെ കല്പനയാൽ പ്രമാണിക്കുന്നതായത ഈ ഇരിപ്പിൽ കിടന്നാൽ മാന്നാനത്തു കൊവെന്ത മുതലായ കൊവെന്തകളുടെ നടപ്പിനും ഗുണത്തിനുമായി നിരൂപിച്ച വേല ചെയ്യുന്ന ആ കരി എന്നുള്ള വസ്തുകൊണ്ട യാതൊരു പകാരവും വരാതിരിക്കുന്നതു മെന്നിയെ കാലംകൊണ്ടു മറ്റുള്ള വസ്തുക്കൾക്കും നാശം വരുമെന്നും ഈ അന്വേഷണത്താലും വിചാരത്താലും കൊവെന്തക്കാരുടെ അന്തസ്ഥിനും ആന്മയടക്കിപ്പിന്നും വിരൊധമായി പല വിചാരത്തിനു നല്കപ്പെട്ട ഒരു കുടുക്കും കണ്ഡിയും ആയിരിക്കുന്ന എന്നും ആയതുകൊണ്ട ആലൊചന കല്പിക്കുന്നതായത ഈ വസ്തുവിൽ ഇനി പൊതുവായിട്ടുള്ള കായൽനിലവും ഇപ്പൊൾ തന്നെ വെർതിരിപ്പിച്ച കൊവെന്തക്കായുള്ള നിലവും ചിറകൾ

മുതലായതും ഒക്കെയും കൂടെ ഒരു കാലസംഖ്യ ഇതായിത 8 വത്തിൽ കുറയാതെയും 16 ആണ്ടു ഏറാതയും അല്ലെങ്കിൽ...........

എന്നതും വണ്ണം പാട്ടം നിശ്ചയിച്ച മനസ്സുള്ള ഒരാളിനെ അമ്പെഷിപ്പിച്ചു ഏൾപ്പിച്ച നിങ്ങളുടെ തൊളിൽ നിന്നു ഈ ഭാരം ഇറക്കണെമെന്നും തീർച്ചയായിട്ടു കല്പിക്കുന്നു.

2-മത: ഈ ആണ്ടിൽ അവിടെനിന്നും കർമ്മെല കൊവെന്തയ്ക്കു കൊടുത്തിരിക്കുന്ന വീഞ്ഞു മുതലായതിന്റെ വില ആ കൊവെന്തയ്ക്കു എളച്ചു കൊടുക്കണമെന്നും ആലോചന കല്പിക്കുന്നു. എന്നാൽ തുരുത്തിമാലി കൊച്ചാക്കൊനയും തൈയ്യിൽ ചാക്കോനെയും ഈ സംഗതി അറിവിച്ചാൽ താമസം കൂടാതെ മഴയ്ക്കു മുൻപിൽ തിരിച്ചു തരുവാൻ അവരും മനസ്സുവെയ്ക്കുകയും ചെയ്യും.

നിലപ്പന പെര്യപുറം - ഇങ്ങനെ രണ്ടു പ്രൊക്കുരദൊരന്മാരു വന്നില്ലല്ലൊ, ആയതുകൊണ്ടു പെ. ബ: പിലിപ്പച്ചനൊടു ബൊധിപ്പിച്ച മറ്റുള്ളവർക്കു കൊടുത്തപോലെ അവരും ടി ജ്ഞാനൊപദെശവും വാങ്ങിയ അവരെ വരുത്തി പറഞ്ഞ ഏർപ്പെടുത്തണം. ഈ കാര്യം പെ.ബ. മൂപ്പച്ചനെ ഓർപ്പിക്കണം. എന്നാൽ നമ്മുടെ നാഗ. മത്തായി അച്ചനെ ഈ കാര്യത്തിന്റെ പ്രസിദെന്തി ആക്കി ഇപ്പൊൾ അടച്ചുകൊണ്ടുവന്ന ഉണ്ണിമ്ശി. നിക്ഷെ എന്ന ആ കടലാസുകളും ഏൾപ്പിച്ച ഇതിന്റെ കാര്യം മുഴുവനും ആദെഹത്തിനെ ഏൾപ്പിച്ചാൽ അവിടെ ഇരുന്നാലും മതി. വിഗാരിമാര സൈത്തിനും മറ്റു പട്ടക്കാരും അവിടെ വരുന്നവരൊടു താല്പര്യപ്പെടുത്തിയാൽ മതി. ആയതുകൊണ്ട ഇന്നു തന്നെ ഈ നിക്ഷെപങ്ങളും അദ്ദേഹത്തിന്റെ പക്കൽ കൊടുത്ത നിങ്ങൾ പൊകും മുൻമ്പു തന്നെ മൂപ്പച്ചന്റെ മുമ്പിൽ വരുത്തി ഈ ഒരു പെരും കല്പിച്ചു കൊടുക്കണമെന്നും ഞാൻ അപേക്ഷിക്കുന്നു. ഈ മൂപ്പച്ചനെ കേൾപ്പിക്കണം.

(ഒപ്പ്)

തിരുക്കുടുംബത്തിന്റെ
കുറിയാക്കോസ് ഏലിയാച്ചൻ

V/2

# കുര്യാക്കോസ് ഏലീശാച്ചന് എഴുതുന്നത്

(ഒരു മറുപടിക്കത്താണിത്. എഴുത്തിന്റെ അവസാനത്തിൽ സുറിയാനിയിൽ ഒപ്പുണ്ട്. തീയതിയും കാണിച്ചിട്ടുണ്ട്).

1866 മാർച്ച് 13:

മ്ശി. സ്തു. ര. മ. യ.

അ.ക. മൂശു. പ്രിയൊര

പെ.ബ. മാന്നാനത്തെ കൊ.വി.ആ കു. ഏലീശാ അച്ചനു കൊടുത്ത എഴുത്തും അച്ചന്റെ അപേക്ഷയും കിട്ടി. ലത്തീൻപള്ളിയിൽ വികാരി അച്ചന്റെ എഴുത്ത എന്നു പറയണ കെണ്ടില്ല. എംകിലും മെലെഴുതിയ പെരു കെൾക്കുമ്പോൾതന്നെ പെ. ബ. മൂപ്പച്ചനും ഇനിയ്ക്കും ഭയം തന്നെ. അതെന്ത്യെ ഈ പാവപ്പെട്ട അമ്മക്കു തലക്കു അവക്കടെ മകക്കടെ എന്നും പറഞ്ഞ കയറുപിരിച്ചും പാനെയ്തും നെല്ലുകുത്തിയും നനച്ചും പിഴിഞ്ഞും ഉടുത്തും കാടിയും തവിടുംതിന്നും വട്ടിപുറത്തുകിടന്നുറങ്ങിയും ജീവിച്ചുവന്നത് ഇപ്പഴും അപ്രകാരംപൊലെ ഓലകൊണ്ടും പനമ്പുകൊണ്ടും കുത്തി മറച്ചിട്ടുള്ള മഞ്ഞും പനിയ്ക്കും തടവില്ലാത്ത പുരയിൽ പാർത്തും ദിവസം ഒന്നും രണ്ടും നെരം ഈ വഴി നടന്നു കുർബാനയും കണ്ട് ഈ കഞ്ഞിയും കുടിച്ചും ഈ ശ്രെഷ്ടത്തി എന്നു പറയുന്നവളുടെ ചൊൽവിളിയും കെട്ടു നടക്കുമൊ ഇവരുടെ സാമാന്യ ജീവിതം ഒരു തറവാട്ടിന്റെ ചെല ഒക്കയും മറ്റവരെ നൊക്കാതെ താൻതന്നെ ചുമനിലക്കാരത്തിയായിട്ട അന്വെഷിച്ചു നടത്തിയും മറ്റവരുടെ മക്കളെ വളർത്തിപ്പും കഴിച്ചും വച്ച ആഴ്ചയിൽ 1-2 കുർബാനയും കൈക്കൊൾകയും 1 കുമ്പസാരവും ദിവസ കുർബാനയും നൊവെണ വീശിയനതും യിങ്ങനെ ഏറിയനാൾ തഴങ്ങി വെലയും മിനക്കെട്ടും ഒരുപോലെ സന്തൊഷമായി ജീവിച്ചു തഴക്കിയിരിക്കുന്ന എളിയ ജനങ്ങൾ എല്ലാംകൊണ്ടും കുറഞ്ഞ അന്തസ്വാദിയാൽ ആയതിൽ ഇതു കൂട്ടിയാൽ ഒള്ളതു കൂടെയും പൊയി ഒടുക്കം നന്മയ്ക്കു പകരം തിന്മയും ഉപവിയ്ക്കു പകരം രസക്കെടും കെൾവി

കെട്ടും ആയെക്കും എന്ന ഭയപ്പെടുന്നു. ആഴപ്പുഴെ പൊട്ടി എന്നൊ മറ്റൊ ഒരാളുണ്ടെന്നു കെട്ടു.

പക്ഷെ യിങ്ങനെയുള്ള താഴപ്പെട്ട അന്തസ്ഥകാരായാൽ കൊള്ളാ മായിരന്നു. ഇതിരിക്കട്ടെ.

മാത്തുന്റെ കാര്യം അവനെയിങ്ങോട്ടു പറഞ്ഞയച്ചാൽ കൊള്ളാമെ ന്നും എന്ന അന്ധസ്ത അൾമെനി ദർശനക്കാരനായിട്ടൊ പട്ടക്കാരനാ യിട്ടൊ എന്നപെക്ഷിക്കുന്ന തിരിഞ്ഞില്ല. ആയതിനാൽ യിവിടെ വരു വാൻ അറിയിപ്പാനും വന്നു കണ്ടാൽ നിശ്ചയം പറയാമെന്നും കല്പന-

വല്യശനിയാഴ്ച അവിടെയും ചെല്ലണമെന്നും യിവിടെയും ഈ രണ്ടു കൊവെന്തയിൽ മാത്രം ഈ ആണ്ടിൽ എന്നാൽ രണ്ടിടത്തും ഇടവകപള്ളി അല്ലായ്കയാൽ വെള്ളത്തിന്റെ ക്രമം വെണ്ട.

............................ആയതും അതിൽ കാണും............................

[illegible] ഇല്ലെംകിൽയിതിൽവണ്ണം ചെയ്യണം എന്ന എഴുതിയി രിക്കുംവണ്ണം ചെയ്താൽ മതി. ശു. കുർബാനയുടെ 40 മണി ആരാധന യുടെ സംഗതിയ്ക്കു ആയതിനുള്ള ക്രമവും ശു. തിരുവെഴുത്തും ദൊഷ പൊറുതി വിവരവും യിപ്പൊൾ മലയാണ്മയിൽ തിരിപ്പാൻ തുടങ്ങീ ട്ടുള്ളതും ആയതു പകർത്തി കഴിഞ്ഞിട്ടും മറ്റും വെടിപ്പിന്നു പൊരാ ത്തതും മഹിമയ്ക്കു വേണ്ടിയതുമായ ചില വസ്തുക്കൾ. വല്യമണി കത്തിസാൾ മുതലായ പൊരായ്കയും തീർപ്പാനും പെ.ബ. മെത്രാ കല്പിച്ചിരിക്കുന്ന പിറവിടെ ശേഷമുള്ള ദിവസം ആകട്ടെ എന്ന് ഏതാ യാലും ഇപ്പൊൾ വെണ്ടാ എന്നും കല്പന.

25 നു കുഞ്ഞു ഇപ്പൊ നെല്ലിപ്പുഴയൊ വരുന്നവരുടെ വശം ഉണ്ണി ഈശൊ: ശെഷമുള്ള അടിപ്പിച്ചു കൊടുത്തയയ്ക്കുമല്ലൊ - അപ്പൊൾ എംകിലും നെല്ലിപ്പുഴ വാച്ചതുകൊണ്ടു വരുമെന്നു ശരണപ്പെട്ടിരിക്കുന്നു എന്നും അറിവിക്കുന്നു.

ഈ 1866 മീനം 13

ഒപ്പ്
ആഹ-കുറിയാക്കോസ് ഏലിയാ
പ്രിയൊർ.

V/3

# കുര്യാക്കോസ് ഏലീശാച്ചനെഴുതിയ വേറൊരു കത്ത്

(ഇതൊരു മറുപടിക്കത്താണ്, മാന്നാനം കൊവേന്തയിലെ ഭരണകാര്യങ്ങളാണ് എഴുത്തിൽ വിശദീകരിക്കുന്നത്. എഴുത്തിൽ ചാവറയച്ചന്റെ ഒപ്പുണ്ട്, എഴുതിയ കൊല്ലവും കുറിച്ചിട്ടുണ്ട്. 1866-ൽ ആണ് ഇതെഴുതുന്നത്. മാസം, തീയതി എഴുത്തിൽ കുറിച്ചിട്ടില്ല. ചിങ്ങമാസത്തിന്റെ ആദ്യ ലിപിയായിരിക്കാം ചി. എന്ന് എഴുത്തിൽ കാണിച്ചിരിക്കുന്നത്).

പെ. ബ. മാന്നാനത്തു വി.

ആകു. ഏലീശാ അച്ചാ.

1866 സെപ്തംബർ

✠

ര. മ. യ.

മ്ശി. സ്തു.

ഇപ്പോൾ കൊടുത്തയച്ച എഴുത്തിന്നു വിശെഷാൽ മറുപടിക്കാവശ്യം ഇല്ല. പിന്നെയൊ എല്ലാം മുൻപിലെത്തെതു തന്നെ മതി. ഇതായതു= ഡാസ്തവും തിരുമനസ. തെവരീരുടെ ശിത്തം അടിയനുടെ പാക്യം : ഇതതന്നെ എപ്പഴും ഹൃദയത്തിലുണ്ടായികൊണ്ട മാന്നാനത്ത കൊവെന്തക്കാര ദ്രവ്യസ്ഥന്മാരെ എന്നുപമെയും ശ്രേഷ്ഠന്മാരുടെ മനസിൽ കൂടയും തൊന്നപ്പട്ടുംകൊണ്ട നിങ്ങളുടെ അഗതിത്വത്തിന്റെ സമ്മാനം യാതൊന്നും വഴിയായിട്ടും ഒരു കൊള്ളിയെംകിലും പൊരാതെ കാത്തുസൂക്ഷിച്ചുവരുന്ന ദെയവ തിരുമനസി സ്തുതിപ്പിൻ.

400 രൂപാ ഒന്നായിട്ടു ചിലവു ചെയ്തുകൂടാ എന്നത-ഒരാണ്ടിൽ - ഇതിലധികം ചിലവു ചെയ്തുകൂടാ എന്നും കല്പിച്ചിട്ടില്ല. കല്പിക്കയുമില്ല. തിന്മാനും ഉടുപ്പാനും വേണ്ടിയത ഇതിന്നും ഒരു തുകയായി 400-നുമെൽ പൊകരുത. പൊറഞ്ചു അച്ചനൊട്ടു ചൊദിച്ചാൽ: അയാളുടെ ഓർമ്മപ്രകാരം ഉള്ള വകയ്ക്കുംകൂടെ ശെഷത്തോടുകൂടെ ഒരു വസ്തുവെംകിലും ഉദയം എംകിലും കൂട്ടി ആയതും ആകമാന കണക്കിലും പുസ്തകചെർത്ത എഴുതി നടത്തണം.

പള്ളിപ്രത്തച്ചന്റെ മുതലിനെയും

ധർമ്മം കൊടുപ്പാൻ വന്നതും ഇതല്ലാംകൂടെ കുർബാനപുസ്തകത്തിൽ വിളിച്ച എഴുതിവെയ്ക്കണമെന്നപേക്ഷിക്കുന്നു.

(അതെന്ത്യ പഞ്ഞസമ്മാനമെംകിൽ വല്യത വെല എടത്തവന്നു. പത്തു കഴുവെംകിൽ ചാല്യം പിടിച്ചത പ്രിയോരച്ചന്ന) എന്നതിനെക്കൊണ്ടും ദീനക്കാരൻ എന്നു വിചാരിച്ചും യെവർക്കും ബൊധിച്ചിട്ടാകുന്നൊ യാത്രയെന്നറില്ലാ. നടപ്പിൻ വിളിക്കുന്നു എംകിൽ ഇതിനാലയും തിരുമനസു വാഴട്ടെ. കുറ്റിക്കന്റെ കണ്ണാടിക്കുള്ള ആവശ്യം അന്നായിരുന്നു. ഉടൻ കിട്ടായ്കയാൽ വെർവിട്ട ചില്ലുവരുത്തി ഇപ്പോൾ 12½, രൂപായ്ക്കു ഇത വെണ്ട. വെള്ളികെട്ടാകയാൽ പെരുമാവാനും വഹിയാ, ഇവിടെ സൂക്ഷിച്ചിരിക്കുന്നു. ഇങ്ങനെയുള്ളവരുടെ പക്കൽ കൊടുത്തയപ്പാൻ വിശ്വാസമില്ലായ്കയാൽ ശെഷം പിന്നാലെ.

തൈയിജിയോടുള്ള ഉത്തരം (എളിമയിൽ ഇറങ്ങിമുങ്ങികിടക്കുന്നവർ ജീവിക്കും ഇവൻ ശെഷിക്കും എന്ന) ഇതാ എരൊപ്പിൽ ദുഷ്ടന്മാരുടെകൂടെ കൂടുവാൻ മനസ്സില്ലാത്തവൻ കതകടച്ച വീട്ടിന്റെ അകത്തിരിക്കണം. തെരുവിലിറങ്ങിയാൽ അവരൊടുകൂടിയില്ലംകിൽ തൂക്കിക്കൊല്ലുവാൻ രാജവിധി: പ്രംസം. വികാരുടെ പരസ്യപ്പെട്ട തലവന് മഡിനി ഇപ്പൊൾ വിത്തൊരിയ മറക്ക..................... രാജാവിനെ സഹായിപ്പാനായിട്ട അയാൾ വിളിക്കാതെ കൂടിയിരിക്കുന്നു. ഏറിയ സെനകളൊടും അവരുടെ ദുഷ്ടസെനാപതി ഗിരിബാൾദിക്കും എഴുതുന്നു. ദെയവപ്രമാണംപോൽ ചുരുങ്ങിയ വാചകം.

നമ്മുടെ കൂട്ടര ജയിച്ചാലും തൊറ്റാലും കൂട്ടായിരിയെണ്ട പിന്നെയൊ എപ്പഴും ആതിയുധങ്ങളെ ആസ്ഥമാക്കി നില്പിൻ. മറ്റുള്ള സെനയിൽനിന്നും ഈ അരൂപിക്കാരെ കൂട്ടുവിൻ.

ഇത. പ്രിയൊര

ആ.ക. ഏലിശാച്ചനു

ഒപ്പ്

1866 കുറിയാക്കോസ്

ചി. ഏലിയാ- പ്രിയോർ.

## V/4

# ഏലീശാ അച്ചന് എഴുതുന്ന മറ്റൊരു കത്ത്

(എഴുത്തിന്റെ ആരംഭത്തിൽതന്നെ തീയതി കുറിച്ചിട്ടുണ്ട്. അവസാനത്തിൽ ഒപ്പുമുണ്ട്. 'പ്രിയോർ' എന്നു മാത്രമാണ് ഇവിടെ ഒപ്പിട്ടിരിക്കുന്നത്).

മ്ശി. സ്തു. 1869-8-15

✠

ര-മ-യ

1) വെണ്ടിയ കല്പനകൾ നിരൂപിച്ചതിലതിലതികം വെടിപ്പായി.
2) സംഗ്രഹം അടിപ്പിപ്പാൻ അനുവാദം.
3) രണ്ടു പെര പൊന്തയിടങ്ങത്തിൽ (കുഞ്ചെറിയ) ഞാൻ അവനെ മുക്കി. ഗ്രിഗൊറിയൊസനസിയെനുവിന്റെ ദിവസം പിറന്നതിനാൽ അപ്പെരത്രെ മാമ്മോദീസയിൽ വച്ചതായിവനെ പഠിപ്പിച്ചു. ദെയവം വിളിക്കുന്നോ എന്ന പരീക്ഷിക്ക.
4) ധ്യാനപുസ്തകങ്ങളും ശെഷവും വെള്ളിക്കകം എത്തും നമ്മുടെ വള്ളംതന്നെ അയച്ചിരിക്കുന്നു.
5) പഞ്ഞെത്തി. കല്പനകൾ 20 അയയ്ക്കുന്നു.
6) മെത്ത ഞാൻ എടുത്തു. മാന്നാനത്തു ശു. യൌ. പിതാവിൻ കാക്കൽ വിരിപ്പാനുള്ള നിയൊഗത്താൽ.
7) ഞാൻ ഇവിടെ വന്നപ്പോൾ ശ്രെഷ്ഠത്തിയമ്മെയെ മില്ലക്കാരൻ മരിപ്പിലാക്കുമാറായി. കരം 120 രൂപ. വരെയുണ്ട-ഞാൻ കൊണ്ടു ചെല്ലുമെന്നൂഹിച്ചിരിക്കുന്നു. ഞാൻ ക്ഷീണത്താലിതുവരെ പോയില്ല. മില്ലക്കാരനെവരുത്തി പറ്റു ചീട്ടിനു അറ്റകുറ്റം പറഞ്ഞയച്ചു.
8) ധ്യാനത്തിന്ന എല്ലാം അനുവാദവും പ്രൊ. വി. അ. അച്ചൻ തന്നിരിക്കുന്നു.
9) ഇതിൽ പ്രത്യേകം മഹാ വിവെകത്തോടും രഹസ്യത്തോടും ചെയ്യെണ്ടുന്ന ഒരു കാര്യമുണ്ട. ആയത ആദെഹം എത്രയും ഭയപ്പെട്ട കല്പിക്കുന്നു. ഇതായത പൺകട്ടിന്റെ വാസ്ഥക്കെട്ട പല പ്രകാരത്താൽ ആ ദിക്കുകളിൽ പലതും ഉണ്ടായിരിക്കും. എന്ന സംശയമില്ല. എന്നാൽ ഇത അറിയാതെ നല്ല മനസാക്ഷിയൊടെ

വ്യാപരിക്കുന്നവരെയിളക്കി പകപ്പിച്ച സംശയത്തിന്നിടകൊടുക്കായവൻ സൂക്ഷിക്കണം: അറിഞ്ഞാൽ വാസ്തവപ്പെടുത്തുവാൻ അനുവദിച്ചിരിക്കുന്നു. ഇത കുമ്പസാരത്തിൽ അറിഞ്ഞ രഹസ്യമായി നമ്മുടെ അർഹെമാരെ തന്നെ രണ്ടു സാക്ഷി നിറുത്തുവാനും അനുവദിക്കുന്നു.

ഇതൊക്കെയും രഹസ്യത്തിൽ എന്നാൽ വാസ്ഥപ്പെടുത്തുവാൻ പാടുള്ളവരെ അല്ലാതെ മറ്റവരെ കലക്കരുതെന്നും മഹാ വിവെകം വിവെകം എന്നും കല്പിക്കുന്നു.

10) ഇനിയും പല്ലാടൻ മാനായിങ്ങയുള്ളവരെ നമുക്കു വെണ്ട എന്നും അല്ലാതെ ഈ വണ്ണമുള്ള പട്ടക്കാരെ കൂട്ടുവാൻ സംഗതി ആയാലും അവർ ത്രൊണൊസിന്നത്തവാൻ നാം കല്പിക്കയും മുടക്കുകയുമില്ല. പിന്നെയൊ തന്റെ മനസാക്ഷി അനുവദിക്കുന്നതെങ്കിൽ കരെറികൊൾ എന്ന മാത്രം കല്പിപ്പാൻ പാടുള്ളു എന്ന കല്പന.

11) മാ. വി-അച്ചനുള്ള ഇണ്ടാസിൽ പീലിപ്പൊസ എന്നുള്ള പെര. പീലിപ്പൊസിന്റെ അപ്പൻ വർക്കി എന്നു ഞാൻ പറഞ്ഞത തിരിയാഞ്ഞിട്ടൊ മറന്നിട്ടൊ എന്നു തൊന്നുന്നു. മിന്നലെ യിവിടെ വന്നപ്പോൾ എല്ലാ വിവരവും കെട്ടുകൊണ്ടപോയി. അങ്ങു ചെന്നപ്പോൾ അത്ര. പ്ളാശനാൻ കാര്യം പിന്നെ ഞാൻ രണ്ടാമത എഴുതി വന്ന കല്പനയത്രെ ചെറിയത-

12) ഉതുപ്പാന്റെ മണവാട്ടിയുടെ സംകടത്തിനും കല്പനയുണ്ട-മടത്തിഞ്ചിലി അച്ചന്റെ പക്കൽ ആയതും പുസ്തകം രണ്ടും-കൊടുത്തയ്ക്കും-തളിയം ബ്രുക്കാർദ മടത്തുഞ്ചാലി-മൂന്നും വരും. ബ്രുക്കാർദിന പകരം വി. യോ. റെയി. പിന്നെ നിങ്ങളുടെ വിവെകം ഞാൻ കൊച്ചിട്ടി ചെറിയയുടെ നെല്ലിപ്പുഴ. കിഴ. ഇട്ടിയപ്പ. തയ്യിൽ കൊച്ചിത്ത തുരുത്തുമാലി-കരുവനാകുന്നെൽ....

.......തെക്കും കാടൻ- -ചാണ്ടിയച്ചൻ വയലി- കറുമ്പൻ: പെരുമാലി വർക്കി. യിങ്ങനെ പത്തു കൊന്ത യിതിനിടയിൽ. ശ്രെ. ഉണ്ടാക്കി ഞാൻ റുശ്മ[1]. ദോ[2]. വച്ച കൊടുത്തയയ്ക്കുന്നു.

ഒപ്പ് - പ്രിയോർ.

---

*1. റുശ്മ = സുറിയാനി വാക്ക്; 'ആശീർവദിച്ച്' എന്നർത്ഥം.*

*2. ദോ = ദോഷപൊറുതി*

V/5

# പോരൂക്കര ഏലീശാച്ചനെഴുതുന്ന അഞ്ചാമത്തെ എഴുത്ത്

(ഒന്നാം വത്തിക്കാൻ സൂനഹദോസിലെ ചില വിവരങ്ങളാണ് ഉള്ളടക്കം. ഒപ്പും തീയതിയും എഴുത്തിൽ ഉണ്ട്).

✠

മ്ശി. സ. ര. മ. യ. 1869 - വൃ - 3.

നമ്മുടെ കമന്ത്രാ - ലയൊപ്പൊലദ് മൂപ്പച്ചനും കന്നി 22 മദ്രാസിൽ നിന്നും 5. മെത്രാന്മാരൊട പുറപ്പെട്ടു. 28 നു സെയിലത്തിൽവന്നു. 7. മത്രായിദൈ. 12 മായി പുറപ്പെട്ടതു 11 ആദെനിൽ നിന്നും സുറിയ മെത്രാ 2 യിങ്ങനെ 12 മായി സൂയത്തി 18 നു എത്തി. വാഗ്ദാദ: 1.മെത്ര. 15. മെത്രാന്മാരൊടെ ആലം സദ്രിയിൽ നിന്ന പുറപ്പെട്ടു. 21 നു മർസീല്ല്യ എത്തി. ഉടൻ മെത്രാൻ ലിയൊനിൽ പൊയി ലയൊപ്പൊല്ദ് അച്ചന്റെ അനുജൻ അവിടെ പാർത്തിരുന്നതിനാൽ പൊർത്ത: മൌരിശിൽ അവിടെ നി. മൂൾത്ത്റപുത്തൽ സന്യാസം കഴിച്ച കൊവെന്തായി. അവിടെ നിന്ന ജെനുവയിൽ. പൂന്തെ ആക്ഷി അപ്പന്റെ പക്കൽ മെത്രാനെ - വൃ-20 റൊമ്മയിൽ.

ഇപ്പോൾ ആകെ ലോകത്തിൽ 894 മെത്രാന്മാർ.

<table>
<tr><td rowspan="2">വിവരം<br>പാത്രയർക്കന്മാർ 13<br>മെത്രാപ്പോലീ. ലത്തീൻ 75<br>മറ്റു റീത്തുകൾ:<br>മെത്രാപ്പോലീത്താമാർ 35<br>മെത്രാന്മാർ ലത്തീൻ 506</td><td colspan="2">മെത്രാന്മാർ മറ്റു റീത്തുകൾ:<br>സിംഹാസനം അല്ലാത്ത<br>ദിക്കിൽ ഭരിപ്പ.. 193</td></tr>
<tr><td colspan="2">ക. സ്ത്ര 94<br>ഇതിൽ</td></tr>
<tr><td></td><td>വയസ<br>3 : 93<br>2 : 90</td><td>20:85:80<br>26 80-75<br>79 75 70<br>164-55<br>60-50</td></tr>
<tr><td>140<br>22 - 20 - 38<br>13 - 38 - 35<br>9 - 35 - 30</td><td colspan="2">133. ന്നധ. ഭ്രദ്ര<br>150 - 55 - 50<br>12 - 50 - 25<br>23. 25. 20</td></tr>
</table>

ഇതിൽ 53 നീക്കിയശേഷം എല്ലാരും = കർദ്ദിനാ ജരാൾ എല്ലാം കൂടെ ധനു 1 നു മുതൽ 9 നു വരെ കദിന. നൊയമ്പും. തനിത നിയെള്ള ധ്യാനവും തുടങ്ങി. 8. തീയതി ശു. സൂന തുടങ്ങുവാൻ ആസ്ഥപ്പാട. ശു. പിതാവേ. അലൊത്ത വി. പെർ വിളിച്ചു മുടിചൂടിയ ദാർമ്മ: തൂണിന്റെ : നാമത്തിൽ സൂനഹദൊസിന്റെ മല്പട്ടിയാക്കി നിയമിച്ച സൂന. ഓർമ്മക്കായി അതിനു സമീപെ വല്ല്യ തൂണിനം. പണി തുടങ്ങി.

രാജാക്കന്മാര ഒക്കയും പട്ടാളങ്ങളെ കൂട്ടി കൂട്ടി ഇസ നാളെ. അവൻ തുടങ്ങട്ടെ ഇവൻ തുടങ്ങട്ടെ എന്ന കരുതിയിരിക്കയിലും നെ ആ പൊലിൽ ഇതിന്ന സമമായി പ്രമസംകാർ ഈ 8–ാം തീയതി–അവരും സൂനഹദൊസ കൂടുന്നു. എന്നു ഇതിനിടയിൽ ഒരു ഭയവും കൂടാതെ ലൊകമെങ്ങുമുള്ള തലവരെ വിളിച്ച തന്റെ പക്കൽ കൂട്ടുന്നത കണ്ട എല്ലാവരും മിണ്ടാതെയിരിയ്ക്കുന്നു. ഈ സൂനഹദൊസ കഴിഞ്ഞിട്ട : നിങ്ങൾ കൂടിയാൽ മതി എന്നു പളഞ്ഞ പുത്തൻ പട്ടാളങ്ങളെ വിരിക്കുന്നു. അത്രയും ചമ്പള ലാഭം രാജാക്കൾക്കും ഉണ്ടാകുന്നു.

പ്രിയോർ (ഒപ്പ്)

......................................

......................................

......................................

## V/6

# വേറൊരു കത്ത്

(ഇതൊരു മറുപടിക്കത്താണ്. ഒപ്പും തീയതിയും എഴുത്തിൽ ഉണ്ട്. ഒന്നാം വത്തിക്കാൻ സൂനഹദോസിന്റെ വിവരം – പത്രവാർത്ത – എഴുത്തിൽ ഉദ്ധരിക്കുന്നുണ്ട്. പുളിങ്കുന്നു കൊവേന്തപണി പൂർത്തിയായ വിവരം, മുത്തോലി കൊവേന്തയുടെ കല്ലിടിൽ ഇങ്ങനെ പലതും എഴുത്തിൽ പ്രതിപാദിക്കുന്നുണ്ട്).

മ്ശി, സ്തു. ✠ 1869 ധനുവം 9

ര. മ. യ.

കൊടുത്തയച്ച എഴുത്ത നാളെതന്നെ തപാലിൽ അയക്കും – എന്തൊ തിരിഞ്ഞില്ല. മുൻപിലത്തെ എഴുത്തിന്നു തലകളും റെസിബി

ന്നും[1] കൂടി 5 രൂപാ കെറുബിൻ മൂപ്പച്ചൻ കൊടുത്തിരിക്കുന്നു എന്ന എഴുത്തും റെസിബം കൊടുത്തയച്ചിരിക്കുന്നു. 2 അവിടെ നിന്നും അന്ന കൊടുത്തയച്ചു. ഇന്നു 2 എലകളുള്ള എഴുത്തും കാശ ഒന്നുമില്ല. എംകിലും കണക്ക പിന്നെ തീർക്കാമെന്നും നിരൂപിച്ചിരിക്കുന്നു. ആധാരം കൊടുത്തയപ്പാൻ നൊക്കിയാറെ കണ്ടില്ല. പക്ഷെ വരാപ്പുഴെ കാണിപ്പാൻ കൊണ്ടുപൊയിട്ട മൂപ്പച്ചന്റെ പെട്ടിയിലൊ മറ്റൊ ഉണ്ട. ഇന്നു പീലിപ്പച്ചനും എല്ലാം 3 മണിക്ക ചെന്ന മണ്ടലം മാഞ്ഞാലി ഉല്ലാസം ഞാൻ ഇന്നലത്തെ വലൃഘൊഷം അമ. അമ്മയ്ക്കു കൊണ്ടാടി. പ്രദിക്ഷണം ഇതിനാൾ ക്ഷീണിച്ചു പോയില്ല. ഒപ്പിട്ട 3 കടലാസ്സ ഇതാ വെണമെങ്കിൽ. ആധാരം അവിടെ ഉണ്ടാകുമല്ലൊ - ഇത മേലുള്ളതായല്ലൊ. പത്ത്റ-വാർത്ത-വിശെഷമില്ല. ജസ്സീന്ത അമേരിക്കയിൽ - സൂനഹവ വരുമെന്നും സുദർക്ക കണ്ടില്ലംകിൽ രണ്ടാം സൂനഹ. അയാൾ വിളിക്കുമെന്നും നാണമില്ലാത്ത നാവു പറയുന്നു എന്നു - ഗസെത്തക്കാരൻ പറയുന്നു, നമ്മുടെ മെത്രാനു എഴുത്ത മിനിയാന്നു വന്നു. വിശെഷാൽ സുഖകെടില്ല. 2 ദിവസം മെദിത്രാതിയിൽ മരിക്കുമെന്നു തൊന്നി. രാത്രിയിലുണ്ടായ പെശറാൽ, മൂപ്പച്ചന്റെ എഴുത്തിൽ സുഖമായത്ര എന്നും പറഞ്ഞു. മിവനെടുകൂടെ അൽമെനിയാത്രക്കാര 3 രു ഉണ്ടായിരുന്നതിൽ 3 മരിച്ചു. മറ്റു ദീനത്താൽ - മെത്രാനച്ചൻ ലിയൊനിലും മൂപ്പച്ചൻ പൊർത്തയൊരിശിലും ആയി പിരിഞ്ഞു. ഇന്നലയ്ക്കു 10 ദിവസം മുൻപിൽ പൊതു ധ്യാനത്തിനു മെത്രാനും മിനിയാന്ന മൂപ്പച്ചനും റൊമ്മയിൽ ഇവിടെ പുത്തൻ പ്രെസിൽ ആകമാന സൂനഹ ആദരിച്ചു നടത്തുന്നു. അമലൊത്ഭ. അപക്ഷജപം കൂന. അമ. അച്ചുകൂടമെന്നും പെരിട്ടടിച്ചു. 1 കാശു വിലവച്ചു മെടിക്കുന്നവർക്കു വിലയുള്ളതെന്നു തൊന്നുവാൻ സൂന. കടശിവരെ അപെക്ഷിപ്പാൻ ഇന്നലെ 2 നു ഉണ്ടായത: ആലങ്ങാട വരാപ്പുഴെ ഞാറക്ക ആലുവായിങ്ങനെ തീർന്നുയിനി അടിപ്പിച്ചവിടങ്ങളിലും അയയ്ക്കും ദൊഷപൊറുതിയുടെ ധർമ്മത്തിന-യിതു നല്ല ധർമ്മമായി, 1.2.ചക്രം കൊടുത്ത വാങ്ങിച്ച പാവപ്പെട്ടവർക്ക കൊടുക്കട്ടെ.

വിചാരണ കഴിയാഞ്ഞിട്ട മൂപ്പച്ചനെ തിടുക്കം കല്ലിടുവാൻ പൊവാൻ ഒരുങ്ങിയിരിക്കുന്നു. ദൈവസഹായത്താൽ പുളിംകുന്നു കൊവെന്ത നടപ്പാവാറായി (രഹസ്യം) യെറെ പാപ്പി ഇവിടെ വന്നു. 2 മാസത്തി

1. *റെസിബിന്നു = രസീത്*

നകം പറമ്പിനു വാങ്ങിച്ച ചക്രം 4000 ഉം എന്റെ കയ്യിൽ തരാമെന്നും ആ കൊവെന്തയുടെ പണിക്കുറവു തീർത്ത നടത്തണമെന്നും എഴതി വച്ചു. 10000 ചക്രം ജേഷ്ഠന്റെ പറഞ്ഞൊപ്പ- അവന്റെ മകന്നു പത്ര മൊനയും 2850 ചക്രം അവനുള്ള വരിയും യിങ്ങനെ 12850 പറമ്പുമെൽ ഇരിക്കട്ടെ. 27150 ചക്രം തന്നാൽ മതി എന്നും ഞാൻ സമ്മതിച്ചു. സന്തൊഷമായി 1 കുർബാനയ്ക്കു 1 പവനും തന്ന ഇത ഞാൻ പണം മിനം 25-ന് കൊണ്ടുവന്നു തന്നല്ലാതെ പരസ്യമാക്കരുതെ എന്നപെ ക്ഷിച്ചിരിക്കുന്നതിനാൽ ഇപ്പോൾ ആരൊടു പറയണ്ട അവന്ന സംകട മാകും.

യിനി പിന്നെ ദൈയവം ആയസ്സുതന്നാൾ

ഒപ്പ് -

ആഹാ കു. ഏലിയ - പ്രിയോർ

## V/7

# പോരൂക്കര കുര്യാക്കോസ് ഏലീശാച്ചന് എഴുതിയ കത്ത് - 7

മ്ശി. സ്തു: ര. മ. യ. 1869 ധനു 20.

ആ സ്നേഹം നിറഞ്ഞ ഉണ്ണിഈശോ തനിക്കുള്ള ഒന്നാം പട്ട ക്കാരെ നിങ്ങൾ അകമ്പടിക്ക് അയയ്ക്കുന്നതാൽ തെളിവുള്ള പുഞ്ചിരി നിങ്ങളെ കാണിച്ച കൊച്ചു കൈ പൊക്കി നിങ്ങളെ ആശീർവദിക്കട്ടെ.

വിശെഷാൽ ഈ എഴുത്തിന്റെ കാതൽ കണ്ടില്ല എന്നു വിഷാദിച്ചു. അപ്പോൾ മുകദാവിൽ കാര്യമുണ്ടന്നു കെട്ടുറച്ചു.

കുമ്പിളനീലംപാലയും അതിനോടുകൂടെയുള്ളതിനും അത്ര അത്ര ക്ലേശിക്കെണ്ട-മനുഷ്യ മനസിനെ ചലിപ്പിക്കുകയും വെണ്ട തെളിവുള്ള മനസുനോക്കി മതി.

എന്നാൽ നമ്മുടെ പുത്തൻ മുറി ചിറ്റപ്പൻ ഇതു പിറിച്ചു പറിപ്പാൻ പാട്ടണംകിലും കട്ടാലും പുണ്യംതന്നെ എന്നു എന്റെ ബൊധം വിധിച്ചതുപോലുള്ളതും ആകുടെബമേ. ദൈവത്തിന്റെ ശാപം ഗൊവർ ണ്ണമെത്തിന്റെ ഹെകിയെക്കാൾ എത്രയോ...

താൻ കടക്കാരനാകുവാൻ ഭാഗ്യം കിട്ടുന്നത് എത്രയോ മഹത്വം - പൊട്ടെ. മുത്തോലിയുടെ ആധാരം കണ്ടുവെന്നുമോ? ഇതിൽ കണ്ടില്ല. ആയതിനാലയ്ക്കുന്നില്ല - പല്ലാടൽ

ഏവുറോവ്വയ്ക്കുറെപ്പൊടെ....ആലഗൊടതിയിൽ
വരുമോ പരീഷിപ്പനെ മണ്ടവാ. അജരീ പൊതിരീ-
ഞ്ഞില്ല. ശെഷം കാഴ്ചയിൽ മാന്നാനത്തു വന്നാൽ
വേഗത്തിൽ വരുമല്ലൊ.

ഒപ്പ്
ആഹാ. കു. ഏലിയാ പ്രിയോർ

## V/8

# പോരൂക്കര അച്ചനെഴുതുന്ന വേറൊരു കത്ത്

(എഴുത്തിൽ പോരൂക്കര അച്ചന്റെ മേൽവിലാസം കുറിച്ചിട്ടുണ്ട്.)

മ്ശി. സ. ര. മ. യ. 1870 ക. ന്ന.

കൊടുത്തയച്ച രൂപാ 520 കുറിമാനവും കിട്ടി. എന്നെക്കായി ഈടു നില്ക്കുന്നതും മധുരമുള്ള ഫലങ്ങൾ പെടുന്നതും ആയ ഒരൊർമ്മ ഇതായതയിതിനെക്കായിൽ മാനുഷൻ എത്രയൊ ബലക്ഷയമുള്ളതും വകച്ചക്കാരനും എന്നു എല്ലാ കൊവെന്തക്കാരും ഓർപ്പാൻവെണ്ടി ഓരൊ കൊവെന്തകളിൽ (ദുക്റാൻ) എന്നു പെരിട്ട ഓരൊ മധുരമാവുകൾ നടുവിപ്പാൻ നിരൂപിച്ച ചിലടുത്തയച്ചു ഇതാ 1 മുത്തൊലിയിലും വെണമെങ്കിൽ അവിടെയും എടുക്കാം.

ഈ. ബ. ആഹാ. റെ. കു.
ഏലിശാ അച്ചന്ന. പ്രിയൊരാ.
ഒപ്പ്.
ആഹാ.കു.ഏലിയാ പ്രിയോർ.

റൊമ്മയിലെ : അവസ്ഥയ്ക്കും മറ്റും മുൻ അറിവിച്ചല്ലൊ
-ഇപ്പഴും പട നടക്കുന്നു.
ശു. പള്ളിക്കായി പ്രാർത്ഥിപ്പിൻ

## V/9

# പോരൂക്കര ഏലീശാച്ചനെഴുതുന്ന വേറൊരു കത്ത്

തീയതിയും ഒപ്പും തെളിവായി എഴുത്തിൽ ഉണ്ട്. 1870 ഒക്ടോബറിലാണ് ഇതെഴുതുന്നത്. അധികം താമസിയാതെ ചാവറയച്ചൻ രോഗശയ്യയിലായി. പോരൂക്കരയച്ചന് ഇതുകഴിഞ്ഞ് ചാവറയച്ചൻ എഴുതിയിട്ടില്ല.

ര. മ. യ. 1870 ഒക്ടോബർ 2

ചിറമെൽ കുഞ്ചറിയായുടെ കുർബാന സംഗതിയ്ക്കു സംശയം വരുവാനിടയില്ലാഞ്ഞു. ആണ്ടവരെ 19 കുർബാന ചൊല്ലണമെന്നും നെല്ല രണ്ടാണ്ടത്തെതുകൂടെ ഒനുച്ച നടപ്പുകാലത്തിലെ കിട്ടൂ എന്നും ഞാൻ അറഞ്ഞിരിക്കുന്നതും പൊതുവിൽ നിന്നയിതിനെ നീക്കിയിരിക്കയാലും ആയത വിളിച്ചെഴുതി കാണ്മാൻ ആവശ്യമായിരിക്കുന്നു. ആയതുകൊണ്ട സംശയം തൊന്നിയിരിക്കുന്നത് 63 പറ ആയിരിക്കുമല്ലൊ. ഞാൻ എഴുതിതീർത്തതിൽ എംകിൽ ആയതിനു മുൻപിലത്തെ ആണ്ടറുതിയിൽ എത്ര കടമുണ്ടെന്നും കാണും. പിന്നെ ഓരോ മാസം പുത്തനായി കൂടുന്ന കടം വിളി ആ മാസം തുകയിൽ ചേർത്ത ചൊല്ലിയത തള്ളിനീക്കി കടം എത്ര എന്നിങ്ങനെ വിളിച്ചെഴുതി ഓരോ മാസത്തിൽ കൂട്ടിക്കഴിച്ചുവന്നു. കടശിയിൽ പൊതുവായ കടം നിശ്ചയിപ്പാൻ മാത്രം വരവും ചിലവും ആ ആണ്ടിൽ വന്ന മുതലുകൊണ്ട മുന്നൊന്നു തിയ്തി ശെഷം 72 വീതം കുർബാന നിശ്ചയിച്ച ഇത്ര എന്നും തുകവച്ച എഴുതി ചേർക്കുന്നു. ആ തുകയിൽ ഈ 190 കൂടുന്നതുമല്ല. ആയ്തുകൊണ്ടു വിളിച്ചെഴുതിക്കാണും – പക്ഷെ നമ്മൾ എഴുതിതീർത്തതിൽ ആകുന്നു എംകിൽ വന്നതു മാത്രമെ കൂട്ടിയൊള്ളൂ. എന്നും വന്നാൽ 19 കൂടെ കൂട്ടിചൊല്ലണം. ആയ്തും അപ്രകാരം വിളിച്ചെഴുതാതെയിടട്ടെപ്പാൻ സംഗതിയില്ല – ദീനക്കാരില്ലാത്ത കൊവേന്തമേൽയിനിക്ക ഭയമാകുന്നു. എന്നും യിടവിടാതെതന്നെ ദീനക്കാര ഒരു കൊവെന്തയിൽ ഉണ്ടംകിൽ അവിടെ ഈശോമിശിഹാ സന്തോഷിക്കുന്നു എന്നും നമ്മുടെ അമ്മത്രെസ്യാ കല്പിക്കുന്നു. തൊമ്മൻ പറയുന്നു. നിങ്ങൾ വല്ല്യച്ചന്റെ കാര്യം താല്പര്യം വെക്കുന്നില്ല. അപ്പവും പാലും ചൊവ്വെ കൊടുക്കുന്നില്ല. ആയതുകൊണ്ടത്രെ ഈ വണ്ണം ചടപ്പുകൊണ്ട നിങ്ങൾക്ക സംകടമുണ്ടൊ എന്നിയിയിപ്പാനാകുന്നു എന്ന്.

ഇപ്പോൾ വെച്ചിരിക്കുന്നതും കടമുള്ളതും മാറ്റമുള്ളതുമായ പെരുനാൾ 40 കാലംവരെ വെച്ച എന്നത അനുവാദം വാങ്ങിച്ചിരിക്കുന്നു. എന്നാൽ ഗ്രഹണക്കുറിപ്പു പറഞ്ഞിട്ടില്ല. അപ്രകാരം അന്നുവരെയുള്ള പെരുനാളും ഇതരണ്ടും നല്ല സന്തൊഷമില്ല അപ്പൊപ്പാൽ എന്നു തൊന്നുന്നു എന്തന്ന തിരിഞ്ഞില്ല. ആയതുകൊണ്ട ഗ്രഹണകുറിപ്പം വെണ്ടാശെഷം ഒക്കെയുംകൊള്ളും. ഇപ്പോൾ അതമതി. ആണ്ടു പഞ്ചാംഗവും പിന്നീടാകട്ടെ. മദ്ധ്യസ്ഥം തീർന്നുപൊയി എന്നു മത്യാ പറയുന്നല്ലൊ. വാലനിക്ഷെപം മദ്ധ്യസ്ഥം വിയാസാക്രായൊടും മറ്റും കൂടിയതിനാൽ എല്ലാവർക്കും വലിവായിരിക്കുന്നു. ഇനി ആഴ്ചകൂടെ ആയാൽ എത്ര എംകിലും പിരിയു പീയൂഷ സംഗ്രഹത്തെക്കാൾ പ്രീയം ആയതുള്ളവരും വാങ്ങിക്കും. ഇതില്ലംകിൽ അത്ര പ്രിയവുമില്ല. ഇനി സത്യവെദപരീക്ഷയുടെ ശേഷം പാടുള്ളത്തൊളും എംകിലും അടിപ്പിച്ചാൽ കൊള്ളാമായിരുന്നു. ആയതു പാടുപോലെ നൊക്കണം. മാത്തൻമാപ്പിളയവിടെ വന്നത എന്തന്നും തിരിഞ്ഞില്ല. കൊട്ടിലും കൊട്ടിമാട്ടി തീർത്തുകൊള്ളാമെന്നത്രെ അഭിപ്രായമെന്നു തോന്നുന്നു. ഒന്നാമത്തെതായിരിക്കയാൽ ചൊവ്വെ തീർന്നുംകിൽ മറ്റുള്ളതിനും നടപ്പുണ്ടായെനെ. ഓലിക്ക ശെമ്മാച്ചന്റെ സംകടം രണ്ടുഴമായ ച്റൂം കൊടുക്കണമെന്ന ന്യായത്താൽ കൊടുക്കണമല്ലോ. ആയ്തിനും വാച്ചതും നിർവാഹം വിചാരിക്കണം. പക്ഷെ ചെണക്കാടനൊടൊ മറ്റൊ മഴുവെ അമുട്ടൻ, അതിരംപുഴ, മാടച്ചെരി, പള്ളിപ്രവാൽ ഇങ്ങനെ കിക്കുന്നവരും ശെഷവും ഈ കൊടുത്തയയ്ക്കണ പെരുനാൾപടം അടിപ്പിപ്പാനും കല്പനയായിരിക്കുന്നു. ശമ്മാശമ്മാരുടെ പെക്കർ ആലോചനയും കുറിയും ഇടുകണപ്രകാരം വെഗത്തിൽ അറിവിപ്പാൻ എഴുതിയിരുന്നാറെ ആയതിന്റെ സംഗതി എന്തുകൊണ്ടൊ അറിവിക്കാഞ്ഞു. എന്നു ഇനി എംകിലും എത്രയും വെഗത്തിൽ അറിവിക്കണമെന്നും മൂപ്പച്ചൻ കല്പിച്ചിരിക്കുന്നു. നിങ്ങളുടെ നൽമനസ്സും അപേക്ഷയും പെ.പെ.ബ. അച്ചനു അധികം തെളിഞ്ഞു. അതിനുമുൻമ്പിൽ തന്നെ നിങ്ങളൊടു കല്പിപ്പാൻ നിരൂപിച്ചിരിക്കുന്നതത്രെ ആകുന്നു എന്നും നിങ്ങളുടെ സുഖക്കേടും ബുദ്ധിമുട്ടും കാരണത്താലത്രെ അറിവിക്കാഞ്ഞതു. ഇപ്പഴും നിങ്ങൾക്കുള്ള ശടപ്പും മറ്റും കൊള്ളണ്ട ക്ളെശിച്ചിരിക്കുന്നു. എന്നതിനാൽ ശെഷം പട്ടക്കാർക്കായി കല്പന എഴുതി കൊടുത്തയ്ക്കുമെന്നും പക്ഷെ നിങ്ങളുടെ സമയവും സൌഖ്യവും പൊലെ കൊടുത്തയച്ച നമിച്ചു വരുത്തിക്കൊള്ളുവാൻ അനുവാദം ഈ

പട്ടം കൊടുത്തയയ്ക്കുന്ന കടലാസിൽ ചെറിയ എഴുത്തിൽ നല്ലവണ്ണം അടിച്ച ഒന്നു കൊടുത്തയയ്ക്കണം. കണ്ടിട്ടുശെഷവും.

പ്രപ്പുഗാംദയിൽ പ്രപ്പെയിത്തിന്റെ കല്പനപ്രകാരം മെത്രാപൊലീച്ചൻ കല്പിക്കുന്നു. ആ ദെഹത്തിനായിട്ട് മാന്നാനത്ത ഇതുവരെ അടിച്ച പുസ്തകം ഒക്കെയും ഓരേന്നു കൊടുത്തയയ്ക്കണം എന്ന്. എന്നാൽ കടലാസ് കെട്ടായിട്ടായാൽ മതി. പീയൂഷം 1. യാഗരകം 2. ദെവ 3. സംഗ്രഹം 4. ബാലനിക്ഷെപം 5. നൊവെണ 6. വിയാസാ 7. മദ്ധ്യസ്തം വസന്ത 9. സത്യവെദപരീക്ഷ 1. ഇങ്ങനെ എട്ടു പൊസ്തകമായിട്ടും പാലാക്കുന്നെന്റെ പത്രമൊനി തട്ടാച്ചെരിലച്ചന്റെ പറ്റിൽ പിരിഞ്ഞിരിപ്പുണ്ട ആയത വരുത്തി പട്ടത്തിനുവരുന്ന ശെമ്മാശന്മാരുടെകൂടെ തൊപ്പിലച്ചൻ ആയതു കൊണ്ടുവരണം എന്നും അപ്പോൾ ഈ പുസ്തകങ്ങളും കൂടെ കൊണ്ടുവരണം. ഇതു കൂടാതെയും കൊടുത്തയക്കന്ന കണക്കു അതായത മാന്നാനം കൊവെന്ത കുനമ്മാവു കൊവെന്തയും തമ്മിലുള്ള കണക്കും ചിങ്ങം 31 നു തീർത്തത. അതിന്റെ ഒടുക്കം എഴുതിയിരിക്കുന്ന സുറിയാനി പുസ്തകങ്ങൾ കൊട്ടയത്തു നിന്നു വാങ്ങിച്ച ആയതിന്റെ വിലയുടെ കണക്കം കൂടെ കൊടുത്തയ്ക്കണം. ഈ പടം ചെറിയ അക്ഷരത്തിൽ ച ഈ കടലാസിൽ കൊള്ളുവാൻ തക്കവണ്ണം നിരത്തി ഇതിൽ ഓരോന്നിലും അടിച്ച കടലാസിൽ 10 ഇങ്ങനെ മൂന്നു അടിച്ചിങ്ങൊട്ടും കൊടുത്തയ്ക്കണം. അപ്പോൾ പിഴനൊക്കിത്തീർത്തശേഷം അടിപ്പാനുള്ള കടലാസും കൊടുത്തയ്ക്കാം. പക്ഷേ കല്ലംദാരി ഏതാനും അഴിക്കണം അക്ഷരത്തിനും വരയ്ക്കും.

ശെമ്മാശന്മാരുടെ ആലൊചന കുറികഴിച്ച അറിവിച്ചിട്ട വേണം അവരെ അയപ്പാൻ, ആയതുകൊണ്ടത്രെ മുൻകൂട്ടി എഴുതിയത്. ഇതവര മറുപടി കാണായകയാൽ വിഷാദിച്ച പാർത്തിരിക്കുന്നു. ഒട്ടംകെട്ട കൊടുത്തയയ്ക്കുന്നു-കാഞ്ഞിരപ്പള്ളിയ്ക്കു എഴുത്തു കൊടുത്തിട്ടുണ്ട്. ആ വസ്തുക്കൾ അവിടെകാണും 26 രൂപാ എന്നയാൽ പറകയാൽ എഴുതി ഓർത്താറെ അത്ര കാണുന്നില്ല.

പലകാര്യം എഴുതിയിരിക്കയിൽ സൂക്ഷിച്ച വായിച്ചു നടത്തണം. ഇത പെ.ബ: വിഗാരി അച്ചന പ്രിയൊര.

കന്നി 2 നു
ഒപ്പ് -പ്രിയൊർ

## V/10

1855 ഡിസംബർ 8-ാം തീയതി ചാവറയച്ചനൊരുമിച്ചു വ്രതം ചെയ്ത മറ്റൊരാളാണ് കട്ടക്കയത്തിൽ ചാണ്ടിയച്ചൻ. വലിയ ചാണ്ടിയച്ചൻ എന്നാണ് സാധാരണ അറിയപ്പെടുന്നത്.

ഈ ഇനത്തിൽ നാലെഴുത്തുകളാണ് നമുക്കു ലഭിച്ചിട്ടുള്ളത്. അവ നാലും താഴെ ചേർക്കുന്നു.

# വലിയ ചാണ്ടിച്ചനെഴുതുന്ന ഒന്നാമത്തെ കത്ത്

മി.സ്ത. ര. മ. യ. 1870 ജനുവരി 20

പാലയിൽനിന്നും പല എഴുത്തുകൾ വരികയാലും മറ്റും പലതും വചനത്തിലല്ലാതെ പാടില്ലാത്ത വർത്തമാനവും ഉണ്ടാകയാൽ ചാണ്ടി എന്നു വരുമെന്നും പിലിപ്പച്ചന്റെ ചോദ്യത്താലും മുൻകൂറെ അമ്പഴക്കാട്ടു താമസിപ്പാൻ പറകയാലും വീണ്ടും ഇങ്ങോട്ടു വിളിപ്പാൻ കല്പിച്ചു. ഞായറാഴ്ചയ്ക്കു അവിടെ തീർന്നശെഷം എന്ന ഇതിൽവണ്ണം വരണം.

(ഒപ്പ്)
കു. ഏലിയ പ്രയോർ.

പലതുണ്ടു എഴുതുവാൻ പാടില്ല.
രണ്ടുകൊണ്ടും.

## V/11

# വലിയ ചാണ്ടിച്ചനെഴുതുന്ന രണ്ടാമത്തെ കത്ത്

(കൈഒപ്പും തീയതിയും എഴുത്തിൽ ഉണ്ട്.)

മ്ശി. സ ര. മ. യ. 1870 മാർച്ച് 30

തിരുഹൃദയസഭ നിങ്ങൾ അവിടെ സ്ഥാപിപ്പാൻ ആഗ്രഹിക്കുന്നു എന്നുള്ള വിവരം പെ.പെ.ബ. പ്രൊ വിഗാരി അപ്പസ്തൊലിക്കാച്ചനെ ബൊധിപ്പിച്ചാറെ തെളിഞ്ഞ അനുവദിച്ചിരിക്കുന്നു. എന്നാൽ ഏറിയ സഭകൾ ഇവിടങ്ങളിൽ സ്ഥാപിപ്പാൻ പ്രയാസമാകയാൽ ആയതി

നൊടുകൂടെ മറ്റു ചില സഭാക്രമങ്ങളും ചെർത്ത നടത്തുന്നതത്രയും എളുപ്പവും ഉപകാരവും ആകയാലും രൊഗക്കാരെ തുണച്ച നൽമരണം അനുഭവിപ്പിക്കുന്നതത്രെ എല്ലാത്തിന്റെയും കാതലാകയാൽ നൽമരണ ആസ്ഥപ്പാടിൻ സഭയും ശു. മാർ യൗസ്സെപ്പിന്റെ ഒരു മദ്ധ്യസ്ഥസഭ യൊടുചെർത്ത വരാപ്പുഴയും സ്ഥാപിപ്പാൻ പീലിപ്പച്ചൻ നിശ്ചയിച്ച ഈ നൽമരണ സഭക്രമം പെർപ്പിച്ചിരിക്കയാലും യിവിടെ മൂന്നാം സഭയോടു ചെർത്ത ഈ നൽമരണ സഭയും സ്ഥാപിപ്പാൻ നിരൂപിച്ചിരിക്കയാലും അവിടെയും തിരുഹൃദയ സഭയൊടുകൂടെ ഇതും ചെർത്തിരുന്നാൽ മാസാന്ത അപെക്ഷയും ദിനംപ്രതി മരിക്കുന്ന 80000 പെർക്കു നൽമരണത്തിനായിട്ട വിശെഷാൽ ഒരപക്ഷയും. രൊഗികൾ കൂദാശ കൈക്കൊണ്ടു മരിപ്പാൻ യിവരുടെ ഉത്സാഹവും അന്വെഷണവും ഉണ്ടാകുന്നതാകയാൽ ഈ സഭ എങ്ങും പരമ്പുവാൻ ശു. പള്ളിയും ആഗ്രഹിക്കുന്നതിനാലും ഇതിനുംകൂടി ഉത്സാഹിക്ക. വെണമെങ്കിൽ ഞാൻ ഒരു പെർപ്പ എഴുതിച്ചതരാം (2 രൂപാ) തരണം.

എന്നാൽ ഈവണ്ണമുള്ള പുത്തൻ സഭകളെ സ്ഥാപിക്കുന്നതിന് ശു. സിംഹാസനത്തിൽനിന്നും വിശെഷ അനുവാദം വന്നിട്ടുണ്ടെന്നും കല്പിച്ചതല്ലാതെയും.

ഈ തിരുഹൃദയസഭ നൽമരണസഭ യിതു രണ്ടിന്റെ അതിശ്രെഷ്ഠ ജനറാളന്മാരൊ അപെക്ഷിച്ച ആയതിനൊടു ചെർപ്പാൻ തക്കവണ്ണം പെ.ബ. മെത്രാനച്ചനെ ഓർമ്മപ്പെടുത്തുവാൻ എഴുതുകയും ചെയ്യാം. 2 തരം സുറിയാനി എഴുത്തിന്റെ ചെമ്പും കഴിയും വണ്ണം അക്ഷരങ്ങളും കൊണ്ടു വരുന്നതാകയാലും നമസ്ക്കാരപുസ്തകം സൂനഹദോസിലും ഓർമ്മപ്പെടുത്തുന്നതാകയാലും മസ്മ്മൊറ അടിച്ചടത്തിരിക്കട്ടെ. യിനി ഈ അക്ഷരങ്ങൾ വന്നിട്ടമതി എന്നും ഇപ്പോൾ എഴുത്തുവന്നു.

മഠത്തിൽ പഠിപ്പിപ്പാൻ കൊച്ചിക്കാര കന്യാസ്ത്രീകൾ വന്നിരിക്ക യാലും നല്ല വെന്തീഞ്ഞകൾ ഉണ്ടാക്കുവാൻ രൂപായിവിടെ കിട്ടാ യ്കയാൽ ഉള്ളതും അവിടെയുള്ള വല്ല്യതും കൊച്ചും ആയ രൂപച്ചീ ലയുടെ ചെമ്പുകളും കൊടുത്തയയ്ക്കണം. ഇവിടെ അമുക്കാപ്രെസിൽ അടിപ്പിക്കയും ആം.

ഇത ബ. ആഹാ. ചാണ്ടി യൌസ്സെപ്പച്ചന്നു<br>ആ. കു. എ. ദ. തു. ക. പ്രിയൊര.<br>Sd/-

V/12

# വലിയ ചാണ്ടിച്ചനെഴുതുന്ന മൂന്നാമത്തെ കത്ത്

മി. സ്തു: ✠ 1870 മെയ് – 22

ര. മ. യ.

എത്രയും വലിയ താല്പര്യമായിട്ടും രഹസ്യമായിട്ടും ഈ എഴുത്ത് മുഷിപ്പിക്കാതെയും വെടിപ്പുകെടു വരുത്ത. തൃകൈകൊണ്ടുതന്നെ എടുപ്പാൻ തക്ക സൂക്ഷത്തോടുകൂടെ വിശ്വാസമുള്ളവരെ മാത്രം കാണിച്ചും. കാണുന്നവരെ ഒപ്പുംവെപ്പിച്ചുകൊണ്ട എത്രയും ക്ഷണം വരികയും വന്നിട്ടു തെക്കൊട്ടു പൊയിയിടുവിച്ചു വന്നു. ക്ഷണം തപാലിൽ അയ്ക്കണ്ടതാകയാൽ പ്രത്യേകിച്ച ആൾ അയക്കുന്നു. എന്നാൽ ഈ ആൾകൾ മതി അമ്പഴക്കാട്ടെ വികാരി.

ഉടുപ്പച്ചൻ
ചുള്ളിയച്ചൻ
നമ്മുടെ കാപ്പി
ചെറക്കലച്ചൻ
സെബസ്ത്യാച്ചൻ

ഇതെത്രയും മതിയാക്കാം. പിന്നെ പോയാൽ രഹസ്യവും, വെടിപ്പുവാകും എന്നും തോന്നുന്നു. ഈ എഴു കഴിച്ചുംകൊണ്ട പുത്തൻചിറ തീന്നില്ലംകിലും തീർന്നെങ്കിലും ഇതു കഴിച്ചുംകൊണ്ട കഴിയുന്ന വെഗത്തിൽ വരികയും വേണം.

ചാണ്ടിയച്ചന പ്രിയൊാര

Sd/-

V/13

# വലിയ ചാണ്ടിച്ചനെഴുതുന്ന നാലാമത്തെ കത്ത്

1870 സെപ്റ്റംബറിൽ എഴുതുന്നതാണിത്. ഒപ്പും തീയതിയും എഴുത്തിൽ ഉണ്ട്. ഒന്നാം വത്തിക്കാൻ സൂനഹദോസ് അവസാനിച്ചതായി ഈ എഴുത്തിൽ പ്രസ്താവിക്കുന്നുണ്ട്. സൂനഹദോസിനെപ്പറ്റിയുള്ള പല വാർത്തകൾ എഴുത്തിലുണ്ട്.

1870 – സെപ്റ്റംബർ

മ്ശി. സ്തു. ✠

ര. മ. യ.

ബ: മുത്തോലി കൊവെന്തയുടെ പ്രക്കരദൊര

ആഹ. ചാണ്ടി യൗസെപ്പച്ചനു

പെ.ബ: അരണാട്ടുകര വിഗാരി അച്ചനോടു തങ്ങൾ പറഞ്ഞൊാത്തിരിക്കുംവണ്ണം പുതുച്ചെരിക്കുതന്നെയും മദ്രാസ്ഥയ്ക്കും തനിച്ചാളയപ്പാൻ തക്കവണ്ണം പരവുപകാരത്തിനും വെണ്ടിയ പുസ്തകങ്ങൾ മുതലായിട്ടുള്ളതിന്നായിട്ടും ചെകരിച്ചിട്ടുള്ള രൂപായും അതിനൊട അനിടളാത്തിൻ പടുത്തക്കാരർക്കായി ആയ എമ്മാണുവെർ കുറിച്ചിരുന്നതിനെയും എഴുതിയാറെ വരാകയാൽ ആയതിന്റെ കുറിപ്പും വെണ്ടിയ രൂപായും ഞാൻ ചെന്നങ്കരി, ഉലവി, ചാലവക്കക്കായി ഏതാനും പുസ്തകങ്ങൾ വാങ്ങിച്ച പുസ്തക ചില ഉണ്ടാക്കുവാൻ ഏൾപ്പിച്ചിരിക്കയിൽ ആയതിനു വെണ്ടിയ രൂപായും കുറിപ്പും മാന്നാനത്തിൽ എത്തിപ്പാനായി താൻ മരണസഭയുടെ ആലോചനക്കാരർക്ക ഞാൻ എഴുത്തയച്ചിരിക്കകൊണ്ടും വന്നില്ലംകിൽ വരുത്തിയും എല്ലാം കൂടെ സ്വരൂമിച്ച കൊടുത്തയക്കണം. അങ്ങനെ ആയാൽ അതികം ഉപകാരമുള്ളതും ആകകൊണ്ട–അപ്രകാരം കൊടുത്തയ്ക്കണം. 71–ാം ആണ്ടിലെ കലംദാരിയും കൊടുത്തയ്ക്കണം. ഇവിടെ നടത്താമെന്നു വിചാരിച്ചാറെ പാടില്ലെന്നും നടത്തുകയില്ലെന്നും കാണുകയാൽ ഈ ആണ്ടുംകൂടെ അവിടെ ഈ ബുദ്ധിമുട്ടും നടത്തണം.

കർക്കടകം 20-നു സൂനഹദൊസിന്റെ പ്രധാനം ഒക്കെയും തീർന്നു അന്ന ശു. മാർപാപ്പായുടെ വാഴുവാമൈവരം എന്നതിനെ വിശ്വാസ രഹസ്യമായി ഉറപ്പിച്ചു. പല ആവശ്യത്താൽ അനുവദിക്കപ്പെട്ടുപോയതു നീക്കി 540 മെത്രാന്മാരുണ്ടായിരുന്നതിൽ 2 പെരെ Nn Alacet പറഞ്ഞു അന്നുതവു റൊമ്മാനഗരി മുവനും പകൽപോലയും ശെറിയ മോക്ഷം പോലെയും പ്രകാശിച്ച എല്ലാ പള്ളികളിലും മണിയും വെടിയും സൂത്രകമ്പിയിൽ ഇത്താലി ഒക്കെയും പെരുന്നാൾ ഘോഷിച്ചു.

പ്രാസ-എ-പ്ര- ളാത്താലിരാജപ്ര്യസാരാജാ ഈ മൂന്നുപെരുടേയും മനിസ്പങ്ങൾക്ക തലെദിവസം അവരുടെ രാജാക്കളുടെ എടുത്താൽ ഇതിനുൾപ്പടാതെ മറുതലകാണിച്ചു 21-നു വെളുത്തപ്പോൾ പ്രാംസും പ്രുസ്യയം തമ്മിൽ വല്ല്യ പടതുടങ്ങി. പ്രാസ്യ 50,000 പ്രൂസ്യമ 40,000 ചാത്തു പ്രാസിന്റെ നകരി പ്രുസ്യാ അടക്കി അവന്റെ കൊടിയിട്ടു. പ്രാസ റൊമ്മയിൽ നിന്നും പട്ടാളം വിളിച്ചു. പ്രാസ ഇംകൽതെരിനെ -വിളിക്കുന്നു. അപ്പോൾ പ്രുസ്യാ റൂസ്യാനുയും പ്രാസിൽ.

പട തുടങ്ങിയപ്പോൾ ചീനം കൊച്ചി ചീനം ഉള്ള ക്രിസ്തിയാനി-മിസ്യൊണാരി-പ്രാസകൊൺസൂൾ ഒക്കനെയും അറിഞ്ഞു. ഇതിനാൽ സ്വെകലത്തുള്ളതും ക്ലശെപട്ടാളം ചീനത്തേയ്ക്കുപോയി. ആ ദിക്കിന്റെ മെ. അക്രിയംത്രമായി റൊമ്മായിൽനിന്നും പുറപ്പെട്ടു. തിക്കൊമെന്യാ കൊസ്തൽന്തിനുപൊയി. പത്രിയാർക്കിസിനയും ശൂ. മാർപാപ്പായുടെ ഗുണദൊഷവും കെൾക്കാ ആ ദിക്കിന്റെ മെത്രാ സന്യാസികൾ റൊമ്മ യിൽ വന്നവരും പൊയ്ക്കളഞ്ഞു. അവനും അങ്ങുചെന്ന എത്തിയ പിറ്റെ രാത്രി വല്ല്യനകരി 5000 വീടെ. 7 നിലയുള്ളതിന്റെ നടുവിൽ നികത്തി പ്രാസിന്റെ പടക്കപ്പൽ കടലിൽ കിടന്നിരുന്നവരുടെ വല്യ പ്രയത്നത്താൽ അവർക്ക ആനകരിയിൽ ഉണ്ടായിരുന്നു. ഒരു ഉപവി യാല രക്ഷിച്ചു. ഇതെല്ലാശെഷം 7 നിലയുള്ള 5000 വീടും ചാമ്പലായി. ഇതിൽ എത്ര പള്ളികൾ-മഠം-വസ്തു-ശൂ, മാർപ്പാപ്പായുടെ പടുപോടെ ധർമ്മം അയയ്ക്കുന്നു.

ഒപ്പ്

- ആഹാ കു. ഏലിയാ പ്രിയോ.

മൂപ്പച്ചൻ കന്നി 1-ാംനു പുറപ്പെട്ടു നു ബൊമ്പയിൽ
15-നു കൂനമ്മാവിൽ.

## V/14

# ചാവറയച്ചൻ തന്റെ അനന്തരവനായ യൗസേപ്പച്ചനെഴുതുന്ന ഒരു കത്ത്

സന്യാസത്തിൽ ആദർശപരമായി ജീവിക്കുന്നതിനും സ്വന്തം ദൈവവിളി പരിപോഷിപ്പിക്കുന്നതിനും യൗസേപ്പച്ചനെ ഉപദേശിക്കുകയാണ് ഈ കത്തിൽ.

കാർമ്മൽ കൊവെന്തയിൽ ബ. ആഹാ യൌസ്സെപ്പ

ത്രെസ്യാ അച്ചന്നു കൂനമ്മാവുംകൽനിന്നും

✠

മ്ശി.സ. ര. മ. യ.

തംപുരാനു സ്തുതിയായിരിക്കട്ടെ. എന്റെ വെലയുടെ നാഴിക തീരാറായിരിക്കുന്നു. ഇനി ഏറെയില്ല. എന്നാൽ സർവ്വെശ്വരൻ കാരണ വന്മാർക്കു കൊടുത്തതിൽ അധികം യിനിക്ക നെരംതന്നു. ആയത ദൈവത്തിന്റെ അധിക കൃപയാലെ യിനിക്കുവെണ്ടി തന്നതു തന്നെ യല്ല. പിന്നയൊ മറ്റവർക്കുവേണ്ടിയും എന്നെയിപ്പൊൾമാത്രം പഷ്ടമാ യിട്ടു ഞാൻ അറിയുന്നൊള്ളു (എന്നാൽ പക്ഷെ ഞാൻ ആയതിനും പലിപ്പിക്കാതെ ഒരു കട്ടിക്കാരനെപ്പൊലെ കുഴിച്ചുമൂടി സൂക്ഷിച്ച തല്ലാതെ വെലചെയ്തില്ല എന്നു എന്നെയിപ്പൊൾ അധികമായി മന സ്സാക്ഷി കുറ്റപ്പെടുത്തുന്നു. എന്നാൽ ആയതിന്നും ഒഴിവുകഴിവു, കള്ളന്യായങ്ങളും നിരൂപണ ഉണ്ടാകുന്നുണ്ട.

എന്നാൽ ഇതിൽ ഒക്കെയിലും അടങ്ങാത്തതിൻവണ്ണം തന്റെ ഓർമ്മയത്രെ എന്നെ ഭയപ്പെടുത്തുന്നത. അതെന്ത്യെ തന്റെ ഒരുവചനം ഇന്നന്നപൊലെ എന്റെ ചെവിയിൽ വീഴുന്നു. അതായത വെണമെം കിൽ വെണം വെണ്ട എംകിൽ വെണ്ട എന്ന അപ്പഴൊ എന്റെ മനസ്സാൽ തന്നെ ഈ അന്തസ്സിൽതന്നെ കരെറ്റി എന്ന ഒപ്പിക്കുന്ന ഈ നിരൂപണ അധികമായിട്ടിപ്പൊൾ എംകിൽ - ആ നെരത്തിൽ എന്തായിരി ക്കുമൊ............ ) എന്നാലും തണ്യവഴിക്കല്ലല്ലൊ എന്നും പക്ഷെ എന്നെക്കൊണ്ട ദൈയവത്തിന്നുണ്ടാകാത്ത സ്തുതി തന്നെക്കൊണ്ടു ണ്ടാക്കുവാനും ദൈയവം തിരുമനസ്സാകുന്നുവെംകിൽ ആയത തന്റെ സർവ്വശക്തിക്കവശഹീനമുള്ളതല്ലല്ലൊ എന്നും മീൻപിടിച്ചുതന്നും

പെണ്ണിന്റെ വചനം ഭയപ്പെട്ടുപെക്ഷിച്ചു. എന്നതു പിതാവിനെക്കൊണ്ട സർവ്വവരമുള്ളവൻ തിരുമനസായപ്പൊൾ സിംഹംപൊലെ മൂഴറിയ മഹാ എംപ്രദൊരിന്റെ സ്വരം എടവിധാനത്തിൽ പറന്നുമൂളുന്ന കൊതുകുപൊലെ ആക്കി ജയിപ്പാനും ഇതും തന്റെ തിരുമനസ്സാകുന്ന തിനാൽ കിഴുപ്പെട്ടു വിചാരിക്കാതെ മെല്പൊട്ട വിചാരിച്ച എന്നാൽ തന്നെ ഏതും വശമാകുന്നില്ല. എന്നാൽ എന്നെ ശക്തിപ്പെടുത്തുന്നു എന്ന മ്ശിഹായാലെ സർവ്വതും ഞാൻ വശമാകുന്ന എന്നുള്ള മ്ശിഹായുടെ വചനത്തിന്മെൽ ശരണപ്പെട്ടുകൊണ്ട യിനി തംപുരാൻ തരുംനെരം തന്റെ സ്തുതിക്കായിട്ട മാത്രം പെരുമാറുവാൻ നിശ്ചയിച്ച തന്റെ വിളിപ്പിനു തക്ക വെലചെയ്‌വാൻ ഉറച്ചു പെരുമാറും എന്നും ഞാൻ ഉറച്ച എന്റെ മനസ്സാക്ഷിയെ പൂരിതന്നാക്കുന്നു. (എന്നാൽ എനിക്ക ഒന്നിനും പാടില്ല വശമില്ല. ഇതരണ്ടും പറയണ്ട ശരീരത്തിനു സൌഖ്യം കൊടുപ്പാനും ബുദ്ധിക്കും മനസ്സിനും തെളിവുണ്ടാകുവാനും തന്റെ എടത്തുനിന്നു നൽമനസ്യം ദൈവത്തിൽനിന്നു സഹായവും ഈ രണ്ടും കൂട്ടപ്പടുംപൊൾ മുഴുവൻ ഫലം ഉണ്ടാകും നിശ്ചയം. എന്നാൽ എന്റെ ഈ എഴുത്ത ശു: അഞ്ചുകായം പ്രംസീസ്കൊസ റൊമ്മയിൽ മാടംപി സ്ത്രീക്കു കൊടുത്ത ആട്ടിൻകുട്ടിയെപ്പൊലെ എല്ലാത്തിലും തന്നെ ഉയർത്തി ധൈര്യപ്പെടുത്തി) ഈ ശു. അന്തസ്സിൽ തന്നെ കരെറ്റുവാൻ ഒരു ചെറിയ കാരണമായ ഇനിക്കു ഇതിനാൽ സമ്മാനമല്ലാതെ കുറ്റപ്പാടും ശിക്ഷയും ഉണ്ടാകയില്ലെന്നും ദൈവമാതാ വിൽ ശരണപെട്ടും കൊണ്ടു നിറുത്തുന്നു. പെ. ബ. വിഗാരി അച്ചൻ റെയിത്തൊറച്ചൻ ശെ. കൂടപ്പിറപ്പുകൾ, കുഞ്ഞനുജന്മാർക്ക ഒക്കെയ്ക്കും കർത്താവിൽ സമാധാനം പറഞ്ഞകൊണ്ടയിനിക്കു നല്ല ഒടുക്കം തരുവാൻ അപെക്ഷിക്കണമെന്നും പറയണം.

ഇത 1868 കർക്ക 21-നു (ഒപ്പ്)

ഈ ചിങ്ങം 18-നു കാലത്ത 9 മണിക്ക: മുഴുവനായ
സൂര്യഗ്രഹണമുണ്ട ഈ ഏറിയ കാലത്തിന്നക
ഈവണ്ണമുള്ളതുണ്ടായിട്ടില്ല.

## V/15

# യൗസേപ്പച്ചനെഴുതുന്ന വേറൊരു കത്ത്

കൂനമ്മാവിൽ കന്യാസ്ത്രീമഠത്തിനുവേണ്ടി ചാവറയച്ചൻ കരം കൊടുത്തകാര്യം എഴുത്തിൽ പറയുന്നുണ്ട്. വരാപ്പുഴ വികാരിയാത്ത് സുറിയാനിയും ലത്തീനുമായി വിഭജിച്ച അവസരത്തിൽ, കന്യാസ്ത്രീ മഠം സുറിയാനിക്കാർക്കായി വിട്ടുതരുവാൻ ഈ എഴുത്ത് തിരുസിംഹാസനത്തെ സ്വാധീനിച്ചിട്ടുണ്ട്. എഴുത്തിന്റെ ലത്തീൻ തർജ്ജിമ റോമിൽ പൗരസ്ത്യ തിരുസംഘത്തിന്റെ ഈടുവെപ്പിൽ ഇന്നും സൂക്ഷിക്കുന്നുണ്ട്.

ബ. ആ. ദി ഇസ്. യൗസേപ്പ ത്രെസ്യാച്ചനു കൂനമ്മാവുങ്കൽനിന്നു പ്രിയൊർ ജെ. അയച്ച എഴുത്തിന്റെ ശരിപകർ

മ്ശി. സ.

ഇ. മ. യ.

അവിടെ തടിയുടെ ഇടങ്ങളിൽ തിരക്കി 13 കോൽ നീളം 12വണ്ണം ആയി ഒരു കൊമ്പിളും ഒരു നീലാപാലയും തിരക്കണം. ഞാൻ ഇവിടെ വന്നപ്പോൾ കന്യാസ്ത്രീമഠം 120 രുപ കരത്തിനു ഞെരുങ്ങിയിരുന്നു. ഞാൻ മറുകടം വാങ്ങിതീർത്തു. ഇതിനായി ചാണ്ടിയച്ചനു ഞാൻ ചിലയിരയും വലയും കൊടുത്തയച്ചു. എന്തൊ ഇതുവരെയും മാതാവിന്റെ നാമത്തിൽ ഞാൻ വല വീശിയാറെ പഴുതെ വലിച്ചില്ല. എന്നാൽ ചാണ്ടിയച്ചൻ പത്രൊസി. വചനപൊലെ ഇവ ഒക്കെയും അനുഷ്ഠിച്ചിട്ട ഏതും ലഭിച്ചില്ല. എന്നുള്ള ഉത്തരവും പറയുന്നില്ല.

ഇതു ആഹാ യൗസെപ്പ് ത്രെസാച്ചന്നു: പ്രിയോർ. ജ. ഇതിന്റെയും അസൽ 88-ാം ആണ്ടു മിഥുനം 18 ഉട്ടക്കമാണ്ടിലൊക്കെ അയച്ചു.

Sd/-

## V/16

ചാവറയച്ചന്റെ കൈയക്ഷരത്തിൽ നമുക്കു ലഭിച്ചിട്ടുള്ള വേറൊരു കുറിപ്പാണ് താഴെ പ്രസിദ്ധം ചെയ്യുന്നത്. എഴുത്തിൽ ഒപ്പില്ല. എങ്കിലും കൈയക്ഷരവും ഉള്ളടക്കവും നോക്കുമ്പോൾ ഇതിന്റെ കർത്താവ് ചാവറയച്ചൻ തന്നെയാണ് എന്നു വ്യക്തം. 1864 ജനുവരി മാസത്തിൽ ചാവറയച്ചൻ മാന്നാനത്തുനിന്നും കൂനമ്മാവിലേക്കു സ്ഥലം മാറി. അതുകഴിഞ്ഞ് അധികം താമസിയാതെ കൂനമ്മാവിൽനിന്നാണ് ഇതെഴുതുന്നത്.

എഴുത്തിന്റെ മൂലം മാന്നാനത്തു സൂക്ഷിക്കപ്പെടുന്നു. കടലാസ് ചില ഭാഗങ്ങളിൽ അല്പം ദ്രവിച്ചിട്ടുണ്ട്.

ആർക്കാണ് ഇതെഴുതുന്നത് എന്നു വ്യക്തമല്ലാത്തതിനാൽ സഭാംഗങ്ങൾക്കുള്ള കത്തുകളുടെ അവസാനത്തിൽ ഇതു ചേർക്കുന്നു.

64 ധനു 13-ാം തീയതി.

പെ. പെ. ബ: മെത്രാപ്പോലീത്താച്ചന്റെ കല്പനപ്രകാരം ഞാൻ കൂനമ്മാവുങ്കൽ വന്ന ഇവിടെ പാർക്കണമെന്നു മനസു കല്പന ആകയാൽ കീഴ്വഴക്കത്താൽ പാർക്കുന്നു.

അപ്പൊൾ ഇതിൽ പൈതങ്ങളെ കൂട്ടിവരുന്നു. പെ. ബ: മനസാൽ അവരെയും നന്നാക്കുവാൻ 2 പേരെ കൂട്ടി നമ്മുടെ ആഹ അൽമെനി നിക്ലാവൂസിനെ ഏല്പിച്ച കൂനമ്മാവുംകൽ തന്നെ സൂക്ഷിച്ചുവന്നു.

1864 മകരം 4-ാം തീയതി തിങ്കളാഴ്ച പെ:ബ: മസ്ളീനു യൌസെപ്പ ഏലിയ, മൂപ്പച്ചനും നമ്മുടെ ആ ചിറ. പൌലൊസു അച്ചനു അൻ. ആഹാ യാക്കൊയും കുടെ ഈ പൈതങ്ങളെ ചെർത്തു പാപ്പിച്ച വളർ ത്തുവാൻ കൊണ്ടുപൊയി. അവരെ അവിടെ ആക്കിയും വച്ച മസ്ളീനു മൂപ്പച്ചൻ പൊന്നു. അവിടെയുള്ള സുഖക്കെടും പ്രത്യെകം നടപ്പുദിനം മുതലായതും അവിടെ ഉണ്ടായിരുന്നു. ഇതു ക്ലെശത്താൽ അവരെ ആശ്വസിപ്പിപ്പാൻ നമ്മുടെ അച്ചൻ പെ: ബ: ലെഒപ്പൊല്ദു മൂപ്പച്ചൻ ആഹ: ഗീവറുഗീസ യൊഹന്നാൻ മാദ്ദാനാ അച്ചനും കൂടെ വെള്ളി യാഴ്ച രാവു 3 മണിക്കിവിടെ നിന്നുംപൊയി. ഈ വർത്തമാനത്താൽ നമ്മുടെ അരണാട്ടുകരെ കൊവെന്തയിൽ അവരെ ആക്കിയാൽ കൊ ള്ളാമെന്നിനിക്കു തൊന്നുന്നു എന്നു ഞാൻ മൂപ്പച്ചനൊടു പറഞ്ഞി ട്ടുണ്ടായിരുന്നു. മൂപ്പച്ചനു ചെന്നു കണ്ടപ്പൊൾ അവരുടെയും ആ പൈതങ്ങളുടെയും ക്ലെശത്താൽ അവരെ ആശ്വസിപ്പിച്ച....... തിരികെ പൊരുംവഴി ഞാരയ്ക്കൽ ഞായറാഴ്ച അവിടെ പ്രസംഗിച്ചു തിരികെ വരാ.....ന്നു....പെ: പെ: ബ: അച്ചനൊട അവരുടെ........ട്ടും സുഖക്കെടും ഞാൻ പറഞ്ഞ വിവരവും ബൊധിപ്പിച്ചപ്പോൾ മെത്രാപ്പൊലീത്താച്ചനും മറ്റും സന്തൊഷമായി. അപ്രകാരംതന്നെ അനുവദിക്കുകയും എന്നാൾ ഇപ്പൊൾ തന്നെ വള്ളം അയച്ച അവരെ അരണാട്ടുകരെ ആക്കട്ടെ എന്നു ചൊദിച്ചപ്പൊൾ അങ്ങനെ തന്നെ എന്നും കല്പിച്ചതിനാൽ 11-ാം തീയതി തിംകളാഴ്ചതന്നെ വള്ളം അയച്ച അവരെ കെറ്റി അരണാട്ടുകരെ ആക്കവെ.....

എന്നാൽ നമ്മുടെ കൊവെന്തകളിൽ ലത്തീൻകാർ എന്നവരെയും... എന്നവരെയും ....ള്ളുന്നതിനു അനുവദിക്കണ്ടാ എന്നിനിക്ക തൊന്നുന്നു....പറഞ്ഞു. പക്ഷെയിതിൽ ഞാൻ ഉപവികെട്ടുകാരനാകുമൊ എന്നു ഭയപ്പെടുന്നു. എന്നാൾ ഞാൻ അവരുടെ സ്വഭാവത്താൽ മറ്റുള്ളവർക്കും കെടുവന്നെയ്ക്കുമെന്നും ഭയപ്പെട്ടു പറഞ്ഞതല്ലാതെ അവർക്കു വരുവാനുള്ള നന്മയെ മുടക്കുന്നില്ല. തലവന്മാരുടെ ബൊധംപൊലെയും ദൈവം തൊന്നിക്കംവണ്ണവും ചെയ്യട്ടെ. എല്ലാപ്പഴും നാം തലവന്മാരുടെ മനസിന്ന കീൾ വഴങ്ങുവാൻ കടവും ആവശ്യവും വെണ്ടിയതും നമ്മുടെ ഗുണത്തെ അവരു വിചാ.....

പെ: ബ: ചാവറയച്ചന്റെ ഒരു എഴുത്തു.

# V/17

'ആലോചന' എന്ന പേരിൽ ചാവറയച്ചന്റെതന്നെ കൈയക്ഷരത്തിൽ കാണുന്ന വേറൊരു കുറിപ്പാണ് താഴെ പ്രസിദ്ധം ചെയ്യുന്നത്. ആർക്കെങ്കിലും അയച്ചിട്ടുള്ള എഴുത്തിന്റെ ഭാഗമാണൊ ഇത് എന്നു വ്യക്തമല്ല. അതിനാൽ സഭാംഗങ്ങൾക്കുള്ള കത്തുകളുടെ അവസാനത്തിൽ ഇതു പ്രസിദ്ധം ചെയ്യുന്നു.

വരാപ്പുഴ വികാരിയാത്തിന്റെ ഘടനയെക്കുറിച്ച് ചാവറയച്ചൻ ചിന്തിക്കുകയാണ്, അതിലുള്ള വൈകല്യങ്ങൾ ചൂണ്ടിക്കാണിച്ചതിനുശേഷം പുതിയ ഘടന എങ്ങനെയായിരിക്കണമെന്നും, അതു നടപ്പാക്കാനുള്ളവഴി എന്താണെന്നും അദ്ദേഹം സൂചിപ്പിക്കുന്നു.

ഇ. മ. യ.

അലൊചന

ബാബെൽക്കാ മുഖാന്തിരം മലയാളത്തിൽ ഉണ്ടായിട്ടുള്ളതും ഉണ്ടാകുവാൻ ഭാവിക്കുന്നതുമായ നാശത്തെയും അതിനെ തടുപാനുള്ള വഴികളെയും വിചാരിച്ചാറെ.

1-ാമതു. മലയാളക്കാർക്കു ബ. ബാബെല്ക്കാരോടു ചാച്ചിലും പക്ഷവും ഉണ്ടാകുവാനുള്ള കാരണം - മനുഷ്യർക്കു ജാതി പഞ്ചക്രമ എന്നയിതുകളിന്മേലും അവയുടെ തെളിവിന്മേലും സ്വഭാവത്താലെ താല്പര്യവും ആഗ്രഹവുമുള്ളതിനാലും ബാബെല്ക്കാരിൽ ഈ മൂന്നു കാര്യങ്ങളിലും തങ്ങളുടെതിനൊടു യൊജത കാണുകകൊണ്ടും തങ്ങളെ ഭരിച്ചുവരുന്ന മെല്പട്ടക്കാരിലും മിസ്യൊണാരി അപ്പസ്തൊലിക്കാമാരിലും അയൊജ്യത കാണാത്തതിനാലും ആകുന്നു.

2-ാമതു. ഈ മലയാളക്കാരെ ആകമാന ഒരു ആലൊചന സംഘം കൂടി നിശ്ചയിച്ചു ബോധിപ്പിക്കുന്ന ജാതിക്കാരായ മെല്പട്ടക്കാരെയും മിസ്യൊണാരിമാരെയും ഇവരെ ഭരിക്കുന്നതിനു അയക്കാമെന്നു ശുദ്ധ: മാർപ്പാപ്പ ഒരുവെള കല്പിച്ചു ഒരു തിരുവെഴുത്തു അയക്കുകയും- അതിൻപ്രകാരം ഒരാലൊചനസംഘം കൂടി ഈ കാര്യത്തെക്കുറിച്ചു നാം ഇപ്പൊൾ ആലൊചിച്ചുകൊണ്ടിരിക്കുന്നുവെന്നോർത്താലും ബാബെല്ക്കാർക്കു വിശ്വാസത്തിലുള്ള സ്ഥിരക്കേടും അബദ്ധങ്ങളും ദ്രവ്യാഗ്രഹവും അവരുടെ ഇടയിൽ നടപ്പായിരിക്കുന്ന സിമ്മനിയാക ളും വിചാരിക്കുകയും എറൊപ്പക്കാരായ മെല്പട്ടക്കാരുടെയും മിസ്യൊ ണാരിമാരുടെയും വിശ്വാസം മനോധാരാളത ഭക്തി അദ്ധ്വാനിപ്പാനും ദൈവസ്തുതി വർദ്ധിപ്പിക്കുന്നതിനുള്ള ജാഗ്രത എന്നിങ്ങനെയുള്ള ഗുണശീലതകളൊടു അവയെകൂടി നൊക്കുകയും ചെയ്യുമ്പോൾ ബാ ബെല്ക്കാരെ നമ്മെ ഭരിക്കുന്നവരായിട്ടു തിരഞ്ഞെടുത്തപേക്ഷിപ്പാൻ വിവേകവും പരിജ്ഞാനവുമുള്ള യാതൊരുത്തനും തോന്നുകയില്ല.

3-മത് മെൽ 2-ാം വകുപ്പിൽ വിചാരിച്ച പ്രകാരമായിരുന്നാലും ലത്തീൻ, യൌനായ ഈ ക്രമക്കാർക്കുള്ളതുപോലെ നല്ല പുസ്തകങ്ങ ളും പെച്ചിന്റെ തെളിവും ഇവിടുത്തെ സുറിയാനിക്കാർക്കില്ലാത്ത കാരണമെന്തന്നും ആ കുറവുകൾ തീർപ്പാനും ബാബെൽക്കാരൊടു മലയാളക്കാർക്കുള്ള പാളിൽ മാറ്റുവാനും ഉള്ള വഴിയെന്തന്നും വിചാ രിച്ചു നൊക്കുമ്പോൾ ആശ്രമക്കാർക്ക് മാത്രമല്ല ലോകത്തിലുള്ള സകല പെച്ചുകാർക്കും അതാതു ക്രമത്തിൽ തന്നെ മെല്പട്ടക്കാരും മിസ്യൊ ണാരിമാരും ശാസ്ത്രത്തിൽ നിപുണമാരാകകൊണ്ടും കാലത്തൊറും അനെക പുസ്തകളും തെളിവുകളും ഉണ്ടായിരുന്നു-എന്നാൽ മലയാള ക്കാർക്കു നാട്ടുപട്ടക്കാർക്ക കുർബാനയ്ക്കും പള്ളിക്രമങ്ങൾക്കും സുറി യാനിയും മെല്പട്ടക്കാരനും മിസ്യൊണാരിമാർക്കും എന്നിങ്ങനെ രണ്ടുപെച്ചും ക്രമവുമാകയാൽ തമ്മിൽവരെണ്ടുന്ന ഐക്യതയും പിതാ വിനും മക്കൾക്കുമടുത്ത പക്ഷവും വർദ്ധിക്കാതെ വർദ്ധനയ്ക്കുള്ള വിചാരങ്ങളും ആഗ്രഹങ്ങളും തടസ്സപ്പെടുവാനും മെല്പട്ടക്കാരൻ എത്ര ശുദ്ധ ലാക്കാലെ കല്പിക്കുന്ന കല്പനകളും സുറിയാനി പെച്ചും ക്രമ വുമില്ലാതാക്കുവാനും തങ്ങളുടെ മഹിമ കുറിപ്പാനുമാകുന്നുവെന്ന കലപ്രിയന്മാരു മറുപാടായി പൊരുൾ തിരിച്ചു പറയുന്നത ജനങ്ങൾ വിശ്വസിച്ചുകൊണ്ട അതു വരാതിരിപ്പാൻ വീണ്ടും ബാലേലിലേക്കു

കണ്ണുയർത്തി വീണ്ടും കൊള്ളുന്നവനെന്നു അവർ വിളിക്കുന്ന അടിമപ്പെടുത്തുന്നവന്നായിട്ടു നൊക്കിപാർപ്പാനും സംഗതിയാകുന്നു.

ഇത്ര മാത്രമല്ല പട്ടം കൊടുക്കുന്നതിലും മറ്റും മെല്പട്ടക്കാരന്റെ പെച്ചും പട്ടം എല്ക്കുന്നവരുടെ പെച്ചും ക്രമവും ഒന്നല്ലാതെ ഭേദപ്പെട്ടിരിയ്ക്കകൊണ്ട ഭക്തികുറവു വരുവാനും അവർ തമ്മിൽ പിതാവും മക്കളുമെന്നുള്ള പക്ഷത്തിന്റെ ഭാവം വിട്ടു യജമാനനും അടിമകളും എന്നുള്ള ഭയത്തിന്റെ ഭാവം വരുവാനും ഇടയുണ്ട - ഈ ക്രമത്തിന്റെ ഭേദം-അല്ലെങ്കിൽ കലർച്ച മലയാളത്തല്ലാതെ (ഈ സുറിയാനിക്കാർക്കല്ലാതെ) ഭൂമിയിൽ മറ്റൊരു സ്ഥലത്തും നടപ്പില്ല- ആകയാൽ ഈ വിഘ്നങ്ങളെ ഒഴിച്ചു - ജനങ്ങൾ ബാബെലിലൊട്ടുള്ള ചെർച്ച എന്നെന്നെക്കുമായി വെട്ടികളയാനുള്ള ഏകവഴി - ഈ മലയാളത്തുള്ള എല്ലാ കൊവെന്തക്കാരും കൂടെ ആലൊചിച്ചു സുറിയാനി പെച്ചു പഠിച്ചവരൊ പഠിപ്പാൻ വശവും മനസ്സുമുള്ളവരൊ ആയ ഏതാനും മിസ്യൊണാരിമാരെ-സുറിയാനി പെച്ചിലും ക്രമത്തിലും കുർബാന ചൊല്ലുവാനുള്ള അനുവാദത്തോടു മലയാളത്തേയ്ക്കു അയക്കണമെന്നും ഈ മെത്രാപ്പോലീത്താച്ചന്റെ കാലം കഴിയുമ്പോൾ മേല്പട്ടക്കാരനായിട്ടു തിരഞ്ഞെടുക്കപ്പെടുന്നത അവരിൽ ഒരുത്തരായിരിക്കണമെന്നും-ഇപ്പോൾ പള്ളിക്കാരു ബോധിപ്പിക്കുന്ന അപേക്ഷയൊടുകൂടെ അല്ലെങ്കിൽ അതു കഴിഞ്ഞിട്ടു ഒരപേക്ഷ ബോധിപ്പിച്ചാൽ ശുദ്ധ സിംഹാസനത്തിൽ നിന്നു സാധിക്കുന്നതാകുന്നു. എറൊപ്പക്കാരുടെ അറിവും ഭക്തിയും സുറിയാനി ക്രമവും പെച്ചും കൂടി ഒന്നിച്ച മിസ്യൊണാരിമാരെ കിട്ടിയാൽ ഈ ജാതിക്കു ഇതിനെക്കാൾ വലിയ ഒരു ഭാഗ്യം വരുവാനില്ല. അവരു നമ്മുടെ പള്ളികളിൽ വിഗാരിമാരായിട്ടും മറ്റുമിരിക്കുമ്പോൾ പല ഗുണങ്ങളും മലയാളത്തിൽ പുണ്യവാളന്മാരെ മുണ്ടാകുമെന്നു ശരണം.

ഇത കൂടാതെയും പുത്തൻകൂറ്റുകാരോടു ഇങ്ങോട്ടുകൂടുവാൻ പറയുമ്പോൾ അവരുത്തരിക്കുന്ന തടസ് തടസ്ഥം സുറിയാനി ക്രമത്തിൽ മെത്രാനില്ലെന്നുള്ളതാകുന്നു. ആയതുകൊണ്ട മെല്പറഞ്ഞ അപെക്ഷ സാധിച്ചാൽ പുത്തൻകൂറ്റുകാരും കൂടുവാൻ ഇടയാകും- കുർബാന ചൊല്ലിയ മിസ്യൊണാരിമാരെ പെച്ചും ക്രമവും മാറ്റുവാൻ പാടില്ലങ്കിൽ ഇവിടെ വന്നു സുറിയാനിയിൽ പുത്തൻകുർബാന ചൊല്ലാൻ തക്കവണ്ണം ക്ളേരികളെ അയച്ചാലും മതി.

ആറ്

# സഭാംഗങ്ങൾക്കുള്ള പൊതുസർക്കുലറുകൾ

ചാവറയച്ചന്റെ ഒപ്പോടുകൂടിയ മൂന്നു സർക്കുലറുകളാണ് ഈ ഇനത്തിൽ നമുക്കു ലഭിച്ചിട്ടുള്ളത്.

ഇതിൽ ആദ്യത്തേത്, കൊവേന്തകളുടെ പ്രിയോരായ ചാവറയച്ചനും വികാരി അപ്പസ്തോലിക്കായുടെ പ്രതിനിധി എന്ന നിലയിൽ സഭയെ ഭരിച്ചിരുന്ന മിഷനറി ലെയോപ്പോൾദച്ചനുമൊരുമിച്ച് സഭാംഗങ്ങൾക്കെഴുതുന്നതാണ്.

രണ്ടാമത്തേത്, ചാവറയച്ചനും ലെയോപ്പോൾദച്ചന്റെ അസാന്നിദ്ധ്യത്തിൽ പകരം നിയമിതനായിരുന്ന ജരാർദ് മൂപ്പച്ചനുമൊരുമിച്ച് സഭാംഗങ്ങൾക്ക് എഴുതുന്നതാണ്. മൂന്നാമത്തേത്, ചാവറയച്ചൻ തനിയെ എഴുതിയതത്രെ.

ഈ ഗണത്തിൽതന്നെ ചാവറയച്ചൻ സഭാംഗങ്ങൾക്കായി എഴുതിവച്ചിരുന്ന മരണപത്രികയും ഞങ്ങൾ പ്രസിദ്ധപ്പെടുത്തുകയാണ്.

# VI/1

ലെയോപ്പോൾദ് മിഷനറിയുടെ പൂർണ്ണമായ പേര് ലെയോപ്പോൾദ് ബെക്കാറോ എന്നായിരുന്നു. ഇറ്റലി സ്വദേശിയായ ഇദ്ദേഹം 1859-ൽ കേരളത്തിൽ വന്നു. അന്ന് അദ്ദേഹം ഒരു ശെമ്മാശൻ മാത്രമായിരുന്നു. 1860-ൽ കൂനമ്മാവിൽവച്ച് അദ്ദേഹം വൈദികപട്ടം സ്വീകരിച്ചു. തുടർന്ന് 1861-ൽ കൂനമ്മാവിലുണ്ടായിരുന്ന നവസന്യാസികളുടെ ഗുരുവായി നിയോഗിക്കപ്പെട്ടു. ഈ കാലത്താണ് അമലോത്ഭവ കർമ്മെലമാതാവിന്റെ ദാസർ എന്ന പേരിൽ കേരളത്തിൽ സ്ഥാപിതമായിരുന്ന സന്യാസസമൂഹത്തെ കർമ്മെലീത്താ നിഷ്പാദുകസഭയുമായി ബന്ധിക്കുവാൻ ഇടയായത്. ഇപ്രകാരം രൂപാന്തരപ്പെട്ട കർമ്മെലീത്താ നിഷ്പാദുക മൂന്നാം സഭയുടെ ദലഗാദ് പ്രൊവിൻഷ്യലായി (സഭയുടെ അധികാരിയായിരുന്ന വരാപ്പുഴ വികാരി അപ്പസ്തോലിക്ക ബർണർദീനോസ് മെത്രാപ്പോലീത്തായുടെ പ്രതിനിധി) നിയമിക്കപ്പെട്ടു. 1873 വരെ അദ്ദേഹം ഈ ഉദ്യോഗം നിർവഹിച്ചു. ഈ കാലഘട്ടത്തിലാണ് സഭാസ്ഥാപകനായ ചാവറയച്ചനോടൊത്ത് സഭാംഗങ്ങൾക്കായി സർക്കുലർ എഴുതുന്നത്.

## ലെയോപ്പോൾദച്ചനും ചാവറയച്ചനും ഒരുമിച്ച് സഭാംഗങ്ങൾക്കെഴുതുന്ന സർക്കുലർ

ഇ. മ. യ.

കർമ്മലീത്താ ദിസ്ക്കാൾസ മിസൊനാരി അപ്പോസ്തോലിയ്ക്കയും കൊവെന്തകളുടെ ദെലഗാദ പ്രംസീയാളും ആയ പ്രെ. ലെഒപൊൾദ സാംജ്ജസെയും കൊവെന്തകളുടെ പ്രിയൊരായ കുരിയാക്കോസ് ദെസാ ഏലിയ മാന്നാനം കൂനമ്മാവു എൽതുരുത്തു എന്ന കൊവെന്തകളിൽ കൂടിയിരിക്കുന്ന അച്ചന്മാർക്കും ശേഷം കൂടപ്പിറപ്പുകൾ ഒക്കെയ്ക്കും എഴുത്ത.

സ്നെഹിക്കപ്പെട്ട കൂടപ്പിറപ്പുകളെ! എത്രയും പ്രിയമുള്ള മക്കളെ! ഞങ്ങൾ ഇരുവരും പ്രായത്താലെയും സൌഖ്യകെടാലെയും ദൈവനീതി ആസനത്തിൻ മുമ്പാകെ കാണപ്പെടാറായിരിയ്ക്കയാൽ ദൈവത്തിന്ന ഇഷ്ടമുള്ളതും ആത്മാവുകൾക്ക എത്രയും ഉപകാരമുള്ളതുമായ ഇ കൊവെന്തകളുടെ കൂട്ടം ക്രമമില്ലാത്ത അനുഗ്രഹത്തെകുറിച്ച ഞങ്ങൾ നാശത്തിന്നടുത്ത വഴിയിൽ വച്ചെച്ച എന്നുള്ള ഭയംഗരമായ സംഗതി ഞങ്ങളോടു ചോതിപ്പാൻ ഇടവരാതെ ഇരിപ്പാൻ വെണ്ടി വ്യസനത്താൽ നിറയപ്പെട്ട ഹൃദയത്തൊടുകൂടെ ഇ ഗുണദോഷ അറീപ്പ

നിങ്ങൾക്കാ യാത്രയാക്കുന്നു. ആയ്ത ഒടുക്കത്തെ ആയിപ്പോയാൽ ഞങ്ങളുടെ പിതാ ചാപൊരുളായി കൈകൊള്ളണമെന്നും ഞങ്ങൾ അപേക്ഷിക്കുന്നു.

സ്നേഹിക്കപ്പെട്ട കൂടപ്പിറപ്പുകളേ! ൦ നമ്മുടെ എളിമപ്പെട്ട കൂട്ടം മനുഷര ഉണ്ടാക്കിയതല്ല. പിന്നെയൊ തമ്പുരാൻ എത്രയോ പുതുമ കളാൽ ഇതിനെ സ്ഥാപിയ്ക്കയും നടത്തുകയും വർദ്ധിപ്പിയ്ക്കയും ചെയ്തു എന്നതിന്ന നിങ്ങൾ എല്ലാവരും സാക്ഷിക്കാരായിരിക്കുന്നു. എന്നിരിക്കുമ്പോൾ ഇ ദൈപ്രവർത്തിക്ക അന്തരം വരുത്തുന്നതിന്ന മാനുഷരുടെ ഞെരുക്കങ്ങളും നിരാസങ്ങളും സൃഷ്ടിപ്പുകളുടെ വിരോധ ങ്ങളും മധിയകയില്ല. പിന്നയൊ ഒരു കൂട്ടം മാത്രം മതിയാകയുള്ളു അതായ്ത നാം നമ്മുടെ ദൈവവിളിപ്പിനെ മറന്ന അതിന്നടുത്ത കട ങ്ങളെ ഉപേക്ഷിച്ച നമ്മുടെ അന്തസ്സിന്നടുത്ത പുണ്യങ്ങളായിരിക്കുന്ന എളിമ, ചൊല്ലുവിളി, ഉപവീ, സന്യാസഅടക്കം പട്ടാംഗയുള്ള ഭക്തി എന്ന ഇ പുണ്യങ്ങളെ നിരുവണയാലെ മാത്രം വിചാരിച്ചാൽ മതി യെന്നു വച്ച പ്രവൃത്തിയാലെ നിറവെറ്റാതെ ഇരിക്കുന്ന ഇ കൊവെ ന്തകളെ ചുരുങ്ങിയ കാലത്തിന്നകത്ത ഇല്ലാതെ ആക്കുവാൻ മതിയാ യിരിക്കയും ചെയ്യുന്നു.

എന്നാൽ ഏറ്റിക്കപ്പെട്ട വ്യസനത്തോടുകൂടെ ഇങ്ങനെ തന്നെ സംഭ വിപ്പാനുള്ള ഭാവം കാണുന്നതിനാൽ ഇ ഞങ്ങളുടെ ദുഃഖത്തിന്നടുത്ത നിലവിളികയെ നിങ്ങളുടെ പക്കൾ യാത്രയാക്കുന്നു.

അതായ്ത മുന്തിരിങ്ങപ്പഴങ്ങൾ ചെയ്യുമെന്ന ഞാൻ പാർത്തിരുന്നു. ഇതാ കെഴങ്ങുകൾ ഉണ്ടായി. ഇതാ ഇപ്പോൾ കുറെക്കാലമായിട്ട എളിമ, ചൊല്ലുവിളി, ഉപവി, സന്യാസഅടക്കം പട്ടാംഗയുള്ള ഭക്തി എല്ലാ വർക്കും പ്രവൃത്തിയാലെ നിറവെറ്റുവാനുള്ള പുണ്യങ്ങളെപോലെ അല്ല പിന്നയൊ നമുക്ക അസാദ്ധ്യമുള്ളതും ആവശ്യമില്ലാത്തതും പുണ്യ വാളന്മാർക്കു മാത്രം കൊള്ളാവുന്നതുമായ പുണ്യങ്ങളെ വിചാരിച്ച് ഒരു ഭയംകൂടാതെയും ഹൃദയക്കടികൂടാതെയും ആ പുണ്യങ്ങൾക്കു നേരെ വിരോധമായാട്ട് കാട്ടുകയും പ്രവൃത്തിക്കയും ചെയ്യുന്നത നടപ്പായിവന്നിരിക്കുന്നു. പുണ്യത്തിന്റെ കണ്ണാടികളാകുന്നതിനുവേണ്ടി ദൈവത്താൽ സ്ഥാപിയ്ക്കപ്പെട്ടതും പുണ്യാത്മാക്കളുടെ സംകേതമാ യിരിയ്ക്കുന്നതുമായ ഈ കൊവെന്തകൾ കാര്യസ്ഥൻമാരുടെ കൂട്ടവും സ്വന്ത ഇഷ്ടത്തിന്റെ വീടുകളും പൊത്തുവരുത്തമായിട്ട പ്രധാന കാര്യ

ങ്ങളെ മാത്രം കാർപ്പാൻ നോക്കുന്ന ആളുകളുടെ ഭവനസ്ഥലങ്ങളു മായിതീർന്നിരിയ്ക്കുന്നു. അരൂപിയ്ക്കടുത്ത വർത്തമാനങ്ങളെ പറയു ന്നത നാണയത്തിന്നടുത്ത സംഗതി ആയി സന്യാസിയ്ക്കടുത്ത അട ക്കവും ഭക്തിയ്ക്കടുത്ത നടപ്പും ബുദ്ധിയില്ലാത്ത ഭോഷന്മാരുടെ നടപ്പായിതീർന്നു. കൂടപ്പിറപ്പുകളുടെ ഓരൊരൊ വചനങ്ങൾക്കും വിരോധമായിട്ടുള്ള അൽപമായ കൂട്ടങ്ങൾക്കും നെരിട്ടുത്തരിയ്ക്കാ ത്തത തിരിയാത്തവരുടെ പ്രവൃത്തിയായി വിചാരിക്കുന്ന ശരീര സൗഖ്യം ആശയോടുകൂടെ അന്വഷിയ്ക്കുന്നതും ആവശ്യമില്ലാത്ത സുഖങ്ങളെ ആഗ്രഹിക്കുന്നതും ഓരോരോ അൽപമായ സുഖക്കേടി ന്നെകുറിച്ച അതിൻമേൽ ബോധം മുഴുവൻ വെയ്ക്കയും ആ നെരത്തിൽ തൊന്നുന്നതൊക്കെയും കിട്ടുകയില്ല എംകിൽ ദുഃഖിയ്ക്കയും സംകടം പറയുകയും ചെയ്യുന്നത നടപ്പായിട്ടുള്ള ഒരു സംഗതിയായിതീർന്നി രിക്കുന്നു. മുടക്കപ്പെട്ട നെരങ്ങളിൽ വർത്തമാനം പറയുന്നതും ഓരോരോ കൊവെന്തകളുടെ വർത്തമാനങ്ങൾ അറിയുന്നതിന്നും മറ്റും രണ്ടുപെരതമ്മിൽ കാണുമ്പോൾ സംസാരം തുടങ്ങുന്നതും ആകമാന നടപ്പായിരിക്കുന്നു. മുറി സന്യാസികളുടെ പതിവായിട്ടുള്ള വാസ സ്ഥലം എന്നല്ല, പിന്നയൊ കിടപ്പാനും മറ്റു ഓരോ ആവിശ്യങ്ങൾക്കും എന്നുള്ള സ്ഥലം എന്നതുപോലെ ഒഴിച്ചുള്ള നെരമൊക്കെയും ഇങ്ങോട്ടു അങ്ങോട്ടു ചുറ്റിനടക്കുന്നതും സംശയമില്ലാത്തതും കുറ്റ മില്ലാത്തതുമായ ഒരു കാര്യംപോലെ തീർന്നിരിയ്ക്കുന്നു. കൂട്ടങ്ങൾ ക്കടുത്ത പ്രവൃത്തികൾക്ക കൂടാതെ ഇരിയ്ക്കുന്നതിന്ന അല്പമായി ട്ടുള്ള ജോലി ഒരു സുഖക്കേടവതിയായിരിക്കുന്നതല്ലാതെ അതിന്ന തലവന്റെ അനുവാദം വേണമെന്നില്ല. യാത്രചെയ്യുമ്പോൾ എങ്ങനെ യെങ്കിലും മോശമില്ലാ എന്ന പോലെ ആവശ്യമില്ലാത്ത ഇടത്തിറങ്ങി ആവശ്യമില്ലാത്ത ആളുകളോട സന്തോഷമായി വർത്തമാനം പറകയും ധ്യാനം, ജ്ഞാനവായന മറ്റു കൊവേന്തയ്ക്കടുത്ത ക്രമങ്ങളും മുഴുവ നായിട്ട ഉപേക്ഷിച്ച യാത്രയുടെ കാലം സ്വാതന്ത്ര്യത്തിന്റെ കാലമായി വിചാരിച്ചുവരുന്നു. ഓരോരുത്തർക്കു ആയിരം ദിഷ്ടതികളും ആയിരം ആവശ്യങ്ങളും ചെലരുടെ ആവശ്യങ്ങളെ അന്വേഷിപ്പാൻ ഒരു തലവൻ തനിച്ച മതിയാകയില്ല. കൂട്ടത്തെകുറിച്ചും പുണ്യത്തെകുറിച്ചും സ്വന്ത സുഖവും സ്വന്ത ആഗ്രഹങ്ങളും പൂജിക്കുന്നത അതായ്ത ഒരൊ പ്രവൃത്തികളിലും ക്രമങ്ങളിലും അല്പമായിട്ട ഒരു സുഖക്കേട അനുഭ വിക്കണമെന്നായിരുന്നാൽ നൂറുകൂട്ടം ഞായങ്ങളെക്കൊണ്ട ഒഴിവാൻ

പ്രയാസപ്പെടുന്നു. കൊവേന്തവസ്ഥുക്കളും കൊപ്പുകളും സൂക്ഷിപ്പാനും എല്ലാവർക്കും ന്യായവും ഗുണവുമായിരിയ്ക്കുന്നു. എന്നതുപോലെ അല്ല പിന്നെയൊ മറ്റൊരുത്തന്റെ വസ്ഥു എന്നപോലെ അതിനെ അനുഭവിച്ചാൽ മതിയെന്നുവച്ച തിരിച്ചു തലവൻ കല്പിക്കുന്നില്ലംകിൽ സ്നേഹത്തിന്റെയും കൂട്ടത്തിന്റെയും ന്യായത്താലെ തല്പര്യമായി സൂക്ഷിക്കുന്നവര ചുരുക്കമായിരിക്കുന്നു. ചിലർക്ക സൌഖ്യകിട്ടു വാനും പിടിക്കുന്ന ദിക്ക അന്വഷിപ്പാനും ബൊധിക്കുന്ന തലവനും കൂടപ്പിറപ്പുകളും കണ്ടെത്തുവാനും നമ്മുടെ കൊവെന്തകൾ നാലും നടന്നതിന്റെശെഷം എല്ലായിടത്തും സുഖക്കെടും ന്യായമില്ലാത്ത സംകടങ്ങളും മുള്ളുകളും കാണുകയും ചെയ്യുന്നു. ആ! ഇങ്ങനെയുള്ള കൂടപ്പിറപ്പുകൾ തമ്പുരാനെയും തന്റെ തിരുമനസിനെയും മാത്രം അന്വേ ഷിച്ചു എങ്കിൽ എല്ലാ ഇടത്തും സൌഖ്യവും സന്തൊഷവും കിട്ടി യെനെ. എന്നാൽ തമ്പുരാനെ അല്ല പിന്നെയൊ സ്വന്ത ഇഷ്ടവും സ്വന്ത മനസും അന്വഷിക്കുന്നതിനാൽ ഒരിയ്ക്കലും സൌഖ്യവും സന്തോഷവും ആകുന്നില്ല. എന്നാൽ എല്ലാറ്റിനേക്കാൾ ദുഃഖിപ്പിക്കു ന്നതും ഇ നമ്മുടെ കൊവെന്തകൾക്ക നാശമായിരിക്കുന്നതുമായ ഒരു കാര്യം ഇതായിരിയ്ക്കുന്നു. തതയ്ക്ക ഇപ്പോൾ നമ്മുടെ കൊവെന്ത കളിൽ തലവൻമാര കീഴുള്ളവരായി കീഴുള്ളവര തലവൻമാരായി സ്വന്ത മനസ്സ നടപ്പായിരിയ്ക്കുന്നു. തലവന്നെ ഈശോമ്ശിഹാ ആയിട്ടു വിചാരിച്ച അയാളുടെ സ്വരം ഈശോമ്ശിഹായുടെ തിരുവചനമായിട്ട കൈകൊൾക അല്ല പിന്നയൊ അയാളുടെ ബുദ്ധിയും വിവേകവും പുണ്യവും തുക്കി അവരുടെ പ്രവൃത്തികളും നടത്തലും വിധിച്ച അവ രുടെ കല്പനകളെ ചോതനചെയ്ത സ്വന്തബോധത്തിൽ തൊന്നുന്ന തിന്നെ ഒത്തതാകുന്നെംകിൽ കെൾക്കയും ബൊധിയ്ക്കാത്തതാകു ന്നെംകിൽ നുറുകൂട്ടം ന്യായങ്ങളെകൊണ്ട നീക്കം ചെയ്വാൻ പ്രയാസ പ്പെടുകയും നീങ്ങുകയില്ല എങ്കിൽ സംകടത്തൊടുകൂടെ ചെയ്കയും പിറുപിറുക്കുകയും ചെയ്യുന്നു. മേൽതലവൻമാരും ഒരു കാര്യം കല്പി ച്ചെംകിൽ ബോധിയ്ക്കയും സന്തോഷത്തോടുകൂടെ നിറവെറ്റുകയും ചെയ്യുന്ന ആ കാര്യം തന്നെ മറ്റൊരു തലവൻ കല്പിച്ചാൽ വിവെക മില്ലാത്തതും ന്യായമില്ലാത്തതുമായിട്ട വിചാരിയ്ക്കുന്നത അപൂർവ മായി സംഭവിക്കുന്ന കാര്യമല്ല. ഇപ്പൊൾ തലവൻമാരാവച്ചതും കല്പി ക്കുന്ന തമ്പുരാന്റെ ഇഷ്ടവും ക്രമവും നൊക്കികൊണ്ടല്ല പിന്നയൊ ഓരോരുത്തന്റെ മനസും ഇഷ്ടവും നൊക്കിക്കൊണ്ട കല്പിപ്പാൻ

നിർബന്ധപ്പെട്ടിരിയ്ക്കുന്നു. ഇപ്പൊൾ തലവൻ കാലദീർഘത്തോടുകൂടെ ചെയ്യുവാനുള്ള ഒരു കാര്യം കല്പിച്ചാൽ വീണ്ടു വീണ്ടു ഒർപ്പിയ്ക്കയും കല്പിയ്ക്കയും ചെയ്യാതെ ആ കാര്യം നടക്കുന്നതല്ല. കല്പനയ്ക്കടുത്ത വചനങ്ങളായിട്ട കല്പിയ്ക്കാതെ ആഗ്രഹംമാത്രം കാട്ടിയാൽ അതിനെ ചെയ്വാൻ കടമുള്ളപ്രകാരം ഒരുത്തർക്കും തൊന്നുന്നില്ല. ആ! പ്രിയമുള്ള കൂടപ്പിറപ്പുകളെ! ഇതാ നമ്മുടെ ദൈവവിളിപ്പ നാം കൊവെന്തയിൽ കൂടിയത നമ്മുടെ മനസു നടത്തുവാനൊ നമുക്ക ബോധിക്കുന്ന തലവൻമാരും നമുക്ക ബോധിക്കുന്ന കൂട്ടങ്ങളും മാത്രം കീഴ്വഴങ്ങുന്ന എംകിൽ കാവ്യരുടെ ചൊൽവിളിയും നമ്മുടെ ചൊൽവിളിയും എന്തുഭേദം. നമ്മുടെ മനസുപോലെ പ്രവൃത്തിപ്പാൻ മനസായിരുന്നെംകിൽ ഇ അന്തസ്തിനെ തിരഞ്ഞെടുത്തതെന്ത്യ. കൊവെന്തയിൽ കൂടിയ്ത എന്ത്യെ. എന്നാൽ കൂട്ടങ്ങളൊക്കെയും ആകമാനമായിട്ട പട്ടക്കാരും അൾമ്മെനി ദർശനകർക്കും പ്രയാസമുള്ളവർക്കും ചെറുപ്രായക്കാർക്കും ഉള്ളതായിരിക്കുന്നു എന്നുവരികിലും എല്ലാം ഞായം കൊണ്ടും ഈ കൊവെന്തകളുടെ ശരണവും ഞങ്ങളുടെ ശരണവും ആയി വിചാരിച്ചിരുന്ന ചെറുപ്പക്കാരും ഈ ഒടുക്കത്തെ കാലങ്ങളിൽ കുർബാനപട്ടമെറ്റ കൊച്ച അച്ചന്മാരും ശെഷംപെരെക്കായി മെല്പറഞ്ഞ കാര്യങ്ങളെ ഓർമ്മയില്ലാത്തവരായി നടക്കുന്നു എന്നു കെൾക്കയും കാണുകയും ചെയ്യുമ്പോൾ ഞങ്ങൾക്കുള്ള ദുഃഖവും സങ്കടവും അറിയിപ്പാൻ ഞങ്ങൾ വശാകുന്നില്ല. ശെഷംപെരെക്കായിൽ ദൈവമനഗുണങ്ങളെ അനുഭവിച്ചവരും ഏറിയകാലം മഹാ സൂക്ഷത്തോടുകുടെ വളർത്തപ്പെട്ടവരുമായിരിക്കുന്ന ഈ കൂടപ്പിറപ്പുകൾ ശെഷംപെർക്ക എളിമയുടെയും ചൊല്ലുവിളിയുടെയും ഭക്തിയുടെയും കണ്ണാടികളായി നടക്കുന്നതിന്ന പകരം നൊവിസ്യാത്തിൽനിന്നും പുറപ്പെടുമ്പോൾ തൊടൽപ്പൊട്ടിച്ച സ്വതന്ത്ര്യമായി മുൻപിലത്തെ ഗുണദോഷങ്ങളും നല്ല കണ്ടുപടുത്ത്വവും മറന്നു ആയിരം ദിഷ്ടതിയുള്ളവരായി ഭാവം വച്ച കീഴ്വഴങ്ങുവാൻ മടി എളിമപ്പെടുവാൻ അറിഞ്ഞുകൂടാ സ്വന്തബോധവും സ്വന്തമനസ്സുംപോലെ നടപ്പാൻ പ്രയാസപ്പെട്ടുവരുന്നു. അവർക്കശെഷംപെരക്കായിൽ അറിയാമെന്നും ശെഷംപെരയ്ക്കായിൽ കണ്ടുകെട്ടും കൊണ്ട എല്ലാ തിരിയുമെന്നു വിചാരിച്ച എല്ലാത്തിന്മെലും സ്വന്ത അഭിപ്രായം പറകയും എല്ലാം കൊണ്ടും കുറ്റം പറകയും ചെയ്യുന്നു. ആ! പ്രിയമുള്ള കൂടപ്പിറപ്പുകളെ! നിങ്ങളുടെ ആത്മാവിനെ രക്ഷിപ്പാൻ അറിവാൻമെല എംകിൽ നിങ്ങളുടെ ദൈവവിളിപ്പിന്നടുത്ത പുണ്യ

കടങ്ങളെ നടത്തുവാൻ പഠിച്ചില്ലാ എംകിൽ എന്ത അറിയാം എന്തു പഠിച്ചു. അതിൻവണ്ണം തന്നെ നമ്മുടെ കൂടപ്പിറപ്പുകളായിരിക്കുന്ന ആൾമെനി ദർശനകാരെ കുറെ നാളായിട്ട മുൻപിലത്തെ എളിമയും കീഴ്വഴക്കവും ഭക്തിയും മാറി സംകടം തൊന്നുവാൻ തക്കപ്രകാര ത്തിൽ ഓരോരോ വെലകൾക്കുള്ള താല്പര്യം കുറഞ്ഞ പ്രവത്തിക്കുന്ന തൊക്കെയും തമ്പുരാനെക്കുറിച്ചല്ല ചിലര പൊടിയെക്കുറിച്ച മറ്റു ചിലരെ തഴക്കത്തെക്കുറിച്ച ഇങ്ങനെ എല്ലാവരും ആത്മഫലം കൂടാതെ വെലയെടുക്കുകയും ചെയ്യുന്നു. ഈ കൂടപ്പിറപ്പുകളിൽ ചിലർക്ക കുമ്പസാരം മുതലായ കൂദാശകൾ അപൂർവമായി കൈക്കൊള്ളുന്നു. അവരുടെ ചൊല്ലുവിളിയില്ലായ്മ കൊണ്ട തലവന്മാരെ സംകടപ്പെടു ത്തുന്നു. ആ ദിക്കിലും ശെഷമുള്ള കൊവെന്തകളിലുമുള്ള വർത്തമാ നങ്ങൾ ഒക്കെയും തിരക്കുകയും അച്ചന്മാരുടെ കാര്യങ്ങളിൽ ഉൾപ്പെ ടുകയും തമ്മിൽതമ്മിൽ ഓരോരോ രഹസ്യങ്ങളും ആലോശനകളും കഴിയ്ക്കയും ചെയ്യുന്നു. ആ! പ്രിയമുള്ള കൂടപ്പിറപ്പുകളെ! ഇങ്ങനെയല്ല നിങ്ങളുടെ ദൈവവിളിപ്പ ഇങ്ങനെയല്ല കൊവെന്തയിൽ വരുമ്പോൾ ചെയ്തുതുടങ്ങിയ്ക്ക എന്നാൽ മേൽപ്പറഞ്ഞ തിന്മകളൊക്കെയും വരുന്നതിന്ന ഒരു കാരണം തലവൻമാരുടെ ക്രമമില്ലാത്ത അനുഗ്രഹ മത്രെ ആയിരിക്കുന്നു അവര കീഴുള്ളവരുടെ തണ്യ ആശകളെ നിർമ്മൂലമാക്കുവാനും അവരുടെ കുറ്റങ്ങളെ കുറ്റപ്പെടുത്തുവാനും ആവശ്യമുള്ളപ്പോൾ ശിക്ഷിപ്പാനും വിശാരിയ്ക്കാതെ ദൈവത്തിൻ മുമ്പാകെ വാസ്ഥവമല്ലാത്ത ന്യായങ്ങളെ കുറിച്ച കീഴുള്ളവരുടെ മനസുപോലെ നടക്കയും അഭിപ്രായവിത്ത്യാസമുള്ളപ്പോൾ അവര താണ കീഴുള്ളവര ജയിപ്പാൻ സമ്മതിയ്ക്കയും ചെയ്യുന്നു. കാണുന്ന മോശങ്ങളെ നീക്കുവാൻ അവർക്ക ഉറപ്പില്ലാത്തപ്പോൾ ലൊകന്യാ യങ്ങളെ കുറിച്ച മേൽത്തലവന്മാരെ ബൊധിപ്പിക്കാതെ ഇരിയ്ക്കയും ചെയ്യുന്നു. ഇതിനാൽ വരുമെന്ന എണ്ണമില്ലാത്ത നാശങ്ങളെകുറിച്ച അവരതന്നെ തമ്പുരാന്റ തിരുമുൻപാകെ ഉത്തരവാസികളായിരി യ്ക്കുന്നു എന്ന അറിഞ്ഞിരിക്കണം. എന്നാൽ ദൈവത്തിൻ മുൻപാകെ മെൽപ്പറഞ്ഞ സംങ്ങതികളെ കുറിച്ച ഞങ്ങൾ ഉത്തരവാസികളാകാതെ ഇരിപ്പാൻ വെണ്ടിട്ടും ദൈവപ്രവൃത്തിയായിരിക്കുന്ന ഒരു സഭക്കൂട്ടം ക്രമമില്ലാത്ത അനുഗ്രഹത്താലെയും അതിന്റെ യൊഗ്യംകണ്ടിട്ടും ഞങ്ങൾ മിണ്ടാതെ ഇരുന്നതിനാലെയും നശിച്ചുപ്പോയി എന്നുവരാതെ ഇരിപ്പാൻവെണ്ടിട്ടും മേല്പറഞ്ഞ സങ്ങതികളുടെമേൽ അനുഗ്രഹി

ക്കാതെ അവരുടെ ക്രമമില്ലാത്ത നടപ്പാൽകൂട്ടത്തിന്ന നാശമായിരിക്കുന്നവരെ ക്രമംപൊലെയും കടംപോലെയും ശിക്ഷിപ്പാൻ നിശ്ചയിച്ചിരിക്കുന്നു. എന്ന എല്ലാവരും അറിഞ്ഞിരിക്കട്ടെ.

ആ! പ്രിയമുള്ള കൂടപ്പിറപ്പുകളെ! ഉറപ്പായിട്ടു വിശ്വസിപ്പിൽ ഈ നടപ്പിന്നു പോയാൽ ഇരുപതവരുഷത്തിന്നകം ഈ കൊവെന്തകൾ ഉണ്ടാകയില്ല. കൊവെന്തകളുടെ ഉറപ്പ ചുമരുകളുടെ കനമല്ല പിന്നെയൊ അതി പാർക്കുന്നവരുടെ എരിവും പുണ്യവുമായിരിക്കുന്നു. എത്രയോ ദിക്കുകളിൽ ഇതിൽ അധികവും വലിയതുമായ കൊവെന്തകൾ ഉണ്ടായിരുന്നു. എങ്ങനെ എന്ന തിരിയുന്നില്ല. പക്ഷേ ആ സ്ഥലങ്ങൾ കാടും ദുഷ്ടമൃഗങ്ങളുടെ വാസവുമായിരിക്കുന്നു. നാം ഈ കൊവെന്തകളുടെ തുടക്കക്കാരായിരിക്കുന്നു. അതിന്റെ മൂല്ല്യകല്ലുകളായിരിയ്ക്കുന്നു. അൻപതുവർഷം കഴിയുമ്പോൾ നമ്മുടെ അനന്തരക്കാരായ കൂടപ്പിറപ്പുകൾ നമ്മുടെ പെരും നമ്മുടെ പ്രവൃത്തികളും നമ്മുടെ സാക്ഷികളായി ചൊല്ലിക്കൊണ്ട ഇപ്പോൾ നാം ചെയ്യുന്നതിൽ അവര കുറെ കൂടെക്കുറവായി ചെയ്യുന്നതല്ലാതെ നമ്മിൽ ഗുണമായി വരികയില്ല.

കടശി സ്നെഹിയ്ക്കപ്പെട്ട കൂടപ്പിറപ്പുകളെ! പ്രിയമുള്ള മക്കളെ! നമ്മിൽ ഒരുത്തരും പഷ്ണികൊണ്ടും ലോകത്തിൽ പൊറുതിയില്ലാഞ്ഞിട്ടും അല്ല കൊവെന്തയിൽ കൂടിയ്ത. നാം എല്ലാവരും ലോകത്തിൽ നിന്നിരുന്നെംകിൽ ലോകസുഖങ്ങളെ അനുഭവിപ്പാൻ വശമുണ്ടായിരുന്നു കുറിച്ച നമ്മുടെ സമ്പത്തുകളും കാരണവൻമാരെയും ഉപേക്ഷിച്ചു. ഇനി നമ്മുടെ മടി ഉപേക്ഷയാലെ നാം തമ്പുരാനെ ഉപേക്ഷിക്കുമെംകിൽ എത്രയോ അബദ്ധം എത്രയോ ഭ്രാന്ത - എല്ലാവരും ഞങ്ങളെക്കുറിച്ച അപേക്ഷിപ്പിൻ അതെന്തെ! ഞങ്ങൾക്ക കണക്കുകളുടെ ദിവസം അടുത്തിരിക്കുന്നു.

കൂനൻമാവുങ്കൽനിന്ന 1869 ക. കർക്കടകമാസം 1-നു ആ = കുറിയാക്കോസ. ദെ.സാം ഏലിയ പ്രിയോര ആ=ലെയോ പൊൾദ മരിയ ദെ. സാംജ്ജ സെ. ദെലെ.

## VI/2

ബ. ജരാർദ് മൂപ്പച്ചന്റെ പൂർണ്ണമായ പേര് ജരാർദ് ബെക്കാറോ എന്നായിരുന്നു. ബ. ലെയോപ്പോൾദച്ചന്റെ ഇളയ സഹോദരനായിരുന്നു ജരാർദു മൂപ്പച്ചൻ. ഇദ്ദേഹം 1869-ൽ മിഷനറിയായി കേരളത്തിൽ വന്നു.

ഒന്നാമത്തെ വത്തിക്കാൻ സൂനഹദോസിൽ സംബന്ധിക്കുന്നതിനായി റോമിലേക്കു പോയ വരാപ്പുഴ വികാരി അപ്പസ്തോലിക്ക ലെയോനാർദ് മെത്രാപ്പോലീത്തായോടുകൂടെ ലെയോപ്പോൾദച്ചനും പോയിരുന്നു. അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ സഭാകാര്യങ്ങൾ നോക്കുന്നതിനായി ദലഗാദ് പ്രൊവിൻഷ്യലായി ജരാർദച്ചൻ നിയോഗിക്കപ്പെട്ടു. ഈ അവസരത്തിലാണ് ചാവറയച്ചനോടുകുടി ജരാർദച്ചൻ ഈ സർക്കുലർ എഴുതുന്നത്.

# ജരാർദ് മൂപ്പച്ചനും ചാവറയച്ചനുമൊരുമിച്ച് സഭാംഗങ്ങൾക്കെഴുതുന്ന സർക്കുലർ

പെ: ബ: മാനാത്തുകൊവേന്തയിൽ വിഗാരി അച്ചൻ മുതൽപേർക്ക.

ഇ - മ - യ

മലയാളത്തിലുള്ള കർമ്മെലീത്താ ദിസ്ക്കാൾസ മൂന്നാം സഭക്കാരുടെ പ്രൊവിൻസ്യാളിന്നടുത്ത ദലഗാത്തിന്റെ പേർക്ക നടത്തുന്ന മല = മിസ്യൊ - അപ്പ - പ്രെ - ജെരാർദ്ദോസജ്യൂസേപ്പ കൊവെന്തകളുടെ പ്രിയോർ ആഹ കുറിയാക്കോസ് ഏലിയാ ഒരുമ്മാകയും കൂടി മാന്നാനത്തു കൊവെന്തയുടെ പെ.ബ. വിഗാരിക്കും പട്ടക്കാർക്കും അൾമെനി ദർശനക്കാരുമായ കൂടപ്പിറപ്പുകൾക്കും ഏവർക്കും കൂടി കർത്താവിൽ സമാധാനം അറിയിച്ചുകൊണ്ട എഴുതുന്നതായ്ത.

പ്രിയപ്പെട്ട സഹോദരൻമാരരെ ഉണരപ്പെട്ടവര നിങ്ങൾ ആക്കുവിൻ എന്നുള്ള നമ്മുടെ കർത്താവിന്റെ തിരുവചനത്താൽതന്നെ നമ്മുടെ ബലക്ഷയത്താൽ നാം മന്നിച്ചുപോകുമെന്നും ഇതിനാലെ കൂടകൂടെ നമ്മെ നാം ഉണർത്തി ചൂടപിടിപ്പിക്കണമെന്നും കല്പിക്കുന്നു എന്നതിനാൽ ഈ ഞങ്ങളുടെ ചുരുങ്ങിയ ഗുണദോഷം നിങ്ങൾക്ക യാത്രയാക്കുന്നു.

1. അൾമേനിക്കാരോടുള്ള സംസർഗ്ഗത്താലും വർത്തമാനത്താലും സന്യാസികൾക്കുണ്ടാകുന്ന നാശം എത്രയോ ഏറ്റിക്കപ്പെട്ടതെന്ന് ഞങ്ങളുടെ വചനത്താൽ അറിയിക്കണമെന്നില്ലല്ലോ. ആയ്തിനാൽ ഇതുമ്മേൽ എത്രയും സുക്ഷമുള്ളവരാകുന്നതുമല്ലാതെ പട്ടക്കാര രായാലും, സാക്ഷാൽ വിഗാരിയുടെ അനുവാദം കൂടാതെ യാതൊ രുത്തരോടും സംസാരിക്കായ്‌വാൻ എപ്പോഴും സൂക്ഷിക്ക.

2. എളിമക്കടുത്ത തൊഴിലായി, ഗൊവേന്ത അടിച്ചു വെടിപ്പാക്കുക എന്ന ക്രമത്തിന് എല്ലാവരും: ബ. അച്ചൻമാരു മുൻമ നടന്നവരായി പഠിപ്പിക്ക, ഒരുങ്ങരും ഒഴിയായ്‌വാൻ സൂക്ഷിക്ക.

3. ഏകാന്തം എന്നതിനാൽ അല്ലാതെ നമ്മുടെ അന്തസ്സിൽ മധുരവും, കടവും അറിഞ്ഞ നടത്തുവാൻ പാടില്ല. ആയ്തിനാൽ അവശ്യം നിർബന്ധിക്കുന്നു എങ്കിലല്ലാതെ സ്വന്തമുറിയിൽ നിന്നു പുറ പ്പെടായ്‌വാൻ സൂക്ഷിക്ക. ആവശ്യത്തിനും, അതായത് പ്രകൃ തിക്കും, ഏറ്റിരിക്കുന്ന തൊഴിലിനും, ന്യായപ്രമാണം വിളിക്കു മ്പോഴും എന്ത്യെ പുറപ്പെടുവാൻ സംഗതിയായാൽ ബ. വിഗാ രിയുടെ അനുവാദത്തോടുകൂടെ വേണ്ടിയിരിക്കുന്നു. ഇതെന്ത്യെ, തന്റെ ആട്ടിൻകുട്ടി ഇപ്പോൾ എവിടെ മേയുന്നു എന്ന് ഇടയൻ അറിഞ്ഞിരിപ്പാൻ ആവശ്യം.

4. ഉപവി, എളിമ, വെടിപ്പ്, ശുറുശുറുപ്പ് ഇതു നാലും സുഖമായിരിക്കു മ്പോൾപോലും നാലു ദിക്കിലും സുഖമായാൽ ലോകമൊക്കെയും സുഖമായതിൻവണ്ണം ആകുകയും ചെയ്യും.

ഇതു കൂനമ്മാവുങ്കൽ ശു. പിലോകൊവേന്ത നിന്ന്.

വി. യൗ. ജരാർദ് (ഒപ്പ്)

കുറിയാക്കോസ് ഏലിയ (ഒപ്പ്)

VI/3

# ചാവറയച്ചൻ സഭാംഗങ്ങൾക്കെഴുതിയ ഒരു സർക്കുലർ

ര. മ. യ.

അ. ക. ശു. പ്രിയൊര.

പെ. ബ. എൽതുരുത്തു കൊവേന്തയുടെ വികാരിഅച്ചനും ശേഷം കൂടെപിറപ്പുകൾക്കും കർത്താവിൽ സ്വസ്തി എന്നാൽ എത്രയും പെ. ബ. നമ്മുടെ വികാരി പ്രൊവിഷ്യാൾ ആയ മെത്രാപോലീത്താച്ചന്റെ കല്പനയാൽ അറിഞ്ഞിരിക്കുന്നതായതു. എന്തെല്ലാം ഉപകാരം വരുത്തുന്നതും എന്തെല്ലാം നാശം വരുന്നതുമായി തോന്നിയിരുന്നാലും പുറമേയുള്ളതും പള്ളിക്കടുത്തതുമായ വഴക്കുകളെ തീർക്കുന്നതിനും ദിവ്യ സംബന്ധമായ അവകാശം കൊടുക്കവാങ്ങൽ മുതലായ കാര്യങ്ങളിൽ ഉൾപ്പെടരുതെന്നും കൊവെന്തക്കാരെ ആത്മകാര്യങ്ങളിൽ ഉൾപ്പെട്ടു വിശ്വാസക്കാരെ സഹായിക്കുന്നതിനല്ലാതെ ശരീര സംബന്ധമായ കാര്യങ്ങളിൽ ഉൾപ്പെട്ടുകൂടാ എന്നും പുറമേയുള്ളവരുടെ വഴക്കുകളും വിസ്താരങ്ങളും ബന്ധിച്ച യാതൊരു വർത്തമാനങ്ങളും തിരക്കുവാനും അറിയുവാനും തമ്മിൽ തമ്മിൽ ഈവണ്ണമുള്ള സംഗതികളേ സംസാരിപ്പാനും ഇടകൂടണ്ടാ എന്നും തിരെ മുടക്കിയിരിക്കുന്നു.

വിശെഷിച്ചു, ശു: പള്ളിയുടെ ഞരിക്കങ്ങളെ തിർന്നു തെളിവും വർദ്ധനയും ഉണ്ടാകുവാനും ആയിട്ടു എല്ലാവരും പ്രത്യേകമായിട്ടു അപേക്ഷിക്കണമെന്നും കുർബാന ചൊല്ലിപ്പാൻ വശമുള്ളവര് വശംപോലെ ചൊല്ലിക്കണമെന്നും അല്ലാത്തവരുകണ്ട് അപേക്ഷിക്കണമെന്നും മറ്റും നമ്മുടെ ശു: മാർപ്പാപ്പായുടെ തിരുകല്പന വന്നിരിക്കയിൽ ഈ എഴുത്തു കൈപ്പറ്റുന്ന ദിവസം മുതൽ 9 ദിവസത്തേക്ക് ധ്യാന ആസ്തപ്പാടു കൊടുപ്പാൻ എല്ലാവരും പ്രാർത്ഥനാമുറിയിൽ കൂടി മുട്ടുകുത്തി പീയൂഷത്തിലുള്ള മലയാഴ്മയിൽ സകല പുണ്യവാളന്മാരുടെ ലുത്തിനിയചൊല്ലി അതിന്റെ കടശിയിൽ ഈ നമസ്കാരം അതായത്.

സർവ്വേശ്വരാ! കർത്താവേ അതിനെ കുറിച്ച ഞങ്ങളുടെ കർത്താവി ശോമിശിഹാ ദോഷക്കാരുടെ കൈകളിൽ വഴങ്ങപ്പെടുവാനും ശ്ലീഹാ യുടെ ദുഷ്കർമ്മങ്ങളെ ക്ഷമിപ്പാനും താൻ ഒഴിയപ്പെട്ടില്ല എന്ന ഈ തറവാട്ടിമ്മെൽ നീ കടാക്ഷിക്കണമെന്നും നിന്നോടു ഞങ്ങൾ അപേ ക്ഷിക്കുന്നു.

നിത്യപിതാവേ എന്റെ പാപങ്ങളുടെ പരിഹാരത്തിനായിട്ടും ശു. പള്ളിയുടെ തിട്ടതികളെകുറിച്ചും ഈശോമിശിഹായുടെ ചോരയേ നിനക്കു ഞാൻ കാഴ്ചവയ്ക്കുന്നു. എന്ന ഈ സുകൃത ജപവും കൂട്ട മായിട്ടു അപ്പോൾ ചൊല്ലുന്നതല്ലാതെ ഓരോരുത്തരും തനിച്ച രഹസ്യ മായിട്ടുകൂടെ നിത്യപിതാവേ! എന്നു തുടങ്ങുന്ന ഈ സുകൃതജപം കഴിയുന്നിടത്തോളം കുറഞ്ഞാൽ ദിവസം ഇ. 3 പ്രാവശ്യം എംകിലും ചെല്ലണമെന്ന് നമ്മുടെ പെ.പെ.ബ. ദലഗാദേഅച്ചൻ കല്പിച്ചിരിക്കുന്നു എന്നാൽ ഈ സുകൃതജപം ഒ 10 പ്രാവശ്യം ചെല്ലുമ്പോൾ 50 ദിവ സത്തെ ദോഷപൊറുതിയുണ്ട്. ഈ വണ്ണം എല്ലാ കൊവേന്തകൾക്കും.

1870 കുംമ്പം 25 Sd/-

# VI/4

## ചാവറയച്ചൻ സഭാംഗങ്ങൾക്കെഴുതിവെച്ചിരുന്ന മരണപത്രിക

1870 ഒക്ടോബർ മാസത്തിലാണ് ചാവറയച്ചൻ രോഗശയ്യയെ അവലം ബിച്ചത്. എന്നാൽ 1870 ആരംഭംമുതൽ ക്ഷീണം അനുഭവപ്പെട്ടിരുന്നു. തന്റെ അന്ത്യം അടുത്തു എന്ന് മനസ്സിലാക്കി പ്രവർത്തിച്ചിരുന്നതായി നമുക്കറിയാം. അതിന്റെ പ്രത്യക്ഷലക്ഷ്യമാണ് 1870 ആഗസ്റ്റു മാസത്തിൽ തയ്യാറാക്കി വെച്ചിരുന്ന ഈ മരണപത്രിക.

### അല്പം ചരിത്രം

ഇപ്രകാരം തയ്യാറാക്കിവെച്ചിരുന്ന മരണപ്രതിക ഒരു കവറിലിട്ട് ഭദ്രമായി ഒട്ടിച്ച് മുദ്രവച്ചശേഷം താൻ രോഗശയ്യയെ അവലംബിച്ചപ്പോൾ രോഗശുശ്രൂഷിയായിരുന്ന ഒരു നവ സന്യാസിയെ ഏല്പിച്ചു. തന്റെ മരണശേഷം ശവസംസ്ക്കാരം കഴിഞ്ഞ് പ്രസ്തുത കത്ത് തന്റെ

ആത്മപിതാവായ ലെയോപ്പോൾദച്ചനെ ഏല്പിക്കണമെന്നായിരുന്നു ആ നവസന്യാസിക്കു കൊടുത്തിരുന്ന നിർദ്ദേശം. അതുവരെ പ്രസ്തുത കാര്യം രഹസ്യമായി സൂക്ഷിക്കണമെന്നും.

മേൽപ്പറഞ്ഞ നവസന്യാസിയാവട്ടെ ചാവറയച്ചൻ തന്നെ പറഞ്ഞേൽപ്പിച്ചിരുന്നതുപോലെ, ജനുവരി 4-ാം തീയതി, ശവസംസ്ക്കാരത്തിനുശേഷം പ്രസ്തുത കത്ത് ലെയോപ്പോൾദച്ചനെ ഏല്പിച്ചു. കത്തു വായിച്ചതിനുശേഷം, ഇതിന്റെ പകർപ്പുകൾ ഉണ്ടാക്കി ഒരോ കൊവേന്തയിലേക്കും ലെയോപോൾദച്ചൻ തന്നെ അയച്ചുകൊടുത്തു. പല കൊവേന്തകളും തങ്ങളുടെ നാളാഗമത്തിൽ ഓർമ്മക്കായി ഇതു പകർത്തിവെക്കുകയും ചെയ്തു. മാന്നാനം, കൂനമ്മാവു മുതലായ കൊവേന്തകളുടെ നാളാഗമങ്ങളിൽ ഈ പകർപ്പ് കാണാവുന്നതാണ്. പാറപ്പുറത്തു വർക്കിയച്ചൻ ഈ സംഭവങ്ങളെല്ലാം തന്റെ നാളാഗമത്തിൽ രേഖപ്പെടുത്തുന്നുണ്ട്. (cfr. പാറപ്പുറം വർക്കിയച്ചന്റെ നാളാഗമം, കൈയെഴുത്ത്, P. 1420 - 1421).

ചില പുസ്തകങ്ങളിൽ ഈ മരണപത്രികയുടെ ഏതാനും ഭാഗങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അതിന്റെ സമ്പൂർണ്ണ രൂപത്തിൽ ഇതുവരെയും പ്രസിദ്ധം ചെയ്തിട്ടില്ല.

ഇ. മ. യ.

മ്ശി. സ്തു. 1870. ഓഗസ്റ്റ്

ബ. എന്റെ കൂടപ്പിറപ്പുകളായ കൊവേന്ത അച്ചന്മാരും സ്നേഹിക്കപ്പെട്ട മക്കളായ പുതുസന്യാസികൾ അൾമേനി ദർശനക്കാര ഏവരോടും കുടെ കർത്താവിൽ സത്യം ചൊല്ലി നിങ്ങളുടെ ശുശ്രൂഷിയായ ആഹാ കുറിയാക്കോസ് ഏലിയാ ദ. തു.ക. എന്ന ഞാൻ നിങ്ങളോടുള്ള എന്റെ കഴിവു പടാർത്ഥയും ഒടുക്കത്തെ ഗുണദോഷ വാക്കും ചാവരുളുമായി ഇതിനെ അറിയിക്കുന്നു.

1. പ്രിയമുള്ള കുഞ്ഞുങ്ങളെ നാം സർവ്വേശ്വരന്റെ വിശേഷകൃപയാൽ ദേവമാതാവിനു എത്രയും ഇഷ്ടപ്പെട്ടവരായ കർമ്മെലീത്താ സഭക്കാരായി വിളിക്കപ്പെട്ടു. എന്നാൽ ഇതു ദൈവാലോചനയിൽ അല്ലാതെ മനുഷ്യനടുത്ത വിചാരത്താലല്ലായെന്നു ഇതു കടലാസ്സ് എന്ന് കാണുവണ്ണം കണ്ടുറച്ചിരിക്കുന്നു. അതെങ്ങനെയെന്നാൽ ഇതിന്റെ അടിസ്ഥാനക്കാരനായ പെ.ബ. പാല പോരു. എന്ന തോമ്മാച്ചന്മാരു അപേക്ഷിച്ചതും ക്രമപ്പെടുത്തി വന്നതും, ശു.

ദുമ്മനിങ്കോസിന്റെ സഭക്കാരാകണമെന്നത്രെ. ഇതിനായിട്ടത്രെ അതുവരെ ഇവിടെ നടപ്പില്ലാത്ത വെള്ളളോവ ഉടുത്തു തുടങ്ങി യതും ശേഷവും. ഇതിനാൽ നമ്മുടെ ബലക്ഷയം കണ്ടിട്ടു ഈ. ശു. ശു. അമ്മ തന്റെ വിശേഷസ്നേഹത്തിൽ ചേർത്തു. എന്നാൽ കുഞ്ഞുങ്ങളെ ഞാനും നിങ്ങളും ഇതുവരെ പട്ടാങ്ങയായുള്ള സന്യാസികൾ ആയില്ല. സന്യാസിയുടെ ഏകമായ അടയാളം സ്വന്ത മനസിനെ മുഴുവനായി ഉപേക്ഷിച്ചു കണ്ണും ചെവിയും ഇല്ലാത്ത ചൊൽവിളിയത്രേ. ഇതുള്ളവൻ എംകിലും മുഴുവനായി ആയില്ല എന്നോർത്തു ഉത്സാഹിക്കണം. ഇതിന്ന് പെ. ബ. വികാരി അപ്പസ്തോലിക്കാ അച്ചന്റെയും നമുക്കു ദലഗാത്തായി കല്പിച്ചു തരുന്ന പെ. ബ. മൂപ്പച്ചന്റെയും മനസ്സിനും ദൈവത്തിന്റെയും ഇവ രുടെയും കല്പനകൾക്കും വിരോധമില്ലാത്ത സകല കാര്യത്തിലും ശേഷമുള്ള പെ. ബ. മിസ്യോമൂപ്പച്ചന്മാരുടെയും ചൊൽവിളിക്കും നിങ്ങളെതന്നെ കീഴ്വഴക്കി ഈ മുഴുവനായ ചൊൽവിളിയിൽ അഭ്യസിക്കണം, എന്നാൽ വിഷാദിക്കേണ്ട തുടക്കത്തിൽ വിഷമ വും മനസ്സുകേടുമായിട്ടു തോന്നിയാലും കുറെ കഴിയുമ്പോൾ നന്നായി എന്നും ഇതത്രേവേണ്ടിയതെന്നും തോന്നുന്നതുമല്ലാതെ വളരെ ഹൃദയസമാധാനം രസിക്കുകയും ചെയ്യും. അപ്രകാരം കീഴ് തലവന്മാർക്കും ഒടുക്കം തമ്മിൽ തമ്മിലും. ഈ മൂന്നു പദവി യിലും ഒരുപോലെ ചൊൽവിളി കാക്കുന്നവർ ആരോ അവൻ മോക്ഷസമാധാനം ഈ ചെറിയ മോക്ഷമായ കൊവേന്തയിൽവെ ച്ചുതന്നെ രസിക്കും നിശ്ചയം.

2. പ്രിയമുള്ള കൂടെപിറപ്പുകളായ പെ. ബ. ഓരോരോ കൊവേന്ത കളുടെ വികാരി അച്ചന്മാരു പട്ടാംഗ ആയിട്ടുള്ള ഉപവിയും കെട്ടുപാടും എത്ര കൊവേന്തകളുണ്ടായാലും ഒരു വീട്, ഒരമ്മയുടെ ഉദരത്തിൽനിന്നു പിറന്നു ആ തള്ളയുടെ പാൽ കുടിച്ചു വളർന്നവർ എന്നതിൻവണ്ണമുള്ള പട്ടാംഗയുള്ള സ്നേഹത്തിനു ഒരിക്കലും ഭേദം വരുത്താതെ മേൽക്കുമേൽ വർദ്ധിച്ചു വരികയും വേണം. ഇത് എത്രയും വലിയ ഒരു ഗുണദോഷമെന്നു ഓർത്തുകൊള്ളണം. ഈ സ്നേഹം എപ്പോഴും കുറഞ്ഞുപോകാതിരിക്കാനായിട്ടു ഓരോരോ കൊവേന്തയുടെ ആവശ്യങ്ങൾ അന്വേഷിച്ചു നടത്തുന്ന തിലേക്കായിലും താല്പര്യമായിട്ടു മറ്റു കൊവേന്തയുടെ വികാരി മാരു അപേക്ഷിക്കുന്ന കാര്യങ്ങളെ നടത്തികൊടുക്കുവാൻ ശ്രമി

ക്കുകയും. കണക്കുകൾ തമ്മിൽ തമ്മിലുള്ള ആലോചനയിൽ കൂടുമ്പോൾ അതുവരെയുള്ളതു തീർക്കുവാൻ ജാഗ്രതവെയ്ക്കുന്ന തല്ലാതെയും ഈ ഉപവി ആറിപോകായ്‌വാൻ ആണ്ടിനകത്തു പലപ്പോഴും തക്ക ആവശ്യമില്ലെങ്കിലും വിഗാരിമാർ തമ്മിൽ എഴുത്തുകളെ അയച്ചു അതാതു കൊവേന്തകളുടെ കൂടപിറപ്പുകളുടെ സൗഖ്യവർത്തമാനങ്ങളെ അറിയുകയും അറിവിക്കുകയും ആവശ്യങ്ങൾ ഉണ്ടായിരുന്നാൽ നടത്തുകയും വേണം.

3. കൂടപ്പിറപ്പുകളായ ക്രിസ്ത്യാനികളുടെ ആത്മരക്ഷക്കായി സർവ്വേശ്വരൻ ഈ സഭയെ സ്ഥാപിക്കാൻ തിരുമനസ്സായിരിക്കയാൽ ആൾ ചുരുക്കത്താൽ അവർക്കുണ്ടാകേണ്ടുന്ന ഈ സഹായം നിറവേറ്റുന്നില്ല. എന്നതുകൊണ്ടു ഈ അപേക്ഷ നിങ്ങൾ നമ്മുടെ പെ. ബ. പിതാവായ മെത്രാപ്പോലീത്താ അച്ചനോടു അപേക്ഷിച്ചു നിറവേറ്റണം. ഇതായതു ഒരു നൊവിസ്യാത്തും ഒരു മൂപ്പച്ചനും കൂടെ കല്പിച്ചുതരണമെന്നും ഇതു എന്റെ അഗ്രഹം. ഒന്നാം ഗൊവേന്തയായ മാന്നാനത്തു നൊവിസ്യാത്തായിട്ടും എല്ലാറ്റിലും പെ. ബ. ജരാർദു മുപ്പച്ചനും, ഇങ്ങനെയായിരുന്നാൽ അഭിപ്രായഭേദം കൂടാതെയും ഏറ്റം സുഖമായിട്ടും അവർക്കും. ഇതായത് കുറെനാൾ ലേപ്പോൾദ് മൂപ്പച്ചൻ കൂനമ്മാവുങ്കലും, ചിലപ്പോൾ സുഖംപോലെ മാന്നാനത്തും, അങ്ങോട്ടും മിങ്ങോട്ടും മാറി പാർപ്പാനും അന്വേഷിപ്പാനും ഇടവരികയും, അപ്പോൾ കൂനമ്മാവു മുതൽ വടക്കോട്ടുള്ള ഗൊവേന്തകളിൽ ഒരാളും തെക്കോട്ടുള്ളതു ഒരാളും തെക്കു ഗൊവേന്തകളുടെ നൊവിസ്യാത്തു മാന്നാനത്തും വടക്കു ഗൊവേന്തകളുടെ നൊവിസ്യാത്തു കൂനമ്മാവും ദൈവം തിരുമനസ്സാകുന്നെങ്കിൽ രണ്ടു ഏറ്റിയെ ഒരു പ്രവിൻസ്യാ ആകുവാൻ ഇടവരും. എന്നാൽ തെക്കോട്ടു ഇനിയും ഗൊവേന്തകളുണ്ടാകുവാൻ ആവശ്യവും ഏറ്റം എളുപ്പവുമായതിനാൽ മാന്നാനത്തിൽനിന്ന തെക്കോട്ടും കിഴക്കും പടിഞ്ഞാറുമായി ഈ രണ്ടു ഗൊവേന്തകളും ചില മഠങ്ങളും എദുകന്താത്തുകളും ആവശ്യമാകയാൽ ആയതു നിറവേറ്റുവാൻ ഇവരിൽ ഒരാൾ മാന്നാനത്തു നൊവിസ്യത്താക്കിയാൽ എത്രയും ക്ഷണത്തിൽ ഈ കൊവേന്തകളും മഠങ്ങളും നടക്കുകയും ചെയ്യും. ഇത് തത്തംപള്ളിൽ ഒന്ന് മാവേലിക്കര ഒന്ന്. അതിനു തെക്കായി കിഴക്കും പടിഞ്ഞാറും ഓരോന്നു ഉണ്ടായാൽ ഈ രണ്ട് വരാപ്പുഴ, കൊല്ലം, എന്ന വികാരി

അപ്പസ്തോലിക്കയിലുള്ള വിശ്വാസികളുടെ ആത്മനടപ്പിനു എത്രയും നല്ലതും ആവശ്യവും മുത്തോലിയെന്ന സ്ഥലത്തും മാന്നാനത്തും രണ്ടു മഠങ്ങളും എദുകന്താത്തുകളും ഇതും ആവശ്യം തന്നെ. ഇതിനൊക്കെക്കും നിങ്ങളുടെ അല്പമായ ബുദ്ധിമുട്ടും ഉത്സാഹവും മതിയായിരിക്കുകയും ചെയ്യും. എന്നാൽ ഒന്നു ഓർത്തുകൊള്ളുവിൻ നമ്മുടെ കാരണവന്മാർ നെസ്തോറിസിന്റെ ഇടത്തുട്ടിൽ ആകാതിരിക്കാൻ മെനേസിസ മെത്രാപ്പോലീത്താ അച്ചനും പോർത്തുഗീസു രാജധാനിയിൽനിന്നും ആകമാനമായി എശുവിത്തക്കാരരും നമ്മെപ്രതി ചെയ്ത ഉപകാരം നാം ഓർപ്പാൻ കടം. എങ്കിലും അവരു പെരുത്തു ഉപവിയ്ക്കടുത്ത ഒന്നിപ്പു ചെയ്തില്ല. ഇതു അവരുടെയോ നമ്മുടെയോ മനസ്സുകേടു അറിഞ്ഞില്ല. എന്നാൽ ഇനി അങ്ങനെയല്ല. ഇതായത് എശുവീത്തരു അവരുടെ സഭയിൽ നമ്മെ ചേർക്കുകയും എവുറോപ്യ പേച്ചായ ലത്തീൻ മുതലായവ പഠിപ്പിക്കുകയും ചെയ്തിരുന്നെങ്കിൽ ബാബിലോണിയാക്കാരോടുള്ള കെട്ടുപാടു നീക്കി ശുദ്ധമാന പള്ളിയോടുള്ള ഒന്നുപ്പിൽ ചേർമ്മയുണ്ടായേനെ. ഇതില്ലായ്ക കാരണത്താൽ "ആഹൈൻദ്മാൻഹദ്ഗനൻ" എന്നു പറഞ്ഞു കൊണ്ടു വരുന്നതിനെ കേട്ട് എത്രയും എളുപ്പത്തിൽ അങ്ങോട്ടു വീഴുകയും അല്പമായ അവകാശമുണ്ടാകുമ്പോൾ ബാബേലിനോടുകയും ഒരാൾ ഉണ്ടാകുമ്പോൾ കൂട്ടോടെ മറിയുകയും ചെയ്തുവന്നത്. എന്നാൽ പെ.ബ. ബർണ്ണർദീനോസ് മെത്രാപ്പോലീത്തച്ചൻ, പീലിപ്പോസ്, മർസ്‌ലിനോസ്, ലെയോപ്പോൾദ് എന്നീ നാല് ആളുകളും വഴിയായി ഈ ശുദ്ധമാക്കപ്പെട്ട സഭയിൽ നമ്മെ ചേർക്കുകയും പൈതങ്ങളെ ഈ പഠിത്തങ്ങൾ പഠിപ്പിക്കുകയും അഭ്യസിപ്പിക്കുകയും ചെയ്തതിനാൽ ഇനി ദൈവസഹായത്താൽ മുൻപോലെ മറിയാൻ ഇടവരികയില്ലാത്തതു ഈ ഒടുക്കത്തെ റോക്കോസിനാൽ കണ്ട ബോധിച്ചുവല്ലോ. ഇതുകൊണ്ട് ഈ നാലുപേരെയും പ്രത്യേകം നമ്മുടെ ജപങ്ങൾ നന്ദിയാൽ ഓർപ്പാൻ കടമയായിരിക്കുന്നതല്ലാതെയും, ഇത്താലിയാ, ആക്കുയിൽ എന്ന ഇടത്തിലുള്ള പേത്രുബെക്കാതെ എന്ന തറവാട്ടിനെ പ്രത്യേകം നിങ്ങൾ ദൈവത്തിൻപക്കൽ ഓർമ്മിച്ചുകൊള്ളണം. അതെന്റെ പ്രത്യേകം നമ്മോടുകൂടെ ഒന്നു എന്നപോലെ ഈശോമ്ശിഹായിൽ നമ്മോടുകൂടെ ചേർന്നും ചേർപ്പിച്ചും എന്നുതന്നെയല്ല ഈ

ദിക്കിലും നസ്രാണി 700, 500, 300, 61 ഇതല്ലാം ഇപ്പോഴും മിശിഹായിൽ ഒന്ന് എന്നപോലെ ചേർക്കാൻ തക്ക വിവേകവും കാണിച്ചതുമല്ലാതെ ഇനിയും നിങ്ങളുടെ കണ്ണുകൾ കാൺമാനിരിക്കുന്ന ഗുണങ്ങളും പലതായിരിക്കും. എന്നാൽ ഒക്കെയിലും മേലെഴുതിയ പെ. ബ. വികാരി അപ്പസ്തോലിക്ക അച്ചൻ അത്രെ എന്നോർത്തു എന്നും അനന്തര സുഖത്തിനുള്ള വേലക്കാരായി നിങ്ങളെതന്നെ കയ്യാളിപ്പിൻ.

4. മഠം, എദുകന്താത്ത്, ഇതിൽ പ്രത്യേകം നിയമിക്കപ്പെട്ടവരല്ലാതെ യാതൊന്നിനും ഉൾപ്പെടാതിരിക്കുവാൻ സൂക്ഷിക്കണം. എനിക്കു പെരുമാറാൻ പെ. ബ. ജരാർദ് മൂപ്പച്ചൻ തന്ന റെലിക്കാ നിങ്ങൾക്കു മനസ്സുണ്ടെങ്കിൽ കൈനകരിയിൽ തുടങ്ങിയിരിക്കുന്ന നൽമരണ സഭയുടെ ഉപവിശാലയ്ക്കായി കൊടുത്താൽ വലിയ കാവലും രക്ഷയുമായിരിക്കുമെന്നു തോന്നുന്നു.

5. മാന്നാനത്തു കൊവേന്തക്കാരു മുട്ടുചിറ ഇടവകയിൽ മാഞ്ഞൂര് കളപ്പുരയ്ക്കൽ മാത്തൻ എന്ന ആളിന്റെ തറവാട്ടിനു കഴിയുന്ന ഉപകാരം ചെയ്യണം. ഇതിനാൽ കർത്താവിന്റെ ശിഷ്യർക്കു അടുത്ത ഒന്നാമത്തെ മാതൃകയാകും. രണ്ടാമതു തൈയ്യിൽ പെരുമാലിൽ ഈ രണ്ടു വീട്ടുകാര് ഇതിനു ഇരിപ്പടം തന്നവരാകയാൽ ഇവരെയും കർത്താവിങ്കൽ എന്നും അരൂപിക്കടുത്ത ഉപവിയാൽതന്നെ കടപ്പെട്ടിരിക്കുന്നു. അപ്രകാരം തന്നെ കർമ്മലക്കാര് പാറായിയേയും എൽത്തുരുത്തുകാരു തരകനെയും കല്ലൂർക്കാരനെയും അമ്പഴക്കാട്ടുകാരു അമ്മക്കായി തന്ന ഇട്ടുപ്പിന്റെയും ഓർമ്മക്കാരാകണം.

ഒടുക്കമായി എ. പെ. ബ. വികാരി അപ്പസ്തോലിക്കാ അച്ചനോടും പെ. ബ. ദെലഗാദച്ചനോടും പെ. ബ. മിഷനാരി അപ്പസ്തോലിക്കാ അച്ചന്മാരോടും എല്ലാ കൊവേന്തക്കാരോടും ഞാൻ പൊറുതി അപേക്ഷിക്കുന്നു. എന്റെ കടത്തിനു തക്കവണ്ണം ഓരോരുത്തരോടും ചെയ്യേണ്ടുന്ന ശുശ്രൂഷകളിലും ശേഷം സകലത്തിലും ഞാൻ കടപ്പെട്ടിരിക്കുന്ന കുറവുകൾ എന്നോടു പൊറുക്കണമെന്നു ദൈവതിരുമുമ്പിൽ ഞാൻ പൊറുതി അപേക്ഷിക്കുന്നു. വീണ്ടും ബ. കൂടെപ്പിറപ്പുകളായ കൊവേന്തക്കാരോടു ഞാൻ അപേക്ഷിക്കുന്നു. ഇവിടെ ഈ സഭയിൽ ഒന്നാമത്തവനായി ഞാൻ പറഞ്ഞൊപ്പുചെയ്തു. ഒന്നാം പ്രിയോരും

ഞാൻ ആയി. എന്നാൽ നമ്മുടെ ബ. റേഗുളാന്യായപ്രമാണം, ഇതിനെ കാർപ്പാനും കാർപ്പിപ്പാനുമുള്ള എന്റെ മേൽ ഞാൻ ഏറ്റിയ കടം മുഴുവനായിട്ടു ഞാൻ തികച്ചില്ല. നല്ല കണ്ടുപഠിത്വം ഞാൻ തന്നില്ല. എന്നതിനാൽ നിങ്ങൾക്കു ഞാൻ കാട്ടീട്ടുള്ള ഉതപ്പുകൾ പൊറുക്കണ മെന്നും ഇതിൽ മാതൃക നോക്കാതെ നിങ്ങൾ എന്റെ കുറച്ചിലിനെ തീർത്തു ഇതിൽ പ്രത്യേകം എരിവുകാരാകണമെന്നു അപേ ക്ഷിക്കുന്നു."

## ഏഴ്

# കന്യാസ്ത്രീകൾക്കുള്ള കത്തുകൾ

കൂനമ്മാവു മഠത്തിലെ ശ്രേഷ്ഠത്തിയമ്മക്ക് / സഹോദരികൾക്ക് പൊതുവായി എഴുതിയിട്ടുള്ള പതിനൊന്ന് കത്തുകളാണ് നമുക്കു ല ഭിച്ചിട്ടുള്ളത്.

കൂനമ്മാവിൽ തെക്കുവടക്കു കിടക്കുന്ന റോഡിന്റെ കിഴക്കുവശ ത്തു കൊവേന്തയും പടിഞ്ഞാറുവശത്ത് മഠവും. രണ്ടും തമ്മിൽ മീറ്ററു കളുടെ അകലം മാത്രമെ ഉള്ളു. അതിനാൽ ഈ എഴുത്തുകൾ പ ലതും ആൾവശം ഓരോ അവസരത്തിൽ കൊടുത്തയച്ചിട്ടുള്ള കുറി പ്പുകൾ ആണെന്നു വിചാരിക്കാം. അതിനാലായിരിക്കാം പല എഴു ത്തുകളിലും സ്ഥലവും, ചിലതിൽ തീയതിയും മറ്റു ചിലതിൽ ഒപ്പുത ന്നെയും കാണാത്തത്.

ചില എഴുത്തുകൾ ആദ്ധ്യാത്മികജീവിതത്തെ സംബന്ധിക്കുന്ന ഉ പദേശങ്ങളാണെങ്കിൽ, മറ്റു ചിലത് സന്യാസക്രമങ്ങളെ സംബന്ധി ക്കുന്നതും, മറ്റു ചിലത് മഠത്തിൽ നടത്തുന്ന കൃഷികളെക്കുറിച്ച് പരാ മർശിക്കുന്നതുമാണ്.

ഈ എഴുത്തുകളുടെ മൂലം കൂനമ്മാവു മഠത്തിൽ സൂക്ഷിക്കുന്നു. അവയുടെ ശരിപ്പകർപ്പ് മാന്നാനത്ത് സൂക്ഷിക്കുന്നുണ്ട്.

VII/1

# കന്യാസ്ത്രീകൾക്കെഴുതിയ കത്ത് – 1

മ്ശി. സ്തു. ര. മ. യ.

1869 മേയ് 29.

അ.ക. മൂ. ശു. പ്രിയൊര.

ശു. അമ്മത്രെസ്യായുടെ മക്കളായ സഹോദരികളുടെ ശ്രേഷ്ഠത്തി അമ്മയ്ക്കും ശെഷം സഹോദരികൾക്കും കർത്താവിൽ സ്വത്വം.

എന്നാൽ ശ്രേഷ്ഠത്തി അമ്മയുടെ വചനപ്രകാരം ആതി ചുവടി.

2) സ: ക്ലാരയുടെ അപെക്ഷപ്രകാരം വ്യാകുലപ്രസംഗവും വീണ്ടും ശ്രേഷ്ഠത്തി അമ്മ പറഞ്ഞതിനെക്കൊണ്ട വണക്കമാസപുസ്തകം അന്വെഷിച്ചാറെ എത്തുപെടായ്കയാൽ യാതൊരു ക്രമവും നിങ്ങൾക്കില്ലാഞ്ഞതിനാൽ ആഗ്രഹിക്കുംവണ്ണം മാതാവിനെ സ്നേഹിപ്പാനും ശുശ്രൂഷ ചെയ്വാനും പാടില്ല എന്നുള്ള മനഃക്ലെശം നിങ്ങൾക്കുണ്ടാകായവനായിട്ടു തുടക്കമായിട്ട ഞാൻ പെരുമാറി വന്നു. എന്ത പീയുഷം പുസ്തകംതന്നെ കൊടുത്തയയ്ക്കുന്നു. ആയതിന്റെ ഒടുക്കത്തിൽ ഈ വണക്കമാസവും ഉണ്ട. ഇത എടവം 31-നു കഴിഞ്ഞാൽ മിഥുനം 1-ന് യിനിക്കു കൊടുത്തയയ്ക്കണം. (അതിനകത്ത ഞാൻ മരിച്ചു എംകിൽ കൊടുത്തയയ്ക്കുകയും വെണ്ടാ. നിങ്ങൾക്കിരിക്കട്ടെ).

ഉയിർപ്പിന്റെ ശനിയാഴ്ചമുതൽ ത്രിത്വത്തിൻ ഞായറാഴ്ചയായ അൻപതാം പെരുന്നാൾ കഴിഞ്ഞുവരുന്ന ഞായറാഴ്ചവരെ നിന്ന ത്രികാലജപം മൂന്നുനേരവും നിങ്ങൾ ചൊല്ലിവരുന്നു എന്നു നിരൂപിച്ചിരിക്കുന്നു. എംകിലും പടിക്കാത്തവർക്കു പടിപ്പാനും ചൊല്ലുവാനുമായിട്ട അവിടെ അടയാളവും വച്ചിട്ടുണ്ട. ഇനി തമുൾ പഠിപ്പാനൊ വായിപ്പാനൊ എന്തു പുസ്തകം വേണമെന്നാൽ തിരിച്ച എഴുതികൊടുത്തയച്ചാൽ ആയ്തും കൊടുത്തയയ്ക്കാം. കന്യാസ്ത്രീകളെ മുഴുവൻ ധ്യാനം കഴിപ്പാനായിട്ട 1864 കാലം റൊമ്മയിൽ ആയിരുന്നു. പൊടിവ്...... ഈ പുസ്തകവും നിങ്ങൾക്കുള്ളതായി അവിടെ സൂക്ഷിപ്പാനായിട്ടു മൂപ്പച്ചൻ തന്നിരിക്കുന്നു. കുറെ പുകയിലപ്പൊടി ഒരു ബൊത്തലിലുള്ളതും കൊടുത്തയയ്ക്കുന്നു. ശെഷം പിന്നാലെ. തംപുരാൻ നിങ്ങളെ കാർക്കട്ടെ.

വർത്തമാനങ്ങൾ ഒക്കെയും എഴുതുവാൻ സഹോദരി അന്നായെ ഉണർത്താനായിപ്പൊൾ മടികൊണ്ടു മുടക്കാതെ സാരമില്ലന്നു തൊന്നുന്നതും എഴുതിയിരുന്നാൾ രണ്ടുകാലം കഴിയുമ്പോൾ നിങ്ങൾക്കു തന്നെ എത്രയൊ സന്തോഷം തോന്നും. അയതുകൊണ്ടേ ഈ മുത്തിയെ നിങ്ങൾക്കു കൊണ്ടുവന്നതത്രെ ഞങ്ങളുടെ യാത്രയുടെ മുഴുവൻ അനുഷ്ഠിത്തിന്റെ ഫലമായ സന്തോഷം.

ഇത 1867 മേടം 29- നു

Sd/-

# VII/2

## കൂനമ്മാവു മഠത്തിലെ കന്യാസ്ത്രീകൾക്കെഴുതുന്ന കത്ത് – 2

(എഴുത്തിൽ തീയതി കുറിച്ചിട്ടില്ല. ഉള്ളടക്കത്തിൽ നിന്നും മനസ്സിലാക്കാം ഇത് കൂനമ്മാവു ഗൊവേന്തയിലെ നാല്പതുമണി ആരാധനയുടെ ദിവസങ്ങളിലാണ് എഴുതുന്നതെന്ന്. 1869 എന്നു വിചാരിക്കുന്നു).

മ്ശി. സ.

ര. മ. യ.

ആ! പ്രിയമുള്ള കുഞ്ഞുങ്ങളുടെ എഴുത്തുകിട്ടി. എന്നാൽ നിങ്ങളുടെ അഭിപ്രായംപോലെതന്നെ പെ.ബ. പ്രൊ വിഗാരി അപ്പസ്തോലിക്കാച്ചന്റെയും മൂപ്പച്ചന്റെയും എല്ലാവരുടെയും ഒന്നുതന്നെ ഇതായത ആ മഠത്തിൽ മൂലമിൻ നിന്നുകൊണ്ടേ ഈ നിങ്ങളുടെ ശു. മണവാളൻ ഈശോമ്ശിഹായ്ക്കു ചെയ്യുന്ന ആരാധനതന്നെ തനിക്കു എത്രയും പ്രിയമുള്ളത. എന്റെ കണ്ണാൽ കണ്ട വണ്ണം നമ്മുടെ മഹാരാജാവിന്റെ കാവൃത്തിയായ മണവാട്ടിയെ കരെറ്റിയ പല്ലക്കിന്നുകൂടെയും തടിച്ച ശകടലാസിന്റെ മൂടലാൽ മൂടപ്പെട്ടതായി മറ്റുള്ള കാഴ്ച ഒക്കെയിൽ നിന്നും അകറ്റുന്നു. എംകിൽ നിങ്ങളുടെ ശു. മണവാളനു എത്രനെ ഏറ്റമായിരിക്കും. ഇതിനാലും മറ്റും ശുദ്ധ പള്ളി നിങ്ങൾക്കെ എവിടെ ചെയ്യണ്ടുന്നയാരാധനയും ആയാലും നിങ്ങളുടെ മഠത്തിൽ ചെയ്താൾ മതി. ഫലം കിട്ടുവാൻ ഓ! ഇത വല്യ ന്യായംതന്നെ. ഞാൻ ശു. ലിഗൊറി

പുണ്യവാളൻ എഴുതും മൊതക്കാസാംത എന്ന കന്യാസ്ത്രീകളുടെ പുസ്തകം അല്പം വായിച്ചപ്പോൾ നിങ്ങളുടെ മഹാ ഭാഗ്യത്തിന്മേൽ കുറെ വെതശൂന്യം തൊന്നി. നെരുതന്നെ. പട്ടാങ്ങതന്നെ. ഒ! എന്റെ തമ്പുരാന്റെയും കർത്താവിന്റെയും മണവാട്ടികളായ മഹാരാജസ്ത്രീ കളെ! നിങ്ങൾ കരെറിയിരിക്കുന്ന അന്തസ്ത എത്രയും ഉയരപ്പെട്ടതും സ്തുതിക്കപ്പെട്ടതും തന്നെ. എത്രയൊ ലൊക എംപ്രദൊരത്തികൾ നിങ്ങളുടെമെൽ പൌശൂന്യമാകുന്നു. എന്ന ഒടുക്കത്തെ ദിവസം കാണു കയും ആം. എന്നാൽ പക്ഷെ ദൈവം അനുവദിക്കുന്നുംകിൽ കുർബാന കഴിഞ്ഞുവന്ന ഞാൻ വന്ന കുരിശുവരയ്ക്കാം.

എന്നാൾ യിനി എന്റെ നടപ്പ മുട്ടിയ പക്ഷത്തിൽ ആയിരിക്കുന്നു. ആയതിനാൽ ഈ പിതാവിൻതിക്കു മനസായപെക്ഷിയിലും പ്രത്യെകം ഈ 40 മണി ആരാധനയിലും യിനിക്കുവെണ്ടിയും അപെക്ഷിപ്പിൻ. പ്രത്യെകമായി എന്റെ ആകാത്ത കണ്ടു പഠിനങ്ങളാലും ക്രമമില്ലാത്ത വചനങ്ങളാലും സൂക്ഷമില്ലാത്ത നടപ്പുകളാലും സർവ്വെശ്വരൻ എന്റെ ശുമനിലയിൽ ഏല്പിച്ചുതന്ന ശുദ്ധമുള്ള ആത്മാവുകളായ പൈത ങ്ങൾ മുതലായവർക്കും ഒരുമയും എന്റെ തംമ്പുരാന്റെ മണവാട്ടികളാ യ നിങ്ങൾ ഞാൻ വരുത്തിയിരിക്കുന്ന എന്റെ സൂക്ഷക്കെടാലുള്ള ഉ തപ്പുകളും കെടുകളും കാരണത്തിനാൾ വിധിയിൽ വരുവാനിരിക്കു ന്ന വലിയ കുറ്റപ്പാടുകൾ ഒക്കെയും എന്നൊട് അനുഗ്രഹമായി ക്ഷമി പ്പാനും യിനി ശെഷിക്കുന്നതെംകിലും തന്റെയിഷ്ടംപോലെ നിറവെ റ്റുവാനും ശരണത്തൊടു മരിപ്പാനും ആയിട്ടപേക്ഷിപ്പിൻ.

എദുക്കന്താത്തുകാര സഹായക്കാരൊടു വരുവാൻ പ്രൊ വിഗ; അ പ്പ: അച്ചൻ അനുവദിക്കുന്നു. ശെഷം തിരുമനസ്സുപൊലെ. അവിടെ നി ങ്ങൾ മലയാഴ്മയിൽ ഈ വണക്കമാസം ഉണ്ടംകിൽ തമിഴിലുള്ളതാ യിങ്ങോട്ട അയച്ചാൾ കൊള്ളാം. നാളെ മാന്നാനത്തിൽ നിന്നും ഈ വണക്കമൊസപുസ്തകം വരും. നിങ്ങൾക്കൊ എദുക്കന്താത്തു പൈത ങ്ങൾക്കൊ വെണമെങ്കിൽ വാങ്ങിക്കാം. 1-ാം തീയതി. വില തിട്ടമില്ല. ഈശൊമിശിഹാ നിങ്ങളെ ആശീർവ്വദിക്കട്ടെ. തന്റെ മണിയറയായ നിങ്ങളുടെ മുറിയിൽ തന്നൊടു കൂടെ നിങ്ങൾ തെളിവിൽ യിനിക്കു വെണ്ടിയും അപെക്ഷിപ്പിൻ.

പ്രിയോർ (ഒപ്പ്).

## VII/3

# കന്യാസ്ത്രീകൾക്കുള്ള വേറൊരു കത്ത് – 3

മ്ശി. സ. 1870 മേടം 2

ര. മ. യ.

ശ്രെഷ്ഠത്തിയമ്മെ, യിനിക്കും നിനക്കും യിപ്പോൾ ഒരുവക ദീനമാകയാൽ ശികിൽസയും ഒന്നുതന്നെ ചെയ്യുന്നതത്രെ വശമുള്ളു. ഇതായത: മുൻപിലത്തെ കടങ്ങൾ തീർപ്പാനും ശെഷം വെണ്ടിയതിന്നും പുണ്യങ്ങൾ ആവശ്യംതന്നെ. എന്നാൽ ചെയ്വാൻ വശമില്ല. യിങ്ങനെയുള്ളവർക്കുള്ള ഒരു എളുപ്പവഴി ഇതത്രെ.

1. ദൈയവം താൻ ചെയ്യുന്ന ദൊഷത്താൽതന്നെ അല്ല തമ്മെ ശിക്ഷിക്കുന്നതു. പിന്നെയൊ ആരാനും ചെയ്ത ദൊഷം ഓർത്ത സന്തോഷിച്ചാലും അതിനെ പ്രതിയും ശിക്ഷിക്കും. അപ്പഴൊ ആരാനും ചെയ്ത പുണ്യം ഓർത്ത സന്തൊഷിച്ചാൽ ഭാഗ്യവും തരും – ഇതിനാൽ പൂർവ്വം തുടങ്ങി ഏറിയ പുണ്യവാളന്മാരെ സഹദെമ്മാര തെറ്റുകാരത്തി മറിയം മഗ്ദലൈത്തായും മുതലായവരുടെ പുണ്യങ്ങളു തെറ്റങ്ങളു ഓർത്ത സന്തോഷിച്ച നമുക്കുള്ളതായി കാഴ്ചവെക്ക.
2. ദൈയവത്തോടുള്ള പറഞ്ഞൊപ്പ ചെയ്ക. ഇതായിത നമ്മുടെ ഞാടിഞരമ്പുകളുടെ എളക്കങ്ങളും കണ്ണുചിമ്മുക ശ്വാസം വിടുകായിതു മുതലായതും പക്ഷിപറവകളുടെ സ്വരങ്ങളും ഇതൊക്കെയും നമുക്കുള്ള അപേക്ഷകളായിട്ട തിരിച്ചു ഓരൊന്നിനും ശെഷം ആകമനമായിട്ടും.
3. ഇതൊക്കെയും കർത്താവിന്റെ പ്രവൃത്തിയൊടു ചെർത്ത കാഴ്ച വെക്ക. ഇതിനാലെ നമ്മുടെ കുറ്റങ്ങൾ മാഞ്ഞുപൊകുന്നു. ഏറിയ പുണ്യസമ്പത്തുകളും കിട്ടുന്നു.
4. ഇതൊക്കെയുംയിരട്ടിക്കാം.

ഉദാഹരണം:

1–ാമതു, എന്റെ എടത്തെ കാലിന്റെ ഞാടിയിളകംപൊൾ കർത്താവേ ഞാൻ നടന്ന ആകാത്ത നടപ്പുകൾ ഒക്കയും നിന്റെ ഈ കാലിന്റെ

തിരുമുറിവിൽ നിന്നൊഴുകിയ, ചൊരയാലെ നീ കഴുകണമെ. എന്നു ഞാൻ അർത്ഥം വച്ചിരിക്കുന്നു.

2-ാമതു, ഈ ഒരിളക്കത്തിനു ഈവണ്ണം ഇതവരെ പുണ്യവാളന്മാരു ചെയ്ത ഒക്കയും ഞാൻ ആഗ്രഹിക്കുന്നു.

3-ാമതു, ഈ ഇളക്കം കർത്താവിന്റെ തൃക്കാലിളകിയതുപോലെ എന്നുള്ള അർത്ഥവും വെച്ചിരിക്കുന്നു.

4-ാമതു, യിരട്ടിക്ക. ഇതായത ഒന്നാമത്തെ എളക്കത്തിനുയിവരെല്ലാവരും ചെയ്തവണ്ണം അപെക്ഷിക്കുന്നു. 2-ാമത്തെതിന്നു. അതിനെ യിരട്ടിച്ച. 3-ാമതു അതിലിരട്ടിച്ച യിങ്ങനെ എല്ലാറ്റിന്നും എരട്ടിച്ച അർത്ഥം വെച്ചിരിക്കുന്നു. ഒർത്ത കാഴ്ചവെക്ക. പിന്നെ ദിവസംപ്രതി ഒരൊർമ്മകൊണ്ട പുത്തനാക്കിയാൽ മതി.

കർത്താവെ എന്റെമെൽ അനുഗ്രഹിക്ക എന്ന ഞാൻ ചൊല്ലുംപൊൾ മഠങ്ങൾ ഒക്കെയിലുള്ള പ്രാർത്ഥനമുറികളിൽ ചെയ്യുന്ന നമസ്കാരം ഒക്കെയുടെയും അർത്ഥം വെച്ചിരിക്കുന്നു. കർത്താവിനോടു പറഞ്ഞൊത്തുംകൊണ്ട ഈ മുഴി അതായത: മുൻ കർത്താവെ എന്റെമെൽ അനുഗ്രഹിക്ക. അപ്പൊൾ ഈ നമസ്ക്കാരങ്ങൾ ഒക്കയുടെയും കൂറ നമുക്കും കിട്ടും.

ഈ ചരിത്രപാന പിള്ളെർക്ക കൊടുക്ക.

നിങ്ങളു ചൊല്ലികെൾക്ക; കർമ്മെൽകൊവെന്തയിൽ ഒരു കൊച്ചച്ചൻ ബർണ്ണർദീനോസ് മെത്രാനച്ചനാൽ ഒടുക്കം കുർബ്ബാനപട്ടം കൊടുത്തു എന്ന ബർണർദീനൊസ അച്ചൻ: വടകരെ പള്ളിയിൽ ധ്യാനം കഴിപ്പിച്ചിരിക്കയിൽ കഴിഞ്ഞ വെള്ളിയാഴ്ച കുർബ്ബാനയും ചൊല്ലി പഠാർത്ഥയും പറഞ്ഞു ധ്യാനവായനയും മറ്റും കഴിച്ചു 12 മണിക്ക മുറിയിൽ വന്നപ്പോൾ കൂട്ടരായ നെടുംകുന്നത്ത പാലാക്കുന്നേൽ കൊച്ചുചാക്കൊച്ചനൊടു പറഞ്ഞിതിരിക്ക അതികമായ വ്യസനമാകയാൽ കൊവെന്തയ്ക്ക പൊകണം എടുപ്പിച്ചെംകിലു അവരാളയച്ചു. ഉടൻ കുമ്പസാരം മുതലായത ഒക്കെയും അയാളുടെ മൂട്ടിപ്പാൽ കഴിച്ച 3 മണിക്ക മരിച്ചു. നിങ്ങളു അപെക്ഷിപ്പിൻ ഇത്.

ശ്രെഷ്ഠത്തിയമ്മയ്ക്ക

പ്രിയൊര (ഒപ്പു)

## VII/4

# കന്യാസ്ത്രീകൾക്കുള്ള മറ്റൊരു കത്ത് – 4

1870 മേടം 13-ാം തീയതി

മ്ശി. സ.-

ര. മ. യ.

ആ ശ്രെഷ്ഠത്തിയമ്മെ! നിങ്ങളും ഞാനും നാളെ ഭഷ്ണിയായിരിപ്പാൻ ദൈയവം തിരുമനസ്സായിരിയ്ക്കുന്നു. അതായത നാളെ വാല്യ പാട്ടുകുർബ്ബാന ഒന്നല്ലാതെ ഒറ്റകുർബ്ബാന ചൊല്ലിക്കൂടാ. എന്നും ആ പാട്ടുകുർബ്ബാനയ്ക്കു കുർബ്ബാന കൈക്കൊള്ളുന്നതല്ലാതെ കാലത്തും കുർബാന കൈക്കൊള്ളുന്നതിനും ശു. പള്ളി വിലക്കിയിരിക്കുന്നു എന്നും ആയതിനാൽ പുത്തൻപള്ളി സിമനാരിയിലും കുർബ്ബാനയില്ലെന്നും മറ്റും: പെ: ബ: പ്രൊ. വി. അപ്പസ്തോലിക്കാച്ചൻ കല്പിച്ചതുമല്ലാതെ എന്റെ അപേക്ഷയിൽ ശു: പള്ളിയുടെ ചൊൽവിളിയാൽ നാളെ ശു. കുർബ്ബാന കൈക്കൊള്ളാതിരിപ്പാൻ ശു. ത്രെസ്യായുടെ മക്കൾക്ക സംകടമുണ്ടാകുമോ? എന്നു:യിതില്ലാ എന്നും ഞാൻ നിങ്ങളുടെ പെർക്ക ഉത്തരിച്ചു: അപ്പഴൊ അരൂപിയാലെ നിങ്ങളുടെ ഹൃദയത്തിൽ തന്നെ വിരുന്നു വിളിപ്പിൻ. ഉയിർത്ത പുത്തനായിതന്നെ കാണുംവരെ ദൈവമാതാവിനോടും മൂന്നു മറിയന്മാരോടുംകൂടെ തന്റെ - പാടുകൾക്കും ഉയിർപ്പിന്റെ തെളിവിന്നും പാർത്ത തന്നോടുകൂടെ ഒന്നിച്ചിരിപ്പിൻ - എന്നാൽ അന്വെഷസഹായക്കാരിൽ ഉച്ചയ്ക്കിവിടെ വന്ന കൈക്കൊൾവാൻ മനസ്സുള്ളവർക്കു ശ്രെഷ്ഠത്തിയമ്മായ്ക്കു അനുവാദം കൊടുക്കുകയും ആം.

പ്രിയോര

(ഒപ്പ്)

VII/5

# കന്യാസ്ത്രീകൾക്കുള്ള എഴുത്ത് – 5

മ്ശി.സ. ര. മ. യ. 1870 ഇടവം 23

ഇന്നലെ കാനൊന നമസ്കാരത്തിന്റെ ക്രമം ചോദിച്ചത. ഒരു പ്രകാരം നിങ്ങൾക്ക തിരിവാൻ തക്കവണ്ണം എഴുതിട്ടുണ്ടായിന്നു. ഒന്നുവരണമെന്നാഗ്രഹിച്ചു. ഇന്നലെ ഇവിടെ വന്നാറെ വല്യ തല ക്കുത്തും ക്ഷീണവും അറിയാതെ ഉറങ്ങിപൊകുന്നു. ഇതിനാൽ മടുത്ത അത്രെയിത എഴുതുന്നത. കൽപണിക്കാരൊട താല്പര്യമായി പറഞ്ഞ വെള്ളിയാഴ്ചകൂടെ വന്നയിതൊക്കെയും തീർത്ത തരണമെന്നും പ്രക്കുദദൊരിനെക്കൊണ്ട പറയിപ്പിക്ക. പത്താഴത്തിന്ന തറയും ചുറ്റും കെട്ടി അവിടെനിന്നു തൂണും വല്യപത്താഴത്തിനും ചെറിയതിന്നും താഴെ ചിതല പിടിക്കായവാൻ തക്കവണ്ണം കൽചുവടുംകെട്ടി അതു മ്മെൽ പത്താഴം 20 വെക്കണം. നിലം തിണ്ണ തല്ലണം. വല്ല നെല്ലൊ വിത്തൊ അവിടെയിട്ടു അളപ്പാനും യിടുവാനും തക്കവണ്ണം തല്ലിമെ ഴുകണം, അകത്തും പുറത്തുംഉള്ള തൈ, തെങ്ങയിതിതൊക്കയും ചുവട്ടിൽ കിളപ്പിച്ച ചിപ്പിവെരു കളഞ്ഞ തടംഎടുത്ത കരിയിലെ കട്ട യിടണം. തൈ തെങ്ങ ഒക്കെയിലും വെലമ്മാരെ കെറ്റി കുറ്റിമടലും കൊതുമ്പും കൊഞ്ഞാട്ടയും ഒക്കെയും പറിപ്പിച്ച തെങ്ങിന്റെ തല തെളിക്കണം. ഇങ്ങനെ ചുവടും തലയും തെളിയുമ്പോൾ മാത്രമെ കായുണ്ടാകു. ഇതിനാൽ തെങ്ങിനും ഉപകാരം വിറകിന്നും ലാഭം. ഈ വെലകൾ ഒക്കെയും നടത്തുവാൻ പ്രക്കൂരദൊറിനൊടു പറയണം. കൂലികൊടുപ്പാൻ പണം യില്ലല്ലൊ എന്ന അയാൾ വിചാരിക്കണ്ടാ. നാം വെല എടുപ്പിക്കാ പണം തമ്പുരാൻ തരും. ഇത നമ്മുടെ വകയല്ലാ പിന്നെയൊ ഈശോമ്ശിഹായുടെ പത്രമെനിയത്രെ. നാം വെല ചെയ്താൽ മതി.

ഇത ശ്രേഷ്ഠത്തിഅമ്മയ്ക്ക

പ്രിയൊാര (ഒപ്പ്)

അവരവരുടെ കാര്യം അവരവർ നൊക്കണം. അന്വേഷണങ്ങൾ തലവന്മാർക്കു, വെല എടുപ്പിക്ക മുതലായ പ്രക്കദൊർക്ക്; സ: സ: മുതലായി ശെഷം ഉള്ളവർ ചൊൽവി, എളി, ഉപവി ഉത്സാഹിക്ക യാതൊരുത്തരും അല്പനെരവും വെറുതെ കളയാവാൻ ഉത്സാഹിക്ക, ഇതിന്റെ വില എത്രയൊ എന്നൊർക്കണമെ –

ശ്രെഷ്ഠത്തിയമ്മയ്ക്കു.

## VII/6

# കന്യാസ്ത്രീകൾക്കുള്ള എഴുത്ത് – 6

ശ്രേഷ്ഠത്തിയമ്മയ്ക്കാണ് എഴുതുന്നത് എങ്കിലും ആരംഭത്തിൽ സംബോധന ഒന്നുമില്ല. മഠത്തിലുള്ള എല്ലാവരെയും പൊതുവായി ഉദ്ദേശിച്ചാണ് എഴുത്ത്. എഴുത്തിൽ തീയതി കാണിച്ചിട്ടില്ല.

ര. മ. യ.

ആ! എന്റെ കുഞ്ഞുങ്ങളെ ഈ ദിവസംങ്ങളിൽ ഈശൊമ്ശിഹാ യുടെ സ്നെഹം നിങ്ങൾ നല്ലവണ്ണം ധ്യാനിക്കണം. ഈ 8 ദിവസം മുടങ്ങാതെ മാറി മാറി ഒരാൾ എംകിലും ദിവസം ശു: കുർബാന കൈക്കൊണ്ട ഈ കർത്താവിന്റെ സ്നേഹത്തെ ഓർക്ക.

ആ! ഞാൻ നിരൂപിച്ച കാര്യം ഇതായതു ലത്തീൻ പഠിപ്പാൻ ഇപ്പോൾ നാലുകൊണ്ടും വശമില്ല. അത്ര ആവശ്യവും അല്ല. ഇതിനാൽ നിങ്ങളിൽ തമിൾ വായിപ്പാൻ നല്ലവണ്ണം അഭ്യസിക്ക. അതെന്ത്യ- ഇതിൽ പല ജ്ഞാനപുസ്തകങ്ങൾ ഉണ്ടായിനിയും ഉണ്ടാകും.

ആ! ഈശോമിശിഹായുടെ സ്നേഹത്തിൽ പാറപ്പിൻ. എപ്പഴും തന്റെ കൺമുമ്പിൽ ഇരിപ്പിൻ തന്റെ അരികെ നടപ്പിൻ. തന്നൊടു കൂടെ എപ്പഴും സംസാരിപ്പിൻ യാതൊരു വസ്തുവിമ്മെൽ നിങ്ങൾക്ക ഇഷ്ടമൊ ആഗ്രഹമൊ അതിക സന്തോഷമൊ തൊന്നുംപൊൾ ഈ പ്രിയംനിറഞ്ഞ കർത്താവെ നിന്റെ നെരെ തിരിഞ്ഞു പറയുന്നു. എന്നെ നീ നോക്കുക എന്നെക്കായിൽ അതികം നിന്നെ സന്തൊഷപ്പെടു ത്തുമൊ? ഇത ദുഃഖമൊ ക്ളെശമൊ? എംകിൽ നീ എന്തുകൊണ്ടു ക്ളെശിക്കുന്നു. ഞാൻ നിന്നെ സന്തൊഷിപ്പിക്കും. ഇത പൊരായൊ. ഇങ്ങനെ ഒരു ക്ഷണനേരവും നിങ്ങളുടെ സമീപനിന്നുമാറാതെ നില്ക്കുന്നു. നിന്നെ സന്തോഷിപ്പിക്കണം നീ തന്നെ സ്നെഹിക്കണം എന്നു മാത്രം തന്റെ ആഗ്രഹം – നിനക്ക എന്ത വെണം ഒക്കവും ചെയ്യാം. യിനി നിനക്കു തരുവാൻ എന്തുമില്ല നിശ്ചയം. അതായത തന്നെതന്നെ നിനക്കു തന്നു. യിനി എന്തുള്ളു. ആകാശമൊപ്പം തന്റെ സൃഷ്ടിപ്പത്രെ. തന്നെക്കായിൽ ഇത വല്യതൊ.

ആ ! ഒന്നു ഓർത്തുകൊൾക. നൻമൾ തമ്മിൽ എന്തു ബന്ധം – നിങ്ങൾ എവിടെ കിടക്കുന്നു. ഞാൻ എവിടെ കിടക്കുന്നു.! നിങ്ങളെ ഞാൻ അറിയുമൊ? എന്നെ നിങ്ങൾ അറിയുമൊ?

ഇപ്പൊൾ നിങ്ങളുടെ സംബന്ധക്കാരെക്കാൾ എന്നെയും അപ്രകാരം ഞാനും സ്നെഹിപ്പാൻ എന്ത കാരണം. ആ കർത്താവെ! നിന്നൊടു ഒന്നു ഞങ്ങൾ ആകുംവരെ ഞങ്ങളിൽ നിന്ന അകലല്ലെ-

ശ്രെഷ്ഠത്തിയമ്മയ്ക്ക.

സുപ്രിയൊരത്തി ഇതു വായിച്ച. മഠത്തിക്കാരെയും എദുക്കന്താത്ത ക്കാരെയും കെൾപ്പിക്ക.

## VII/7

# കന്യാസ്ത്രീകൾക്കുള്ള എഴുത്ത് – 7

കന്യാസ്ത്രീകൾക്കുള്ള പൊതുവായ ഒരെഴുത്താണ് ഇതും. എഴുത്തിന്റെ അവസാനഭാഗത്ത് കണക്കെഴുതുന്നവിധം അവരെ പഠിപ്പിക്കുന്നു. മഠത്തിലെ കണക്കുപുസ്തകം മുമ്പിൽ വെച്ചുകൊണ്ട് അതിലെ പിശകു അവർക്കു കാണിച്ചു കൊടുക്കുകയാണ്. പ്രസ്തുത സാഹചര്യം വിട്ട് നാം അതിപ്പോൾ വായിക്കുമ്പോൾ മുഴുവനും ഗ്രഹിക്കാൻ സാധിക്കുന്നില്ല.

എഴുത്തിൽ തീയതി കാണിച്ചിട്ടില്ല. ഒപ്പുമില്ല. എങ്കിലും എഴുത്തു ചാവറയച്ചന്റേതു എന്നു വ്യക്തം.

ആ! എന്റെ കുഞ്ഞുങ്ങളെ നിങ്ങളെ പൊലെ, ഈ ഭൂമിയിൽ രണ്ടി ന്നും സുഖമുള്ളവരാര! എത്രയെ! സമ്പത്തുകാരത്തികളം നിങ്ങളെക്കാ യിൽ വലൃവരും കണ്ണുനീരും കണിയുമായി ലോകത്തിൽ നടക്കുന്നു.

അപ്പഴൊ എപ്പഴും തന്നെ അല്ലാതെ മറ്റു സ്നേഹം നിങ്ങൾക്കുണ്ടൊ എന്നും എന്തു നിങ്ങൾക്കാവശ്യം എന്നും എപ്പഴും നിങ്ങളുടെകൂടെ അകത്തും പുറത്തും സൂക്ഷിച്ചു നടക്കുന്ന നിങ്ങളുടെ സ്നേഹ മണവാളന്റെ സ്വരം എത്രയൊ മധുരമുള്ളതെന്നൊർക്കുവിൻ.

വക 2-ൽ ചിലവുള്ള 5 പറയും നീക്കി

പത്താഴത്തിൽ കിടപ്പ് 3 പറ

പള്ളിനെൽപുരയിൽ 105 പറ.

യിങ്ങനെ തുക തിട്ടം കാണിച്ച എഴുതിവക്കണം. ചിലവ് രൂപാ 672-3/4. ഇതിൽ ഉൾപ്പെട്ടൊ ദെലഗാത്തച്ചനെ 38 രൂപ എന്നുള്ളത്. നീക്കി - 23 ഇതും ഞാൻ കൂട്ടി. ഒരു പ്രകാരവും തുക ഒക്കുന്നില്ല.

## VII/8

# കന്യാസ്ത്രീകൾക്കുള്ള എഴുത്ത് – 8

(കന്യാസ്ത്രീകൾക്കു പൊതുവായി എഴുതുന്നത്. എന്നാൽ എഴുത്തിൽ ഒപ്പും തീയതിയും ഇല്ല. ഉള്ളടക്കത്തിൽനിന്നും വ്യക്തമാണ്, എഴുത്തു ചാവറയച്ചന്റേതാണെന്ന്).

✠
ര–മ–യ

ശു. ദൈവമാതാവിന്റെ സ്തുതിപ്പിന്നായിട്ടു ഈ സമ്മാനം നിങ്ങൾക്കു ഞാൻ കൊടുത്തയയ്ക്കുന്നു. ഈ മുളക എന്റെ മുറിവാതുക്കൽ പെട്ടിയിൽ വളർത്തിയത. ഇതിന്റെ അനുഭവം തീർന്നു എന്നും നിരൂപിച്ചാറെ – ഒടുക്കമായിട്ടും ചെറിയതായിട്ടും ആരും നൊക്കാതെ നിന്ന ഒന്നിച്ചു പഴുത്തു നിങ്ങൾ വാച്ചതിനും പെരുമാറുവാനും പഴുതെ കളയാതിരിപ്പാനുമായിട്ടത്രെ കൊടുത്തയ്ക്കുന്നത:

ഈ മാങ്ങാ – പാറായി – ഇനിക്ക കൊടുത്തയച്ച രണ്ടു തരം മാങ്ങാ –യിതിൽ ചുമന്നത–രണ്ടും.

ഇന്തിയയിൽ ഒള്ളതിൽ ഒന്നാം തരം. പക്ഷെ നല്ല മൂപ്പാകായ്കയാൽ ഒന്നിന്റെ മുഖം പഴുത്തുപോയി എംകിലും നിങ്ങൾ ഇതിന്റെ രുചി അറിഞ്ഞ. കിളിപ്പിച്ചു. ഉണ്ടാക്കുവാനായിട്ട അയ്ക്കുന്നു. എന്നാൽ തെരിയതായിട്ട അല്പം തൊലി ചെത്തികളഞ്ഞിട്ടുവെണം പൂളി എല്ലാവരെയും ഇതിന്റെ രുചി അറിയിക്കണം.

എന്നാൽ ഞങ്ങളും – എദ്ദു: പൈതങ്ങളോടും ഒരു ഗുണദോഷവും –ഞാൻ പറയുന്നില്ല. എന്നതിനെ കൊണ്ടയിനിക്കു വല്ല്യക്ലേശമുണ്ട – എന്നാൽ എന്റെ ശരീരം അനുവദിക്കുന്നില്ലല്ലൊ.

എന്നാൽ ഈ ചുരുങ്ങിയ ബുദ്ധി എല്ലാവരും കെട്ട സൂക്ഷിച്ചു പഠിച്ചാൽ കൊള്ളാം. പുണ്യത്തിന്റെ മുകളിൽക്കെറുവാനും – കെറിയയിടത്തിൽനിന്നുവിഴായവാനും – സൂക്ഷിച്ച നെർ വഴിയായത – പഴുതെയുള്ള സംസാരത്തിനും മറ്റും അല്ല നെരവും കളയാതെ മുറ പോലെയുള്ള ഉല്ലാസം കഴിച്ച കിട്ടുന്ന നെരം ജ്ഞാനവായനയിൽ ചിലവഴിക്കണം. ഇതു രണ്ടുപ്രകാരം വിശെഷങ്ങളും പുതുമകളും വായിപ്പാനും അറിവാനും ചിലർക്കയിഷ്ടം–ഭംഗപ്പാടു, വ്യാകുലവും –അതിക ഭക്തിയായി ജീവിച്ച ത്രെസ്യാ – റൊസ – ഇങ്ങനെയുള്ള

വരുടെ ചരിത്രം വായ്പ്പാനും അറിവാനും ചിലർക്കിഷ്ടം. ഇതിൽ ഒന്നാമത്തെ ആളുകൾ അറിവും, തെളിവും ആഗ്രഹിക്കുന്നു. രണ്ടാമത്തെ ആളുകൾ അറിവും ഭക്തിയും ആഗ്രഹിക്കുന്നു. ഇതത്ര വെഗം പുണ്യത്തിൽ കെറുവാനും വീഴായവാനും നിശ്ചയമുള്ള ക്രമം./ ഇങ്ങനെ വായനമെൽ ഇഷ്ടമുണ്ടായാൽ ഏകാന്തത്തിൻമേൽ സന്തോഷമാകും. ഏകാന്തത്തിൽ സന്തോഷമാകുമ്പോൾ ആ ആത്മാവിനെ ഏകാന്തത്തിൽ വച്ച കാൺമാനായിട്ട ഈശൊമിശിഹാ എഴുന്നള്ള ആത്മാവിനൊടുകുടെ സംസാരിച്ചു തുടങ്ങും തുടക്കത്തിൽ ആ പെച്ചും സംസാരവും നല്ലവണ്ണം തിരിയുകയില്ല. അപ്പോൾ അത്രെ ഈ മണവാട്ടിയെ വീഞ്ഞുമുറിയിൽ കെറ്റി - കുറെ പകർന്നുകൊടുക്കും - തുടക്കം - അല്പം - ഇതിനെ - രസിക്കുമ്പോൾ മണവാളന്റെ പെച്ചു തിരിഞ്ഞു തുടങ്ങും - തിരിയുന്നു. എന്ന ഈ മണവാളൻ കാണുംപോൾ പിന്നെ നല്ലവണ്ണം തിരിച്ചു പറയും - തന്റെ സ്നെഹം എത്ര വല്യതെന്നുംകാണിക്കും - അപ്പൊൾ മണവാട്ടി അതികം സ്നെഹിച്ചും തുടങ്ങിയിവിടെ മണവാളൻ സന്തോഷിച്ച - മണവാട്ടിയ്ക്കു ചില ആഭരണങ്ങൾ കൊടുക്കും-യിങ്ങനെ തുറക്കും -പിന്നെ ഭയമില്ല.

1) വായന, 2) ഏകാന്തം, 3) ധ്യാനത്താലുള്ള നമസ്ക്കാരം, 4) ധ്യാനം ഈ നാലാം പതവിൽ ചെന്നാൽ മതി നമുക്കു അമ്മ. 7 പതിവിയിലും - അമ്മയോടുകൂടെയുള്ള ചിലര 5, 6 കെറി. നമുക്കു യിവിടെ എംകിലും ചെല്ലണം.

ആ ഇതിനെ പൈതങ്ങൾക്കു
തിരികയില്ലംങ്കിൽ അറിവിക്ക.

## VII/9

# കന്യാസ്ത്രീകൾക്കുള്ള എഴുത്ത് – 9

ര.മ.യ.

ഇതാ ഈശോമിശീഹായുടെ പെട്ടകത്തിൽ നിങ്ങളുടെ ഹൃദയങ്ങളേയും എന്നോടുകൂടെ ജനിച്ച നിങ്ങൾക്കുവേണ്ടിയും ഞാൻവച്ചുപൂട്ടിയിരിക്കുന്നു. ഉയിർപ്പുവരെ അവിടെ പാർത്തു കൊൾവിൻ.

- 5- മണി കൊട്ടിയിട്ട എദുക്കന്താത്തുകാരർ യിവിടെ വന്നാൽ ഒരു മണി. വിസത്ത ചെയ്യാവാൻ അനുവാദമുണ്ട.

പ്രിയൊർ (ഒപ്പ്)

## VII/10

# കന്യാസ്ത്രീകൾക്കുള്ള എഴുത്ത് –10

(എഴുത്തിൽ തീയതി കാണിച്ചിട്ടില്ല. പ്രിയോർ എന്ന് ഒടുവിൽ ഒപ്പുവച്ചിട്ടുണ്ട്. സംബോധന ഇല്ല. ശ്രേഷ്ഠത്തിയമ്മയ്ക്ക് ജ്ഞാനവായനയ്ക്ക് ഒരു പുസ്തകം അയച്ചുകൊടുക്കുന്നതാണ് അവസരം.)

ഓ സന്തോഷമെ ! ആ: എന്റെ കർത്താവെ നീ ഈവണ്ണം ഈ പുഴുക്കളും, ഒന്നും തിരിയാത്തവരും പശിച്ചാൽ പശിക്കുന്നു എന്നു തള്ളയോടു പറഞ്ഞറിയിപ്പാൻകൂടെയും വശമില്ലാത്ത കുഞ്ഞുങ്ങൾ ഉറങ്ങിക്കിടന്നാലും ഉണർത്തി മുലപ്പാൽ ഊട്ടുന്നു എന്നവണ്ണമുള്ള പൈതങ്ങളായ നമുക്ക് ഇതാ അറം. ഇതായതു സന്യാസഅന്തസ്ത. ഇതിന്റെ പതവികളിൽ കേറി ഈശോതമ്പുരാനൊടു ചേരുവാൻ തക്ക അഭ്യാസപുസ്തകം ഇതിനെ ഇന്നുതന്നെ ഈശോമിശിഹാ നിങ്ങൾക്കായിട്ടു ഞാൻ അന്വേഷിക്കാതെ അയച്ചിരിക്കുന്നു. ഇതിനെ ഉല്ലാസമായി എങ്കിലും എല്ലാവരേയും വിളിച്ചിരുത്തി ഇ 11 അതികാരമെങ്കിലും വായിച്ചു കേൾപ്പിക്ക.

– ശ്രേഷ്ഠത്തിയമ്മയ്ക്ക –

Sd/-

## VII/11

# കന്യാസ്ത്രീകൾക്കുള്ള എഴുത്ത് – 11

(എഴുത്തിൽ തീയതി കാണിച്ചിട്ടില്ല. എന്നാൽ അവസാനത്തിൽ ഒപ്പുവെച്ചിട്ടുണ്ട്.)

മ്ശി. സ.                    ര. മ. യ.

ആ: പ്രിയമുള്ള കുഞ്ഞുങ്ങളെ സർവ്വേശ്വരൻ നമ്മുടെ കർത്താവ എങ്ങനെ നമ്മുടെ കാര്യങ്ങളെ വിചാരിച്ചു നടത്തുന്നു. എന്നെ ഒർപ്പിൻ. അതായത തംപുരാനെ നാം സ്നേഹിക്കണം. എന്നുള്ള മനസ നമ്മുടെ ഹൃദയത്തിലുണ്ടെന്നും താൻ കാൺമാൻ എത്രയോ സന്തോഷത്തോടുകൂടെ നമുക്കു വേണ്ടിയിരിക്കുന്നതൊക്കെയും താൻ അന്ന്വഷി

യ്ക്കും എന്നു കാൺമിൻ. ഇതായത ഈ മഠം സ്ഥാപിക്കപ്പെട്ടിരിക്കയാൽ ഇതിന്റെ നടപ്പ എങ്ങനെ എന്നും വിചാരിക്കുംപോൾ നടത്തുവാൻ വേണ്ടിയതൊക്കയും അല്പബുദ്ധിമുട്ടും കൂടാതെ ദൈയവം നിറവേറ്റുന്നു. അന്വേഷിച്ചാൽ കണ്ടെത്തും എന്ന തിരുവചനംപോലെ. ആയതിൽ ഒന്നിതുതന്നെ. അതായത ഒർക്കാതെ ഒരു ചെറിയ പുസ്തകം ഒരു മുറിയിൽ കണ്ടെത്തി. എടുത്തു നോക്കിയപ്പോൾ കന്നികളിൽ അനുചാരം എന്നും കണ്ടു. ഇത് നിങ്ങൾക്കായി ദൈവം കൊടുത്തയച്ചത്രെ എന്നും ബൊധിച്ച മലയാംഭാഷയിൽ എഴുതിയിന്നലെ തീർത്തു. ഇത് ജ്ഞാനവായനയായി മുഴുവനും ഒരു വട്ടം എംകിലും എല്ലാവരും നല്ലവണ്ണം വായിച്ചറിയണം. എന്നാൽ നമ്മുടെ പൈതങ്ങൾ ഇപ്പോൾ തമുൾ പഠിച്ചു എന്നും നിരുപിക്കയാൽ വായിപ്പാനും തർക്കമുള്ള അർത്ഥം പഠിപ്പാനും രണ്ടും കൂടെ ഉണ്ടാൽ നല്ലതെന്നും തൊന്നുകയാൽ കണ്ടെഴുതിയ തമുൾ പൊസ്തകവും കൊടുത്തയയ്ക്കുന്നു. രണ്ടും സൂക്ഷിച്ചു വായിച്ചുകൊള്ളണം. ഇനിക്കവേണ്ടിയും അപേക്ഷിപ്പിൻ.

പ്രിയോർ (ഒപ്പ്)

ക.നി. മൂന്നാംസഭ സഹോദരികളുടെ ശ്രേഷ്ഠത്തിയമ്മയ്ക്ക്.

## എട്ട്

# ഇടവക വൈദികർക്കുള്ള കത്തുകൾ

ഈ ഇനത്തിൽ നാലു കത്തുകൾ മാത്രമാണ് നമുക്കു ലഭിച്ചിട്ടുള്ളത്.

പാലാ വികാരി ബ. ഇല്ലിമൂട്ടിൽ അച്ചൻ, ചങ്ങനാശ്ശേരി വികാരി ചെറിയാൻ കത്തനാർ, പാലാക്കുന്നേലച്ചൻ, കൊല്ലം വികാരിയാത്തിൽ പ്പെട്ട കെറുബിൻ അച്ചൻ എന്നിവർക്കാണ് ഈ കത്തുകൾ എഴുതിയിട്ടുള്ളത്.

## VIII/1

# പാലാ വികാരി ഇല്ലിമൂട്ടിൽ അച്ചന് എഴുതിയ കത്ത്

മാന്നാനം മുതലായ കൊവെന്തകളുടെ പ്രിയൊര എഴുത്ത. ബ. പാലാ വിഗാരി ഇല്ലിമൂട്ടിൽ അച്ചനും ശെഷംപെരുംകൂടി അറിവാൻ.

താങ്കളുടെ എഴുത്തും ആളും കണ്ടപ്പോൾ എന്റെ ഹൃദയത്തിൽ അസ്ത്രംപതിഞ്ഞതിൻവണ്ണം ആയി. എന്നാൽ തുറന്നു വായിച്ചു കണ്ടപ്പോൾ അധികമായ ആശ്വാസമുണ്ടാകയും ചെയ്തു. ഇതെന്ത്യെ!

നമ്മുടെ ആത്മശത്രുവിന്റെ ആഴപ്പെട്ട ആയുധംകൊണ്ടി നമ്മെ കീഴടക്കുവാൻ ശ്രമിക്കുംവണ്ണം തന്നെ അവന്റെ ശിശ്രൂഷികളായ കാണപ്പെട്ട ശത്രുക്കളുടെയും പെരുമാറ്റം ആകയാൽ ഈ രണ്ടുംകൂടിയുള്ള യുദ്ധം അറിഞ്ഞ ജയിപ്പാൻ ദൈവം തങ്ങൾക്ക ബൊധവും മനസും ക്ഷമയും തന്നതിനാൽ തന്നെ സ്തുതിച്ചുംകൊണ്ടു പിശകാലെ എംകിലും നൽമനസാലെ എംകിലും മ്ശിഹാ അറിയപ്പെടുന്നു എന്നതിൽ ഞാൻ തെളിയുന്നു. എന്ന ശ്ലീഹായുടെ വചനംപൊലെ ഇതിനൊടുകൂടി ഈ ശീശ്മ മുഴുവനും അവിടെ നിന്നു തീരുമെന്നും വിചാരിച്ച സന്തൊഷിക്കുന്നു.

എന്നാൽ ളാലത്തിലെ കാര്യവും പൈങ്ങളത്തിലെ കാര്യവും ഇപ്പോൾ തങ്ങൾക്ക അധിക ബുദ്ധിമുട്ടും ചുമതിലയും ഇല്ലാത്തതാകയാലും ളാലം പുത്തൻപള്ളി ചെത രണ്ടു ശീശ്മ ആകയാലും മനസ്സുള്ളവർക്ക എംകിലും കത്തൊലിക്കരായി നടപ്പാൻ ഇ ഒരു മുഷ്ക്കരകാരണമാകയാലും മെലാവിൽനിന്നും പുറപ്പെട്ട കല്പന അവിടെ ബൊധിപ്പിച്ചല്ലാതെ അഴിപ്പാൻ പാടില്ലായ്കയും ഈ മൂന്നു പെരും ഇപ്പൊൾ ഒഴിപ്പാൻ പാടില്ല. ആയതുകൊണ്ട വിമ്മിഷ്ടം വിചാരിക്കയും വെണ്ട. പക്ഷെ ആ പള്ളികളും ഏകദെശം കത്തൊലിക്ക ആയി വരട്ടെ. പിന്നിട മനസുപൊലെ ആകുകയും ആം.

ഇത 1862 എടവം 18.

കുറിയാക്കോസ് ഏലിയ പ്രിയോർ

(ഒപ്പ്).

ബ. ളാലം, പുത്തൻപള്ളി. പൈങ്ങളം

മൂന്നു പള്ളികളുടെ

വിഗാരി ഇല്ലിമൂട്ടിലച്ചന്.

## VIII/2

# ചെറിയാൻ കത്തനാർക്ക് എഴുത്ത്

ര. മ. യ.

അ. ക. ശു. പ്രി.

ബ: ചങ്ങനാശ്ശേരി വിഗാരി എന്റെ ചെറിയാൻ കത്തനാരച്ചന്നു.

ഈ ഇട. പാലാക്കുന്നേൽ മാത്തൻകത്തനാരച്ചൻ ഇവിടെ വന്നു. അയാളുടെ കപ്പെളയും മുറിയും പൌതിയിൽനിന്നും പത്രമൊനി നീക്കി ശേഷമുള്ളതൊക്കെയുംകൂടെ ഒരു കൊവെന്തക്കായി ഒഴിഞ്ഞു തരാമെന്നും മറ്റും ഇവിടെ എഴുതിവെക്കയും പെ: ബ. മെത്രാപ്പോലീത്താച്ചനെ ബൊധിപ്പിപ്പാൻ എഴുതി മൂപ്പച്ചന്റെ പക്കൽ ഏൾപ്പിച്ചു പോയി. ആ ഉടൻതന്നെ ധ്യാനത്തിനു പോയിരുന്ന ഞങ്ങളുടെ അച്ചമ്മാര ചാണ്ടിയച്ചൻ മുതൽപെരു വന്നപ്പോൾ കൊവെന്ത വെണമെംകിൽ ചങ്ങനാശ്ശെരി വികാരിയച്ചൻ പറയുന്ന സ്ഥലത്തെ അത്രെ വേണ്ടുഎന്നും, ബ: അച്ചന്റെ അനുവാദം ഉണ്ടായാൽ മതി സ്ഥലവും വകയും ഉണ്ടാക്കിക്കൊള്ളുന്നതുമല്ലാതെ കടലാസിൽ വരുച്ചു തരുന്ന ഭാഷയിൽ കൊവെന്ത പണിയിച്ചു തരാമെന്നും മറ്റും താൻ താല്പര്യമായിപേക്ഷിച്ചിരിക്കുന്നു എന്നും അനുവാദം ഉണ്ടംകിൽ ഇപ്പോൾ തന്നെ സ്ഥലം പതിപ്പിക്കട്ടെ എന്നും താൻ ചോദിച്ചിരിക്കുന്നു. എന്നും പറഞ്ഞതിനാൽ പെ: ബ: മെത്രാപൊലീത്താച്ചൻ ഇവിടെ വന്നപ്പോൾ ഈ വിവരഎല്ലാം മൂപ്പച്ചനും ബൊധിപ്പിച്ചാറെ കല്പിച്ചതായ്തു.

എല്ലാംകൊണ്ടും ചങ്ങനാശ്ശെരിൽ ഒരു കൊവെന്ത വെണ്ടിയ്തു എന്നും, ആയ്തിനു ഇപ്പോൾതന്നെ സ്ഥലം പതിപ്പിക്കുന്നതിന്ന എഴുതി കൊടുത്തയക്കണമെന്നും കല്പിക്കയാൽ അറിവിക്കുന്നു.

1-ാമതു സ്ഥലം പതിപ്പിക്കുന്നതുപേര മാന്നാനം മുതലായ കൊവെന്തകളുടെ പ്രിയൊരിന്റെ പെരിൽ പതിപ്പിക്കണം.

2-ാമതു ചന്തയിൽ ഉണ്ടാകുന്ന ആരവം കേൽക്കായ്പാൻ തക്കവണ്ണം ചന്തയിൽനിന്നും അകന്നിരിക്കണം.

3-ാമതു വെള്ളം നന്നായിരിക്കണം. പുഴ ഇതായിത വള്ളം അടുക്കുന്നതിനു സമീപമായിരിക്കണം.

4-ാമതു മൈധാനവും ഉഷ്ണക്കറച്ചിലിന് സമീപത്ത് വലിയ വൃക്ഷങ്ങളും പണികൾക്കുള്ള സ്ഥലം കൂടാതെ സൊപ്പുകൾക്കും നടപ്പാനും ചുറ്റുമായിട്ടുള്ള സ്ഥലങ്ങളും കഴിയുന്നിടത്തൊളം ചേർത്തുകൊള്ളണം.

ഇതൊക്കയും ജാഗ്രതയായ് വിചാരിച്ചു നടത്തിയും മറുപടി അയക്കുമല്ലൊ.

ഇത് 1868 മേടം 7-ാം തീയതി

(ഒപ്പ്.)

## VIII/3

# പാലാക്കുന്നേൽ അച്ചനുള്ള എഴുത്ത്

മ്ശി. സ. ✠ 1870 ക. 11

ഇ.മ.യ.

അ.ക.മു. പ്രിയൊര.

ബ. എന്റെ പ്രിയമുള്ള പാലാക്കുന്നേലച്ചൻ കൊടുത്തയച്ച എഴുത്തിന്റെ സംഗതിയെ ബ. പ്രൊവിഗാരി അപ്പസ്തോലിക്കാച്ചനെ ബൊധിപ്പിച്ചാറെ നമ്മുടെ പെ.ബ. മെത്രാപ്പോലീത്താച്ചൻ ഈ സഗതിക്കായി റൊമ്മയിൽ ബൊധിപ്പിച്ച ചൊദിച്ചാറെ അവിടെനിന്നും വന്ന ഉത്തരം തന്നെ എന്റെ പക്കൽ തന്നു. ആയതിനാൽ നമ്മുടെ ചൊദ്യങ്ങളിൽ മിക്കതിനു ഉത്തരിച്ചിരിക്കുന്നു. ഇതിൽ എല്ലായിലും പ്രയാസമുള്ള കാര്യം രണ്ടാകുന്നു. ഇതിലും ഒന്നാമത്തേത് [illegible] ഇതനുവദിപ്പാൻ അസാദ്യം തന്നെ. അതെന്ത്യ അർമ്മെന്ത്യാമാറൊനത്താ: ഈരണ്ടു തുക്കാസാകളിലും ഇപ്പൊൾ വത്തീറാ. ഇനി ഞാൻ ഈ മലയാളംപള്ളിയിൽ പുത്തനായി കത്തൊലിക്കാക്കാർക്ക അനുവദിക്കുന്നത 2-ാമത്: [illegible] ഈ ചില പറഞ്ഞൊപ്പുകളൊടുകൂടെ നടന്നുപൊയവർക്കു അനുവാദമുണ്ടാകാം, വരുവർക്കായി അനുവക്കുന്നതല്ല. പിന്നെ കാപ്പാ തക്കസാ ഇതപരുക്ഷിച്ച അനുവദിക്കാം. തനിച്ചുള്ള പൊധ്യമായ പള്ളി ഉണ്ടാക്കുവാനുള്ള ചിലവ. ഇതു നടക്കും. ഇനി ഈ കാര്യം ഒന്നുകൂടിതിരക്കി. അപെക്ഷക്കാരൻ ആര, എന്തുകൊണ്ടു മനസുണ്ടായി. ഇനിയ്ക്ക് ഈ

വണ്ണമുള്ളവരുണ്ടാകുമൊ? എന്നുള്ള അന്വെഷണങ്ങൾ ഒക്കെയും വെഗത്തിൽ തിരക്കി ഇങ്ങൊട്ടു ഒന്നു വരിക എംകിലും വിവരമായി എഴുത്തയയ്ക്ക എംകിലും വെഗത്തിൽചെയ്താൽ പലവും ഉപകാരവും ഉണ്ട. നമ്മുടെ മെത്രാപ്പൊലിത്താച്ചൻ വൃശ്ചികത്തിൽ വരും. അതിനികത്തു ഒന്നുകൂടെ അങ്ങൊട്ടറിവിപ്പാൻ തക്ക നിമുഴത്തിൽ ഈ അന്വേഷണങ്ങൾ നടത്തി അറിവിച്ചാൽ കൊള്ളാം.

ശെഷം ദൈവസഹായംപോലെ. മൂപ്പച്ചൻ തുലാമാസത്തിൽവരും.

Sd/-

## VIII/4

# കെറുബിൻ മൂപ്പച്ചനുള്ള കത്ത്

ശ്രീ

മഹാകനം പൊരുന്തിയ ഗ്യാർദ്ദിയാ
കൊവിൽ വിചാരണിയിൻ
വികാരി ക്കെറുബിൻ അവർകൾക്ക.

ബഹുമാനപ്പെട്ട ഗ്യാർദ്ദിയാക്കൊവിലിൽ വിചാരണൈ വിഗാരി ആയ മികവും കനവും പൊരുന്തിയ ക്കെറുബിൻ അച്ചൻ അവർകൾക്ക.

ദിസ്ക്കാൾ മൂന്നാം കർമ്മലീത്താസഭയിൽ പ്രിയൊ. സ. ക്കു. ഏലിയാ. ദ.ശു.ക. എന്നയാൾ എഴുതുന്നത.

മുൻ എഴുതിയിരുന്നകാര്യങ്ങൾ ഞാൻ നിറവെറ്റികൊൾക്കയും ആം. എന്നാൽ ഒരു ദിവസത്തിൽ യിന്നതു ചെയ്യണം എന്നുള്ള സംഗതിയ്ക്ക രണ്ടു മുടക്കുണ്ടായിരിക്കുന്നു. ഇതിൽ 1 ശ്രേഷ്ഠാനുഭവാദം = 2 = ആ ദിവസം അറിയായ്ക ഇതരണ്ടും ഉണ്ടാൻ ആയതിനും ആ സ്ഥലം എന്നാൽ നാളത്തെ ദിവസം. തങ്ങളുടെ കൊവലിൽ മഹാതിരുവിഴാഘൊഷം എന്നും കെൾക്കയാൽ ആ കൊവിലാരാധനയ്ക്കു വരുവാൻ ആഗ്രഹിച്ചിരിക്കയാൽ അപ്പൊൾ ശെഷം ഒക്കയും മുകദാവിൽ അറിയുകയും ആം.

പ്രിയൊർ (ഒപ്പ്).

ഇത 1870-മിന- 18-ാം തീയതി.

## ഒൻപത്

# ചാവറയച്ചൻ അയച്ചിട്ടുള്ള സർക്കുലറുകൾ

പൊതുവായ വിഷയങ്ങളെ ആസ്പദമാക്കി ചാവറയച്ചൻ അയച്ചിട്ടുള്ള പൊതുസർക്കുലറുകളിൽ ഏഴെണ്ണമാണ് നമുക്ക് ലഭിച്ചിരിക്കുന്നത്.

1843-ൽ നന്മരണസഖ്യത്തെക്കുറിച്ചെഴുതിയ സർക്കുലറാണ് ഒന്നാമത്തേത്. 1850-ൽ എഴുതിയ സർക്കുലറിൽ മാന്നാനം സെമിനാരിയുടെ പണിക്കുവേണ്ടിയുള്ള പണപ്പിരിവിനെപ്പറ്റി പരാമർശിക്കുന്നു. 1858-ൽ എഴുതിയ സർക്കുലറിലെ വിഷയം മാന്നാനം കൊവേന്തയുടെ പണിക്കായുള്ള പണപ്പിരിവാണ്. റോക്കോസ് മെത്രാനെ പരാമർശിച്ചുകൊണ്ടുള്ള സർക്കുലർ 1861-ൽ എഴുതിയതാണ്. 1869-ൽ കാനോന നമസ്കാരം അച്ചടിക്കുന്നതു സംബന്ധിച്ചുള്ള സർക്കുലർ എഴുതി. മറ്റു രണ്ടു സർക്കുലറുകൾ കൈനകരി ഇടവകക്കാർക്കുവേണ്ടി ചാവറയച്ചൻ എഴുതിയിട്ടുള്ളതാണ്. അതിൽ ആദ്യത്തേത് 1868-ലും രണ്ടാമത്തേത് 1869-ലും വിരചിതമായതാണ്.

ഒരർത്ഥത്തിൽ ഇവയെല്ലാം പൊതു സർക്കുലറുകൾ എന്നു പറയാമായിരുന്നാലും സാങ്കേതികമായ അർത്ഥത്തിൽ എല്ലാം പൊതുസർക്കുലറുകളല്ല. പലതും പരിചിതർക്കും സ്നേഹിതർക്കും അയച്ചു കൊടുക്കുന്നതാണ്. ഈ വസ്തുത സർക്കുലറുകൾ വായിക്കുമ്പോൾ വ്യക്തമാകും.

## IX/1

# നന്മരണസഖ്യത്തെക്കുറിച്ചുള്ള സർക്കുലർ

ചാവറയച്ചൻ മാന്നാനത്തുനിന്നും അയൽ ഇടവകകൾക്കും, പരിചിതരായ വൈദികർക്കും ആൾവശം കൊടുത്തയക്കുന്നതാണ് ഈ സർക്കുലർ. സഹൃദയരെ നന്മരണസഖ്യത്തിൽ അംഗത്വം സ്വീകരിക്കാൻ ആഹ്വാനം ചെയ്യുകയാണ് സർക്കുലറിന്റെ ഉദ്ദേശ്യം.

ആഹ്വാനം സ്വീകരിച്ച് പല ഇടവകകളും, വ്യക്തികളും സഖ്യത്തിൽ അംഗത്വം സ്വീകരിക്കുന്നുണ്ട്, രേഖാമൂലം പ്രസ്തുത എഴുത്തിൽതന്നെ ഒപ്പു വെച്ചുകൊണ്ട്.

സാമ്പിൾ എന്ന രീതിയിൽ ഇപ്രകാരമുള്ള ഏതാനും ഒപ്പുകളും എഴുത്തിന്റെ അവസാനത്തിൽ ചേർക്കുന്നു.

ഈശോ മറിയം യൗസേപ്പ തുണ

സകല നന്മ നിറയപ്പെട്ട സൃഷ്ടിതാവിന്റെ സൃഷ്ടികളിൽ പ്രധാന സൃഷ്ടിയായ മനുഷ്യൻ ജനിയ്ക്കപ്പെട്ടുവെന്ന എമ പൊളിവിൽ അവനൊടുകൂടെ ഒരുമിച്ച ജെനിക്കപ്പെട്ടിരിക്കുന്ന പ്രധാന കാര്യമായ മരണമെന്ന യൊഖ്യപ്പെട്ട കടൽ കടപ്പാൻ എത്രയും വല്ല്യ ഏറ്റിയ്ക്കപ്പെട്ട വിഷമവും യൊഖ്യപ്പെട്ട വഴിയാത്രയും ആയിരിയ്ക്കയാൽ ആയതിന്നു പരജയമുള്ള വഴികാട്ടുന്നവനായ വാലിയ്ക്കാരനും പിടിപ്പുള്ളതായ പരംതീർന്ന കപ്പലും അലകാളാലികപ്പടായവനും വൻകാറ്റുകളാൽ മറിയപ്പെടായവാനും ഉറപ്പുള്ളതും ഭാരമുള്ളതുമായ ചീനിയും വെണ്ടി യിരിയ്ക്കയാൽ ആയതിന്ന ദൊഴകാരുടെ സംഗെതമായ പരിശുദ്ധ മാതാവെന്നുള്ള യൊഖ്യങ്ങളൊക്കെയും ജയിക്കപ്പെട്ടിരിക്കുന്ന കപ്പ ലിന്റെ തന്റെ പ്രിയപ്പെട്ട പുത്രനായ ബാവായുടെ വലത്തെ ഭാഗത്തിൽ ഉറപ്പിച്ചിരിക്കുന്ന ചീനിയും യൊഗ്യങ്ങളൊക്കയിൽനിന്നും രക്ഷിച്ചു കൊണ്ടുപൊകുവാൻ എത്രയും പരിജയമുള്ള വാലിക്കാരനായ തന്റെ ഭാഗ്യപ്പെട്ട ഭർത്താവായ മാർ യൗസേപ്പ എന്ന പുണ്യപിതാവായ അമര ക്കാരനും ഉള്ള ഈ കപ്പലിൽ കരയെറുന്നവര യാതൊരുവക യോഗ്യ വും കൂടാതെ വരണമെന്ന കപ്പലും കടന്ന മൊക്ഷകര ചെരുന്നതായാൽ ഈ വഴി നടപ്പാൻ ദിഷ്ടതിയുള്ള മനുഷമക്കൾ യാതൊരുത്തരംകിലും ഈ കടലിൽ മുങ്ങി നരകയാഴത്തിൽ താഴായവാൻ ആഗ്രഹിക്കുന്നു. എംകിലും ആയതിന്ന എത്രയും ചുരുങ്ങിയ ഒരച്ചാരം കൊടുപ്പാൻ ദിഷ്ടതിയാകുന്നു. അതായത. ഈശോ മറിയം  യൗസേപ്പ, എന്ന ഈ മൂന്നു നാമത്തിന്മേൽ ഭക്തിയായിക്കൊനട ഈ മാലിയ്ക്കാരനായ ശു. മാർ യൗസേപ്പ പുണ്യവാളന്റെ തിരുന്നാളായ മീനമാസം 19-ാം തീയതിവരെ ധ്യാനിച്ചും കൊണ്ട ഒരു പുരുഷനും ഒരു സ്ത്രീയ്ക്കും ഒരു പൈതലിനും യാവനയും ഉടുപ്പും കാലംതോറും കൊടുത്ത ഈ യച്ചാരം പുത്തനാക്കി കൊൾകയും വേണം. എന്നതിനെക്കൊണ്ട ഈ ധർമ്മ പ്രവർത്തി കാലംതോറും നടത്തിവരുവാൻ ഒരുത്തരിരുവരു തനി ച്ചു തുടങ്ങിയാൽ നിയ്ക്കപ്പെടുവാനും നടന്നുവരുവാനും പ്രയാസമു

ള്ളതും പലരുംകൂടി ചെയ്യാവുന്ന പുണ്യം ശക്തിയുള്ളതും നിയ്ക്ക പ്പെട്ടതും ആയിരിയ്ക്കയാൽ യിടുപൊടുക്കന്നുള്ള ദുർമരണത്തിലക പ്പെടാതെ നൽമരണം ആഗ്രഹിക്കുന്ന കൂടപ്പിറപ്പുകൾ ഈ ലാഭമുള്ള കച്ചവടത്തിന്ന ഒരുമിയ്ക്കുമെന്നും നിച്ചയിച്ച തുടങ്ങിയിരിക്കുന്നതെ ന്തെന്നാൽ: യിതിനു മനസാകപ്പെട്ടവര. ഈ മാസം മുതൽ :20: മാസം വരേയും, മാസംതോറും : 5:5: ചക്രം. ഓരോരുത്തരടുത്ത സൊരുമിച്ച. ആയതിന്റെ ഉഭയത്താൽ മെലെഴുതിയ ദിവസം തന്റെ അരമനയായി യ്ക്കുന്ന ഈ കൊവെന്തയിൽ ഈ പുണ്യം നടത്തുവാൻ അപെക്ഷി ക്കുന്നു. എന്നാൽ യിതിന്നു മനസാകപ്പെട്ടവര: ഈ വക ഒരുമിച്ചം കിലും മാസംതോറും മെംകിലും തവലതമുണ്ടായിട്ടംകിലും ഈ അ വധിയ്ക്കകത്ത - സൊരുമിപ്പിയ്ക്കകയും വേണം.

1843 SW തു : തുലാം

ചെന്നൻകരിപ്പള്ളിയുടെ വിഗാരി അച്ചനു തന്നെ ചക്രം വന്ന ഇത പട്ടാങ്ങയുള്ളതാകണ്ട എന്ന ഇത കല്ലൂർക്കാട്ട പള്ളിയുടെ വികാരി.

കല്ലൂർകോട്ട പള്ളിയുടെ വികാരി കൊടുത്ത രൂപാ............ 8............

Sd/-

ഈ പട്ടാങ്ങയുള്ളതാകുന്നു. ഇത കന്നി 3-ാം നു ആയ ആഹാ ഗീ വറുഗീസ ഔസേപ്പ പട്ടക്കാരൻ പുളിംകുന്നു കൊവേന്തയിൽ നിന്നും 1017-ാം കാലം മീനം 2-ാം തീയതി.

Sd/-

ഇത പട്ടാങ്ങയുള്ളതാകുന്നു. ഇത പുളിംകുന്നുപള്ളിയുടെ വികാരി കാഞ്ഞിക്കൽ സ്ക്കറിയ പട്ടക്കാരൻ.

പുളിംകുന്നു പള്ളിയുടെ വികാരി കൊടുത്ത

1017-ാം കാലം മീനമാസം 2-ാം തീയതി.

Sd/-

# IX/2, 3

അടുത്തുവരുന്ന രണ്ടു സർക്കുലറുകൾ പണപ്പിരിവിനുവേണ്ടി ചാവറയച്ചൻ എഴുതിയിട്ടുള്ളതാണ്. ആദ്യത്തേത് 1850-ൽ മാന്നാനം സെമിനാരിയുടെ പണി പൂർത്തിയാക്കുന്നതിനുവേണ്ടിയായിരുന്നു. രണ്ടാമത്തേത് 1858-ൽ മാന്നാനം കൊവേന്തയുടെ പണി പൂർത്തിയാക്കുന്നതിനും.

തനിക്കു പരിചയമുള്ള അയൽപള്ളികളിലും, ശിഷ്യരായ വൈദികരുടെ ഇടയിലും ആൾവശം അയച്ചു കൊടുത്തിട്ടുള്ള സർക്കുലറുകളാണ് ഇവ.

# IX/2

## സർക്കുലറുകൾ

ഈശോ മറിയം യൗസേപ്പ തുണ.

രണ്ടാമത്തെ വെളിവു പഠിത്വം ആകുന്നു. എന്ന ശു. മാർ അപ്രം മല്പാൻ പഠിപ്പിക്കുന്നു. എന്നുവരുംപൊൾ കണ്ണിന്റെ വെളിവു കൂടാതെ ലൊകത്തിലുള്ള വസ്തു കാൺമാൻ വശമില്ലായ്തതു പൊലെ പഠിത്വം എന്ന വെളിവുകൂടാതെ പരലൊകത്തെയും അതിൽ കുടിയിരിക്കുന്ന തമ്പുരാനെയും അറിവാൻ വശമില്ലാത്തതിനാൽ കണ്ണില്ലാത്തവരു കുരുടന്മാരാകുന്നു എന്നതുപൊലെ പഠിത്വമില്ലാത്തവര ജ്ഞാന കുരിടന്മാരാകുന്നു. ഈ കുരിടിത്വം കാരണത്താൽ നമ്മുടെ മലയാള ത്തിലുള്ള ക്രിസ്ത്യാനികൾ പൂർവ്വനസ്രാണികൾ ആകുന്നു എംകിലും ശുദ്ധമാകപെട്ടവരുടെ വിത്തും മുളയും ഇല്ലാതെ ആയിരിക്കുന്നു. കുരിടനെ കുരിടൻ കൊണ്ടുപൊയാൽ യിരുവരും കുഴിയിൽ വീഴും എന്നു നമ്മുടെ കർത്താവും അരുളിചെയ്തിരിക്കുന്നു എന്നു വരും പൊൾ നമുക്കുള്ള കടങ്ങൾ ഇതായത പട്ടക്കാര ജെനങ്ങളെയും കാരണവന്മാര മക്കളെയും പടിപ്പിപ്പാൻ കടമായിരിയ്ക്കയാൽ ഈ കടം എല്ലാവരും തികപ്പാൻ ദ്രവ്യചുരുക്കത്താലും പടിപ്പാനുള്ളവരുടെ ചുരുക്കത്താലും വിഘ്നംവന്നിരിക്ക കൊണ്ട അതിനെ തികപ്പാൻ തക്കവണ്ണം, ഏവർക്കും പെ. ബ. നമ്മുടെ മേല്പട്ടക്കാരനായ മെത്രാ നച്ചനും തെളിയുന്ന ഒരിടുത്തിൽ ഒരു സിമ്നാരി തീർപ്പിക്കയും ഇതിൽ

ഒന്നാമത്തെതിൽ മലയാണ്മ, തമുൾ, ലത്തീൻ, സുറിയാനി ഇപ്പെച്ചുകൾ ഒക്കെയും പടിപ്പിപ്പാൻ തക്ക മല്പാന്മാരെ ആക്കെണ്ടുന്നതാകുന്നു. പൈതങ്ങളൊ എന്നാൽ ഇതിൽ പാർത്ത പടിച്ചു പ്രായവും തിരിവും വരുംപൊൾ പട്ടം ഏൾക്കണമെന്ന യാതൊരു പൈതലിനു മനസ്സു ണ്ടായാൽ അയതിനു കൊള്ളുമെന്ന ഇങ്ങനെയുള്ള കാര്യം അറിവാൻ ദൈവത്താൽ കല്പിക്കപ്പെട്ടവർക്ക കർത്താവിൽ തെളിഞ്ഞാൽ ആയവത പട്ടസുഖത്തിന്നടുത്ത ദൈവശാസ്ത്രം പഠിക്കയും പട്ടം ഏൾക്കയും ചെയ്യാം. ഇങ്ങനെയുള്ള പൈതങ്ങളെ അതിൽ ആക്കി പഠിപ്പിക്കയും ഇങ്ങനെ പഠിനം കഴിഞ്ഞ അവരുടെ ദൈവവിളി ക്കടുത്ത വെല കുറവുകൂടാതെ നടത്തുവാൻ വശമുള്ളവരാകയും ചെയ്യും.

എന്നാൽ ഇപ്രകാരമുള്ള സ്തലം ഉണ്ടാകുന്നതിനും ഇതിൽ പഠിപ്പിക്കുന്നവർക്കും പടിക്കുന്നവക്കും ചിലവും ചംമ്പളവും കൊടുത്ത വരെണ്ടുന്നതിനും കുറഞ്ഞ വകകൊണ്ടു നടക്കായ്കയാലും ദൈവ മുതൽ ദൈവവെലയ്ക്കു ചിലവക്കെണ്ടുന്നതിനാലും ഏവരുടെയും ഉപകാരത്തിന്നുവെണ്ടി ഭാരംകൂടാതെ നിറവെറ്റുവാൻ തക്കവണ്ണം നിശ്ചയിച്ചത എന്തന്നാൽ പള്ളികളിൽ ആണ്ടുതൊറും നിശ്ചയിക്കപ്പെട്ട ഔധിയ്ക്കു കണക്കു തീർക്കുകയും അപ്പൊൾ വരവിൽ പത്തിന്ന ഒന്നു വീതം ഉള്ളതും ഈ സെമിനാരിയിൽ കൂടുന്നവര അതിന്റെ നടപ്പി ന്നായ്ക്കൊണ്ട വീട്ടെണ്ടുന്ന നിശ്ചയിപ്പാനിരിയ്ക്കും. അല്പമായിട്ടുള്ള മാസപ്പടിയും എന്ന ഈവക രണ്ടും നിശ്ചയിക്കപ്പെടുന്ന ആളുകളെ ഏൾപ്പിച്ച ഈ കാര്യം നിറവെറ്റുവാൻ ഇടയാകുന്നതിനാൽ അപ്രകാരം നൽമനസൊടുകൂടെ സമ്മതിച്ചിരിയ്ക്കുന്നു. എന്ന സാക്ഷിയ്ക്ക ബ: വികാരി അച്ചന്മാര ഈ എഴുത്തിൽ കൈഒപ്പ ഇട്ടുതരുമാറാകണം.

ഇത കൊവെന്തയിൽ പ്രിയൊര.

1850 കാലം മീനം 25

Sd/-

## IX/3

# മാന്നാനം കൊവേന്തക്കുവേണ്ടിയുള്ള പണപ്പിരിവ്

✠

കൊയിത്ത പെരികെ ആകുന്നു. കൂലി ആളുകൾ ചുരുക്കമാകുന്നു. ആയതുകൊണ്ടു തന്റെ കൊയിത്തിന്ന വേലക്കാരെ തരുവാൻ ഉടയവ നിൽനിന്നു നിങ്ങൾ പ്രാർത്ഥിപ്പിൻ. എന്ന നമ്മുടെ കർത്താവ അരുളി ചെയ്തിരിക്കുംവണ്ണം ശുദ്ധമാന പള്ളിയുടെ പ്രത്യേകമുള്ള കൊയി ത്തുകാരായ ദർശനക്കാരുടെ ആവിശ്യം അവരെക്കൊണ്ടുള്ള ഗുണം ഏതാനുമൊക്കെ എംകിലും ഈ നമ്മുടെ ചുരുങ്ങിയ ഇടങ്ങളിൽ ക്കുടയും കണ്ടുവരികകൊണ്ടു മുൻ ഈ വെലയ്ക്കു തുനിവാൻ ആൾ ശുരുക്കമായിരുന്നു എംകിലും ഇപ്പോൾ ദെയവം പലരുടെയും ഹൃദ യങ്ങളിൽ ഈ ജ്ഞാനവിളിയ്ക്ക ഇളക്കം കൊടുത്തിരിക്കുന്നു എം കിലും ആയതിനുള്ള സ്ഥലചുരുക്കത്താലും ശരീരപുലർച്ചയ്ക്കുള്ള വകയുടെ ചുരുക്കത്താലും തടവായിരിയ്ക്കകൊണ്ടു ഒരു തിരിയിൽ നിന്ന പല തീപെട്ടികൊൾ കത്തിയ്ക്കുന്നതിൻവണ്ണം ഈ ചുരുങ്ങിയ വരുടെ വെലകൊണ്ടും തങ്ങളുടെ ഒത്താശാസഹായങ്ങൾകൊണ്ടും ഇതിനുവെണ്ടിയ ചെലവുകൾക്ക വക ഉണ്ടാകുമെന്നും ശരണപ്പെട്ടും കൊണ്ടു ഞങ്ങളിൽ ചിലരുതന്നെ നിങ്ങളുടെ വാതുക്കൽ വന്ന കൊ ട്ടുന്നതിനാൽ കർത്താവിന്റെ കല്പനപോലെ കൊട്ടുന്നവർക്കു തുറ ക്കപ്പെടുമെന്നും ഉറച്ചും കൊണ്ടു യാത്രയാകുന്നു. എന്നാൽ അവരവ രുടെ വകയും മനസുപോലെ കൊടുക്കുന്നതൊക്കയും വിധവയുടെ കാശുപോലെ ദെയ്‌വത്തിന്ന തെളിയുന്നതു ഈ വര്യൊലയിൽ പ തിച്ച കൊടുക്കുന്നതൊക്കെയും തംപുരാന്റെ പുസ്തകത്തിൽ പരലോ കത്തിലും പതിയപ്പെടുന്നതും ആകുന്നു എന്നു ഓർത്തുകൊണ്ടു കഴി യുന്ന സഹായം ചെയ്യണമെന്നു ക്രിസ്ത്യാനികളായ സകല കൂടപ്പിറ പ്പുകളൊടുകൂടി അപെക്ഷിക്കുന്നു. നിങ്ങളുടെ കളങ്ങളി പക്ഷികൾ പ രദെശികൾ.

ഇത മാന്നാനത്ത കൊവേന്തയിൽ പ്രിയൊര.

1858 തുലാം 6-ന്

Sd/-

മുട്ടത്ത ഇട്ടൻ വാലൊജ്ഞെൻ തന്നു രൂബ-10

## IX/4

# റോക്കോസ് മെത്രാനെക്കുറിച്ചുള്ള സർക്കുലർ

ചാവറയച്ചൻ മാന്നാനം പ്രസ്സിൽ അച്ചടിച്ചു സിറോമലബാർ സഭയിലുള്ള എല്ലാ പള്ളികളിലും പ്രസിദ്ധപ്പെടുത്തിയ ഒരു സർക്കുലറാണിത്.

1861 മേയ് മാസം 9-ാം തീയതി റോക്കോസ് മെത്രാൻ, കൊച്ചിയിൽ വന്നിറങ്ങി. റോക്കോസ് കേരളത്തിൽ വരുന്നതിനുമുമ്പും അതിനുശേഷവും വരാപ്പുഴ വികാരി അപ്പസ്തോലിക്ക ബർണർദീനോസ് മെത്രാപ്പോലീത്താ ഒന്നിലധികം ഇടയലേഖനങ്ങൾ പള്ളികളിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു - റോക്കോസ് മെത്രാൻ മാർപാപ്പയിൽ നിന്നുള്ള അധികാരത്തോടെ വന്നിരിക്കുന്ന ആളല്ലെന്നും, അദ്ദേഹത്തെ സ്വീകരിച്ചു വഴങ്ങിയാൽ അതു ശീശ്മയായിരിക്കുമെന്നും കാണിച്ചുകൊണ്ടും. എന്നിരുന്നാലും പ്രസ്തുത അറിയിപ്പുകളെ അവഗണിച്ചുകൊണ്ട് ഏതാനും ആഴ്ചകൾക്കുള്ളിൽ വളരെയധികം പള്ളികൾ അദ്ദേഹത്തെ സ്വന്തമെത്രാനായി സ്വീകരിച്ചു. ഈ സാഹചര്യത്തിൽ ശീശ്മയെ തടുക്കുന്നതിന് ഏകമാർഗ്ഗമായി മെത്രാപ്പോലീത്തായ്ക്ക് തോന്നിയത് ചാവറയച്ചൻ സ്വന്തനിലയിൽ ഒരു സർക്കുലർ പള്ളികളിൽ പ്രസിദ്ധം ചെയ്തു സത്യാവസ്ഥ ജനങ്ങളെ അറിയിക്കുക എന്നതായിരുന്നു. ഇതനുസരിച്ച് മെത്രാപ്പോലീത്താ ചാവറയച്ചനോടാവശ്യപ്പെട്ടു; ഇമ്മാതിരി ഒരു സർക്കുലർ ഉടനെ പള്ളികളിൽ പ്രസിദ്ധപ്പെടുത്തണമെന്ന്. ഈ നിർദ്ദേശമനുസരിച്ച് ചാവറയച്ചൻ എഴുതിയ സർക്കുലർ ആണ് താഴെ പ്രസിദ്ധപ്പെടുത്തുന്നത്.

സർക്കുലറിന്റെ അച്ചടിച്ച പ്രതി ഇന്നും മാന്നാനത്തു സൂക്ഷിച്ചിട്ടുണ്ട്. ഇതിൽ തീയതി കാണിച്ചിട്ടില്ല. 1861 മേയ് മാസത്തിൽ ഇതു പ്രസിദ്ധപ്പെടുത്തി എന്നു കരുതാവുന്നതാണ്.

# റോക്കോസിനെതിരായുള്ള സർക്കുലർ

✠

സുവിശെഷം ശുദ്ധ : ലൂക്കാ 11 അ: 23 വചനം

എന്നോടുകൂടെ അയില്ല എന്നവൻ ഇനിക്ക വിരൊധി ആകുന്നു. എന്നോടുകൂടെ കൂടാത്തവൻ വെസ്നയായി ചിതറിക്കുന്നു എന്നും നമ്മുടെ കർത്താവീശൊമിശിഹാ അരുളിചെയ്തിരിക്കുന്നു തിരുവചനങ്ങളാൽ കല്പിച്ചതാകുന്നത: തന്റെ സ്ഥാനത്തിലിരിക്കുന്ന മാർ പത്രൊാസ ശ്ലീഹായുടെ അനന്തര സുഖക്കാരനായിരിക്കുന്ന ശുദ്ധമാന മാർപ്പാപ്പയുടെ കല്പനയൊടുകൂടെ അധികാരം കൈക്കൊള്ളാതെയും, അതിനെ പെരുമാറാതെയും തൊഴുക്കൂട്ടിൽ പ്രവെശിക്കുന്ന ഇടയൻ ആടുമാടുകളെ കൂട്ടുന്ന ഇടയൻ ആകുന്നു എന്നു തന്നെയും പിന്നെയൊപ്പിക്കുന്നു. കർത്താവി വിഗാരി ആയ ശുദ്ധമാന മാർപ്പാപ്പായൊടു ചെരാതെ പിരിയുന്നവൻ കർത്താവിന്റെ വിരൊധി ആയിരിക്കുന്നതിനാൽ ഇങ്ങനെയുള്ള ഇടയനും ഇയാളൊട കൂടുന്നവരും കർത്താവിന്റെ വിരോതികൾക്ക താൻ കല്പിച്ചിരിക്കുന്ന നരകത്തിൽ ചെന്നു വീഴുന്നതിന്ന സംശയമില്ല. ഈ വണ്ണം ശുദ്ധമാന മാർപ്പാപ്പായുടെ കല്പനയും തിരുവെഴുത്തും കൂടാതെ പുറപ്പെട്ടിരിക്കുന്ന ഇടയന്മാരത്രെ ഇപ്പോൾ ബാഗദാദിൽനിന്ന പുറപ്പെട്ട മലയാളത്തിലെ കർത്താവിന്റെ തൊഴുക്കൂട്ടിൽ പ്രവേശിച്ചു തന്റെ ആടുമാടുകളായിരിക്കുന്ന നമ്മെ ചിതറിച്ചു നരകചെന്നായിക്കളായ പിശാചുക്കൾക്കു ഇരയായിടുവാൻ ഭാവിച്ചു പുറപ്പെട്ടിരിക്കുന്നു എന്നും പട്ടാങ്ങയാലെ ബൊധിച്ചിരിക്കുന്നു.

ആയതുകൊണ്ട സ്നെഹപ്പെട്ട കൂടപ്പിറപ്പുകളെ വാതിലിൽകൂടെ തൊഴുത്തിൽ കരെറാത്തവൻ കള്ള ഇടയനാകുന്നു എന്നും ആടിന്റെ വെഷം ധരിച്ച ചെന്നാ എന്നും കർത്താവിന്റെ തിരുവചനമാകയാൽ ശുദ്ധ മാർപ്പാപ്പയുടെ തിരുവെഴുത്തു കൂടാതെ ഈ നമ്മുടെ തൊഴുത്തിൽ പ്രവെശിപ്പാൻ ഭാവിക്കുന്ന മെൽപറഞ്ഞ, ഇടയന്മാരു വന്നാൽ അവരുടെ ചതിവായ വചനത്തിന്ന ചെവികൊടുക്കാതെയും അവരൊടു ചെരാതെയും കർത്താവിന്റെ വിഗാരി ആയ ശു: മാർപ്പാപ്പായുടെ മെൽ കല്പിച്ച പ: പ: ബ. വരാപ്പുഴ വിഗാരി അപ്പസ്തൊലിക്കായ്ക്കു തന്നെ കീഴ്വഴങ്ങി നടപ്പാൻ രക്ഷയ്ക്കടുത്ത ദിഷ്ടതിയാലെ ആവശ്യമായിരി

ക്കുന്നത എന്നിയെ ഇങ്ങനെയുള്ളവരുടെ കൈകളാൽ വെദസാക്ഷികളായിട്ട മരിപ്പാൻ നമുക്ക എടകൂടി എംകിൽ ദൈവത്തിന്റെ ഏറ്റിക്കപ്പെട്ട മനൊഗുണം എന്ന ഒർത്ത അയതിന്നു കൂടയും തുനിയുന്നവരായിരിപ്പാനും ആവശ്യമായിരിക്കുന്നു. ഇതല്ലാതെ ശുദ്ധമാന മാർപ്പാപ്പായുടെ കല്പനയൊടും തിരുവെഴുത്തൊടുംകൂടി വരുന്നവരായിരുന്നാൽ നെരുള്ള വാതിലായ ഈ മലയാളത്തിലുള്ള വിഗാരി അപ്പസ്തൊലിക്കമ്മാരായ പ: ബ: വരാപ്പുഴ മെത്രാപോലീത്താച്ചന്റെ പക്കൽ എംകിലും കൊല്ലം മെത്രാനച്ചന്റെ പക്കൽ എംകിലും ഈ തിരുവെഴുത്ത സാക്ഷിയൊടുകൂടെ കാണിച്ച അനുവാദത്തൊടുകൂടെ മാത്രമെ നമ്മുടെ യാതൊരു പള്ളിയിൽ എംകിലും കരെറി കൂദാശ പ്രവൃത്തി ചെയ്യാൻ ന്യായമാകുന്നുള്ളൂ എന്നും അറിഞ്ഞിരിക്കട്ടെ. ഇത കൂടപ്പിറപ്പുകളായ തങ്ങളുടെ ആത്മരക്ഷയെ ആഗ്രഹിച്ചും നമ്മുടെ ഏകതലവനായ ശുദ്ധ മാർപ്പാപ്പായുടെ വല്യ ശാപവും ഏറ്റ പുത്തനായ ഒരു ശീശ്മയിൽ ഉൾപ്പെട്ട എന്നന്നെക്കും നശിച്ചുപൊകുവാൻ യാതൊരുത്തർക്ക എങ്കിലും ഇടവന്നെക്കുമെന്നും ഭയപ്പെട്ട ആയതു വരാതിരിപ്പാൻ തങ്ങളുടെ ആത്മരക്ഷയെ ആഗ്രഹിച്ചും കൊണ്ടു തെക്കപുറത്തും വടക്ക പുറത്തും ഉള്ള പള്ളിക്കാരായ ബ: എന്റെ കൂടപ്പിറപ്പുകൾ പട്ടക്കാരർക്കും സ്നെഹിക്കപ്പെട്ട എന്റെ ജെഷ്ടാനുജന്മാരായ വിശ്വാസക്കാരർക്കുംകൂടി മാന്നാനം മുതലായ കൊവെന്തകളുടെ പ്രിയൊരായ തങ്ങളുടെ ഏളിയ കൂടപ്പിറപ്പ ചാവറ കുര്യാക്കൊസ ഏലിയ പട്ടക്കാരൻ.

ഇക്കാലത്തിൽ ദൈവമാതാവിനെ നൊക്കി
കുടെകൂടെ പ്രാർത്ഥിക്കെണ്ടും സുകൃത
ജപസംക്ഷെപം.

ജന്മപാപമില്ലാതെ ഉത്ഭവിച്ച മറിയമെ! തിരുസഭയ്ക്ക നെരിട്ട എല്ലാ നാശങ്ങളെയും നീക്കിയ മാതാവെ! പുത്തനായിട്ടു മുളച്ചുണ്ടാകുന്ന സീസ്മ ആയത ഈ തിരുസഭയെ കലക്കുവാൻ തക്കവണ്ണം നീ കൈവിടാതിരിക്കണമെ. ശുദ്ധമാന പത്രൊസിന്റെ അധികാരം കൈക്കൊണ്ടിരിക്കുന്ന ശുദ്ധമാന മാർപ്പാപ്പായ്ക്കു മുഴുവനായ കീഴ്വഴക്കം എന്നും എല്ലാടത്തിലും നടന്നു വരുവാൻ നീ കൃപ ചെയ്യണമെ. ആമ്മെൻ.

ഉദിയം പെരൂർ സുനഹദോസ: രണ്ടാം യൊഗ വിചാരം : ഒന്നാം കാനൊനാ മൂന്നാം വചനം.

റൊമ്മാപള്ളിയുടെ കല്പനയില്ലാതെ ഇപ്പൊൾ എംകിലും പിന്നെ മറ്റൊരിക്കൽ എംകിലും മലങ്കരയ്ക്കു മെത്രാനായി വരുന്നവരെ കൈക്കൊൾകയില്ലന്നും ഈ കല്പനയാലെ വരുന്ന മെല്പട്ടക്കാരനെ ഒരുമയായിട്ട ഞങ്ങളുടെ മെല്പട്ടക്കാരനായിട്ട കൈക്കൊള്ളുന്നു എന്നും ഏവൻഗലിയൊന്നും ശുദ്ധമാനസ്ലീവായും തൊട്ട സത്യം ചെയ്യുന്നു.

## IX/5

# കാനോന നമസ്ക്കാരപുസ്തകം അച്ചടിക്കുന്നതു സംബന്ധിച്ചുള്ള സർക്കുലർ

1869 ഫെബ്രുവരി മാസത്തിൽ ചാവറയച്ചൻ ആൾവശം സീറോ മലബാർ സഭയിലെ വൈദികർക്കും ശെമ്മാശന്മാർക്കും കൊടുത്തയക്കുന്ന ഒരു സർക്കുലർ ആണിത്.

ഇതിന്റെ മൂലം മാന്നാനത്ത് ഇന്നും സൂക്ഷിക്കപ്പെടുന്നു.

മ്ശി. സ.

✠

റ: മ: യ.

ബ: എന്റെ കൂടപ്പിറപ്പുകളും സ്നെഹപ്പെട്ട അനുജന്മാരും ആയിരിക്കുന്ന ഈ കെരളത്തിലുള്ള സുറിയാനി പട്ടക്കാരും ചമ്മാച്ചമ്മാരും ആയവരോടു നിങ്ങളുടെ എളിയ കൂടപ്പിറപ്പായിരിക്കുന്ന ക. ദി. മൂ. സ. പ്രിയൊര കുര്യാക്കൊസ ഏലിയാദ ശു. ക. എഴുതിയിരിക്കുന്നതായ്ത.

നമ്മുടെ സുറിയാനിക്രമത്തിനു തക്കവണ്ണം റൊമ്മായിൽനിന്നും വാസ്തവപ്പെടുത്തി അടിപ്പിച്ചു തന്നിരിക്കുന്ന (പൊടിവ്) തക്കസായിലുള്ള ആണ്ടുവരെയുള്ള ഞായറാഴ്ച പെരുന്നാൾക്രമം പോലെയും (പൊടിവ്) എല്ലാവരും ഒരുപോലെയും നടന്നുവരുവാൻ തക്കവണ്ണം ആണ്ടുവരെ നടപ്പാനായിട്ടു കലംദാരിയും ആയതിൻവണ്ണം കുർബാനയിൽ തക്കസായിൽ വിവരം കാണിക്കാത്ത ഓരൊ അല്മായക്രമങ്ങളും ഒരുപോലെ ചെയ്വാൻ തക്കവണ്ണം ചെറുതായി കുർബാനക്രമവും അടിപ്പിച്ചിരിക്കയാൽ ആയതും ഒരു ക്രമമായി നടപ്പാൻ ദൈയവസഹായത്താൽ ഇടയായിരിക്കുന്നു. ഇനി രണ്ടാംപങ്കായിരിക്കുന്ന കാനൊന നമസ്കാരം ഈ നൊയമ്പുദിവസങ്ങളിൽ 7. ഹൂലാലയും

ഞായറാഴ്ച പത്തും പിറവിക്കു 21 (൨൦) യിരുനെയുള്ള ഭാരത്താലും പെരുന്നാളുകളും ഈ വണ്ണം നീളമുള്ളതുമാകയാലും പെരുന്നാൾ പുസ്തകം എഴുതിപ്പാനുള്ള പ്രയാസത്താലും ആയതും തക്സായി ലുള്ള പെരുന്നാളുകൾ മിക്കതും ഇല്ലായ്മയാലും ഇങ്ങനെ പല മുഖാന്തിരങ്ങളാൾ പലരും പല പ്രകാരത്തിൽ ഈ കാനൊന നമസ് കാരം എത്തിച്ചുവരികയും കുർബാന ഒരു പുണ്യവാളന്റെതും കാനൊന നമസ്കാരം ആഴ്ചയുടെതും ഇങ്ങനെ ക്രമക്കെടായി നടക്കയാൽ ഈ കാനൊന നമസ്കാരം ചുരുക്കി കുർബാനയും നമ സ്കാരവും ഒന്നായിട്ടു നടപ്പാൻ തക്കവണ്ണം കാലം ചെയ്ത പെ. ബ. മെത്രപോലീത്ത അച്ചന്റെ കല്പനപ്രകാരം ക്രമപ്പെടുത്തി ആ പുസ്ത കങ്ങൾ തിരുസഭയിൽ അദെഹം വഴിയായിട്ട. ഇവിടെ അടിപ്പിക്കുന്ന തല്ലാതെ അവിടെ നിന്നും മറ്റു വഴിയായിട്ടും അടിപ്പിപ്പാൻ ഈ കാല ങ്ങളിൽ പ്രയാസമായിരിക്കയാലും ഇപ്പൊൾ ആയത നമസ്കരിപ്പാൻ അനുവാദം കിട്ടിയിരിക്കയാൽ എഴുതി സാധിപ്പാൻ പ്രയാസമാക കൊണ്ടും കല്ലു പ്രെസിൽ എന്റെ സൂക്ഷത്തിൻ കീഴിൽതന്നെ ഇപ്പൊൾ അച്ചടിപ്പാൻ നിശ്ചയിച്ച ശട്ടംകെട്ടിയിരിക്കകൊണ്ടും ഇപ്പൊൾ നടന്നു വരുന്ന നമസ്കാരപുസ്തകവും ആണ്ടുവരെയുള്ള ഞായറാഴ്ച പെരുന്നാൾ നൊയമ്പ ഇങ്ങനെ ആണ്ടുമുഴുവനും തക്സാപ്രകാരമുള്ള പെരുന്നാളുകളും കൂട്ടിയടിപ്പിപ്പാൻ വെണ്ടിയ ചിലവിന്നുവക ഉണ്ടാ ക്കുവാനും എത്ര പുസ്തകം അടിപ്പിക്കണമെന്നും ഒരു കണക്കു ഉണ്ടാ കെണ്ടുന്നതിനും ആയിട്ടു ഈ എഴുത്തു യാത്രയാക്കുന്നു. എന്നാൽ ഈ പുസ്തകങ്ങൾ അടിച്ചു കിട്ടുവാൻവെണ്ടി അവരവരുടെ പെര ഈ കടലാസ്സിൽ പതിച്ച ഒരാൾ 5 രൂപാവീതം ഈ ആൾവശം തന്നെ കൊടുത്തയക്കണം. ഇങ്ങനെ കൊടുത്തയച്ചാൽ ദൈവസഹായത്താൽ ഏറെ നീളിക്കാതെ അടിപ്പിച്ചു കിട്ടുകയും അപ്പൊൾ ഈ അഞ്ചുരൂപാ കഴിഞ്ഞ കുറെ അല്പം ആകമാനചിലവ് വരുമെംകിൽ ആയതും കൊണ്ട ഈ ആളുകൾക്കു പുസ്തകം കിട്ടുകയും ചെയ്യും.

എന്നാൽ പെര എഴുതി രൂപാ കൊടുത്തയക്കാതെയിരുന്നാൽ ഈ തുക കണ്ട ആയതിൽ അല്പംമാത്രം അടിപ്പിക്കുന്നതാകയാൽ പിന്നെ അപെക്ഷിച്ചാൽ കിട്ടുവാൻ പാടില്ലാതെയിരിപ്പാൻ സംഗതി വരുമെന്ന തല്ലാതെയും മുൻചിലവു ചെയ്യുന്ന മുഖാന്തിരത്താൽ മുറ പ്രകാരമുള്ള കണക്കിൻ പ്രകാരം മുതലിന്റെ ഉഭയം ലാഭം ഒക്കെയും കൂട്ടുംപൊൾ 15 രൂപാ വിലയായിട്ടു വില്പാൻ ഇടവരികയും ചെയ്യും. ആകകൊണ്ട

ഈ എഴുത്തിനെ കൈപ്പറ്റുന്നവര ഈ ആളിനെ താമസിപ്പിക്കാതെ പെരും എഴുതി ഈ അഞ്ചുരൂപായും കൊടുത്ത ആയതും ഇതിൽ പതിച്ചുകൊടുത്തയക്കയും വെണം.

എന്നാൽ ചുറ്റിവന്ന തുക അറിഞ്ഞിട്ട അടി തുടങ്ങെണ്ടുന്നതാകയാൽ ഈ ആളിന്നു ഒട്ടും താമസിപ്പാൻ പാടില്ലായ്കയാൽ തൽക്ഷണം രൂപാ കൈവശം ഇല്ലാത്തവര മീനമാസം 15-നുക്കകത്തു കൂനമ്മാവുംകൽ എത്തിക്കയും വെണം. ആ തീയ്യതി രൂപാ ചെരാഞ്ഞ ആളിനെ ഈ തുകയിൽ ചെർക്കയില്ലെന്നും അറിയെണ്ടതാകുന്നു.

ഇത 1869-നു കാലം കുഭം 15

Sd/-

# IX/6-7

കൈനകരി ഇടവകക്കാർക്കായി ചാവറയച്ചൻ രണ്ടെഴുത്തുകൾ അയക്കുന്നുണ്ട്. ആദ്യത്തേത് 1868 ഫെബ്രുവരി മാസത്തിലും രണ്ടാമത്തേത് 1869 ഒക്ടോബറിലും. ഈ രണ്ടെഴുത്തുകളാണ് താഴെ പ്രസിദ്ധപ്പെടുത്തുന്നത്.

ഇതെഴുതുന്ന സമയത്ത് കൈനകരി ഒരു പ്രത്യേക ഇടവകയായി തിരിഞ്ഞിട്ടില്ലായിരുന്നു. ചേന്നങ്കരി ഇടവകയിൽപെട്ടതായിരുന്നു കൈനകരി. എന്നിരുന്നാലും ഒരു കുരിശുപള്ളി അക്കാലങ്ങളിൽ കൈനകരിയിൽ സ്ഥാപിച്ചിട്ടുണ്ടായിരുന്നു. പ്രസ്തുത കുരിശുപള്ളി (കപ്പേള)യിൽപ്പെട്ട ആളുകൾക്കാണ് ഇവ എഴുതിയിട്ടുള്ളത്.

തന്റെ 'ചാവരുൾ' എന്ന പേരിലാണ് ഈ ദീർഘമായ കത്ത് സ്വന്ത ഇടവകക്കാരായ കൈനകരിക്കാർക്ക് എഴുതുന്നത്. ക്രിസ്തീയ കുടുംബങ്ങളിലെ ജീവിതത്തിന് മാർഗ്ഗനിർദ്ദേശം ചെയ്യുക എന്നതാണ് എഴുത്തിന്റെ ഉദ്ദേശം. 'നല്ല അപ്പന്റെ ചാവരുൾ' എന്ന പേരിൽ 1910-ൽ ആദ്യമായി ഇതച്ചടിച്ചു പ്രസിദ്ധപ്പെടുത്തി. അതിനുശേഷം പല പതിപ്പുകൾ ഇതിനുണ്ടായിട്ടുണ്ട്.

1869 ഡിസംബർ മാസത്തിലാണ് രണ്ടാമത്തെ കത്ത്, അതേ ഇടവകക്കാർക്ക് എഴുതുന്നത്. അഗതികൾക്കായി ഒരു പൊതുഭവനം ഇടവകക്കാരുടെ നേതൃത്വത്തിൽ തുടങ്ങുന്നതിന് അവരെ ആഹ്വാനം ചെയ്യുന്നതാണ് ഈ രണ്ടാമത്തെ കത്ത്. ഇതു നടക്കുന്നതിനുള്ള മാർഗമായി അദ്ദേഹം കാണുന്നത് ഇടവകയിൽ നന്മരണസഖ്യം ഏർപ്പെടുത്തുക; ഈ സഖ്യാംഗങ്ങൾ സംഘടിച്ച്, പണം പിരിച്ച് അഗതിമന്ദിരം പണിയുക; അതു നടത്തുക എന്നതാണ്. ഇതാണ് ചാവറയച്ചൻ ഈ കത്തുവഴി ആവിഷ്ക്കരിക്കുന്ന പദ്ധതി.

ഇടവകാംഗങ്ങൾ പ്രസ്തുത ആഹ്വാനം സ്വീകരിച്ചുകൊണ്ട് ഇടവക വികാരിയുടെ നേതൃത്വത്തിൽ നന്മരണസഖ്യം ഇടവകയിൽ ഏർപ്പെടുത്തി; ഉപവിശാലയും സ്ഥാപിച്ചു. ചാവറയച്ചന്റെ കത്തിനു മറുപടിയായി ഇടവക പ്രതിനിധികൾ അതേ കത്തിൽതന്നെ ടി വിവരം എഴുതി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

കത്തിന്റെകൂടെ ഈ സാക്ഷ്യവും ഞങ്ങൾ പ്രസിദ്ധപ്പെടുത്തുകയാണ്. ഇതിന്റെ മൂലം മാന്നാനത്തു സൂക്ഷിച്ചിട്ടുണ്ട്. 'ഒരു കത്ത്' എന്ന പേരിൽ 1944-ൽ ആലപ്പുഴനിന്നും ഇത് അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

# IX/6

# കൈനകരിക്കാർക്കെഴുതിയ ഒന്നാമത്തെ കത്ത്

## ഒരു നല്ല അപ്പന്റെ ചാവരുൾ

നല്ല ക്രിസ്ത്യാനിക്കുടുംബം ആകാശമോക്ഷത്തിന്റെ സാദൃശ്യമാകുന്നു. കുടുംബത്തിന്റെ ന്യായം എന്തെന്നാൽ ചോരയാലും സ്നേഹത്താലും തമ്മിൽ തമ്മിൽ കെട്ടപ്പെട്ട പല ആളുകൾ കാരണവന്മാരുടെ നേരെ ആചാരവും കീഴ്‌വഴക്കവും അനുസരിച്ചു തമ്പുരാനോടും മനുഷ്യരോടും സമാധാനമായി നടക്കയും, അവരവരുടെ അന്തസിനു തക്കതിൻവണ്ണം നിത്യഗതിയെ പ്രാപിക്കുന്നതിനു പ്രയത്നം ചെയ്തു കൂട്ടമായി ജീവിക്കയും ചെയ്യുന്നതാകുന്നു. ദുഃഖങ്ങളുടെ സ്ഥലമായിരിക്കുന്ന ഈ ലോകത്തിൽ ഓരോരോ ഞെരുക്കങ്ങളിലും സങ്കടങ്ങളിലും ഏറ്റം മധുരിക്കപ്പെട്ട ആശ്വാസവും സമാധാനവും ഉപവിയും ക്രമവുമുള്ള ഒരു കുടുംബത്തിൽ ജീവിക്കുന്നതാകുന്നു. അപ്രകാരംതന്നെ ക്രമവും സമാധാനവും ഇല്ലാതെയും ദൈവശുശ്രൂഷയിന്മേലും നിത്യരക്ഷയിന്മേലും ഒരു വിചാരവും ഇല്ലാതെയും നടക്കുന്ന ഒരു കുടുംബത്തിൽ ജീവിക്കുന്നതു ഏറ്റം വലിയ സങ്കടമാകുന്നു. ഇപ്രകാരം ക്രമമില്ലാത്ത കുടുംബങ്ങൾ എത്രയോ സങ്കടങ്ങൾക്കും കണ്ണുനീരുകൾക്കും കാരണമായിരിക്കുന്നു. ഇതുനിമിത്തം കീർത്തിപ്പെട്ടതും ബഹുമാനമുള്ളതും ദ്രവ്യമുള്ളതുമായ എത്രയോ കുടുംബങ്ങൾ നശിച്ചുപോയിരിക്കുന്നു. ഇതിൽനിന്ന് എത്രയോ വഴക്കുകളും എത്രയോ പാപങ്ങളും എത്രയോ നാശങ്ങളും എത്രയോ മരണങ്ങളും ഉണ്ടായിരിക്കുന്നു. ഇതിൻവണ്ണമുള്ള തിന്മകളും നാശങ്ങളും വരുന്നതിനു ഇടവരാതിരിപ്പാൻ എനിക്കുണ്ടായിരിക്കുന്ന അതിയായ ആഗ്രഹത്തെക്കുറിച്ചു ഞാൻ ദൈവവെളിവും സമാധാനവും അപേക്ഷിച്ചുകൊണ്ട് ഈ കുടുംബക്രമം അഥവാ

ചട്ടം എഴുതിയുണ്ടാക്കി. ഇതിനെ നിങ്ങളുടെ പൂർവ്വകാരണവന്മാരുടെ വായിൽനിന്നു പുറപ്പെട്ട ഗുണദോഷംപോലെ കൈക്കൊണ്ടു സൂക്ഷമായിട്ട് അനുസരിക്കയും അനുസരിപ്പിക്കയും ചെയ്യണമെന്ന് ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു.

## കുടുംബചട്ടം

1-ാമത്. നിങ്ങൾ തമ്മിൽത്തമ്മിൽ ഉപവിയായിരിപ്പിൻ;* സ്നേഹമായിരിപ്പിൻ; ഓരോരുത്തന്റെ അറ്റകുറ്റങ്ങളും കുറച്ചിലുകളും നിങ്ങൾ തമ്മിൽത്തമ്മിൽ ക്ഷമിപ്പിൻ. ഇപ്രകാരം ചെയ്താൽ ഈ ലോകത്തിൽ സമാധാനവും പരലോകത്തിൽ നിത്യഭാഗ്യവും നിങ്ങൾ അനുഭവിക്കും. ഒരു വീട്ടിൽതന്നെ ജേഷ്ഠാനുജന്മാരും സ്ത്രീജനങ്ങളും തമ്മിൽത്തമ്മിൽ സ്നേഹമില്ലാതെ എല്ലായ്പ്പോഴും വഴക്കും സംസാരവുമായിരിക്കുന്നത് എത്രയോ ദുഃഖിക്കത്തക്കത്. ഭിന്നിക്കപ്പെട്ട രാജ്യം നിലനില്പ്പാൻ പാടില്ലെന്നു നമ്മുടെ കർത്താവുതന്നെ അരുളിച്ചെയ്തിരിക്കുന്നു. ഇപ്രകാരം വഴക്കുള്ള തറവാട് വേഗത്തിൽ നാശമായിപ്പോകും. നിങ്ങളുടെ അറ്റകുറ്റങ്ങളും മോശങ്ങളും നിങ്ങൾ തമ്മിൽത്തമ്മിൽ ക്ഷമിക്കയില്ലെങ്കിൽ പുറമേയുള്ളവർ ക്ഷമിക്കുമോ? നാളെ ശേഷംപേർ നിന്റെ ഒരു കുറ്റം ക്ഷമിക്കണമെങ്കിൽ ഇന്നു ശേഷം പേരുടെ അറ്റകുറ്റങ്ങൾ നീ ക്ഷമിക്കേണ്ടയോ? ഒരുപദ്രവവും ചെയ്യാത്തവരെ മാത്രം നീ സ്നേഹിച്ചാൽ കാവ്യരും തമ്മിൽത്തമ്മിൽ അറിവും ചാർച്ചയും ഇല്ലാത്തവരും ചെയ്യുന്നതിൽ അധികം നീ എന്തുചെയ്യുന്നു. ആദമെന്ന മഹാപിതാവ് നമുക്ക് അവകാശമായി വച്ചിരിക്കുന്ന ഞെരുക്കങ്ങളും സങ്കടങ്ങളും പോരാതെ നിങ്ങൾ സ്വമനസ്സാലെ വീണ്ടും ഉണ്ടാക്കണമോ? എന്നാൽ ഇതിൻവണ്ണമുള്ള വഴക്കുകൾക്കു കാരണം കൊടുക്കുന്നവർക്കു ദുരിതം. ഒരിക്കൽ ഒരു കിഴവി ഒരു വീട്ടിൽ വഴക്കുണ്ടാക്കുവാൻ പല കാരണങ്ങളുമുണ്ടാക്കിയതിനാൽ പിശാചു കാണപ്പെട്ട് പൊന്നു നിറഞ്ഞ ഒരു സഞ്ചി അവൾക്കു കൊടുത്തുകൊണ്ട്, ഞാൻ മൂന്നു വർഷക്കാലം പ്രയത്നിച്ചിട്ടു സാധിക്കാത്തത് നീ മൂന്നു ദിവസംകൊണ്ടു സാധിച്ചു. ഇതിനാൽ നീ എന്റെ ആലോചനക്കാരി ആയിരിപ്പാൻ യോഗ്യതയുള്ളവളായിരിക്കുന്നു എന്നു പറഞ്ഞ് അവളെ പിടിച്ച് നര

* *യോ. 15-ാം അ. 8-ാം വാ.*

കത്തിൽ കൊണ്ടുപോകയും ചെയ്തു. ഒരു തറവാടിന്റെ ബഹുമാനവും, ഭാഗ്യവും യാതൊരു വഴക്കുമില്ലാതെ എല്ലാവരോടും സമാധാനമായിരിക്കുന്നതത്രേ. നീരസങ്ങളെക്കുറിച്ച് പകരം വീഴ്ചചെയ്യാൻ മൃഗങ്ങൾക്കുകൂടെയും ശക്തിയുണ്ട്. എന്നാൽ അവയെ സാരംവയ്ക്കാതെ പൊറുക്കുന്നതു മഹാശക്തിയും വിവേകവും അവസ്ഥയുമുള്ള ആളിനു മാത്രം കഴിയുന്നതാകുന്നു. എങ്ങിനെയെന്നാൽ, കൊൺസ്തന്തീനോസ് എന്ന മഹാചക്രവർത്തി ഒരിക്കൽ തന്റെ രാജസമൂഹത്തോടുകൂടി നടക്കുമ്പോൾ വഴിമദ്ധ്യേ ഒരുത്തൻ ആ ചക്രവർത്തിയുടെ ഒരു കന്നത്തിൽ അടിച്ചു. അപ്പോൾ ആ സമൂഹക്കാരെല്ലാവരും പകരം വീഴ്ച ചെയ്യാനും ആ ദുഷ്ടനെ കൊല്ലുവാനും ഗുണദോഷിച്ചു. ഇതിനു ആ മഹാരാജാവ് ഉത്തരിച്ചതായത്: “എന്റെ ഏറ്റവും താഴ്ന്ന ഉദ്യോഗസ്ഥനു ചെയ്വാൻ കഴിയുന്നത് ഞാൻ ചെയ്യുന്നത് വലിയ കാര്യമോ? എന്നാൽ ഇത് ഞാൻ ക്ഷമിക്കുന്നു. ഇത് എന്റെ ഏറ്റം വലിയ ശക്തിയുടെ അടയാളമാകുന്നു”.

2-ാമത്. സർക്കാർ വഴക്കുകൾ കുടുംബങ്ങളെ നശിപ്പിക്കുന്നു. എത്ര ന്യായമുള്ള സംഗതികളേക്കുറിച്ചായിരുന്നാലും സർക്കാരിൽ പോകാതിരിക്കുകയായിരുന്നു നന്ന്, എന്ന് കടശി പറയുവാൻ ഇടയാകുകയും ചെയ്യും. സർക്കാരിൽ പോയതിനേക്കുറിച്ച് ഒരിക്കലും ഒരുത്തനും ഉപകാരമെങ്കിലും സന്തോഷമെങ്കിലും ഉണ്ടായിട്ടില്ല.

3-ാമത്. ഞായറാഴ്ച മുതലായ കടമുള്ള ദിവസങ്ങളിൽ അടിയന്തിരങ്ങൾ മുതലായത് കഴിക്കുന്നതു വളരെ ദോഷങ്ങൾക്കും ആത്മനാശങ്ങൾക്കും കാരണമായ ഒരു സംഗതിയാകുന്നു. ഇത് കർത്താവിന്റെ ദിവസമാകുന്നു. ഇത് പിശാചിന്റെ ദിവസമാക്കുന്നതിന് കണ്ടെത്തിയ ഒരു സൂത്രമാകുന്നു. ഇതുകൂടാതെ വീട്ടിൽ വല്ലവരും മരിച്ചാൽ (ആവശ്യമുള്ളവരൊഴികെ) ശേഷമുള്ളവർ സ്വന്ത ആത്മകാര്യങ്ങളെ ഉപേക്ഷിച്ചു കടമുള്ള ദിവസങ്ങളിൽ പള്ളിയിൽ പോകാതിരിക്കുന്നത് ദൈവത്താലും വിശുദ്ധ പള്ളിയാലും ശപിക്കപ്പെട്ട ദുർമ്മര്യാദയാകുന്നു.

4-ാമത്. പ്രത്യേകമുള്ള ആവശ്യങ്ങൾക്കല്ലാതെ പണം വായ്പ വാങ്ങിക്കേണ്ടാ; മുമ്പിൽ വാങ്ങിച്ചിട്ടുണ്ടായിരുന്നാൽ പാടുപോലെ വേഗം തീർപ്പാൻ ശ്രമിക്ക. ഉപവിയെക്കുറിച്ചല്ലാതെ പണം വായ്പ കൊടുക്കയും വേണ്ടാ. എത്രയും ദ്രവ്യമുള്ള കുടുംബം കടമില്ലാത്ത കുടുംബമാകുന്നു; എന്നാൽ കാരണവന്മാർക്കു വല്ല കുർബാനക്കട

ങ്ങളോ, ഉത്തരിപ്പാനുള്ള കടങ്ങളോ ഉണ്ടായിരുന്നാൽ അവയെ മഹാ താല്പര്യത്തോടുകൂടി തീർക്കുക. ഈ സംഗതി ആപത്തുള്ളതാകുന്നു. എന്തെന്നാൽ പലപ്പോഴും ഒരു കുടുംബത്തിൽ ദൈവശാപം വീഴുന്നത് ഈ സംഗതിയാലത്രെ.

5-ാമത്. ദ്രവ്യമുള്ള ഭാവവും അവസ്ഥയും കാട്ടേണ്ട. ഉള്ളഭാവം മുഴുവൻ കാട്ടുന്നവൻ അവസ്ഥയിൽ കുറഞ്ഞവനാകുന്നു. ദ്രവ്യസ്ഥന്റെ ഭാവം കാണിക്കുന്നവൻ വേഗത്തിൽ ഭിക്ഷതെണ്ടി നടക്കും. ഇങ്ങനെ ലോകത്തിൽ സംഭവിച്ചുവരുന്നു. ഒരിക്കൽ ദാവീദു രാജാവ് തന്റെ ശക്തിയിലും മഹിമയിലും ഇഷ്ടപ്പെട്ടു തന്റെ കീഴുള്ള ആളുകളെ എണ്ണുവാൻ കല്പിച്ചു. ഇതിനാൽ ദൈവശിക്ഷയായി ഉടനെ പകരുന്ന വ്യാധിയുണ്ടായി. (ശ്മൂയേൽ 24. അ)

6-ാമത്. ഒരോരോ അടിയന്തിരങ്ങൾ കഴിക്കുന്നതിൽ സ്വന്തം സ്വത്തിനും പ്രാപ്തിക്കും തക്കവണ്ണം ചട്ടമുള്ളതിൽ അധികം ആഘോഷവും ചിലവും ചെയ്യേണ്ടാ. അതെന്തെന്നാൽ എല്ലായ്പോഴും അതിൻവണ്ണം ചെയ്യാൻ പാടുണ്ടാകുമോ എന്നറിഞ്ഞുകൂടാ. എന്നാൽ തൽക്ഷണംകൊണ്ട് ആളിപ്പോകുന്നതും, ഒരു വലിയ വെട്ടത്തെ കാണിച്ചു ഉടൻ കെട്ടുപോകുന്നതുമായ ഒരു വൈയ്ക്കോൽ തുറുവിൻതീയേക്കാൾ നിലനിൽക്കുന്നതായി വെട്ടം കാട്ടുന്ന ഒരു ചെറിയ വിളക്കു ഏറ്റം നല്ലതാകുന്നു. ഒരു ദിവസം ദെമൊക്രെസ്തോസ് എന്ന കീർത്തികേട്ട ശാസ്ത്രിയോട് മനുഷ്യരിൽ ഏറ്റം മുഖ്യതയുള്ളവനാരെന്നു ചോദിച്ചതിന് ഉത്തരം പറഞ്ഞതായത് "ഏറ്റം കുറഞ്ഞഭാവം കാണിക്കുന്ന മനുഷ്യനത്രേ". ഒരു ദ്രവ്യസ്ഥൻ വിരുന്നുകൾ കല്യാണങ്ങൾ മുതലായ അഘോഷങ്ങൾ നടത്തിയതിനാൽ ദാരിദ്ര്യസ്ഥിതിയിൽ ആയി ദുഃഖിച്ചിരിക്കയിൽ, ഒരു ശാസ്ത്രി അവനെ കണ്ട് പറഞ്ഞതായത് "സഹോദരാ! നീ പകൽ വിളക്കു കത്തിക്കാതിരുന്നുവെങ്കിൽ രാവിൽ കത്തിക്കാമായിരുന്നു."

7-ാമത്. ശേഷംപേരുടെ വീടുകളിൽ സഞ്ചരിക്കയും ശേഷം പേരുടെ വർത്തമാനങ്ങൾ അന്വേഷിക്കയും വേണ്ടാ. എന്തുകൊണ്ടെന്നാൽ, സ്വന്തകാര്യങ്ങളെ നല്ലതിൻവണ്ണം വിചാരിക്കുമെങ്കിൽ കാര്യമില്ലാത്ത കാര്യങ്ങളിൽ ഉൾപ്പെടുവാൻ നേരമുണ്ടാകയില്ല.

8-ാമത്. ക്രമവും ദൈവപേടിയുമില്ലാത്ത തറവാടുകളോട് ബന്ധുത്വം പിടിക്കേണ്ടാ. എന്തുകൊണ്ടെന്നാൽ, ഒരു കുടുംബത്തിൽ, ഉപകാരവും സന്തോഷവും വരുന്നത് ദ്രവ്യസ്ഥന്മാരായുള്ള ബന്ധുക്ക

ളല്ല; പിന്നെയൊ ക്രമവും ദൈവപേടിയും ഉള്ള ബന്ധുക്കളത്രേ ആകുന്നു. എത്രയോ കുടുംബങ്ങൾ ദ്രവ്യസ്ഥന്മാരായുള്ള ബന്ധുക്കൾ കാരണമായിട്ടു കരകയും നശിക്കയും ചെയ്യുന്നു.

ഫ്രാൻസുരാജ്യത്തിൽ ഒരപ്പന് ഒരു മകൻ മാത്രമേ ഉണ്ടായിരുന്നുള്ളു. അവൻ തന്റെ മകനെക്കൊണ്ട് വലിയ തറവാട്ടുകാരിയായ ഒരു മാടമ്പിയുടെ മകളെ വിവാഹം കഴിപ്പിപ്പാൻ ഏറിയ പ്രയത്നം ചെയ്തു. ഒടുക്കം തറവാട്ടുവക വസ്തുക്കളൊക്കെയും മകനായിട്ടെഴുതിക്കൊടുക്കണം എന്നുള്ള ഉടമ്പടിയോടുകൂടെ ആഗ്രഹംപോലെ സാധിച്ച് കല്യാണം നടത്തുകയും ചെയ്തു. കുറെനാൾ കഴിഞ്ഞപ്പോൾ മണവാളനും മണവാട്ടിയുടെ കാരണവന്മാരും ഈയാളുടെ അവസ്ഥക്കുറവിനേക്കുറിച്ച് രസക്കേടായി വീട്ടിൽനിന്നു അയാളെ പുറപ്പെടുത്തി. അയാൾ തെണ്ടിനടന്ന്, മകന്റെ വീട്ടിൽ വിരുന്നുകളും അടിയന്തിരങ്ങളും കഴിക്കുമ്പോൾ വാതുക്കൽചെന്ന് ശേഷിപ്പുകളെ അപേക്ഷിക്കേണ്ടിവരികയും ചെയ്തു.

9-ാമത്. എല്ലാവക ആളുകളേയും നിന്റെ വീട്ടിൽ കയറ്റേണ്ട; പിന്നെയൊ നല്ല മര്യാദയും ദൈവപേടിയും ഉള്ളവരേ മാത്രം കൈക്കൊള്ളുക. നീ ആരോടുകൂടി ഇടയുന്നു എന്നു പറയുക, എന്നാൽ നീ ആരാകുന്നു എന്നു ഞാൻ പറയാം; എന്നത് പഴഞ്ചൊല്ലായിരിക്കുന്നു.

10-ാമത്. നിന്റെ വീട്ടിൽ ക്രമമല്ലാത്ത വർത്തമാനങ്ങളും ക്രിസ്ത്യാനികൾക്കു ചേരാത്ത വചനങ്ങളും ശേഷം പേരുടെ അറ്റകുറ്റങ്ങളെ പറവാനും പിറുപിറുപ്പാനും ചട്ടമില്ലായെന്നും, സംസാരത്തിനടുത്ത വീടല്ലായെന്നും എല്ലാവരും അറിവാൻ തക്കതിൻവണ്ണം കാട്ടുക. മറ്റൊരുത്തന്റെ ദോഷത്തിന്റെ വർത്തമാനം നിന്റെ വീട്ടിൽ പറയപ്പെടുമ്പോൾ ആ ദോഷത്തിനുള്ള ശിക്ഷ നിന്റെ വീട്ടിന്മേൽ വരികയും ചെയ്യും. ഒരാൾ തഴക്കമായിട്ടെന്നതുപോലെ എല്ലായ്പ്പോഴും ശേഷംപേരേക്കൊണ്ട് കുറ്റം പറകയും ഓരോരുത്തന്റെയും കുറച്ചിലുകൾ പറയുകയും ചെയ്തിരുന്നു. അവൻ ഭ്രാന്തു പിടിച്ചു ചുറ്റിത്തിരിഞ്ഞു നടന്നുനടന്ന് തന്നത്താൻ പല്ലുകൊണ്ടു നാവു കടിച്ചു തിന്നുകയും മുഴുവനും ചീഞ്ഞു പുഴുക്കൾ നിറഞ്ഞു നിർഭാഗ്യനായി മരിക്കയും ചെയ്തു.

11-ാമത്. പുത്തനായിട്ടു വസ്തുക്കളെ ഉണ്ടാക്കുന്നതിനേക്കാൾ ഉള്ള വസ്തുക്കളെ നന്നാക്കുവാൻ പ്രയാസപ്പെടുക. കുടുംബങ്ങളുടെ സമ്പത്ത് വസ്തുക്കളുടെ പെരുപ്പമല്ല. പിന്നയോ വസ്തുക്കളുടെ ഗുണമാകുന്നു. അദ്ധ്വാനശീലനായ ഒരു മനുഷ്യൻ കുറെ വസ്തുക്കൾ

കൊണ്ടുമാത്രം സംപൂർണ്ണനായി കഴിഞ്ഞുവന്നു. അപ്പോൾ ചില അസൂയാലുക്കൾ അവൻ നിക്ഷെപം എടുത്തൊളിച്ചുവച്ചിരിക്കുന്നു എന്നു അവന്റെ പേരിൽ സർക്കാരിൽ അന്യായം കൊടുത്തു. ഇതിനാൽ അവനുള്ള ദ്രവ്യം മുഴുവന്റെയും വിവരം ബോധിപ്പിക്കണമെന്നു രാജാവിന്റെ കല്പനയുണ്ടായി. എന്നാൽ അയാൾ സർക്കാരിൽ ചെന്ന് എന്റെ നിക്ഷേപം എന്റെ ചെറിയ പറമ്പാകുന്നു എന്നും അതിന്റെ മണ്ണ് എന്റെ നെറ്റിയിലെ വിയർപ്പുകൊണ്ടു നനയ്ക്കുന്നതിനാൽ അതു പൊന്നായിപ്പോകുന്നു എന്നും പറഞ്ഞ് ബഹുമാനത്തോടുകൂടി പിന്തിരികയും ചെയ്തു.

12-ാമത്. നിന്റെ അന്തസ്സിന്നു തക്കവണ്ണം വേലയെടുക്കുക. വേലയെടുക്കാതിരിക്കുന്നത് ബഹുമാനമുള്ള ആളുകളുടെ മുറയല്ലാ; പിന്നെയൊ വീടും കുടിയും സന്തതിയും ഇല്ലാത്തവരുടെ നടപ്പാകുന്നു. മടി സർവദുർഗുണങ്ങളുടേയും മാതാവാകുന്നു. പ്രത്യേകം മദ്യപാനത്തിന്റെ കാരണവുമാകുന്നു. മദ്യപാനം ലോകത്തിന്റെ മുമ്പാകെ എത്രയും അപമാനമുള്ളതും തമ്പുരാന്റെ തിരുമുമ്പിൽ എത്രയും ദോഷമുള്ളതും ആകുന്നു. കാത്തോൻ എന്ന റോമ്മാ നഗരിയുടെ അധികാരി റോമ്മായിൽ പാർപ്പാൻ മനസ്സുള്ളവർ ഒക്കെയും മുമ്പിനാൽ തന്നെ വേലയെടുക്കുന്നവരെന്നു കാണിപ്പാൻ വേണ്ടി കൈത്തഴമ്പു കാട്ടണമെന്നു പ്രമാണം വച്ചതല്ലാതെ, ദ്രവ്യസ്ഥന്മാരും മാടമ്പികളും അവരവരുടെ അന്തസ്സിന്നു തക്കവണ്ണം വേലയെടുക്കുന്ന ആയുധങ്ങൾ പിടിച്ചല്ലാതെ, പുറത്തു നടന്നുകൂടാ എന്നു ശക്തിയായി കല്പിക്കയും ചെയ്തു.

13-ാമത്. കച്ചവടജോലി ആത്മത്തിന്നു മാത്രമല്ല, ധനത്തിനും, എത്രയും ആപത്തുള്ളതാകുന്നു. മറ്റൊരു വ്യാപാരംകൊണ്ട് കഴിപ്പാൻ പാടില്ലെങ്കിൽ കച്ചവടം ചെയ്യുന്നതിനു മുടക്കില്ലാ. എന്നാൽ മഹാ സൂക്ഷത്തോടും നീതിയോടുംകൂടേ ചെയ്യേണ്ടതാകുന്നു. നീതി കുറവായിട്ടുള്ള യാതൊരു കച്ചവടക്കാരനും ഒരിക്കലും ഒരു നിലയായി നിന്നു പ്രകാശിച്ചിട്ടില്ലാ. സൂത്രംകൊണ്ടും കളവുകൊണ്ടും ഉണ്ടാക്കപ്പെട്ട ദ്രവ്യം മഞ്ഞുപോലെ വേഗമലിഞ്ഞുപോകും.

രണ്ടു കച്ചവടക്കാർ ഉണ്ടായിരുന്നു. ഇവർ പല പല കൗശലങ്ങളും സൂത്രങ്ങളും പ്രയോഗിച്ചിട്ടും കച്ചവടം മോശമായി ദ്രവ്യം വർദ്ധിക്കാതെയിരുന്നു. ഒരു ദിവസം രണ്ടുപേരും പാപസങ്കീർത്തനം കഴിപ്പാൻ ചെന്നു; ഈ കാര്യം കുമ്പസാരക്കാരനെ ബോധിപ്പിച്ചു. പട്ടക്കാരൻ

ഇനി നിങ്ങൾ ഒരു സൂത്രവും ചെയ്യേണ്ടാ, ഒരു നുണയും പറയേണ്ടാ എന്നു ഗുണദോഷിച്ചു. ആയതിൻവണ്ണം ചെയ്തപ്പോൾ അവർ ഒരുവർഷംകൊണ്ട് ദൈവസഹായത്താൽ മഹാ ദ്രവ്യസ്ഥന്മാരായിത്തീരുകയും ചെയ്തു. അന്യന്മാർക്കു വല്ല ഉപകാരം ചെയ്യാത്ത ദിവസം നിന്റെ ആയുസ്സിന്റെ ദിവസങ്ങളുടെ കണക്കിൽ കൂട്ടുന്നതല്ല. ശേഷംപേർ നിന്നെ ഭയപ്പെടണം എന്നതിനേക്കാൾ നിന്നെ സ്നേഹിക്കണം എന്നു ആഗ്രഹിക്ക. ഭിക്ഷക്കാർ വെറും കൈയോടുകൂടി നിന്റെ വീട്ടിൽനിന്നു പോകുവാൻ നീ സമ്മതിക്കേണ്ടാ. പാടുള്ളപ്പോഴൊക്കെയും അല്പമെങ്കിലും ദാനധർമ്മം കൊടുക്കാതെ ഇരിക്കേണ്ടാ.

14-ാമത്. മനുഷ്യർ പരസ്പരം ഉപകാരം ചെയ്യുന്നത് സ്രഷ്ടാവിനാൽ കല്പിക്കപ്പെട്ട ഒരു പ്രമാണമാകുന്നു എന്ന് ബോധിച്ച് ഒരു മനുഷ്യൻ ദിവസംതോറും ഒരുത്തനെങ്കിലും ഉപകാരം ചെയ്തു കൊണ്ടുവന്നു. ഒരു ദിവസം അവൻ അത്താഴത്തിനിരുന്നപ്പോൾ അന്നു ഒരുത്തർക്കും ഉപകാരം ചെയ്തില്ലെന്ന് ഓർത്ത് എഴുന്നേറ്റു ആയത് കഴിച്ചതിൽ പിന്നെ മാത്രമേ അത്താഴം കഴിച്ചൊള്ളൂ.

15-ാമത്. അതിധാരാളത്വവും ലുബ്ധും രണ്ടും തിന്മയാകുന്നു. ലുബ്ധന്റെ വസ്തുക്കൾ പുഴുക്കൾ തിന്നും. ധാരാളിയുടെ സന്തോഷം പുകപോലെ കടന്നുപോകും. ഒരു ദിക്കിൽ ഒരു മനുഷ്യനുണ്ടായിരുന്നു. ഈ ആൾ അവസ്ഥപോലെയും ദിഷ്ടതിപോലെയും ലുബ്ധ് വിചാരിക്കാതെ വീട്ടുചിലവു കഴിക്കയും ദാനധർമ്മം കൊടുക്കയും ചെയ്തു വന്നു. കാലക്രമംകൊണ്ട് ദ്രവ്യം വർദ്ധിക്കയിൽ ധർമ്മം മുടക്കി പണം കൂട്ടുവാൻ തുടങ്ങി. ഇങ്ങനെയിരിക്കെ ഈയാളിന്റെ കാലിന്മേൽ ഒരു വ്രണമുണ്ടായി ചീഞ്ഞാറെ പല വൈദ്യന്മാരെ വരുത്തി; ചികിത്സക്കായി വളരെ പണം ചിലവഴിച്ചു. അപ്പോൾ ഒരു മാലാഖാ അവനു കാണപ്പെട്ടു പറഞ്ഞതായത്: ധർമ്മം ചെയ്യാതെ പണം കൂട്ടുന്നവർക്ക് ഇങ്ങനെ പണം ചിലവഴിപ്പാൻ സംഗതിവരുമെന്ന് നീ അറിഞ്ഞു കൊള്ളണം.

16-ാമത്. നിനക്കു സ്നേഹിതന്മാർ അധികം വേണ്ട; പിന്നയോ ആയിരംപേരിൽനിന്നു സൂക്ഷിച്ചു ഒരുത്തനെ തിരഞ്ഞെടുക്കുക. തമ്പുരാനെ സ്നേഹിക്കാത്തവൻ സത്യമായി നിന്നെയും സ്നേഹിക്കയില്ല. ദാവീദും, യോനാഥനും തമ്മിൽ സ്നേഹിച്ചിരുന്നു. അവർ ഒരു മനസ്സുള്ളവരായി തമ്മിൽത്തമ്മിൽ പട്ടാങ്ങയായിട്ടു സ്നേഹിച്ചു. ഒടുക്കംവരെയും അവർ തമ്മിൽ പട്ടാങ്ങയായി സ്നേഹിക്കയും സഹായിക്കയും ചെയ്തു. അവരുടെ ഈ സ്നേഹം അല്പ കാരണങ്ങളാൽ

കുറഞ്ഞുപോകാതെ ആപത്തുകളിലും ദിഷ്ടതികളിലും വർദ്ധിച്ചു വരികയും ചെയ്തു.

17-ാമത്. കട്ടവസ്തു ഒരു നാഴികനേരത്തേക്കെങ്കിലും നിന്റെ വീട്ടിൽവച്ചു സൂക്ഷിപ്പാൻ നീ സമ്മതിക്കേണ്ടാ. കട്ട വസ്തു ഇരിക്കുന്ന വീട് കത്തിപ്പോകുമെന്ന് റൂഹാദക്കുദശാ തമ്പുരാൻ അരുളിച്ചെയ്തിരിക്കുന്നു. അന്യവസ്തു കട്ടവരോടുകൂടെ നീ ഇടയേണ്ടാ. എന്തെന്നാൽ, നാളെ നിന്റെ വസ്തുക്കൾ കക്കുവാൻ അവർ മടിക്കയില്ലാ നിശ്ചയം. ഇതല്ലാതെ അവരുടെ പാപത്തിനും നീ പങ്കുകാരനാകും.

ഒരു ദിക്കിൽ അന്യവസ്തുക്കൾ അന്യായമായി അപഹരിച്ച് ദ്രവ്യസ്ഥനായിത്തീർന്ന ഒരു ഗൃഹസ്ഥനുണ്ടായിരുന്നു. അവൻ ദീനമായി മരിക്കാറായപ്പോൾ ഭാഗം ചെയ്വാൻവേണ്ടി എന്നപോലെ രായസക്കാരനെ വിളിച്ചുവരുത്തി ഇപ്രകാരം എഴുതുവാൻ പറഞ്ഞു: എന്റെ ആത്മാവിനെ പിശാചിനു ഞാൻ കൊടുക്കുന്നു. ഇതു കേട്ടപ്പോൾ മക്കൾ അപ്പാ! അപ്പാ! എന്നു പറയുന്നു. അപ്പൻ മന്ദം പറയുന്നോ? എന്നു ചോദിച്ചു. അപ്പോൾ ദീനക്കാരൻ ഇല്ലാ ഇല്ലാ, മക്കളേ എനിക്ക് നല്ല ബോധമുണ്ട്. ഞാൻ പറയുന്നതു എഴുതട്ടെ. എന്റെ ആത്മത്തേയും അന്യരുടെ വസ്തുക്കളെ അപഹരിപ്പാൻ എന്നെ ഉത്സാഹിപ്പിച്ച എന്റെ ഭാര്യയുടെ ആത്മത്തേയും പിശാചിനു കൊടുക്കുന്നു. എന്റെ മക്കളായ നിങ്ങളുടെ ആത്മാക്കളേയും ഞാൻ പിശാചിനു ഏല്പിക്കുന്നു. എന്തെന്നാൽ ഞാൻ നിങ്ങൾക്കുവേണ്ടിയാകുന്നു അന്യന്മാരുടെ വസ്തുക്കളെ അപഹരിച്ചത് എന്നുപറഞ്ഞു നിർഭാഗ്യമായി അന്ത്യശ്വാസം വിടുകയും ചെയ്തു.

18-ാമത്. വേലക്കാർക്ക് ന്യായമുള്ള കൂലി കൊടുക്കാതിരിക്കയോ താമസിപ്പിക്കയൊ ചെയ്യരുത്. എന്തെന്നാൽ ഇത് ദൈവത്തിൻ പക്കൽ നിലവിളിക്കുന്ന പാപം ആകുന്നു. പാവപ്പെട്ടവരെ നിന്ദിക്കേണ്ടാ; അവരെ ബുദ്ധിമുട്ടിക്കയും വേണ്ടാ; എന്തെന്നാൽ ദൈവം അവരുടെ കണ്ണുനീർ കണ്ടാൽ നിശ്ചയമായി നിന്നോടു പകരം ചോദിക്കും.

ലോവൈൻ എന്ന നഗരത്തിൽ സംഭവിച്ച ഒരു വർത്തമാനമായത്. ഈ നഗരിയിൽ ഒരു ഗൃഹസ്ഥൻ ഉണ്ടായിരുന്നു. ഈ ആളുടെ വകയായ ഒരു പുരയിൽ ദരിദ്രയായ ഒരു വിധവയും അവളുടെ മൂന്നുനാലു കുഞ്ഞുങ്ങളും പാർത്തിരുന്നു. ഇയാൾ പല പ്രകാരത്തിൽ അവരെ

നിന്ദിക്കയും, സങ്കടപ്പെടുത്തുകയും ചെയ്തുവരികയിൽ, ഒരു ദിവസം ഈ സ്ത്രീ സങ്കടത്തെപ്രതി മുട്ടുകുത്തി, കർത്താവേ! ഈ സങ്കടത്തിൽ നിന്നും അന്യായത്തിൽനിന്നും എന്നെ രക്ഷിക്കണമെ എന്ന് അപേക്ഷിച്ചു. തൽക്ഷണം ആ ദ്രവ്യസ്ഥൻ നിന്ന നിലയിൽ സ്തംഭിച്ചു വീണ് മരിച്ചുപോകയും ചെയ്തു.

ഒരു കുടുംബത്തിന്റെ പ്രധാന സമ്പത്ത് ദൈവപേടിയും ഭക്തിയും തന്നെ. ദൈവപേടിയുള്ള തറവാട് ഈ ലോകത്തിലും പരലോകത്തിലും ദൈവവാഴുവിൻ ഫലം അനുഭവിക്കയും ചെയ്യും. ദൂഷണങ്ങളും ദുർവ്വാക്കുകളും കാർമ്മേഘംപോലെ നല്ല കുടുംബത്തിന്റെ വെളിവിനെ ഇരുട്ടാക്കുകയും ചെയ്യും. കഴിയുന്നതായാൽ ദിവസംതോറും കുർബാന കാണുക. എന്നാൽ ഇതു പ്രയാസമെങ്കിൽ തിങ്കളാഴ്ച മരിച്ച ആത്മാക്കൾക്കുവേണ്ടിയും വെള്ളിയാഴ്ച പങ്കപ്പാടിന്റെ ഭക്തിക്കായിട്ടും, ശനിയാഴ്ച ദൈവമാതാവിന്റെ വ്യാകുലത്തിന്റെ ഭക്തിക്കായിട്ടും കുർബാന കാണുക. എന്നാൽ ഒരു വീട്ടിൽനിന്ന് എല്ലാവരും പോയി കുർബാന കാൺമാൻ പാടില്ലാത്ത പക്ഷം ഓരോ ദിവസം ഒന്നോ രണ്ടോ ആളുകളെങ്കിലും മാറിമാറിപ്പോയി കുർബാന കാണേണ്ടതാകുന്നു. മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും പാപസങ്കീർത്തനം ചെയ്ത് വിശുദ്ധ കുർബാന ഉൾക്കൊൾക. പ്രധാന തിരുനാളുകളുടെ നവനാൾ ജപങ്ങളും, പ്രത്യേകം ദൈവമാതാവിന്റെ തിരുനാളുകൾക്കു മുമ്പായുള്ള അപേക്ഷകളും, ദൈവമാതാവിന്റെയും മാർ യൗസേപ്പു പിതാവിന്റെയും വണക്കമാസങ്ങളും പള്ളിയിൽ പോയി കഴിപ്പാൻ പാടില്ലെങ്കിൽ വീട്ടിൽ വച്ചെങ്കിലും നടത്തുക.

19-ാമത്. ഇരിപ്പിലും നടപ്പിലും കിടപ്പിലും കളിയിലും വിരക്തി അഥവാ അടക്കമെന്ന പുണ്യം മഹാ സൂക്ഷത്തോടുകൂടെ അനുസരിക്ക. അടക്കമില്ലായ്മ ദൈവതിരുമുമ്പിലും ഇഹലോകത്തിലും വലിയ അപമാനമുള്ളതാകുന്നു. ആൺപൈതങ്ങൾ വസ്ത്രമില്ലാതെയും പെൺപൈതങ്ങൾ ചട്ടയിടാതെയും നടക്കുന്നതിനാലും അവർ തമ്മിൽ തമ്മിൽ ശരീരത്തെ തൊടുന്നതിനാലും, ഇതിനെ കാരണവന്മാർ മുടക്കാത്തതിനാലും എത്രയോ ആത്മാക്കൾ നരകത്തിൽ വിഴുന്നുണ്ടെന്നു വിധിദിവസത്തിൽ അറിയാം.

ഫ്രാൻസു രാജ്യത്തിൽ വിരക്തനായി ജീവിച്ചുവന്ന ഒരു പൈതൽ തന്നത്താൻ ഇരിക്കുമ്പോൾ കൂടെയും ദേഹം മുഴുവനും അത്രയുമല്ല

കൈകൾ കൂടെയും മറച്ചുകൊണ്ടു നടക്ക പതിവായിരുന്നു. ഈ കുട്ടി, ഒരിക്കൽ നരകത്തിൽ ഉടുപ്പുകൂടാതെ കിടക്കേണ്ടിവരും എന്നു കേട്ട പ്പോൾ അധികമായി ഭയപ്പെട്ടു കരഞ്ഞു. അപ്പഴൊ ഈ കുട്ടി അടക്ക ത്തെ എത്ര വിലമതിച്ചു എന്നു സൂക്ഷിപ്പിൻ.

20-ാമത്. എല്ലാ ഞെരുക്കങ്ങളിലും ദീനങ്ങളിലും ദൈവതിരുമന സ്സിന് നിന്നെത്തന്നെ കയ്യാളിക്ക. സന്തോഷത്തിൽ മാത്രം ക്ഷമയായി രിക്കുന്ന ആൾ നന്നാ ശക്തിയില്ലാത്ത ആളാകുന്നു. ഒരു ഭക്തൻ പറ ഞ്ഞുവന്നതായത്, ഈ ലോകത്തിൽ സർവ്വതും എന്റെ മനസ്സുപോലെ നടക്കുന്നു. എന്തെന്നാൽ ദൈവം തിരുമനസ്സാകുന്നതൊക്കെയും ഞാ നും മനസ്സാകുന്നു.

അംബ്രോസീസ് പുണ്യവാൻ ഒരിക്കൽ ഒരു വീട്ടിൽ പ്രവേശിച്ച് അവിടെ ഒരിക്കലും ദീനവും ദുഃഖവും സങ്കടവും ഉണ്ടായിട്ടില്ലായെന്നു കേട്ടപ്പോൾ പറഞ്ഞതായത്, നമുക്ക് ഈ വീട്ടിൽ നിന്ന് ഉടനെ ഇറ ങ്ങാം. എന്തെന്നാൽ ഈ വീട്ടിൽ താമസിയാതെ ദൈവശിക്ഷയുണ്ടാ കും എന്നു പറഞ്ഞ് അതിൽ നിന്നു പുറപ്പെട്ടു. ഉടനെ ആ വീട് ഇടിഞ്ഞു പൊളിഞ്ഞു വീഴുകയും എല്ലാവരും ചാകുകയും ചെയ്തു. എന്തെന്നാൽ ശിക്ഷ ഇഷ്ടത്തിന്റെ അടയാളമാകുന്നു.

21-ാമത്. കാവ്യരുടെ ശാസ്ത്രപുസ്തകങ്ങൾ അജ്ഞതയും അറി വില്ലായ്മയും പഠിപ്പിക്കുന്നതാകുന്നു. ഇപ്രകാരമുള്ള പുസ്തകങ്ങളും ചിറ്റിമ്പപ്പാട്ടുകൾ അടങ്ങിയ പുസ്തകങ്ങളും ഇടത്തൂട്ടുകാരുടെ പുസ് തകങ്ങളും വീട്ടിൽ വച്ചു സൂക്ഷിക്കുന്നത് വൈക്കോലിൽ തീ ഒളിച്ചു വെക്കുന്നതിന്നു സമമാകുന്നു. ഭക്തിയെ വർദ്ധിപ്പിക്കുന്ന ജ്ഞാനപു സ്തകങ്ങളും തത്വശാസ്ത്രപുസ്തകങ്ങളും മക്കൾക്കു സമ്പാദിച്ചുവെ ക്കേണ്ട നിക്ഷേപങ്ങളാകുന്നു. ഇപ്രകാരമുള്ള പുസ്തകങ്ങളെ ശക്തി പോലെ വാങ്ങിച്ചു ശേഖരിക്ക.

ഒരു ഭിക്ഷക്കാരൻ വായന അറിഞ്ഞുകൂടാത്തവൻ ആയിരുന്നു; എങ്കിലും യാചിച്ച് കിട്ടിയ പണംകൊണ്ടു പുസ്തകങ്ങൾ വാങ്ങി വായന അറിയാവുന്നവരെക്കൊണ്ട് വായിപ്പിച്ചുകേട്ട്, അതിനൊത്തവണ്ണം നട ക്കയും പുണ്യത്തിന്റ മാതൃക ശേഷംപേർക്കു കാണിച്ചുകൊടുക്കയും ചെയ്തുവന്നു.

22-ാമത്. കടമുള്ള ദിവസങ്ങളിൽ കുർബാന കണ്ടതുകൊണ്ടു മതി യാകാതെ ദിവസത്തിന്റെ വലിയ പങ്കും പ്രസംഗം കേൾക്ക, നല്ല പുസ്

തകങ്ങൾ വായിക്ക മുതലായ സൽക്കർമ്മങ്ങളിലും രോഗികളെ പ്രത്യേകം സാധുക്കളായ ദീനക്കാരെ ചെന്നുകണ്ട് അവർക്ക് ശുശ്രൂഷ ചെയ്യുന്നതിലും ചിലവഴിക്ക.

23-ാമത്. വേലയ്ക്കും ശുശ്രൂഷയ്ക്കും നിറുത്തുന്ന ആളുകൾ പ്രത്യേകമായി ദൈവപേടിയുള്ളവരായിരിക്കണം. അവരുടെ സംഖ്യയും പാടുപോലെ ചുരുങ്ങിയതായിരിക്കയും വേണം. എത്രയോ വീടുകളിൽ വാലിഭക്കാർ മൂലമായി പിശാച്, അവന്റെ ഇഷ്ടംപോലെ കാര്യങ്ങൾ നടത്തുന്നു. എന്നാൽ യജമാനന്മാർക്ക് തങ്ങളുടെ ശുശ്രൂഷികളുടെ വ്യാപാരം സൂക്ഷിപ്പാനും അവരുടെ ആത്മകാര്യങ്ങളെ നടത്തിപ്പാനും കടമുണ്ടെന്നറിഞ്ഞുകൊള്ളണം.

24-ാമത്. ഉറങ്ങാൻ കൃത്യസമയത്ത് കിടക്കുന്നതിനും രാവിലെ കൃത്യസമയത്ത് ഉണരുവാനും ശ്രദ്ധിക്കുക. ഈ ക്രമം സൂക്ഷമായിട്ടു കാക്കുക. ആറു മണിക്കെങ്കിലും എല്ലാവരും എഴുന്നേറ്റ്, ഉടനെ ഉഷ: കാലജപം ചൊല്ലുക. പിന്നെ പാടുള്ളവരെല്ലാവരും കുർബാന കാണുക. എട്ടുമണിക്ക് കഞ്ഞികുടിക്ക; പന്ത്രണ്ടുമണിക്ക് ഉച്ചഭക്ഷണം കഴിക്ക; വൈകിട്ടു ത്രികാലജപം കഴിഞ്ഞാലുടൻ കൂട്ടമായിട്ടു പ്രാർത്ഥന തുടങ്ങി, അത് കഴിഞ്ഞശേഷം ഉടനെ അരമണിക്കൂർ ധ്യാനിക്ക; ഇത് നല്ല പുസ്തകം വായിച്ചുകേട്ട് അതിന്മേൽ ചിന്തിച്ചുകൊണ്ടു കഴിക്കാം. ഈ പുണ്യപ്രവൃത്തിയുടെ നേരം വരുമ്പോൾ എപ്രകാരമുള്ള പ്രധാനികളോ ലോകമനുഷ്യരോ ഉണ്ടായിരുന്നാലും നീ അതു നോക്കണ്ടാ, എന്തുകൊണ്ടെന്നാൽ അവർ തങ്ങളുടെ പക്കലേക്കും ദൈവം തന്റെ പക്കലേക്കും നിന്നെ വിളിക്കും എന്നാൽ നീ ആരുടെ പക്കൽ ചെല്ലുമെന്നു ദൈവം നോക്കും. ആകയാൽ നീ ഈ പുണ്യപ്രവൃത്തിയെ ഒന്നുകൊണ്ടും മുടക്കേണ്ട, അവർക്ക് നിന്റെ പ്രവൃത്തി ഒരു സന്മാതൃകയായിരിക്കും. എന്നാൽ അവർ നിന്നെ പരിഹസിച്ചാൽ അത് നിനക്കു ഭാഗ്യമായിരിക്കയും ചെയ്യും. എട്ടുമണിക്കു അത്താഴം കഴിഞ്ഞശേഷം ആത്മശോധനയും ശയനാരാധനയും കഴിച്ച് ഉറങ്ങുക. കുടുംബത്തലവൻ ഈ ക്രമം സൂക്ഷമായി കാക്കുന്നതിൽ ജാഗ്രതയുള്ളവനായിരിക്കണം. വിശേഷിച്ച് ഞായറാഴ്ചതോറും മാസം ഒന്നാം തീയതിതോറും വീട്ടിലുള്ള എല്ലാവരുടെയും മുമ്പാകെ ഈ കുടുംബക്രമം വായിക്കയും വേണം.

# മക്കളുടെ വളർത്തൽ

1-ാമത്. കാരണവന്മാരേ, നിങ്ങളുടെ മക്കളെ വളർത്തുന്ന കാര്യം നിങ്ങളുടെ എത്രയും പ്രധാനപ്പെട്ട കാര്യവും കടമയും ആകുന്നു എന്നു നന്നായി അറിഞ്ഞുകൊൾക. മക്കൾ; സർവ്വേശ്വരൻ തമ്പുരാൻ സൂക്ഷിപ്പിനായിട്ടു നിങ്ങളുടെ കയ്യിൽ ഏല്പിച്ചിരിക്കുന്ന ഒരു നിക്ഷേപമാകുന്നു. തന്റെ തിരുച്ചോരകൊണ്ട് ശുദ്ധീകരിക്കുന്നതിനും തന്റെ ശുശ്രൂഷികളാകുന്നതിനും വിധിദിവസങ്ങളിൽ തിര്യെ ഏല്പിക്കുന്നതിനുമായിട്ട് ഈശോമ്ശിഹാ നിങ്ങളുടെ കയ്യിൽ ഏല്പിച്ചിരിക്കുന്ന ആത്മാക്കൾ ഇവരാകുന്നു എന്ന്, നന്നായി അറിഞ്ഞു കൊൾവിൻ. തങ്ങളുടെ കുറ്റംനിമിത്തം തങ്ങളുടെ മക്കളിൽ ഒന്നു നരകത്തിൽ നശിച്ചുപോകുമെങ്കിൽ, ഇത് കാരണവന്മാർ രക്ഷപെടുന്നതിന് എത്രയോ തടവായിരിക്കുന്ന! കാരണവന്മാർ തങ്ങളുടെ മക്കൾ കാരണമായിട്ട്, നരകത്തിൽ നശിച്ചുപോയാൽ മക്കൾ ചെയ്യുന്നതൊക്കെയും വിധിദിവസത്തിൽ കാരണവന്മാരോടു ചോദിക്കുമെന്നും ഒറീജെനോസെന്ന മഹാശാസ്ത്രി എഴുതിയിരിക്കുന്നു. എന്നാൽ നിങ്ങളുടെ വാർദ്ധക്യത്തിൽ നിങ്ങളെ രക്ഷിപ്പാനും സന്ധിപ്പാനും തക്ക നല്ല മക്കൾ നിങ്ങൾക്കുണ്ടാകണമെങ്കിൽ അവരെ ചെറുപ്രായത്തിൽ നല്ല ക്രിസ്ത്യാനികളാക്കുവിൻ. ഈ പ്രായത്തിൽ അവർ തമ്പുരാനെ സ്നേഹിക്കയും പേടിക്കയും ഇല്ലെങ്കിൽ, പിന്നെ അവർ അവരുടെ കാരണവന്മാരേയും പേടിക്കയും ബഹുമാനിക്കയും ചെയ്കയില്ല. മാതാപിതാക്കന്മാർ തങ്ങളുടെ കുഞ്ഞുങ്ങളെ കൂടെക്കൂടെ തമ്പുരാനു കാഴ്ചവെക്കയും, അവരെ ഈശോ മറിയം യൌസ്സേപ്പിന്റെ മാദ്ധ്യസ്ഥത്തിൽ ഏല്പിക്കയും അവർക്കുവേണ്ടി കൂടെക്കൂടെ അപേക്ഷിക്കയും ചെയ്യണം. അമ്മയുടെ അപേക്ഷ ഉണ്ണിയുടെ അപേക്ഷപോലെ ദൈവം കൈക്കൊള്ളും.

2-ാമത്. അവർക്ക് അല്പം ദൃഢത ഉണ്ടാകുമ്പോൾതന്നെ ഭക്തിയോടുകൂടെ ഈശോ മറിയം യൗസേപ്പെന്ന തിരുനാമങ്ങളെ ചൊല്ലുവാൻ അവരെ പഠിപ്പിക്ക; അവരുടെ സ്വരൂപങ്ങൾ കുഞ്ഞുങ്ങളെ കാണിക്കയും മുത്തിക്കയും ചെയ്തുകൊണ്ടു അവരെ വണങ്ങുവാനും, സ്നേഹിപ്പാനും പഠിപ്പിക്ക. അവർ പറവാൻ തുടങ്ങുമ്പോൾ ആകാശങ്ങളിലിരിക്കുന്നതും, നന്മനിറഞ്ഞ മറിയം, ത്രികാലജപം മുതലായ ചെറിയ ജപങ്ങളെ പഠിപ്പിക്ക. ശരീരത്തിനടുത്ത യാവന അവർക്ക്

കൊടുക്കുന്നതിനോടുകൂടെ ആത്മത്തിനടുത്ത യാവനയായ ഇവക ളേയും അവർക്കു കൊടുക്കുന്നത് എത്രയോ നല്ലതായിരിക്കുന്നു.

3-ാമത്. കൊച്ചുകുഞ്ഞുങ്ങളെ ഉടുപ്പുകൂടാതെ വീട്ടിനകത്തു കൂടെയും നടത്തരുത്. അവർക്കു മനസിലാകുന്നില്ലാ എന്നുവച്ച് ക്രമമല്ലാത്ത വചനങ്ങളും ദൂഷണങ്ങളും അവരുടെ മുമ്പാകെ പറയ രുത്. സത്യവേദനാടുകളിൽ തള്ളമാർ ഗർഭംധരിച്ചു പ്രസവിക്കുന്നു എന്നുള്ള വിവരംകൂടെയും പൈതങ്ങളെ അറിയിക്കുന്നില്ല. തമ്പുരാൻ ഉണ്ണിയെ ആകാശത്തിൽനിന്നു മഴയോടുകൂടി ഇറക്കി, അല്ലെങ്കിൽ കിണറ്റിൽനിന്നു കിട്ടി എന്നത്രെ മറ്റു കുഞ്ഞുങ്ങളോട് അറിയിക്കുന്നത്.

4-ാമത്. കാരണവന്മാരുടെ നേരെയുള്ള വണക്കാചാരങ്ങളെക്കു റിച്ചു അച്ചനമ്മമാരുടെ മുറിയിൽ മക്കളെ കിടത്തരുത്. ആൺപൈതങ്ങ ളും പെൺപൈതങ്ങളും ഒരുമിച്ചു ഒരു മുറിയിൽ കിടക്കുന്നതിനും അനുവദിക്കരുത്. സ്വഭാവത്തിൽ അവർക്ക് അറിയാത്തത് പിശാചു അവരെ പഠിപ്പിക്കും.

5-ാമത്. പൈതൽപ്രായത്തിൽ കാരണവന്മാരുടെ കാഴ്ചയിൽ നിന്ന കന്ന് കൂട്ടുകാരോടുകൂടെ പൈതങ്ങൾ പുറത്തു കളിപ്പാൻ പോകാൻ അനുവദിക്കരുത്. അവരെ സൂക്ഷിക്കാത്ത ശുശ്രൂഷക്കാരെ വിശ്വസി ക്കേണ്ടാ; മിക്കപ്പോഴും പൈതങ്ങളെ മോശമാക്കുന്നത് ഇപ്രകാരമുള്ളവ രാകുന്നു.

6-ാമത്. തിരിച്ചറിവുണ്ടായാലുടൻ പൈതങ്ങളെ പള്ളിക്കൂടത്തിൽ അയയ്ക്കണം. ഇതും പോരാ, അവർ പഠിക്കുന്നുണ്ടോ എന്നും, അവർ എങ്ങനെയുള്ള കൂട്ടുകൂടി നടക്കുന്നു എന്നും അന്വേഷിക്കണം. ഞായറാഴ്ചതോറും അവർ പഠിച്ചതിനെ പരിശോധിക്കണം.

7-ാമത്. കുട്ടികളെ സംബന്ധക്കാരുടെ വീടുകളിൽ താമസിപ്പി ക്കരുത്; എന്തെന്നാൽ പലപ്പോഴും അവർ മാലാഖമാരായി പോകു കയും, പിശാചുക്കളായി പിന്തിരികയും ചെയ്യുന്നു.

8-ാമത്. ഏഴു വയസ്സു തികയുമ്പോൾ കുമ്പസാരിപ്പാൻ അറിയേണ്ട തൊക്കയും അവരെ പഠിപ്പിച്ചു കുമ്പസാരിപ്പിക്കണം. പ്രത്യേകമായിട്ടു ദൈവമാതാവിന്റെമേൽ ഭക്തിയായിരിപ്പാനും അവരെ പഠിപ്പിക്കണം.

9-ാമത്. മക്കളോടു അധിക കടുപ്പവും അധിക അനുഗ്രഹവും രണ്ടും തിന്മയാകുന്നു. അതിവാത്സല്യം നിഗളവും അധികകോപവും ശിക്ഷയും ശരണക്കേടും നാണമില്ലായ്കയും ബുദ്ധിമടുപ്പും അവർക്കു

വരുത്തും. അവരെ തല്ലുന്നതിന്നു മുമ്പിൽ വിവേകമുള്ള മഹിമയോടു കൂടി അവരെ കുറ്റപ്പെടുത്തുകയും ഭക്ഷണം കുറയ്ക്കുകയും ചില പ്പോൾ മുട്ടിന്മേൽ നിറുത്തുകയും ചെയ്യാം. മക്കളെ കുറ്റപ്പെടുത്തുന്ന തിൽ ദൂഷണങ്ങൾ പറകയും മറ്റും ചെയ്യുന്നത് അവരെ നന്നാക്കുക യല്ലാ പിന്നയോ പ്രാപ്തിയാകുമ്പോൾ അവരും തങ്ങളുടെ മക്കളോടു ഇപ്രകാരം ചെയ്യാൻ പഠിപ്പിക്കയത്രെ. അമ്മ കാണിച്ചുകൊടുത്തു കൊണ്ടു അപ്പനെ ബഹുമാനിപ്പാനും ആചരിപ്പാനും പഠിപ്പിക്കണം. അപ്പനും അതിൻവണ്ണംതന്നെ അമ്മയെ ബഹുമാനിപ്പാനും സ്നേഹി പ്പാനും പഠിപ്പിക്കണം. കാരണവന്മാർ തമ്മിൽത്തമ്മിൽ ആചാരവും സ്നേഹവും ബഹുമാനവും കാണിക്കയില്ലായെങ്കിൽ മക്കളും അവരെ ബഹുമാനിക്കയില്ല.

10-ാമത്. ചെറുപ്പത്തിൽതന്നെ ലോകനടപ്പെന്നു പറഞ്ഞു കൊണ്ടു നുണയും സൂത്രങ്ങളും തട്ടിപ്പും ചതിവും അവരെ അഭ്യസിപ്പിക്കേണ്ട. വല്ല തെറ്റും അവരിൽ കണ്ടാൽ ഉടനെ അവരെ കുറ്റപ്പെടുത്തുക, ശാസിക്ക; പരമാർത്ഥവും നീതിയും സ്നേഹിപ്പാൻ അവരെ പഠിപ്പിക്ക.

11-ാമത്. വൈകിട്ടു കുരിശുമണി അടിക്കുമ്പോൾ മക്കളെല്ലാവരും വീട്ടിലുണ്ടായിരിപ്പാനും, നമസ്ക്കാരം കഴിഞ്ഞാലുടൻ അവർ സ്തുതിചൊല്ലി അപ്പന്റെയും അമ്മയുടെയും കൈമുത്തുവാനും അവരെ ശീലിപ്പിക്കണം.

പന്ത്രണ്ടു വയസ്സു തികഞ്ഞാൽ ആ പ്രായം ഏറ്റം സൂക്ഷിക്കേണ്ട താകയാൽ പൈതങ്ങളെ കാരണവന്മാർ ചാത്തം, പെരുന്നാൾ, വിരുന്ന്, കല്യാണം മുതലായ ആഘോഷങ്ങൾക്കു പുറമെ വിടാതെ അവരെ വീട്ടിൽ താമസിപ്പിച്ചു അവരുടെ പ്രായത്തിനടുത്ത തൊഴിലിൽ അവരെ അഭ്യസിപ്പിക്കണം; എന്നാൽ പെൺപൈതങ്ങളെ പെരുന്നാൾ ആഘോ ഷത്തിനും, തോഴ്മക്കും മറ്റുമായ ചമയിക്കുന്നതും അയക്കുന്നതും നരകത്തിൽനിന്നു വന്ന ഒരു സൂത്രവും ചട്ടവും ആകുന്നു.

12-ാമത്. ലോകബഹുമാനം, സമ്പത്ത്, തറവാട്ടുമഹിമ എന്നുള്ള കാരണത്താൽ പെൺമക്കളെ ചമയിച്ചു നടത്തുന്നതും, തങ്ങളുടെ അന്തസ്സും പ്രാപ്തിയും കവിഞ്ഞുള്ള നിഗളത്തിനടുത്ത ഉടുപ്പും, ആഭരണങ്ങളും ഇടുവിച്ച് നടത്തുന്നതും എത്രയോ ആത്മാക്കളിൽ നരകതീ കത്തിക്കുന്നു. ഒരു പെൺപൈതലിന്റെ ആഭരണം എത്രയും വലിയ അടക്കവും, ഭക്തിയും മിണ്ടടക്കവും, കണ്ണടക്കവും ആകുന്നു.

13-ാമത്. പിള്ളപ്പട എന്നു പറയുന്ന വഴക്കു നിങ്ങൾ ഉണ്ടാക്കരുതു. തങ്ങളുടെ മക്കളെ മറ്റൊരുത്തൻ അവമാനിച്ചു; മറ്റു കുഞ്ഞുങ്ങൾ തല്ലി; ഇങ്ങനെയുള്ളത് കാര്യമാക്കുന്ന കാരണവന്മാരും പൈതങ്ങൾ തന്നെ.

14-ാമത്. മക്കൾക്കു അന്തസ്സ് തെരഞ്ഞെടുക്കുന്ന പ്രായം വരുമ്പോൾ അവർക്കു ഇതിൽ പൂർണ്ണസ്വാതന്ത്ര്യം അനുവദിക്കണം. എന്തുകൊണ്ടെന്നാൽ അവരുടെ അന്തസ്സിനെ നിശ്ചയിക്കുന്നത് ദൈവത്തിന്റെയും, അതിനെ തെരഞ്ഞെടുക്കുന്നത് അവരുടെയും കാര്യമാകുന്നു. ഇതു കാരണവന്മാർക്കുള്ളതല്ല. ഇതുനിമിത്തം എത്രയൊ കാരണവന്മാരും മക്കളും ഈ നേരത്തു നരകത്തിൽ കിടന്നു നിലവിളിക്കുന്നു. ഇതിനാൽ ഈ കാര്യത്തിൽ ആൺപൈതലിന് പതിനാറ് അല്ലെങ്കിൽ പതിനെട്ട്, പെൺപൈതലിന് പതിന്നാല് അല്ലെങ്കിൽ പതിനാറും വയസ്സു കഴിഞ്ഞ് താമസിക്കയും അരുത്. എന്നാൽ വിവാഹത്തിന് അവരുടെ സമ്മതം പ്രത്യേകമായിട്ട് അറിയണം. ബന്ധുക്കളുടെ ദ്രവ്യത്തെയും ബഹുമാനത്തേയുംകാൾ, നല്ല മര്യാദയും ശീലഗുണവും സൂക്ഷിക്ക. അല്ലെങ്കിൽ പിന്നെ മക്കൾക്കും കാരണവന്മാർക്കും സന്തോഷത്തിനുപകരം അതിദുഃഖം സംഭവിക്കും.

15-ാമത്. മക്കൾക്കു പ്രായപൂർത്തിയും ബുദ്ധിയും പ്രാപ്തിയും ഉണ്ടായാലും അവരുടെ മുമ്പിൽ മതിപ്പും ബലക്ഷയവും കാണിക്കേണ്ട. പാടുള്ളിടത്തോളവും വീട്ടധികാരം അവരെ ഏല്പിക്കേണ്ട. ഈ സംഗതിയിൽ കാരണവന്മാർക്കു എത്രയോ സങ്കടം ഭവിക്കുന്നു.

16-ാമത്. കാരണവന്മാർ മരിക്കുന്നതിനു മുമ്പിൽ തന്നെ അവരെ മാറ്റി കുടിമതിയായി പാർപ്പിക്ക. ബോധത്തിനു ബലക്ഷയം വരുന്നതിനുമുമ്പിൽ അവർക്കു വസ്തുക്കൾ ഭാഗം ചെയ്തു കൊടുക്ക. ഇതല്ലാഞ്ഞാൽ മരണത്തിന്റെശേഷം അവർ തമ്മിൽ ഉണ്ടാകുന്ന വഴക്ക്, തർക്കം മുതലായ പാപങ്ങൾക്കു മാതാപിതാക്കന്മാർ ഉത്തരവാദികളാകും.

കടശിയായി മക്കളേ! നിങ്ങൾ നിങ്ങളുടെ കാരണവന്മാരെ ബഹുമാനിപ്പാനും അവരുടെ മനസ്സിനെ നൊമ്പരപ്പെടുത്താതിരിപ്പാനും ദൈവപ്രമാണത്താൽ തന്നെ എത്രയോ കടപ്പെട്ടിരിക്കുന്നു. അതിനാൽ ദൈവപ്രമാണത്തിൽ നാലാമത്തേതു ലംഘിക്കുന്നവർക്കു പരലോകത്തിൽ തന്നെയല്ല, ഈ ലോകത്തിൽ കൂടെയും ദൈവശാപം കല്പിക്കപ്പെട്ടിരിക്കുന്നു എന്നു നല്ലവണ്ണം ഓർത്തുകൊള്ളുവിൻ.

ജപ്പാൻ എന്ന അജ്ഞാനരാജ്യത്തിൽ ഒരു അമ്മയ്ക്ക് മൂന്നു മക്കൾ ഉണ്ടായിരുന്നു. ഇവർ വലിയ ദാരിദ്ര്യസ്ഥിതിയിൽ ഇരുന്നതിനാൽ തങ്ങളുടെ അമ്മയെ യോഗ്യമായ പ്രകാരം പരിരക്ഷിക്കുന്നതിനു യാതൊരു നിവൃത്തിയുമില്ലാത്തവരായിരുന്നു. എന്നാൽ ആ രാജ്യത്തിൽ കള്ളന്മാരെ തൂക്കികൊല്ലണം എന്നും, കള്ളന്മാരെ പിടിച്ചുകൊടുക്കുന്നവർക്കു വലിയ ഇനാം കൊടുക്കണം എന്നും ചട്ടംവയ്ക്കപ്പെട്ടിട്ടുണ്ടായിരുന്നു. ഇങ്ങിനെയിരിക്കെ ഈ മക്കൾ അമ്മയ്ക്ക് തൃപ്തികരമായി ചിലവിനു കൊടുപ്പാൻ കഴിവുണ്ടാകുന്നതിനുവേണ്ടി തങ്ങളിൽ ഒരുത്തൻ കള്ളനെന്നു ഭാവിക്കയും മറ്റിരുവരുംകൂടി അവനെ സർക്കാരിൽ ഏല്പിക്കയും ഇങ്ങനെ ഇനാം വാങ്ങിക്കയും ചെയ്തു. പിന്നെ മറ്റിരുവരും കള്ളന്റെ അടുക്കൽചെന്ന് യാത്ര പറയുന്നതിനേയും ധൈര്യമായി അമ്മയ്ക്കുവേണ്ടി മരണശിക്ഷ ഏൾക്കണമെന്നു അവനോട് ഉപദേശിക്കുന്നതിനേയും അധികാരി കണ്ടപ്പോൾ ഈ കള്ളന്റെ നേരെ ഇവർക്കു ഇത്ര വലിയ ദയയുണ്ടാകുന്നതിനുള്ള കാരണമെന്തെന്നു അന്വേഷിച്ചു. അമ്മയുടെ നേരെയുള്ള സ്നേഹത്താൽ സഹോദരന്മാരായ അവരിലൊരുവൻ മരിപ്പാൻ നിശ്ചയിച്ചതല്ലാതെ മറ്റു പ്രകാരമല്ലായെന്ന സത്യമറിഞ്ഞു ഈ സംഗതി രാജാവിനെ ബോധിപ്പിച്ചപ്പോൾ അവനെ വിട്ടയച്ചതു കൂടാതെ അവരുടെ അമ്മ മരിക്കുന്നതുവരെ അവർക്ക് രാജാവ് അടിത്തൂൺ കൊടുപ്പാൻ കല്പിക്കയും ചെയ്തു. മക്കളേ! ഈ സംഭവം നിങ്ങൾ എപ്പോഴും ഓർത്തുകൊൾവിൻ.

എന്ന്

കർമ്മെലീത്ത ദിസ്ക്കോൾസ് മൂന്നാംസഭ,

മാന്നാനം മുതലായ കൊവേന്തകളുടെ

പ്രിയോർ.

തിരുക്കുടുംബത്തിന്റെ ആഹാ.

കുറിയാക്കോസ് ഏലിയാസ്

1868-ാം കാലം
കുംഭമാസം 13-ാംനു

പ്രിയപ്പെട്ടവരെ,

ഞാൻ മാംസസംബന്ധത്താൽ ചേന്നങ്കരിപള്ളി ഇടവകയിൽ ചാവറ കുറിയാക്കോസ് എന്ന ആളിന്റെ മകൻ ആകുന്നു. എന്നാൽ സർവ്വേശ്വരൻ ഈ ലോകത്തിൽ എന്നെയും സൃഷ്ടിപ്പാൻ തിരുമന സ്സായി. ഇപ്പോൾ ഈ തറവാട്ടിലും കാരണവന്മാരിലും എന്നെ ജനി പ്പിച്ചതിനാൽ, എന്റെ മാംസസംബന്ധക്കാരായ നിങ്ങൾക്കു നീതിയാ ലെയും ഉപവിയാലെയും ഉപകാരം ചെയ്യാൻ എനിക്ക് ഒരു വിശേഷ കടമയുണ്ട്. ഇതിനെ നോക്കുമ്പോൾ എല്ലാവർക്കും എന്നതുപോലെ അല്ലാതെ ഞാൻ നിങ്ങൾക്കു വിശേഷമായി ഏറെ ഒന്നും ചെയ്തി ട്ടില്ലാ. ആയതിനാൽ എല്ലാറ്റിനും ആയി എന്റെ കൈ എഴുത്താൽ ഇ തിനെ ഞാൻ നിങ്ങൾക്കു തരുന്നു. ഞാൻ മരിച്ചാലും ഈ കടലാസ് മ രിക്കയില്ല. ആകയാൽ ഇത് എന്റെ നിക്ഷേപമായി കാർപ്പാൻ എന്റെ മ ക്കളായ കൈനകരി കുരിശുപള്ളിക്കാരായ നിങ്ങളെ ഞാൻ ഇത് ഏല് പിക്കുന്നു.

എന്റെ തറവാട്ടുകാരും കൂടെപ്പിറപ്പുകളും രണ്ടു പ്രകാരത്തിലും മക്കളുമായിരിക്കുന്ന നിങ്ങൾക്ക് ഇത് എന്റെ ദസ്ത്മെന്ത് (മരണശാ സനം) ആകുന്നു. ആകയാൽ നിങ്ങൾ എന്റെ അനന്തിരവർ ആകുന്നു എന്നു കാട്ടുന്നതിനു ഇതു നിങ്ങൾക്ക് അടയാളമായിരിക്കട്ടെ. നിങ്ങൾ ക്ക് ദൈവം ചെയ്തതും ചെയ്യുന്നതുമായ എണ്ണിറന്ത (എണ്ണമില്ലാത്ത) മനോഗുണങ്ങൾ ഇപ്പോൾ ജീവിച്ചിരിക്കുന്ന നിങ്ങളുടെ പ്രവൃത്തിയു ടെയെന്നല്ലാ; കഴിഞ്ഞ നിങ്ങളുടെ പരമാർത്ഥപ്പെട്ട കാരണവന്മാരുടെ സത്യമായ ഉപവിയുടെയും ശരണത്തിന്റേതുമാകുന്നു. ഇതു കളയാ തിരിപ്പാൻ നിങ്ങൾ സൂക്ഷിപ്പിൻ! ഞാൻ ലോകത്തിൽവന്നു, പോകു ന്നു എന്നു ഇതിനാൽ ഓർക്കുന്നതിനുവേണ്ടി ഇതിനെ പാടുള്ളവ രൊക്കെയും പകർത്തി എഴുതി വീടുകളിൽ സൂക്ഷിപ്പിൻ! ഇതിനെ കുരിശുപള്ളി പെട്ടിയിൽ വയ്ക്കണം, മാസത്തിൽ മുമ്പുവരുന്ന ശനി യാഴ്ച എല്ലാവരുംകൂടി ഇതു വായിക്ക, ഞാൻ മരിക്കുന്ന ദിവസം ഇതിനാലെ ഓർക്കുക; മറ്റൊരോർമ്മയും എന്നെക്കുറിച്ച് നിങ്ങൾ ചെയ്യണ്ട.

പിന്നെയോ മാസംതോറും ഈ ദിവസം ഇത് വായിച്ചശേഷം കർ ത്താവേ! നീതിമാന്മാരുടെ ഭവനത്തിൽ ഈ നിന്റെ ശുശ്രൂഷിയുടെ ആത്മാവിനെ, നീ അനുകൂലപ്പെടുത്തണമെ, എന്നുമാത്രം എനിക്കു വേണ്ടി ചൊല്ലുവാൻ ഞാൻ നിങ്ങളോടു അപേക്ഷിക്കുന്നു.

## IX/7

# കൈനകരി ഇടവകക്കാർക്കെഴുതിയ രണ്ടാമത്തെ കത്ത്

(ഉപവിശാലക്കുവേണ്ടി)

കർമ്മെലീത്താ ദിസ്ക്കാളോസ് മൂന്നാം സഭക്കാരുടെ പ്രിയൊരായിരിക്കുന്ന (കുറിയാക്കോസ് ഏലിയാ) ഞാൻ മാംസത്തിലും അരൂപിയിലും നിങ്ങളുടെമേൽ ഇനിക്കുള്ള സംബന്ധത്താൽ ഈ ചാപൊരുളായ ഗുണദോഷം കർത്താവിന്റെ ആശീർവ്വാദത്തോടു കൂടി നിങ്ങൾക്കു തരുന്നു. 1869 ഒക്ടോബർ 15-ാംനു.

പ്രിയമുള്ള സഹോദരന്മാരും, മക്കളുമായ ചേന്നംകരിപള്ളി ഇടവകയിൽ കൈനകരി കുരിശുപള്ളിയിൽ ഉൾപ്പെട്ടവർക്ക്.

പ്രിയമുള്ളവരെ!

ഇപ്പോൾ നിങ്ങൾ കൂടിയിരിക്കുന്ന ആ സ്ഥലത്തെ- ദേവാലയത്തെ, കാണുന്നതിനാൽതന്നെ ദൈവം നിങ്ങളുടെമേൽ വച്ചിരിക്കുന്ന സ്നേഹവും അനുഗ്രഹവും അറിഞ്ഞു നന്ദിനിറഞ്ഞ മനസ്സോടുകൂടി തന്നെ സ്തുതിപ്പാൻ എത്രയോ കടക്കാരനായിരിക്കുന്നു എന്നു ഓർത്തുകൊൾവിൻ. അബ്രാഹമിന് സാറാ മുലകൊടുക്കുമെന്നു ആരറിഞ്ഞു. ദാവീദു കണ്ണുനീരു ചിന്തിയതിനാൽ പുത്രനായ ശ്ളേമോൻ പള്ളിപണിയിച്ചു. രണ്ടാമതു അയാളുടെ മക്കൾ നീതികഴിഞ്ഞു സന്തോഷിച്ചതിനാൽ ബാബേൽരാജാവു പൊളിപ്പിച്ചു. വീണ്ടും ദാവീദു നിവ്യാ കരഞ്ഞതിനാൽ സൊർവ്വാബെൽ മുതലായവർ പണിയിച്ചു; വീണ്ടും അവർ നിഗളിച്ചതിനാൽ പിന്നെയും ശത്രുക്കൾ ഇടിച്ചു പൊളിച്ചു. മൂന്നാമതായി മക്കുബായും മക്കളും കൂടി പണിയിച്ചു. ഹന്നാൻ കയ്യേപ്പാ മുതലായവർ നിഗളിച്ചു. നമ്മുടെ കർത്താവിനെ പള്ളിയിൽനിന്നും കരയിൽനിന്നും പുറത്താക്കിയതിനാൽ മൂന്നാം നശിപ്പിനും കാരണമായി. ഇനി ഒരുനാളും എഴുന്നേല്ക്കയില്ല. ഇതിനെ എപ്പോഴും ഓർത്തുകൊണ്ടു നടക്കുമെങ്കിൽ ശുദ്ധമാന റോമാ പള്ളിയേയും ജനങ്ങളേയും ഇതുവരെ കൈവിടാതെ കാത്തുരക്ഷിച്ചു വരുന്നതിൻവണ്ണം നിങ്ങളിലും നിങ്ങളുടെ പള്ളിയിലും കരയിലും വീടുകളിലും ദൈവവാഴ്‌വും തിരുവുള്ളവും ഉണ്ടാകുകയും ചെയ്യും.

എന്നാൽ 'ആ' വാഴു നിങ്ങളിൽ ഉണ്ടായി നിലനില്ക്കുന്നതിനുള്ള അടിസ്ഥാനം നിങ്ങൾ തുടങ്ങിയിരിക്കുന്ന 'നൽമരണസഭ' അത്രെ ആയിരിക്കുന്നു. അത് എങ്ങിനെയെന്നാൽ നൽമരണവരം സകല മനുഷ്യർക്കും ആവശ്യമുള്ളതും അതിന്റെ നിക്ഷേപകൻ പരിശുദ്ധ യൌസേഫ് പിതാവ് ആയിരിക്കയാലും, തന്റെ തൃപ്പാദത്തിൽ നിന്നുതന്നെ ഈ സഭയും നടന്നു വളർന്നുവരുവാൻ ദൈവം തിരുമന സ്സായിരിക്കുന്നു. എന്നാൽ ഈ സംഗതി വിസ്തരിച്ചുനോക്കിയാൽ ആകാശത്തിൽനിന്നു ബാവാതമ്പുരാൻ തന്റെ ഏകപുത്രനെ ഈ ലോകത്തിൽ യാത്രയാക്കിയതും താൻ 33 സംവത്സരം ജീവിച്ചു തന്റെ പ്രാണനെ ബലികൊടുത്തതും മനുഷ്യരായ നമ്മെ രക്ഷിപ്പാനത്രെ. അതായതു മരണനേരത്തിൽ ദൈവഇഷ്ടപ്രസാദത്തോടുകൂടി മരിച്ചു എന്നുള്ള മരണസാക്ഷിയായ ഉണ്മയിൽ പതിച്ചുചെല്ലുന്ന ആത്മാവു കൾക്കുമാത്രം മോക്ഷവാതിൽ തുറക്കപ്പെടുന്നുള്ളൂ. എത്രയോ പുണ്യവാളനായിരുന്നാലും ഒരു പാപത്തിനു ഇഷ്ടപ്പെട്ടു അതോടുകൂടി മരിച്ചാൽ എന്നന്നേക്കുമുള്ള മരണശിക്ഷയും, എത്രയോ മഹാ പാപിയായിരുന്നാലും ചെയ്തുപോയ പാപങ്ങളെ ഓർത്തു, വലത്തു ഭാഗത്തു തൂങ്ങിയ കള്ളനെപ്പോലെ ആ സമയത്തെങ്കിലും നല്ല തേറ്റ ത്തോടുകൂടി മരിക്കുന്നുവെങ്കിൽ മോക്ഷവാതിൽ താനെ തുറക്ക പ്പെടുകയും ചെയ്യും. അപ്പോഴൊ എല്ലാറ്റിന്റെയും കടശിയായ പുണ്യം ഇതുതന്നെ. മനുഷ്യൻ ചെയ്യുന്ന സഹായങ്ങളിൽ ഒക്കെയും വലിയ സഹായം മരണനേരത്തു ചെയ്യുന്ന സഹായമത്രെ. എല്ലാറ്റിലും വലിയ മനോഗുണപ്രവർത്തിയും ഇതു തന്നെ. ഏറ്റവും വലിയ ഉപവിയും ഇതുതന്നെ. അതുകൊണ്ടു ഇതു എത്രയോ വലിയ കാര്യവും എല്ലാ മനുഷ്യർക്കും ആവശ്യമുള്ളതും എന്ന് നിശ്ചയമായിരിക്കുന്നു. എന്നാൽ നമ്മുടെ നാട്ടിലുള്ള വിശേഷ നടപ്പും ചട്ടവുംപോലും ഇതു ആയി വന്നാൽ യാതൊരു ഫലവുമില്ലെന്നു മാത്രമല്ല, കുറ്റങ്ങൾക്കും കുറവു കൾക്കും കാരണമായിത്തീരും. എന്തെന്നാൽ പുത്തനായി ഒരു കാര്യം കേൾക്കുമ്പോൾ ഉടനെതന്നെ അതിനെ അധിക സന്തോഷത്തോ ടുകൂടി ആഗ്രഹിക്കുകയും അതിവേഗത്തിൽ അതിനെ കൈക്കൊള്ളു കയും ചെയ്യും. കുറെനാൾ കഴിയുമ്പോൾ അതിനുള്ള ജാഗ്രതയും താല്പര്യവും ഒക്കെപോയി പിന്നീടു ആയതിനെ നിറവേറ്റുവാൻ തന്നെ ഭാരമായി മടിച്ചു തുടങ്ങും. ഒടുക്കം ഇതിനുള്ള സമ്മാനത്തിനു പകരം ശിക്ഷയ്ക്കു ഇടവരികയും ചെയ്യും. ഇതിനാലത്രെ ഈ സഭയെ സ്ഥാ

പിച്ചുകൊണ്ടു അതിനുള്ള ക്രമങ്ങളും കടങ്ങളും കാത്തുനടപ്പാനുള്ള ജാഗ്രതയും കണ്ടല്ലാതെ തലസ്ഥാനത്തിൽ ബോധിപ്പിച്ചു ഉറപ്പിച്ചുകൂടാ എന്നു കല്പിച്ചിരിക്കുന്നത്. ആയതുകൊണ്ട് ഈ സഭയിൽ കൂടുവാൻ മനസ്സുള്ളവരൊക്കെയും മുൻപിനാൽതന്നെ ഇതിനുള്ള ക്രമങ്ങളും കടങ്ങളും നല്ലവണ്ണം വായിച്ചറിയണം. എന്നാൽ ഇതിനു യാതൊരുത്തർക്കും ഭാരമുള്ളതല്ല. അതിൽ പറയുന്നതിൻവണ്ണമുള്ള നമസ്കാരങ്ങൾ മുടങ്ങി, അല്ലെങ്കിൽ വല്ലകാരണവശാലും ഒരുമാസത്തിനുള്ളിൽ അലോചനക്കു കൂടിയില്ലാ ആയതു ഒന്നുംകൊണ്ട് കുറ്റമുണ്ടാകുകയില്ല. പിന്നയോ ഇതിന്റെ സാരമാകുന്നത് രണ്ട സംഗതികളാകുന്നു. ഒന്നാമത്, ഞാൻ മരിക്കുമെന്നും നിരൂപിക്കാത്ത നേരത്തിൽ, മരണം കള്ളനെപ്പോലെ വരുമെന്നും അതിനാൽ എപ്പോഴും ഉണർന്നു ഇരിക്കണമെന്നുള്ള നമ്മുടെ കർത്താവിന്റെ തിരുവചനങ്ങളെ മറക്കാതെയും മരണത്തിനു ഭയം വരുത്തുന്ന ചാവദോഷങ്ങളെ ഒരിക്കലും ചെയ്യാതെയും നിരൂപണയാലും വചനത്താലും പ്രവർത്തിയാലും ചാവദോഷം ചെയ്തുപോയി എന്നു ഹൃദയം കുറ്റപ്പെടുത്തിയാൽ ഉടനെതന്നെ കുമ്പസാരംകൊണ്ടോ ആയതിനു തരപ്പെടാതെ വന്നാൽ മുഴുവൻ തേറ്റംകൊണ്ടോ പൊറുതി ലഭിച്ചല്ലാതെ ഉറങ്ങുകയില്ലെന്നുള്ള ജാഗ്രതയും ഉണ്ടായിരിക്കണം. അതെന്ത്യേ! തന്നെത്തന്നെ ഒന്നാമതായി സ്നേഹിക്കുക. കുപ്പായത്തേക്കാൾ ശരീരവും ശരീരത്തേക്കാൾ ആത്മാവും കൂടപ്പിറപ്പിന്റെ ആത്മത്തേക്കാൾ തന്റെ ആത്മാവും എന്നു വിചാരിക്കേണ്ടതാകുന്നു. ആയതുകൊണ്ടു കുപ്പായത്തിനും ശരീരത്തിനും കൂടി ഒന്നിച്ചു മോശംകണ്ടാൽ ശരീരത്തെ കാത്തു കുപ്പായത്തെ ഉപേക്ഷിക്കുക. ശരീരത്തിനും ആത്മാവിനുംകൂടി മോശം നേരിട്ടാൽ ശരീരത്തെ ഉപേക്ഷിച്ചു ആത്മാവിനെ കാർക്കുക. എന്തുകൊണ്ടെന്നാൽ മറ്റു രണ്ടും ഒരിക്കൽ അഴിയാനുള്ളത്; ഇന്നല്ലെങ്കിൽ നാളെ ആത്മാവു എന്നന്നേക്കും അഴിവില്ലാത്തതത്രെ. ഇതിനായിട്ടത്രെ ലോകം മുഴുവനും മനുഷ്യർ ചെയ്യുന്ന വേലയത്രയും. ഇതില്ലങ്കിൽ, മൃഗംപോലെ അല്ലേ! കാളയും പോത്തും കലപ്പ വലിക്കുന്നു. കഴുത ചുമടു ചുമക്കുന്നു. ആന തടി വലിക്കുന്നു. ആർക്കു അനുഭവം? മനുഷ്യന്- എന്നാൽ മനുഷ്യൻ വേലചെയ്യുന്നു. നല്ലതെങ്കിൽ അവനും അവന്റെ കൂടപ്പിറപ്പുകൾക്കും ഭാഗ്യംതന്നെ. തിന്മയെങ്കിൽ എന്നന്നേക്കും അവനു ദുരിതം. അവന്റെ മക്കളും കൂടപ്പിറപ്പുകളും നല്ലവരെങ്കിൽ അവന്റെ പരലോകത്തിലുള്ള

ശിക്ഷയിൽ അവർക്കു പങ്കു ഉണ്ടാകുകയില്ല; എന്നാൽ നല്ലവനായിരുന്നാൽ ആ ഭാഗ്യത്തിൽ മറ്റുള്ളവർക്കും പങ്കു ഉണ്ടായിരിക്കും. തണ്ണ്യവനായിരുന്നാൽ എന്നന്നേക്കും അവനുതന്നെ നാശം. മറ്റുള്ളവർ തന്നെ സ്നേഹിക്കുമെന്നും സ്തുതിക്കുമെന്നും പിശാചു ഇവനെ തോന്നിക്കും. എപ്പോൾ ജീവിതത്തിൽ സുഖമായി നടക്കുമോ, അപ്പോൾ പിശാച് നമ്മുടെ ഇടത്തുഭാഗത്തുനിന്നു ലോകത്തിൽ ജീവിക്കുന്ന ശരീരികളായ ക്രിസ്ത്യാനികൾ, സന്യാസികളെപ്പോലെ ലോകജീവിതം ഉപേക്ഷിച്ചു നടക്കാൻ പോയാൽ, ജീവിതം നടക്കുകയില്ല. കുഞ്ഞുകുട്ടികളെ പരിപാലിപ്പാനും, നടത്തുവാനും നമുക്കുള്ള കടംതന്നെ പിഴയ്ക്കാത്ത മനുഷ്യനുമില്ലാ, പൊറുക്കാത്ത തമ്പുരാനുമില്ല. അതുകൊണ്ടു ഇപ്പോൾ ഇങ്ങിനെ നടക്കട്ടെ. എന്നാൽ പൈതങ്ങൾക്കു പ്രായമായി വരുമ്പോൾ അവർ നോക്കിക്കൊള്ളും; അപ്പോൾ എനിക്കു എന്റെ ആത്മീയ കാര്യങ്ങൾതന്നെ അന്വേഷിച്ചുകൊള്ളാം; ഇപ്പോൾ രണ്ടുംകൂടി പ്രയാസം. ഒന്നും കണക്കാക്കുകയില്ല. ഈ വിചാരത്തിനിടയിൽ അറിയാതെ വയസ്സൻ ആകുന്നു. ചിലരുടെ മരണം കേൾക്കുന്നു; കാണുന്നു. അതിനാൽ ഞാനും ഓർക്കാതെയിരിക്കുമ്പോൾ മരിച്ചേക്കുമോ-അയ്യോ, അങ്ങിനെവന്നാൽ എല്ലാം വലിയ വിഷമം തന്നെ പൈതങ്ങൾക്കു പ്രായമായില്ല - ഞാൻ നടത്തിയ പല കാര്യങ്ങൾ ഉള്ളതിൽ ചില ആത്മകടങ്ങൾ തീർക്കുവാനുണ്ട്- ചിലതെല്ലാം ചിലർക്ക് ഉത്തരിക്കുവാനുണ്ട് - പക്ഷെ മുഴുവനായി ഒരു നല്ല കുമ്പസാരം ചെയ്യുവാനുണ്ട് - ആയിതില്ലാതെ ആത്മം വെടിപ്പാകയില്ല - ആയതിലേക്കു ഒരു നല്ല ആസ്ഥപ്പാടു കൂട്ടി ഒരു നല്ല കുമ്പസാരം കഴിക്കണം. ഇങ്ങിനെ ഒന്നു കഴിച്ചാൽ പിന്നെ എന്റെ ആത്മകാര്യം സൂക്ഷ്മമായി നടത്തിക്കൊള്ളാം. ഇതെല്ലാം ബുദ്ധി അടക്കത്തോടു കൂടി ചെയ്യേണ്ടതാകയാൽ - ഇപ്പോൾ ഇതിനു ഭാവിച്ചാൽ സാധിക്കുന്നതല്ല. ഒരവസരം ഉണ്ടാകട്ടെ - അല്ലെങ്കിൽ ഒരു ധ്യാനം വരുമ്പോൾ പ്രയാസംകൂടെ കഴിക്കാം - ഇങ്ങനെയുള്ള നീളിച്ച അവധി കുറിക്കുകയും, ധ്യാനം വരുമ്പോൾ; മറ്റുചില ഒഴിവുകഴിവുകളും അതായത് അടുത്ത പള്ളിയിൽ ഉണ്ടാകട്ടെ, അന്നാകട്ടെ. ശു. മാർ അഗസ്തീനോസ് പുണ്യവാളൻ പറയുന്നതായത്! എന്തെ! നീ നാളയാകട്ടെ എന്നു പറയുന്നത് ഈ ശപിക്കപ്പെട്ട 'നാളെ' എത്രയോപേരെ നരകത്തിൽ അയച്ചിരിക്കുന്നു. ഇങ്ങനെ അവധി കുറിക്കുന്നവനു - ഈ വിചാരത്തിനിടയിൽ ഒരു ദിവസംവരും. അപ്പോൾ വ്യാധിയുടെ തുടസ്സം

കൂട്ടാക്കുന്നില്ല. നടുവിലാകുമ്പോൾ നല്ലവണ്ണം ചെയ്യുവാൻ സൌഖ്യവുമില്ല. പിന്നയോ മരണമടുക്കുമ്പോൾ അയ്യോ നേരമില്ലല്ലോ, അപ്പോൾ എങ്ങിനെ എന്നു പരിഭ്രമമായി. മുൻപറഞ്ഞ പിശാച്, ഇല്ലാ സുഖംവരും, ഭയപ്പെടേണ്ടാ എന്നും മറ്റും തോന്നിച്ചു സമയം കളയിക്കും. ഒടുക്കം മനസ്സു മടുക്കും, ബന്ധുക്കളും അടുക്കും. ദീനം കുറെക്കൂടി കലശലുമായി ഏതെങ്കിലും ഒന്നു കുമ്പസാരിക്കുകയാണ് വേണ്ടത് എന്നു അടുത്തുള്ളവർ ചെവിയിൽ പറയുമ്പോൾതന്നെ ബോധം ക്ഷയിച്ച്, ശരീരം തളർന്നു ഒന്നും തിരിയാത്തവനെപ്പോലെ ആയി. ഒന്നിനും മനസ്സുമില്ല, എല്ലാം നല്ലവണ്ണം ചെയ്യണമെന്നു ആഗ്രഹമുണ്ടുതാനും; ഒന്നും ചെയ്യുകയുമില്ല. ഒടുക്കം മറ്റുള്ളവരുടെ മുട്ടിപ്പാൽ കുമ്പസാരിക്കുന്നു. ബോധം അടങ്ങുന്നില്ല. എന്നാൽ കുമ്പസാരംതന്നെ അവനു നഞ്ചായി വിചാരിക്കുന്നു. എന്നാൽ വീണ്ടും ഒരു നല്ലകുമ്പസാരം ചെയ്യണമെന്നു അവൻ വിചാരിക്കും. എങ്കിലും ഒന്നും തിരിയാത്തവനെപ്പോലെ കിടക്കുന്നു. ദീനത്തിന്റേയും ചികിത്സയുടേയും കാര്യം പറഞ്ഞാൽ അവനു തിരിയും. സുഖമുണ്ടെന്നു അടുത്തുനില്ക്കുന്നവർ പറയുന്നതുതന്നെ അവനു സുഖമാണ്. വിശുദ്ധ കുർബാന കൈക്കൊള്ളണമല്ലോ. അയതിനു വേണ്ട ആസ്ഥപ്പാടുകൂട്ടേണ്ടയോ എന്നു അടുത്തുള്ളവർ ചോദിക്കുമ്പോൾതന്നെ അവനു ക്ഷീണമൊക്കെ താനെ ഉണ്ടാകുന്നു. ഒടുക്കം പട്ടക്കാരൻ വി. കുർബാനയും കൊണ്ടുവരുന്നു. ഓ! ആയതും രണ്ടാമത്തെ കൈപ്പുള്ള കഷായത്തെപ്പോലെ സേവിച്ചു. എന്നാൽ പട്ടക്കാരന്റെ കടം തീർക്കണം മക്കൾക്കും, ബന്ധുക്കൾക്കും ഒടുക്കത്തെ ഒപ്രുശുമാ കിട്ടാതെ മരിച്ചുപോയെങ്കിലോ എന്നുള്ള ഭയത്താലും ആയതുകൂടെ അച്ചൻ കഴിക്കട്ടെ എന്ന് രോഗിയോടു ചോദിച്ചുമുളിച്ചുംകൊണ്ടു ആ കൂദാശയും കൊടുക്കുന്നു. അതിനുശേഷം പട്ടക്കാരൻ തൂങ്ങപ്പെട്ട രൂപം കട്ടിലിന്റെ തലയ്ക്കൽ കാവലായിവച്ചും വെച്ച് അയാളും പുറപ്പെട്ടു. മക്കളും ബന്ധുക്കളും സ്നേഹിതന്മാരും അകന്നു. പിന്നെ അവർ ദ്രവ്യകാര്യങ്ങളും മറ്റും എങ്ങിനെ ഇരിക്കുന്നു എന്നുള്ള അന്വേഷണവും, വിചാരവുമായി എന്നു മാത്രമല്ലാ, ആ മുറിക്കകത്തു പ്രവേശിക്കുന്നവരും വളരെ ചുരുക്കമായി തുടങ്ങി. എന്നാൽ മരണം എന്നയാൾ അടുത്തു. അല്ലാ രണ്ടുകൂട്ടരുമുണ്ട്. അതായതു നന്മയും തിന്മയും; ഇവരു മാറുകയില്ല. അപ്പോൾ മാത്രമേ അവരുടെ ശരിയായ സ്വരൂപം തിരികെയുള്ളു. ഇതാ എണ്ണമില്ലാത്ത പാപങ്ങൾ അവയുടെ വിരൂപങ്ങളെ ഓർപ്പിച്ചുകൊണ്ടു ആയതിലേയ്ക്ക് ആസ്തമായിരിക്കുന്ന അറുതിയില്ലാത്ത നരകശിക്ഷ കാണിക്കുന്നു.

അപ്പോൾ ഇടത്തുഭാഗത്തുനിന്നിരുന്ന പിശാചു, വലത്തു ഭാഗത്തു മാറിനിന്നുകൊണ്ടു, ഇവനെ ശരണക്കേടിൽ ഉൾപ്പെടുത്തുന്നതിനായി ചില ദുർന്യായങ്ങളെ തോന്നിച്ചുതുടങ്ങും. അതെന്ത്യേ പിശാചിനു ഇനി ഒരുവഴി മാത്രമേ ഉള്ളു. ആയതു കർത്താവിന്റെ തിരുരക്തത്തിന്മേലും ദൈവാനുഗ്രഹത്തിന്മേലുമുള്ള ശരണം. പിശാചിനു ആയതു കൂടെ നഷ്ടപ്പെടുത്തണം. ആയതിലേക്കായി അവൻ പിഴക്കാത്ത മനുഷ്യനുണ്ടോ, പൊറുക്കാത്ത തമ്പുരാനുണ്ടോ എന്നു മുൻപു ബുദ്ധി ചൊല്ലിക്കൊടുത്ത പിശാചു തന്നെ ഇപ്പോൾ മറിച്ചു ചൊല്ലിക്കൊടുക്കുന്നു. എന്തായി നിനക്കു ചെയ്ത മനോഗുണത്തിന്റെ നൂറുപങ്കു മനഗുണം കിട്ടിയവർ എത്രപേർ. ആ മനഗുണത്തിനു ഒത്തവണ്ണം നടക്കായ്കയാൽ അവരെല്ലാം ശിക്ഷിക്കപ്പെട്ടു പോയി.

അപ്പഴോ, എത്രയോ പ്രാവശ്യം നിന്നെ ഞാൻ തേറ്റത്തിനു വിളിച്ചു നീ അതു ഒക്കയും തള്ളിക്കളഞ്ഞു. ഇനി ഇപ്പോൾ എന്തിനു വൃഥാ ക്ലേശിക്കുന്നു. ഞാൻ വിളിക്കുമ്പോൾ കേൾക്കാത്തവനെ ഞാനും കേൾക്കുകയില്ല എന്നുള്ളത് ദൈവവാക്യമല്ലേ. നിന്നെക്കാൾ നല്ലവരായിരുന്നവർ എത്രയോപേർ ഇപ്പോൾ നരകം നിറച്ചു കിടക്കുന്നു. ദൈവം മനഗുണക്കാരൻ ആണെങ്കിലും നീതിയില്ലാത്ത മനഗുണക്കാരൻ അല്ല. ഇങ്ങനെയുള്ള ന്യായങ്ങളെ തോന്നിച്ചും കൊണ്ട് ഇവനെ ശരണക്കേടിൽ ഉൾപ്പെടുത്തും. കൂടപ്പിറപ്പുകളെ, മരണമെന്ന മഹാകടൽ കടക്കാൻ തക്കവണ്ണം മാലുമായിരിക്കുന്ന ശുദ്ധ യൌസേഫ് പുണ്യപിതാവിന്റെമേൽ ഉള്ള ഭക്തി എത്രയോ വലുതായിരിക്കുന്നു. വിശുദ്ധ മറിയം മഗ്ദ്‌ലേന ദെ പാസീസ് എന്ന പുണ്യവാളത്തിയുടെ മരണത്തിനു അല്പം മുൻപു ഒരു പട്ടക്കാരൻ മുറിയിൽ കടന്നു. പുണ്യവാളത്തിയുടെ കട്ടിലിനു അടുത്തപ്പോൾ പുണ്യവാളത്തിയുടെ ഞടുഞടുക്കം കൊണ്ടു കട്ടിലും മുറിയുംകൂടി വിറക്കുന്നതുകണ്ടു എന്തെ അമ്മേ ഇതിൻവണ്ണം ഞടുങ്ങുന്നതു എന്നു പട്ടക്കാരൻ ചോദിച്ചതിനു "എന്റെ അച്ചാ, സൃഷ്ടിച്ച ഉടയതമ്പുരാന്റെ തിരുമുൻപിൽ വിധിക്കു നിൽക്കപ്പെടുന്നത് എത്രയോ വലിയ ഭയങ്കരമുള്ള കാര്യമാകുന്നു" എന്ന് പുണ്യവാളത്തി കരഞ്ഞുകൊണ്ടു ഉത്തരിച്ചു. അപ്പോഴോ മഹാ പുണ്യമുള്ളവർകൂടെ ഇത്ര ഭയപ്പെടുമ്പോൾ മഹാ പാപികളായിരിക്കുന്നവർ മരണനേരത്തിൽ എങ്ങിനെ ആയിരിക്കും. ആയതുകൊണ്ടു ഒരു ആത്മാവിനു ചെയ്യുവാനുള്ള സഹായങ്ങളിലേക്കും ഏറ്റം വലിയ സഹായം മരണനേരത്തു ചെയ്യുന്നതത്രേ വലിയ സഹായമായിട്ടുള്ളത്.

അപ്പോഴോ ഈ സഭയുടെ തലപ്പെട്ടകാര്യം ഇതായിരിക്കുന്നു അതു കൊണ്ടു ഈ സഭയിൽ കൂടുന്നവരൊക്കെയും, ഈ മനോഗുണ പ്രവർത്തിചെയ്യുവാൻ നല്ല മനസ്സും ധൈര്യവും ഉള്ളവരായിരിക്കണം. ആരുതന്നെ ആയിരുന്നാലും ഈ സഭയിൽ കൂടിയതിൽ പിന്നെ ഒരാൾ ഒടുക്കത്തെ ദിനത്തിൽ ആയിരിക്കുന്നു. എന്നു കേട്ടാൽ സഭക്കാ രൊക്കയും ഒന്നിച്ചെങ്കിലും, ഏതാനും പേരെങ്കിലും ദീനക്കാരെചെന്നു കാണുകയും മരണം അടുത്തു എന്നു കണ്ടാൽ, കൂദാശകളൊക്കെയും കൊടുപ്പിക്കുകയും ഇതു കഴിഞ്ഞാൽ ആ രോഗിയുടെ ശുശ്രൂഷക്കു വേണ്ട ആളുകളെ നിയമിച്ചും, അവർക്കു മാറ്റത്തിനുള്ള സമയം കുറിച്ചും ചട്ടംകെട്ടുകയും ചെയ്യണം. ഇതിനു ചത്രാസോനായും, ആലോചന ക്കാരും ചുമതലക്കാരായിരിക്കുന്നു. അപ്രകാരം അവരുടെ ആജ്ഞക്കും ചട്ടത്തിനും സഭക്കാരൊക്കയും അനുസരിക്കാൻ കടക്കാരായിരിക്കുന്നു. ഈ മനഗുണപ്രവർത്തി ചെയ്യുന്നതത്രെ സഭക്കാരുടെ കാതലായ തൊഴിൽ. അതായതു ഒരുത്തന്റെ ഉപദേശത്താലും, ഉത്സാഹത്താലും, ഗുണദോഷത്താലും മറ്റൊരാൾ നൽമരണം മരിച്ചു ആത്മം രക്ഷപ്പെട്ടു മോക്ഷത്തിൽ കരേറിയാൽ, ഇതിനു കാരണക്കാരനായവന്റെ ആത്മ രക്ഷയും നിശ്ചയം തന്നെ. അതെന്തേ! രക്ഷപ്പെട്ട ആത്മാവു ദൈവതിരു മുൻപിൽ എല്ലായിപ്പോഴും നന്ദിനിറഞ്ഞ മനസ്സോടുകൂടി അതിനു കാരണക്കാരായ ആത്മാവിന്റെ രക്ഷയ്ക്കുവേണ്ടി എപ്പോഴും പ്രാർത്ഥി ച്ചുകൊണ്ടിരിക്കും: എന്നുതന്നെയുമല്ല, രോഗികളെ ശുശ്രൂഷിക്കുന്ന പ്രവൃത്തിയിലത്രെ സർവ്വേശ്വരൻ പുണ്യവാളന്മാരെ ഒക്കയും പുണ്യപ്പെ ട്ടവരാക്കിയത്. ഇത് മനുഷ്യർക്കു ഏറ്റവും അറപ്പുള്ളതും, വെറുപ്പു ള്ളതും, പ്രയാസമുള്ളതും ലോകത്തിൻ മുൻപിൽ ഹീനമായി നിരൂപി ക്കുന്നതും ദൈവതിരുമുൻപിൽ വലിയ ഫലമുള്ളതും ആകുന്നു. പുണ്യ വാളന്മാരുടെ ചരിത്രം വായിച്ചുനോക്കിയാൽ ഇത് അറിയാവുന്നതാ കുന്നു. വിശുദ്ധ യോഹന്നാൻ അക്രൂസ് എന്ന പുണ്യവാൻ 5 വയസ്സു മുതൽ ദീനക്കാർക്കു ശുശ്രൂഷ ചെയ്തുകൊണ്ടിരുന്നു. ളൂയീസ് കൊൺസഗാ തുടങ്ങി പലരും ഇപ്രകാരമുള്ള പ്രവർത്തിയിലേർപ്പെട്ടു കൊണ്ടിരുന്നു. ഇവർ രാജമക്കളും പ്രഭുമക്കളും ആയിരുന്നു. എന്നാൽ ഇതൊക്കെയും സത്യരാജ്യരാജ്യങ്ങളിൽ ഉള്ളവർക്കും പുണ്യവാളന്മാ രുടെ ചരിത്രം വായിച്ചു മനസ്സിലാക്കുന്നവർക്കും അറിയാവുന്നതാണ്. ഇവിടെ ഒരാൾക്ക് ഇപ്രകാരമുള്ള സുകൃതകൃത്യങ്ങൾ ചെയ്യുവാൻ സൌകര്യക്കുറവുണ്ട്.

ജനീവാ, റോമ്മാ, നേപ്പാലി ആദിയായ സ്ഥലങ്ങളിൽ, ദീനക്കാരെ രക്ഷിപ്പാൻ പല സ്ഥലങ്ങളുമുണ്ട്. ഭ്രാന്തന്മാരെ രക്ഷിപ്പാൻ വേറെ, കുഷ്ഠരോഗികളെ രക്ഷിപ്പാൻ വേറെ, ആരുമില്ലാത്ത രോഗികളെ രക്ഷിപ്പാൻ വേറെ; ഇതൊക്കയും രണ്ടു വർഗ്ഗക്കാർക്കും വേറെ വേറെ ഉണ്ട്. തിന്മാനും ഉടുപ്പാനും ഇല്ലാതെ തോന്നിയവാസമായി നടക്കുന്നവരെ പാർപ്പിച്ചു രക്ഷിച്ചു വേല എടുപ്പിച്ചു ആത്മാവും ശരീരവും രക്ഷിപ്പാൻ വേറെ ഇങ്ങനെ എണ്ണമില്ലാത്ത മനഗുണങ്ങളും ആയതു നടത്തുവാൻ തക്ക ആളുകളും അവിടെ ഉണ്ട്. ഇപ്പോൾ പലതും, അവിടെ കുറഞ്ഞിട്ടുണ്ടെങ്കിലും ക്ഷണംകൊണ്ടും മേല്പോട്ടും കീഴ്പ്പോട്ടും പോകുന്നില്ലാ എന്നുള്ള വചനംപോലെ ഇന്നും നടന്നുവരുന്നുണ്ട്. ഇന്നു ജനീവാ എന്ന നഗരിയിൽ ഞായറാഴ്ചതോറും ഉദിക്കുമ്പോൾ പ്രധാന വികാരിയുടെ കുർബാനയായി മാടമ്പിമാരും പ്രധാന ഉദ്യോഗസ്ഥന്മാരും, അവരെ സംബന്ധിച്ചുള്ളവരും കുതിര, പല്ലക്ക് മുതലായ വാഹനങ്ങൾ വഴി വന്നു കുർബാന കാണുകയും കൈക്കൊള്ളുകയും ചെയ്യും. ഇത് പുരുഷന്മാർ വന്ന വാഹനത്തിൽ അവരും സ്ത്രീകൾവന്ന വാഹനത്തിൽ സ്ത്രീകളും കയറി അവരുടെ ദീനശാലയിലെത്തും. അവിടെ ച്ചെന്ന ഉടൻ അച്ചന്മാരും അമ്മമാരും അകത്തുകടക്കുകയും ഉടൻ വേലക്കാരു വെള്ളം കാച്ചിക്കൊണ്ടു വരികയും ചെയ്യും. മുൻപറഞ്ഞവർ തന്നെ ദീനക്കാരുടെ മുറിവുകൾ തുടയ്ക്കുകയും പായ്, കട്ടിൽ മുതലായതു വെടിപ്പുവരുത്തുകയും അവരുടെ ചലം മുതലായതു തുടച്ച് പഴന്തുണികൾ നനച്ചുപിഴിഞ്ഞും മരുന്നു ഇടുക, തിന്മാൻ കൊടുക്കുക മുതലായ പ്രവർത്തികളും ഇവർ ചെയ്യുന്നു. ഇതിൽ ചില സ്ഥാപനങ്ങൾ ഇവർ തന്നെ പണിയിച്ചും കാണമിട്ടും അതിന്റെ എഴുവുകൊണ്ട് ചികിത്സിക്കുക, വൈദ്യൻ പട്ടക്കാരു, വേലക്കാരു ആദിയായവർക്കു പടിയും ശമ്പളവും കൊടുത്തു നടത്തിച്ചുവരുന്നു. എന്നാൽ ഇവരുടെ എളിയ പ്രവർത്തികൾകണ്ട്. അവരുടെ പ്രവർത്തികളിൽ, വല്ല കുറ്റമോ, വീഴ്ചയോ എന്തെങ്കിലും വന്നേക്കുമോ എന്നു അധികാരികൾ സൂക്ഷിച്ചുനില്ക്കും. സ്ത്രീകളും അപ്രകാരമുള്ള മനഗുണപ്രവർത്തികൾ ഒക്കയും ചെയ്യുകയും ചെയ്യും. ഒടുവിൽ ഇവർ ഇറങ്ങി വണ്ടിയുടെ പക്കൽവന്നു, കൈകാലുകൾ കഴുകി വെടിപ്പാക്കിപ്പോകും. ഇങ്ങനെ ചില രാജാക്കളും രാജസ്ത്രീകളും മറ്റു ചില പ്രധാനികളും വേഷംമാറിപ്പോയി രഹസ്യമായി ഈ മനഗുണ പ്രവർത്തികൾ ചെയ്യുന്നു. ഇതിനെ കാണുന്ന എളിയ ജനങ്ങളും എങ്ങിനെ ഇതു ചെയ്യാതെ

ഇരിക്കും. ഇതു കണ്ടും കേട്ടും അത്രേ പൈതൽപ്രായംമുതൽ ചില പുണ്യവാന്മാർ ദീനക്കാർക്കു അറപ്പുകൂടാതെ ശുശ്രൂഷകൾ ചെയ്യുകയും അവരുടെ മുറിവുകളും ചലങ്ങളും തുത്തുതുടയ്ക്കുകയും ചെയ്യുന്നത്. ഇങ്ങനെ ഈശോമിശിഹായുടെ തിരുവചനത്തിന്മേൽ അതായത് ഈ ചെറിയവർക്കു ചെയ്തതു എനിക്കുതന്നെ നിങ്ങൾ ചെയ്തു എന്ന തിരുവചനത്തിൽ തക്കവണ്ണം വിശ്വാസമുള്ള ഉപവിയോടുകൂടെ ചെയ്യുമ്പോൾ കർത്താവുതന്നെ ദീനക്കാരുടെ വേഷത്തിൽ ചിലർക്കു കാണുകയും ഇവരുടെ കയ്യിലുള്ള ശുശ്രൂഷകൾ അപേക്ഷിക്കുകയും ചെയ്യും. ഇതു പലർക്കും സംഭവിച്ചിട്ടുള്ളതത്ര ശുദ്ധ: അഞ്ചുകായം പ്രംസിസ്ക്കോസ് എന്ന പുണ്യവാളൻ കുതിരപ്പുറത്തു കയറിപ്പോകുമ്പോൾ ആ വഴിയിൽ മുഖമെല്ലാം പഴുത്തു ചലം ഒലിച്ചിരിക്കുന്ന ഒരു ദീനക്കാരൻ, പുണ്യവാനോടു, അനുഗ്രഹം അപേക്ഷിച്ചു. അപ്പോൾ പുണ്യവാൻ പണമെടുത്തു നീട്ടി. പണം എനിക്കുവേണ്ട എന്റെ ഈ മഹാനൊൻപരമുള്ള മുറിവിൽ തന്റെ നാവുകൊണ്ടു നക്കിയാൽ എനിക്കു കുറെ ആശ്വാസം ഉണ്ടാകും. ആയതു ചെയ്താൽ കൊള്ളാം. ഇത് കെട്ടാറെ പുണ്യവാളൻ കുറെ മടിച്ചു; എങ്കിലും ധൈര്യപ്പെട്ടു കുതിരപ്പുറത്തുനിന്നിറങ്ങി നാക്കു നീട്ടുവാൻ തുടങ്ങിയപ്പോൾ ദീനക്കാരനെ കണ്ടില്ല, ആ വഴിയത്രെ അദ്ദേഹം വലിയ പുണ്യവാനായത്.

ഇതൊക്കയും ഇരിക്കട്ടെ നിങ്ങളുടെ കൂടപ്പിറപ്പും കൊവേന്തയിൽ ഒന്നാമതായി മരിച്ച ആളുമായ വല്യാറ ചാക്കൊ എന്ന പട്ടക്കാരൻ പുണ്യവാളനായി എന്നല്ല ഞാൻ പറയുന്നതു, എങ്കിലും അയാളുടെ ചെറുപ്പത്തിനു തക്കതല്ലാതെ പകർന്ന ധ്യാനം വഴിയായി പലർക്കു ആത്മരക്ഷക്കു കാരണക്കാരനായിട്ടുണ്ട്. ഈ പകർച്ചയ്ക്കു അയാൾക്കും സംഗതിയായതു എപ്പോഴാണന്നു അയാളും നിങ്ങളും അറിഞ്ഞിട്ടില്ല. എന്നാൽ ഞാൻ വിചാരിക്കുന്നതു മറ്റൊന്നുമല്ല; ചെറുപ്പം മുതൽ ഞാൻ അയാളെ അറിയുന്നു; എന്നാൽ കുർബാന ചൊല്ലിയ ശേഷവും ഞാൻ പലപ്പോഴും അയാളെ കുറ്റപ്പെടുത്തിയിരിക്കുന്നു. ഇങ്ങിനെ ഇരിക്കയിൽ മാന്നാനം കൊവേന്തയിൽ പാചകവൃത്തിയിൽ ഇരുന്ന കോയിൽമുക്കുകാരൻ ഗീവറുഗീസ് എന്നൊരു വാലിഭക്കാരനു അർശസ്സിന്റെ ദീനം വർദ്ധിച്ചു കുടൽ പുറത്തിറങ്ങി കൃമികൾ ഉണ്ടായി. ഇതിനാൽ വളരെ ദുർഗ്ഗന്ധത്തോടുകൂടി അവിടെയുള്ള നെൽപുരയിൽ കിടന്നിരുന്നു. കുമ്പസാരം, കുർബാന മുതലായ കുദാശകൾപോലും കൊടുപ്പാൻ പ്രയാസമായിരുന്ന ഈ രോഗിയെ; ഇയാൾ നല്ലവണ്ണം

ശുശ്രൂഷിച്ചു. നൽമരണം പ്രാപിച്ചു. അയാളുടെ മരണം കഴിഞ്ഞാറെ ഇയാൾക്കു ഛർദ്ദികൊണ്ടു കഞ്ഞികുടിക്കാൻ നിവർത്തിയില്ലാതെ വന്നതുകാരണം മൂന്നു നാലുദിവസം അരിവറുത്തുതിന്നു എന്നു പിന്നീടു മാത്രമേ; ഞാൻ അറിഞ്ഞിരുന്നുള്ളൂ. അന്നുമുതൽ അത്രേ ഈ പകർച്ചയും ധ്യാനക്കാരനുമായിത്തീർന്നിട്ടുള്ളത്. പിന്നീടു പല പള്ളികളിലും അയാളെ ധ്യാനം കഴിപ്പാൻ അയക്കുകയും മരണം വരെ അയാളെ കുറ്റപ്പെടുത്തുവാൻ ഇടവന്നിട്ടുമില്ല. അപ്പോഴോ ദീനക്കാരെ തുണയ്ക്കുന്നത് - ദൈവത്തിനു എത്രയോ ഇഷ്ടമുള്ളതെന്നു കാണുവിൻ. എന്നാൽ ഇപ്പോൾ എനിക്കുള്ള ആഗ്രഹവും ഈ സഭ നിങ്ങൾ തുടങ്ങണമെന്നു അപേക്ഷിച്ച കാതലും ഇതുതന്നെ. ഇത് ഈ കാലങ്ങളിൽ നിറവേറ്റി കാണുവാൻ എനിക്കു ഭാഗ്യമില്ലെങ്കിലും നിങ്ങളുടെ മനസ്സിൽ ആഗ്രഹമുണ്ടായാൽ താമസിയാതെ നടക്കും. അതായതു നൽമരണ ഉണ്ടിയൽപെട്ടി എന്നു പേരായി ഒരു പെട്ടിവച്ചു സൂക്ഷിച്ചു ലജ്ജകൂടാതെ മറ്റുള്ളവരോടു ധർമ്മം ഇരന്നും ചെറുതായിട്ടെങ്കിലും ഉപവിശാല എന്ന പേരോടു കൂടി നിങ്ങളുടെ കുരിശുപള്ളിയുടെ സമീപത്തു സ്ഥാപിച്ചു, അതിൽ ആരുപോരുമില്ലാത്ത ഒന്നു രണ്ടു ദീനക്കാരെ എങ്കിലും - താമസിപ്പിച്ചു ഈ പുണ്യ പ്രവർത്തിയുടെ ഒരു നിഴലെങ്കിലും നിങ്ങൾ കാട്ടിയാൽ- ഈ പുണ്യവും മലയാളത്തിൽ നടപ്പാനിടവരും.

എന്നാൽ യൂറോപ്പു മുതലായ സത്യരാജ്യങ്ങളിൽ എന്നപോലെ- ഇവിടയും നമ്മുടെ ദ്രവ്യമുള്ള ക്രിസ്ത്യാനികൾക്ക്, നൽമനസ്സുണ്ടെങ്കിൽ ഒരു കാണം ചെയ്തു- ഇപ്രകാരമുള്ള ഒരു ഉപവിശാല ഇവിടെ സ്ഥാപിച്ചാൽ ലോകാവസാനത്തോളം - അതിൽ പാർക്കുന്ന ദീനക്കാർ ഇവർക്കുവേണ്ടിയും ഇവരുടെ അനന്തിരവർ ദരിദ്രന്മാരായിരുന്നാലും അവർക്കുവെണ്ടിയും പ്രാർത്ഥിക്കും- പക്ഷെ ഇതിനുള്ള- അനുഭവവും നന്മയും അവർ ഓർക്കുന്നില്ല. - ഇത് നിങ്ങൾ ഓർപ്പിൻ.

ഞാൻ വേണ്ടുംവണ്ണം ദൈവത്തെ ഓർക്കുന്നില്ല - എങ്കിലും ദൈവത്തെ ഓർത്തു എന്റെ വീടും സംബന്ധക്കാരേയും വേർപിരിഞ്ഞു - ഇന്നു ഇതാ ഞാൻ അർണാട്ടുകര കൊവേന്തയിൽ ഇരുന്നു ഇതു എഴുതുന്നു. എന്റെ സ്വന്തം വീടും, മക്കളും എന്നതിനേക്കാൾ അധിക സ്നേഹമുള്ള കൂടപ്പിറപ്പുകൾ ഇന്നു ഇവിടെ ഉണ്ട്. നാളെ കൂനമ്മാവുങ്കൽ ചെന്നാലും - അങ്ങിനെ തന്നെ - പിന്നെ കർമ്മെലയിലും മാന്നാനത്തിലും എവിടെ ചെന്നാലും ഒരുപോലെ സ്നേഹം കാട്ടുന്നു.

ആയതുകൊണ്ടു നിങ്ങൾ ഈ മരണ ഉണ്ടിയൽപെട്ടിയേ നല്ലവണ്ണം, സൂക്ഷിച്ചു, വർദ്ധിപ്പിച്ചു നിങ്ങളുടെ കുരിശുപള്ളിയുടെ സമീപത്തായി ചെറുതായിട്ടെങ്കിലും ഒരു ബങ്കളാവുപോലെ; ഇരുവശവും രണ്ടു മുറിയും - ഒരു സാളയുമായി - തൈതൽ ഇട്ടു മുള കൊണ്ടെങ്കിലും ഒരു കൂട്ടുംവച്ച് ധർമ്മശാല അഥവാ ഉപവിശാല എന്ന പേരും വിളിച്ചു-ആരുപോരുമില്ലാത്തവരെയോ - കിളവന്മാരേയോ - വഴിപ്പിച്ചക്കാരായി ദീനം പിടിച്ചവരേയോ - പാർപ്പിച്ചു രക്ഷിക്കത്തക്കവണ്ണം ഉണ്ടാക്കിയാൽ ദൈവം സഹായിച്ചു - പിൻകാലങ്ങളിൽ ഇതു മലയാളത്തെ ഒന്നാമത്തെ ഉപവിശാല ആയിതീരുവാൻ ഇടവരും - എന്റെ വചനം കേട്ടു കർത്താവിനെപ്പറ്റി നാണമില്ലാത്തവരാകുവിൻ. തുടസ്സത്തിൽ ഇതു ഭ്രാന്താണെന്നും മറ്റും പറഞ്ഞു പലരും പരിഹസിക്കും. നിങ്ങൾ ഇതു തുടങ്ങിയാൽ പ്രയാസംകൂടാതെ നടക്കും നിങ്ങളുടെ കുരിശുപള്ളി കെട്ടുതെങ്ങും വരിയും കൊണ്ടു നടത്തുന്നതല്ലാതെ പുറമേയുള്ളവരോടു ചോദിപ്പാൻ പാടില്ല. എന്തുകൊണ്ടെന്നാൽ അവർക്കും ഇതു ആവശ്യം തന്നെ - ഈ നൽമരണസഭയുടെ വിവരം പറഞ്ഞാൽ പലരും നിങ്ങളെ സഹായിക്കും. ഇതിനായി ഈ സഭയുടെ അന്വേഷണക്കാരായി നാലുപേർകൂടി ചെറുതായിട്ട് ഒരു സങ്കടം എഴുതി കാണിക്കണം. അതു എപ്രകാരമെന്നാൽ ഈ നൽമരണ ആസ്ഥപ്പാടിൻ സഭയേ ഞങ്ങളുടെ കുരിശുപള്ളിയിൽ സ്ഥാപിച്ചു. സകല മനുഷ്യർക്കും നൽമരണം കൊടുപ്പാനായി ഈ സഭയുടെ ചട്ടപ്രകാരം, ഞങ്ങൾ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചുവരുന്നതുമല്ലാതെ, ആരുപോരുമില്ലാതെയുള്ള പാവപ്പെട്ടവരായ ദീനക്കാർക്കു നൽമരണം എന്ന അറുതിയില്ലാത്ത ഭാഗ്യം കിട്ടുവാനായി അങ്ങിനെയുള്ളവരെ പാർപ്പിച്ചു രക്ഷിപ്പാൻവേണ്ടി ഒരു ചെറിയ ഉപവിശാല സ്ഥാപിപ്പാൻ ആഗ്രഹിക്കുന്നു ഇതിനു വിശ്വാസികളായ കൂടപ്പിറപ്പുകളുടെ കയ്യിൽനിന്നു കിട്ടുന്ന അല്പദാനംകൊണ്ട് വേണ്ടുവോളം മതിയാകുമെന്നു വിചാരിച്ചുകൊണ്ടു ഈ നൽമരണ ഉണ്ടിയൽപെട്ടി ഇവിടെ വച്ചിരിക്കുന്നു. ഇങ്ങനെ ഒരു വാചകം എഴുതി നിങ്ങളുടെ കുരിശുപള്ളിയിലും മറ്റുള്ള പള്ളികളിലെ വികാരി അച്ചന്മാരോടു അപേക്ഷിച്ചു അവിടെയും വയ്ക്കണം. കൂടാതെ - ചങ്ങനാശ്ശേരി, - ആലപ്പുഴ തുടങ്ങിയുള്ള കച്ചവടസ്ഥലങ്ങളിലും വിളവെടുക്കുന്ന കാലങ്ങളിൽ - പാടങ്ങളിലും കൊണ്ടുനടക്കണം - മനുഷ്യർ മനസ്സുവെക്കുന്ന കാര്യം മുക്കാലും നടക്കും ശേഷം ദൈവവും നിറവേറ്റും.

കത്തിന് എടവകയിൽനിന്നും എഴുതി, ഒപ്പിട്ടുകൊടുത്ത രസീത് താഴെ ചേർക്കുന്നു:-

ഈ നൽമരണ ആസ്ഥപ്പാടിൽ സഭയെ ഈ ഞങ്ങളുടെ കുരിശു പള്ളിയിൽ സ്ഥാപിച്ച സകല മനുഷ്യർക്കു നൽമരണം ദൈവം കൊടു പ്പാനായി സഭയുടെ ചട്ടപ്രകാരം ഞങ്ങൾ നിങ്ങൾക്കുവേണ്ടി പ്രാർത്ഥി ച്ചുവരുന്നതുമല്ലാതെ ആരുമൊരു ഭരിപ്പും സൂക്ഷവും രക്ഷയും ഇല്ലാത്ത പാവപ്പെട്ട ദീനക്കാരർക്കും ഈ നൽമരണമെന്ന അറുതിയില്ലാത്ത ഭാഗ്യം കിട്ടുവാനായിട്ട ഇങ്ങനെയുള്ളവരെ പാർപ്പിച്ച രക്ഷിപ്പാൻവെണ്ടി ഒപ്പു ചെറിയ ഉപവിശാല ഉണ്ടാക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഇത വിശ്വാസകൂടപ്പിറപ്പുകളായ നിങ്ങളുടെ കൈകളിൽ നിന്നു ചോർന്നുവീഴുന്ന അല്പദാനം കൂടിയാൽ നിറവെറുമെന്നാഗ്രഹിച്ച നൽമരണ ഉണ്ടിയാൽപ്പെട്ടി ഇവിടെ വെച്ചിരിയ്ക്കുന്നു. 1869 കാലം ധനുമാസം 12-നു ചെന്നൻകരി പള്ളിയിടവകയിൽ കൈനകരി കുരിശുപള്ളിയിൽ നൽമരണസഭയുടെ പ്രത്തുസൊന, ചാവറ ഇക്ക - ആലോചനക്കാരാ കാളാച്ചെരിൽ ചാക്കോ, കളിപ്പറമ്പിൽ കുഞ്ചറിയ... ഇസ്ക്രുമൊൻ മണ്ണമ്പള്ളി മത്തായി.... ഈ കാര്യത്തിന്റെ ഉറുമ്പിന്ന ഈ പട്ടാങ്ങയുള്ളതാക്കുന്നു എന്ന ഇത ചെന്നാൻകരിപള്ളിയുടെ വിഗാരി....

(Sd/-)

## പത്ത്

# വ്യവഹാരസംബന്ധമായ കത്തുകൾ

വ്യവഹാരത്തെ സംബന്ധിക്കുന്ന മൂന്നു എഴുത്തുകളാണ് നമുക്ക് ലഭ്യമായിട്ടുള്ളത്. രണ്ടു രസീതുകളും ഒരു കരാർ ഉടമ്പടിയും. ഇവ മൂന്നും ഓലയിലാണ് എഴുതിയിരിക്കുന്നത്. ചാവറയച്ചന്റെ കൈപ്പട യിൽതന്നെ എഴുതിയിട്ടുള്ളതാണ് ഇവ മൂന്നും. ഓരോന്നിലും ചാവറയച്ചന്റെ ഒപ്പ് സുറിയാനിയിൽ കാണാവുന്നതാണ്.

ഇതിൽ ഒന്നാമത്തേത് 1856-ൽ തയ്യിൽ കൊച്ചുപോത്തന് കൊടുത്ത രസീതാണ്. രണ്ടാമത്തേത് 1857-ൽ പെരുമാലിൽ കുര്യൻ തരകനു കൊടുത്ത രസീത്. മൂന്നാമത്തേത് പണ്ടാരവക കാറ്റുകടവുനിലം തയ്യിൽ ഓക്കാണ്ട പോത്തനും, തുരുത്തുമാലിൽ യാക്കോബും, മാന്നാനം കൊവേന്തയും പങ്കുചേർന്ന് കൃഷിചെയ്യുന്നതു സംബന്ധിച്ച് ചാവറ യച്ചൻ എഴുതി ഒപ്പിട്ടിരിക്കുന്ന കരാർ ഉടമ്പടിയാണ്.

ഇവ മൂന്നുമാണ് ഈ പുസ്തകത്തിൽ പ്രസിദ്ധീകരിക്കുന്നത്.

## X/1

മ്ശിഹാ പിറന്നിട്ട് 1856-ാം കാലം തുലാമാസം 20-ാം തീയതി എഴുതിയ അറിവുചീട്ടയാവിത് മുൻ 41-ാം കാലം കുർബാനയ്ക്കായിട്ട് 8360 ചക്രം വച്ച ആയ്തിന്റെ ഉഭയം തന്നിരുന്നത ഇപ്പോൾ ആ വക ചക്രം എണ്ണായിരത്തി മൂന്നുറ്ററുപതും രൊക്കം ഇവിടെ പറ്റിയിരിക്ക കൊണ്ടും ആ വകയുടെ ഉഭയംകൊണ്ട് പുസ്തകത്തിൽ പതിച്ചിരിക്കും വണ്ണം 2 റാസയും 53 കുർബാനയും ചൊല്ലേണ്ടുന്നത് ആണ്ട 1 ക്കു കർക്കടകമാസം 28-ാം തീയതി ഒരു റാസയും കുഭം 12-ാം തീയതി ഒരു റാസയും കന്നി 3-ാം തീയതി ഒരു കുർബാനയും മകരം 25-ാം തീയതി ഒരു റാസയും കുർബാനയും തന്റെ കാലം കഴിയുംപോൾ കർക്കടകം 28-ാം തീയതിയുള്ള റാസ തന്റെ മരണത്തിന്റെ ദിവസത്തിലും മേലെഴുതിയ 28-ാം തീയതി ഒരു കുർബാനയും ശെഷം ഉള്ള കുർബാനകൾ ആത്മകാരർക്കായിട്ടും നടത്തിച്ചു കൊൾകയും ആം ഇത മാന്നാനത്തു കൊവേന്തയിൽ പ്രിയോര ചാവറ കുര്യാക്കോസ് പട്ടക്കാരൻ തൈയ്യിൽ കൊച്ചുപോത്ത ജേഷ്ടന്ന.

(സുറിയാനിയിൽ ഒപ്പ്)

ആഹാ കുറിയാക്കോസ് ഏലിയാ

പ്രിയോർ.

## X/2

മാന്നാന കൊവെന്തയിൽ അമലോത്ഭവമാതാവിന്റെ ദർശനത്തിൽ പ്രിയൊാര എഴുത്ത.

കുടമാളൂർ പള്ളി ഇടവകക്കാരൻ പെരുമ്യാലിൽ ഒക്കാണ്ട കുര്യൻ തരകൻകൾക്ക്! എന്തെന്നാൽ ആത്മക്കാരുടെ കുർബാനയ്ക്കായിട്ട 8000 ചക്രം അർത്ഥം ഉള്ള അമ്മനം കണ്ടത്തിന്റെ ആധാരങ്ങളും കൊവെന്തയിൽ തന്ന നിലം ഒഴിഞ്ഞു തന്നിരിക്കയാൽ ഉടംപടി പ്രകാരം നിലവും നടത്ത കരവും കൊടുത്ത ആണ്ടവരെ റാസ 10 കുർബാന - മുടക്കം വരുത്താതെ ചെല്ലിച്ച തീർത്തുകൊള്ളുകയും ആം.

1857 വൃശ്ചികം 22

ഒപ്പ്: ആഹാ കുറിയാക്കോസ് ഏലിയാ -

പ്രിയോർ.

## X/3

മുൻകൊല്ലം 1045-ാമാണ്ടു മെടമാസം 25 മാന്നാനം കരയിൽ തയ്യിൽ ഒക്കാണ്ട പോത്തൻ എഴുതിതന്ന ഒടംമ്പടി പ്രകാരം പണ്ടാരവക കാട്ടുകിടപ്പ മഞ്ചാടികരി 5500 പറ വിത്തുപാടുനിലത്തിൽ 2000 കരി 5000 പറ വിത്തുപാടനിലം വൈയ്യൂർ നമ്പുതിരിപാടിലെവെക്കും 2150 പറ വിത്തുപാടനിലം എ ഒക്കാണ്ട പോത്തൻ പെരിലും വെച്ചു പതിവാ യിട്ട പതിച്ച ടി ഒക്കാണ്ട പോത്തൻ പെരിലുള്ള നിലം ഗൊവെന്ത കാര്യത്തിൽനിന്നും ഒക്കാണ്ട പോത്തനും തുരുത്തുമ്യാലിൽ യാക്കൊ യാക്കൊയും കൂടെ ഒന്നുപൊലെ മുതൽ ചിലവിട്ട നിലവും പുരയിട വും തെളി തൈകളും വച്ചുണ്ടാക്കി ഒക്കെ കണക്കും എഴുതി മൂന്നായിട്ട പൊത്ത നടന്നുകൊള്ളാം എന്നും ഒടംപടി എഴുതി. അപ്രകാരം രണ്ടാണ്ട വട്ടക്കായിൽ കൃഷി ചെയ്കയും ആ വകയ്ക്കു കത്തിൽ പ്രകാരം ഏതാനും ഈ ഗൊവെന്തയിൽനിന്നും അധിക ചെലവാ യിരിക്കയും ഒന്നിച്ച വെയ ചെയ്കയും തൈ വൈയ്പാൻ തുടങ്ങി യപ്പോൾ അവർക്ക പുലയാളും ഇവിടെ മെലാളും വെല ചെയ്യുന്ന താകയാൽ ഒരുപോലെ മുതൽ ചിലവിട്ടാൽ ശരി അല്ലന്നും ഒരുപോലെ ആൾ വെല ചെയ്യണമെന്നും അല്ലംങ്കിൽ അവരവര തനിച്ച വെല ചെയ്ത തൈ വച്ചുകൊള്ളമെന്നും തെരുവുചിറയിൽ അവരു തനിച്ച തൈ വൈയ്ക്കയും അപ്പോൾ ഇവിടെനിന്നും കൊമരകംകര, പാലാ യിവിടങ്ങളിൽനിന്നും 500 തൈവരെ വരുത്തി തെരുവു ചിറയ്ക്കു പടിഞ്ഞാറവശം കിഴക്കു പടിഞ്ഞാറ 21 ചിറവരെ കത്തിച്ച തൈ വൈ യ്ക്കയും കിഴക്കുവശത്തെ ഏതാനും നിലം തെളിയ്ക്കയും ചെയ്തു കൊള്ളണമെന്നും പിന്നീടും പറഞ്ഞു ബൊധിച്ചു ഒരീഴവനെയും ശമ്പളത്തിൽ പതിച്ച വീണ്ടും ഇവിടെനിന്നും അന്ത്രപ്രെര കൊച്ചു വർക്കിയോടു 500 വരുത്തി ചമ്പളക്കാരനെ ഏല്പിച്ച വൈയ്പിക്കയും വീണ്ടും വെല നടപ്പില്ലായ്കയാൽ ഇനി അവരവർക്കുതന്നെ വിചാരിച്ചു കൊള്ളണമെന്നും പറഞ്ഞ 7 ചമ്പളക്കാരനെയും പറിച്ചാറെ ഞങ്ങൾ വെല എവിടെ തുടങ്ങണ്ട എന്നും ചൊദിച്ചാറെ നിങ്ങൾക്ക തെളിഞ്ഞ ഒരിടത്ത തുടങ്ങണമെന്നും പറഞ്ഞപ്രകാരം പടിഞ്ഞാറെ ആറ്റിന്ന തെക്കുവശത്ത വെല തുടങ്ങി ഏതാനും സ്ഥലം തെളിച്ച തൈ വൈ യ്പാറായപ്പോൾ ആ സ്ഥലം നമ്പൂരിപ്പാടിലെ ആളുകൾക്ക ആഗ്രഹ മായിരിക്കയാൽ ഞങ്ങൾ ഒഴിഞ്ഞുകൊടുക്കണമെന്നും ചിലവു തന്നു കൊള്ളാമെന്നും പറഞ്ഞാറെ അവിടെനിന്നും മാറി. ഇനി എങ്ങനെ

എന്നും ചോദിച്ചപ്പോൾ എല്ലാവരുംകൂടെ കണ്ട തിരിച്ചു തുടങ്ങാമെന്നും പറഞ്ഞ ടി ഒക്കാണ്ട പോത്തനും യാക്കൊ യാക്കൊയും കൊവെ ന്തയിൽ വിചാരിപ്പ യാക്കൊയുംകൂടെ പൊയിക്കണ്ട വട്ടകായലിനും പടിഞ്ഞാറുള്ള കിഴക്കുപടിഞ്ഞാറുള്ള തൊടിനു വടക്കുവശം നമ്പൂരി വകയും തെക്കുവശം നമുക്കും ഇതിൽ തെക്കെ അറ്റം നിങ്ങൾ തൈ വച്ചുകൊള്ളണമെന്നും പറഞ്ഞു പിരിഞ്ഞു. 1020-ാമാണ്ട് ചിങ്ങം മുതൽ മുട്ടത്തുപുത്തൻപുരയ്ക്കൽ മാത്തു കത്തനാര അച്ചനും കൂടെ വന്ന പാർത്ത പുരയും കെട്ടി പള്ളിപ്പുറം മണ്ണംചെരി, ആലപ്പുഴ, കായം കുളം, തൃക്കുന്നപുഴ ഇങ്ങനെയുള്ള ഇടങ്ങളിൽ നിന്നും 2000 തൈവ രെ വരുത്തിവച്ചു തുടങ്ങിയപ്പോൾ മുൻപ്രകാരം നമ്പൂരിപാടിലെ ആ ളുകൾ വന്നപാതി ഒള്ളതിൽ മൂന്നൊന്നായി ഞങ്ങൾക്കു തിരച്ച ത ന്നിരുന്ന ഇടത്തിൽ കൂടെ തൈ വയ്ക്കയാൽ വച്ചതുമതി എന്നും ഞ ങ്ങൾ തന്നെ പറഞ്ഞ പിന്നെ വടക്കൊട്ടു കടക്കാതെ അവിടെ നിറു ത്തി ഇനി വച്ചിട്ടുള്ള തൈകളും നന്നാക്കി അവരവരുടെ അവരവരുത ന്നെ സൂക്ഷിച്ചുകൊൾക എന്നും പറഞ്ഞു 1022-ാമാണ്ട് ഇടവമാസം 23 തെരുവു ചിറയിലും അതിനു പടിഞ്ഞാറും ഉള്ള തൈകളെ എണ്ണി പ വുത്തവര്യോലയും എഴുതി ആയതും പടിഞ്ഞാറു വെച്ചിരിക്കുന്നതും ഇനിയും തനിതനിച്ച ദെഹണ്ണിയ്ക്കത്തക്കവണ്ണം പറഞ്ഞു പിരിഞ്ഞി രിക്കുന്നു.

1857 മിഥുനം 12<br>ഒപ്പ്: ആഹാ കുറിയാക്കോസ് ഏലിയാ<br>പ്രിയോർ.